ഡോ. എം. കെ. മുനീർ: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,02,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭങ്ങളിൽ ഭവനരഹിതരായവർക്ക് യഥാസമയം നഷ്ടപരിഹാരം വിതരണം ചെയ്യാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,02,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രകൃതി ദുരന്തങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് യഥാസമയം മുന്നറിയിപ്പുകൾ നൽകുന്നതിൽ വീഴ്ച വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

വകകൊള്ളിച്ചിട്ടുള്ള 1078,02,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ദുരന്ത നിവാരണ അതോറിറ്റിയിൽ വിദഗ്ധരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,02,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കടൽക്ഷോഭത്തിൽ വീടുകൾ തകർന്നവർക്കുള്ള ധനസഹായം നൽകുന്നതിൽ കാലതാമസം വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,02,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രകൃതി ദുരന്തങ്ങൾക്കിരയായവർക്ക് വേണ്ടിയുള്ള ഫണ്ടുകൾ

ദുർവിനിയോഗം ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,02,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രകൃതി ദുരന്തങ്ങൾക്കിരയായി മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നൽകിവരുന്ന ധനസഹായം വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,02,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭങ്ങളുടെ ഇരയായവർക്കുള്ള ധനസഹായം അർഹരായവർക്ക് ലഭിക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,02,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ വിവിധ ഏജൻസികളെ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതിൽ വീഴ്ച ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,02,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭം മൂലം നാശനഷ്ടങ്ങൾ സംഭവിച്ചവർക്കുള്ള ദുരിതാശ്വാസ തുക വർദ്ധിപ്പിക്കേണ്ടതിന്റെയും തുക സമയബന്ധിതമായി വിതരണം ചെയ്യേണ്ടതിന്റെയും ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,02,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭത്തിൽ തകർന്ന തദ്ദേശസ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പുനർനിർമ്മിക്കാത്തതുമൂലം ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,02,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1078,02,13,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ഡോ. എം. കെ. മുനീർ
4. ശ്രീ. കെ. പി. എ. മജീദ്
5. ശ്രീ. കുറുക്കോളി മൊയ്തീൻ
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
8. ശ്രീ. മഞ്ഞളാംകുഴി അലി

9. ശ്രീ. എൻ. ഷംസുദ്ദീൻ

10. ശ്രീ. യു. എ. ലത്തീഫ്

11. ശ്രീ. നജീബ് കാന്തപുരം

12. ശ്രീ. പി. ഉബൈദുള്ള

13. ശ്രീമതി കെ. കെ. രമ

14. ശ്രീ. ടി. വി. ഇബ്രാഹിം

15. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

16. ശ്രീ. അൻവർ സാദത്ത്

17. ശ്രീ. ചാണ്ടി ഉമ്മൻ

18. ശ്രീ. എ. പി. അനിൽ കുമാർ

19. ശ്രീ. പി. സി. വിഷ്ണുനാഥ്

20. ശ്രീ. ടി. ജെ. വിനോദ്

21. ശ്രീ. സണ്ണി ജോസഫ്

22. ശ്രീ. എം. വിൻസെന്റ്

23. ശ്രീ. സജീവ് ജോസഫ്

24. ശ്രീമതി ഉമ തോമസ്

**ധനാഭ്യർത്ഥന നമ്പർ XXVIII**

**പലവക സാമ്പത്തിക സർവ്വീസുകൾ**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. അനൂപ് ജേക്കബ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3235,91,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കിഫ്ബി മുഖേനയുള്ള പ്രവൃത്തികൾ സംസ്ഥാന സർക്കാരിന് വരുത്തിവച്ചതായി

പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3235,91,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിഫ്ബിയുടെ പ്രവർത്തനം പുനഃസംഘടിപ്പിച്ചതുവഴി സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി തകിടം മറിയാനിടയായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3235,91,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കൃത്യമായ ആസൂത്രണമില്ലായ്മയും ദുർവിനിയോഗവും കെടുകാര്യസ്ഥതയുംമൂലം സംസ്ഥാനം ഗുരുതരമായ സാമ്പത്തിക

പ്രതിസന്ധിയിലായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3235,91,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കിഫ്ബി മുഖേന ആരംഭിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3235,91,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാന സഞ്ചിത നിധിയിൽനിന്നും പണം സ്വീകരിക്കുന്ന കിഫ്ബിയുടെ കണക്കുകൾ സി.ആൻഡ് എ.ജി. നിയമപ്രകാരമുള്ള ഓഡിറ്റിന് വിധേയമാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3235,91,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കിഫ്ബി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്നതായി പറയപ്പെടുന്ന അഴിമതി ആരോപണങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3235,91,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കിഫ്ബി മുഖേന ആരംഭിച്ച പല പദ്ധതികൾക്കും ഗുണനിലവാരമില്ലായെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3235,91,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കിഫ്ബി

പദ്ധതികളിൽ സർക്കാർ വകുപ്പുകളെ നോക്കുകുത്തികളാക്കി മാറ്റിയെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3235,91,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടി മുഖേന കിഫ്ബിയുടെ പ്രവർത്തനത്തിന് പ്രതീക്ഷിച്ച തുക ലഭ്യമാക്കാൻ കഴിഞ്ഞില്ലായെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3235,91,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കിഫ്ബി പദ്ധതികളുടെ പരസ്യത്തിന് വൻതുക ചെലവഴിക്കുന്നതായി പറയപ്പെടുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3235,91,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കിഫ്ബി പദ്ധതികൾക്കായി കടമെടുക്കുന്ന തുകയുടെ തിരിച്ചടവ് എപ്രകാരമാണെന്ന് വ്യക്തമാക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3235,91,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3235,91,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തിന്റെ സാമ്പത്തിക മാനേജ്മെന്റ് കൈകാര്യം ചെയ്യുന്നതിൽ പിടിപ്പുകേടുള്ളതായും കടം വീട്ടാൻ പോലും കടം വാങ്ങേണ്ട അവസ്ഥയുള്ളതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. എ. പി. അനിൽ കുമാർ: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിലുള്ള 5475-00-115-97 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 5300000000 രൂപ 5200000000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (കിഫ്ബി മുഖേന നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണം പൂർണ്ണമായും നിലച്ചതായി പറയപ്പെടുന്നത്

സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കിഴിലുള്ള 5475-00-115-98 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 26000000000 രൂപ 24000000000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (രാജ്യത്ത് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭിക്കുമെന്നിരിക്കെ ഉയർന്ന പലിശയ്ക്ക് കിഫ്ബി മസാല ബോണ്ടുകൾ ഇറക്കിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിലുള്ള 5475-00-115-97 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 5300000000 രൂപ 5150000000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (കിഫ്ബി വായ്പകളുടെ തിരിച്ചടവിനായി പെട്രോൾ ഡീസൽ സെസ് ചുമത്തിയത് മുഖേന ജനങ്ങൾക്കുമേൽ അധിക നികുതിഭാരം

അടിച്ചേൽപ്പിച്ചുവെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3235,91,71,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. എൻ. ഷംസുദ്ദീൻ
4. ഡോ. എം. കെ. മുനീർ
5. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

6. ശ്രീ. കുറുക്കോളി മൊയ്തീൻ

7. ശ്രീ. കെ. പി. എ. മജീദ്

8. ശ്രീ. മഞ്ഞളാംകുഴി അലി

9. ശ്രീ. യു. എ. ലത്തീഫ്

10. ശ്രീ. നജീബ് കാന്തപുരം

11. ശ്രീ. എ. കെ. എം. അഷ്റഫ്

12. ശ്രീ. പി. ഉബൈദുള്ള

13. ശ്രീമതി കെ. കെ. രമ

14. ശ്രീ. ടി. വി. ഇബ്രാഹിം

15. ശ്രീ. അൻവർ സാദത്ത്

16. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

17. ശ്രീ. റോജി എം. ജോൺ

18. ശ്രീ. ടി. ജെ. വിനോദ്

19. ശ്രീ. സണ്ണി ജോസഫ്

20. ശ്രീ. സജീവ് ജോസഫ്

21. ഡോ. മാത്യു കുഴൽനാടൻ

22. ശ്രീ. എം. വിൻസെന്റ്

23. ശ്രീമതി ഉമ തോമസ്

**ചർച്ച**

ശ്രീ. പി. നന്ദകുമാർ: സർ, 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മറ്റ് പ്രതിപക്ഷാംഗങ്ങളും സംസ്ഥാനത്തിന്റെ സാമ്പത്തിക അവസ്ഥയെ സംബന്ധിച്ചും ധനകാര്യ മാനേജ്മെന്റിനെക്കുറിച്ചും ഇവിടെ സംസാരിക്കുന്നത് കേട്ടപ്പോൾ കേരളം ഇന്ത്യയിലെ ഒരു സംസ്ഥാനമല്ലെന്ന തോന്നലാണുണ്ടായത്. എന്താണ് മറ്റു സംസ്ഥാനങ്ങളിലെ സ്ഥിതി? കോൺഗ്രസിന്റെ പങ്കാളിത്തത്തിൽ ഭരിക്കുന്ന ഝാർഖണ്ഡിൽ ആഴ്ചയിൽ ഒരു ദിവസമെങ്കിലും റേഷൻ കടകൾ തുറക്കണമെന്ന് പറയണം. പഞ്ചായത്ത് മെമ്പർമാരുടെ തുച്ഛമായ അലവൻസുപോലും ഒട്ടേറെ സംസ്ഥാനങ്ങളിൽ കൃത്യമായി കൊടുക്കുന്നില്ല, ആ തുകയാണെങ്കിലോ നമ്മുടെ സംസ്ഥാനവുമായി

താരതമ്യപ്പെടുത്താൻകൂടി സാധിക്കില്ല. കേരളത്തിലെ ആശുപത്രികളുടെ അവസ്ഥയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുന്നത് കേട്ടു. കഴിഞ്ഞ ദിവസം എന്റെ ശ്രദ്ധക്ഷണിക്കലിനുള്ള മറുപടിയായി ധനകാര്യ വകുപ്പുമന്ത്രി എൻ.എച്ച്.എം. (നാഷണൽ ഹെൽത്ത് മിഷൻ)-ന് 1052 കോടി രൂപ ലഭിക്കാനുണ്ടെന്ന് സഭയിൽ പറഞ്ഞിരുന്നു. കൃത്യമായ കണക്ക് കൊടുക്കാത്തതിന്റെയും നോംസ് പാലിക്കാത്തതിന്റെയും ഫലമായാണ് കേന്ദ്രം തുക അനുവദിക്കാത്തത് എന്നാണ് പ്രതിപക്ഷത്തിന്റെ വാദം. പ്രതിപക്ഷം/കോൺഗ്രസ് ഭരിക്കുന്ന തെലുങ്കാനയിലെ സ്ഥിതി എന്താണ്; അവിടത്തെ ആശുപത്രികളുടെ പ്രവർത്തന സ്ഥിതി എന്താണ്; എൻ.എച്ച്.എം. ജീവനക്കാർക്ക് ശമ്പളം ലഭിച്ചിട്ട് എത്രമാസമായി? ഞങ്ങൾ തെലുങ്കാന ഗവൺമെന്റിനെ കുറ്റം പറയുന്നില്ല. കേന്ദ്രം ഫണ്ട് നൽകാത്തതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നതെന്ന കാര്യം ഞങ്ങൾക്ക് അറിയാം. നിങ്ങളെപ്പോലെ എല്ലാ വിഷയങ്ങളും രാഷ്ട്രീയത്തിന്റെ മഞ്ഞ കണ്ണട കൊണ്ട് വീക്ഷിക്കുന്നവരല്ല ഞങ്ങൾ. കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി ഞെരുക്കി ശ്വാസം മുട്ടിക്കുകയാണല്ലോ. വരുമാനമെല്ലാം കേന്ദ്രത്തിന്,

ചെലവെല്ലാം സംസ്ഥാനത്തിന് എന്ന നിലപാടാണ് അവരുടേത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടന തന്നെ മാറ്റിക്കഴിഞ്ഞു. നടപ്പാക്കുന്ന രീതിയിലും മാർഗ്ഗനിർദ്ദേശങ്ങളിലും മാറ്റംവരുത്തി. കേന്ദ്രവിഹിതം നൂറ് ശതമാനത്തിൽനിന്ന് അറുപത് ശതമാനമായി കുറച്ചു. പത്ത് പദ്ധതികൾ വേണ്ടെന്ന് തീരുമാനിച്ചു. കാരാർ ജീവനക്കാരുടെ വേതന ഘടന മാറ്റിമറിച്ചു. തൊഴിലുറപ്പ് പദ്ധതിക്കുപോലും ഫണ്ട് അനുവദിക്കുന്നില്ല, തുക വെട്ടിക്കുറച്ചിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരം നടപടികളുടെ ഭാഗമായി സംസ്ഥാനങ്ങൾ പ്രതിസന്ധിയിലാകുകയാണ്. നികുതി വിഹിതവും കടമെടുക്കാനുള്ള അവകാശവും നിഷേധിക്കുന്നതിലൂടെ സംസ്ഥാന സർക്കാരുകളുടെ പ്രതിസന്ധിക്ക് ആക്കം കൂട്ടുകയാണ്. നമ്മുടെ ഫെഡറൽ സംവിധാനത്തെതന്നെ അട്ടിമറിക്കുന്നതാണ് കേന്ദ്രനയം. കേരളത്തിലെ കോൺഗ്രസ് എം.പി.-മാർ ഇനിയെങ്കിലും ഈ വിഷയം സംസ്ഥാനതാല്പര്യം സംരക്ഷിക്കുന്നതിനായി പാർലമെന്റിൽ ഉന്നയിച്ച് പ്രക്ഷോഭത്തിൽ പങ്കുചേരുമോ? മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വേറിട്ട് നിൽക്കുന്ന തരത്തിൽ കേരളം സമസ്ത മേഖലകളിലും പുരോഗതി കൈവരിച്ചത് വെറുതെയല്ല,

പൊരുതി നേടിയതാണ്. കാർഷിക പരിഷ്കരണം, ശമ്പളഘടനയിൽ വന്ന മാറ്റം, കൂലി വർദ്ധനവ് തുടങ്ങിയവ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. ഇതെല്ലാം, 1957 മുതൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ സർക്കാരുകൾ ബദൽ നയത്തിന്റെ അടിസ്ഥാനത്തിൽ കൈവരിച്ച നേട്ടങ്ങളാണ്. വ്യത്യസ്തമായ വികസന കാഴ്ചപ്പാടിൽനിന്നും അടിസ്ഥാനപരമായി വ്യതിചലിക്കുവാൻ ഒരു സർക്കാരിനും പിന്നീട് കഴിഞ്ഞിട്ടില്ല. അതിനാലാണ് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായ സംസ്ഥാനമായി കേരളം നിലനിൽക്കുന്നത്. ശക്തമായ സാമൂഹ്യ സുരക്ഷാ പദ്ധതികൾ, ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ അസൂയാവഹമായ മാറ്റം എന്നിവ കേരളത്തിലുണ്ടായിട്ടുണ്ട്. 2016-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാരും അതിന്റെ തുടർച്ചയായ ഇപ്പോഴത്തെ സർക്കാരും 1957-ൽ തുടക്കം കുറിച്ച നയത്തിൽ കാലത്തിനനുസരിച്ച് മാറ്റം വരുത്തി മുന്നോട്ടുപോകുകയാണ്. ദേശീയപാത വികസനം, വിഴിഞ്ഞം പദ്ധതി, വ്യവസായ മേഖലയിൽ തുടക്കം കുറിച്ച വലിയ പദ്ധതികൾ എന്നിവ എടുത്തുപറയേണ്ട കാര്യങ്ങളാണ്. എന്നാൽ

കേരളത്തിന്റെ ഈ ബദൽ നയം അട്ടിമറിച്ച് വലതുപക്ഷ നയം അടിച്ചേൽപ്പിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ നിരന്തരമായി ശ്രമിക്കുകയാണ്. ഇന്ത്യൻ ജനസംഖ്യയുടെ 2.5 ശതമാനം കേരളീയരാണെങ്കിലും നമുക്ക് ലഭിക്കുന്ന നികുതി വിഹിതം 1.92 ശതമാനം മാത്രമാണ്. കേന്ദ്ര പദ്ധതികളിൽ സംസ്ഥാനത്തിനോടുള്ള അവഗണന, പ്രത്യേകിച്ച് നാഷണൽ ഹൈവെ, റെയിൽവെ എന്നിവയിൽ തുടരുകയാണ്. കേന്ദ്ര വിഹിതം വെട്ടിക്കുറയ്ക്കുന്നതിനാൽ ആരോഗ്യ മേഖലയിൽ, പ്രത്യേകിച്ച് കോവിഡാനന്തര കാലഘട്ടത്തിൽ ഉയർന്നുവരുന്ന ആരോഗ്യ പ്രശ്നങ്ങളിൽ, കാര്യക്ഷമമായി ചികിത്സ നടത്തുന്നതിനും വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിലും കുറവ് അനുഭവപ്പെടുന്നുണ്ട്. കേരളത്തെ സാമ്പത്തികമായി ഞെരുക്കുന്നതിന് കേന്ദ്രം എഫ്.ആർ.ബി.എം. (Fiscal Responsibility and Budget Management Act) ആക്ട് ഉയർത്തിക്കാട്ടിക്കൊണ്ട് മൂന്ന് ശതമാനം കടമെടുക്കുന്നതിനുപോലും സംസ്ഥാനത്തെ അനുവദിക്കുന്നില്ല. കേരളത്തിന്റെ വികസനം തകർക്കുന്നതിനുവേണ്ടി കിഫ്ബിയെയും പെൻഷൻ പദ്ധതിയെയും കേരള

സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് കേന്ദ്ര നികുതി വരുമാനത്തിന്റെ 3.875% കേരളത്തിന് ലഭ്യമായപ്പോൾ, പതിനഞ്ചാം ധനകാര്യ കമ്മീഷൻ നികുതി വിഹിതം 1.92% (നേർ പകുതി) ആയി കുറച്ചു. കേന്ദ്ര സർക്കാർ കേന്ദ്ര വരുമാനം വർദ്ധിപ്പിക്കാനായി സെസ്സും സർചാർജ്ജും കൂട്ടുകയാണ്. നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് നൽകാതിരിക്കാൻ തെറ്റായ നടപടിയാണ് കേന്ദ്രം സ്വീകരിക്കുന്നത്. ഇതിന്റെയെല്ലാം ഫലമായി കേന്ദ്ര സർക്കാരിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ട തുകയിൽ മൊത്തത്തിൽ 57000 കോടി രൂപയുടെ കുറവാണ് വന്നിരിക്കുന്നത്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കണക്കനുസരിച്ച് രാജ്യത്തിന്റെ മൊത്തം വരുമാനത്തിന്റെ 62.77% കേന്ദ്രത്തിനാണ് ലഭിക്കുന്നത്. എന്നാൽ ചെലവിന്റെ 62.4% വഹിക്കേണ്ടത് സംസ്ഥാനങ്ങളാണ്. ഇതുമൂലം സംസ്ഥാനം കൂടുതൽ കൂടുതൽ ബാധ്യതകൾ ഏറ്റെടുക്കേണ്ട ഗതികേടിലേയ്ക്ക് വരികയുമാണ്. വരവ്-ചെലവ് സംബന്ധിച്ച് കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന സമീപനം ഒരു ഫെഡറൽ സംവിധാനത്തിലെടുക്കേണ്ട കാഴ്ചപ്പാടിന് കടകവിരുദ്ധമാണ്. വരുമാനം

വർദ്ധിപ്പിക്കാൻ സംസ്ഥാനം സ്വീകരിക്കുന്ന നടപടികൾ നമ്മുടെ ചില പത്രങ്ങളും പ്രതിപക്ഷവും കാണുന്നില്ല. കഴിഞ്ഞ സാമ്പത്തിക വർഷം നികുതി വരുമാനത്തിൽ 24000 കോടി രൂപയുടെ വർദ്ധനവാണുണ്ടാക്കിയത്. ഭൂനികുതി രജിസ്ട്രേഷനിലൂടെ 1530 കോടി രൂപയുടെ അധിക വരുമാനമുണ്ടാക്കി. അപ്പോഴും സംസ്ഥാനത്തിനുള്ള കേന്ദ്ര വിഹിതം കുറഞ്ഞുവരികയാണ്. 2021-22-ൽ റവന്യൂ വിഹിതം 56 ശതമാനമായിരുന്നത് 54 ശതമാനമായി കുറഞ്ഞു. എന്നാൽ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിലെ വർദ്ധനവ് 2021-22-ൽ 59 ശതമാനവും 2022-23-ൽ 66 ശതമാനവും 2023-24-ൽ 75 ശതമാനവുമാണ്. ഇതാണോ കെടുകാര്യസ്ഥത? പ്രതിപക്ഷം പറയുന്നത് അങ്ങനെയാണല്ലോ. ഈ കാലയളവിൽ നിങ്ങൾ ഭരിച്ചിരുന്ന രാജസ്ഥാൻ, ഹരിയാന, ഉത്തർപ്രദേശ്, നിങ്ങളുടെ പങ്കാളിത്തമുള്ള ഛത്തീസ്ഗഡ്, ഒഡീഷ തുടങ്ങിയ സംസ്ഥാനങ്ങളിലെ നികുതി വരുമാനത്തിൽ ഇടിവ് വന്നതിന്റെ കണക്കുകൾ നിങ്ങളുടെ കൈവശമില്ലേ; വരുമാനത്തിൽ സംഭവിച്ച കുറവ് ആ സംസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളെ എങ്ങനെയൊക്കെ ബാധിക്കുന്നുവെന്ന് പരിശോധിക്കേണ്ടതല്ലേ? ഈ കാലഘട്ടത്തിൽ കേന്ദ്ര ധനസഹായം

25.94 ശതമാനത്തിൽനിന്ന് 8.5 ശതമാനമായി കുറഞ്ഞു. കണക്കുകൾ ഭീകരമാണ്, 17.9 ശതമാനത്തിന്റെ കുറവാണുണ്ടായിട്ടുള്ളത്. കേന്ദ്രത്തിന്റെ സാമ്പത്തിക സ്രോതസ്സ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എഫ്.ആർ.ബി.എം. ആക്ട് അവർക്ക് ബാധകമല്ല. ഇന്ത്യയ്ക്ക് അകത്തുനിന്നും പുറത്തുനിന്നും അവർ നിർബാധം കടമെടുക്കുകയാണ്. ആർ.ബി.ഐ. സർപ്ലസ് ഫണ്ട് 2.1 ലക്ഷം കോടി രൂപയാണ് ഈവർഷം ലഭിച്ചത്. നിയമാനുസൃതമായി നബാർഡിന് നൽകേണ്ട തുകപോലും നൽകുന്നില്ല. നിയമം പാലിക്കാൻ ഒരു രൂപ മാത്രമാണ് നൽകിയത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡിവിഡന്റായി ലഭിച്ച ഒരു ലക്ഷം കോടി രൂപയ്ക്കുപുറമെ ആസ്തി വിൽപ്പനയിലൂടെ വൻതുക കേന്ദ്രം സ്വരൂപിക്കുകയുണ്ടായി. ഇതിനെതിരെ എന്ത് പോരാട്ടമാണ് കോൺഗ്രസ് നടത്തുന്നത്? ഈ വിഷയങ്ങളെക്കുറിച്ച് കോൺഗ്രസ് എം.പി.-മാർ പാർലമെന്റിനകത്തോ പുറത്തോ എന്തെങ്കിലും സംസാരിക്കുന്നുണ്ടോ? ഞങ്ങൾ അനീതിക്കെതിരായി സുപ്രീംകോടതിയിൽ കേസ് കൊടുക്കുകയും ഡൽഹിയിൽ സമരം നടത്തുകയും ചെയ്തപ്പോൾ എന്ത് സമീപനമാണ് കോൺഗ്രസെടുത്തത്? കോൺഗ്രസ്സിന്റെ അധഃപതനത്തെയാണ് ഇത്

കാണിക്കുന്നത്. കേരളത്തിലെ പ്രതിപക്ഷത്തിന്റെ മുഖപത്രവും വഴികാട്ടിയുമാണ് മലയാള മനോരമ. വോട്ടെടുപ്പിനുശേഷം മലയാള മനോരമ ഇംഗ്ലീഷ് ഓൺലൈൻ പതിപ്പിൽ ശ്രീ. ആർ. അയ്യപ്പൻ എഴുതിയൊരു വാർത്തയുടെ അനാലിസിസിന്റെ ടൈറ്റിലിൽ പറയുന്നത്, 'How Centre throttled Kerala and how Finance Minister Shri K. N. Balagopal's response heaped more burden', എന്നാണ്. കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി കേന്ദ്രം സൃഷ്ടിച്ചതാണെന്നാണ് അദ്ദേഹം പറയുന്നത്. മലയാള മനോരമയ്ക്ക് ഇങ്ങനെ എഴുതാൻ വോട്ടെടുപ്പ് കഴിയേണ്ടി വന്നു. സംസ്ഥാനം ലക്ഷ്യമിട്ട ജി.എസ്.ടി. ഉൾപ്പെടെയുള്ള നികുതി വരുമാനത്തിന്റെ 92.36 ശതമാനം; അതായത്, 1,21,000 കോടി രൂപയിൽ 94,633 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞുവെന്നാണ് സി&എ.ജി. കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് മലയാള മനോരമ ചൂണ്ടിക്കാണിച്ചത്. അതിനുപുറമെ നികുതിയേതര വരുമാനത്തിലുണ്ടാക്കിയ നേട്ടങ്ങളെ സംബന്ധിച്ചും പറയുന്നുണ്ട്. സംസ്ഥാനം ലക്ഷ്യമിട്ട നികുതിവരുമാനത്തിന്റെ 92.36 ശതമാനം സംസ്ഥാനത്തിന് പിരിച്ചെടുക്കാൻ കഴിഞ്ഞു. മുൻകാലങ്ങളിൽ പരമാവധി നേടിയത് 75

ശതമാനമാണെന്നാണ് മലയാള മനോരമ ആ ലേഖനത്തിൽ പറയുന്നത്. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്തുപോലും 75 ശതമാനം നികുതിപിരിവ് മാത്രമാണുണ്ടായിട്ടുള്ളത്. നികുതിവരുമാനത്തിലൂടെ മികച്ച നേട്ടമുണ്ടായപ്പോഴും സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിൽ കുറവുണ്ടായതായി കാണാവുന്നതാണ്. അതിന് കാരണം വായ്പയിലും ഗ്രാന്റിലുമുണ്ടായ കുറവാണെന്നാണ് മലയാള മനോരമ പറയുന്നത്. കിഫ്ബി, കേരള സാമൂഹ്യക്ഷേമ പെൻഷൻ ലിമിറ്റഡ് തുടങ്ങിയവ എടുത്ത വായ്പയും സംസ്ഥാനത്തിന്റെ കടമായി കണക്കാക്കിയതുകൊണ്ടാണ് വായ്പാവിഹിതത്തിൽ കുറവുവരാൻ കാരണമെന്നും അതിൽ പറയുന്നു. മനോരമ നൽകിയ കണക്ക് സമയക്കുറവുകൊണ്ട് ഞാൻ ഉദ്ധരിക്കാൻ ആഗ്രഹിക്കുന്നില്ല. അതുസംബന്ധിച്ച വിവരം സൈറ്റിൽ ലഭ്യമാണ്. ഇവിടെ ബഹളംവയ്ക്കുന്ന പ്രതിപക്ഷവും പ്രതിപക്ഷനേതാവും ഇതൊന്നും വായിക്കുന്നില്ലെന്ന് ഞാൻ പറയുന്നില്ല. പ്രതിപക്ഷനേതാവ് വായിക്കാത്ത ആളൊന്നുമല്ലെന്ന് എനിക്കറിയാം. പക്ഷേ അദ്ദേഹം വായിച്ചതുകൊണ്ടുമാത്രം കാര്യമില്ല, മലയാള മനോരമ പറയുന്ന കാര്യങ്ങൾ അദ്ദേഹത്തിന് അംഗീകരിക്കാനാകില്ല. കാരണം

അവരുടെ മാനസികാവസ്ഥ അതാണ്. സംസ്ഥാനത്തിന്റെ ധനക്കമ്മി കുറച്ചുകൊണ്ട് വരുന്നതോടൊപ്പം റവന്യൂ കമ്മിയും കുറയുകയാണെങ്കിലും മൂലധനച്ചെലവ് വർദ്ധിക്കുകയാണ്. വികസന കാഴ്ചപ്പാടിൽനിന്നും സംസ്ഥാനം ഒരടിപോലും പിന്നോട്ടുപോയിട്ടില്ല. പ്രതിപക്ഷം കണ്ണടച്ച് ഇരുട്ടാക്കുകയാണ്. കടമെടുക്കുന്ന കാര്യത്തിൽ കേരളം ഒരു ഒറ്റപ്പെട്ട സംസ്ഥാനമാണോ? ലോകത്തിലെയും ഇന്ത്യയിലെയും സ്ഥിതി നമ്മൾ കാണേണ്ടതല്ലേ? ലോക രാഷ്ട്രങ്ങളാകെ കടക്കെണിയിൽപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുസംബന്ധിച്ച് പഠിക്കുന്നതിനായി കൊളംബിയ യൂണിവേഴ്സിറ്റിയിലെ ഒരുകൂട്ടം പണ്ഡിതന്മാരുടെ റിപ്പോർട്ട് ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്. ഹൗസ് ഹോൾഡ് കടം വർദ്ധിക്കുകയാണ്. അതുസംബന്ധിച്ച് ആർ.ബി.ഐ. ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. സേവിംഗ്സ് കുറയുന്നതിന്റെയും കടബാധ്യത വർദ്ധിക്കുന്നതിന്റെയും ഫലമായി ഉപഭോഗത്തിൽ വരുന്ന കുറവ് നമ്മുടെ സമ്പദ്ഘടനയെ സാരമായി ബാധിക്കുന്നുവെന്നാണ് ആർ.ബി.ഐ.-യുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. വരുമാനമുണ്ടാകണമെങ്കിൽ തൊഴിലുണ്ടാകണം. ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പുകളിലടക്കം ചൂണ്ടിക്കാണിച്ച

പ്രധാന വിഷയം രൂക്ഷമായ തൊഴിലില്ലായ്മയാണ്. തൊഴിൽ ഘടനയ്ക്കകത്തുതന്നെ മാറ്റമുണ്ടായിക്കൊണ്ടിരിക്കുന്നു. യഥാർത്ഥ കൂലിയിൽ വരുന്ന കുറവും ഇതിനുകാരണമായിട്ടുണ്ട്. ഇന്ത്യയിലെ താഴെത്തട്ടിൽ കിടക്കുന്ന 70 ശതമാനം വരുന്ന ജനങ്ങളുടെ അവസ്ഥ ദയനീയമാണ്. കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിനുശേഷം മൊത്തത്തിൽ വന്ന വിശകലനമെന്താണ്? അതുസംബന്ധിച്ച് വിവരമുള്ളവർ പറയുന്ന ലേഖനങ്ങൾ ധാരാളം നമ്മൾ വായിക്കുന്നുണ്ട്. ബി.ജെ.പി. പരാജയപ്പെട്ട പ്രധാന കാരണം ഗ്രാമീണ മേഖലയിലെ അവസ്ഥയാണ്. കൃഷിക്കാരുടെയും തൊഴിലാളികളുടെയും പ്രക്ഷോഭമുയർന്ന മേഖലയ്ക്കകത്താണ് പ്രധാനമായും ബി.ജെ.പി.-യുടെ പരാജയമുണ്ടായത്. പ്രത്യേകിച്ചും വടക്കേ ഇന്ത്യയിലെ ജാതിപരവും ലിംഗപരവുമായ അസമത്വങ്ങൾക്കെതിരെ പോരാട്ടം ശക്തിപ്പെടുത്തണം. ഇന്ത്യയിലെ മൊത്തം തൊഴിൽ വരുമാനത്തിൽ സ്ത്രീകളുടെ പങ്ക് 18 ശതമാനം മാത്രമാണ്. കണക്ക് ഉദ്ധരിച്ചതുകൊണ്ടോ സാമ്പത്തിക അസമത്വങ്ങൾ മാത്രം പറഞ്ഞതുകൊണ്ടോ കാര്യമില്ല. അതിനെതിരായ പോരാട്ടം ശക്തിപ്പെടുത്തണം. കണക്ക് ഇടയ്ക്കിടയ്ക്ക് ശ്രീ. പി. ചിദംബരം ഉൾപ്പെടെയുള്ളവർ

ചൂണ്ടിക്കാണിക്കാറുണ്ട്. ഇതിനുകാരണമായ നവലിബറൽ നയത്തിനെതിരായ സമീപനമെന്താണ് എന്നതാണ് പ്രശ്നം. നയം തിരുത്തിക്കാൻ എവിടെ നിൽക്കുന്നുവെന്നതാണ് ചോദ്യം. ശ്രീ. വി. എം. സുധീരൻ പറഞ്ഞകാര്യമെങ്കിലും കോൺഗ്രസ് നേതൃത്വം കേൾക്കണം. തിരഞ്ഞെടുപ്പിൽ വിജയിച്ചതുകൊണ്ടുമാത്രം ജനപക്ഷത്താകില്ല. നയം തിരുത്തിക്കാനുള്ള പോരാട്ടം ശക്തിപ്പെടുത്തണം. അപ്പോൾ ആര് ആരുടെ പക്ഷത്തുനിൽക്കുമെന്ന് മനസ്സിലാകും. സൂക്ഷിച്ചാൽ കോൺഗ്രസിന് നല്ലത്. സംസ്ഥാന സർക്കാർ പ്രതിസന്ധിക്കുള്ളിൽ നിന്നുകൊണ്ടുതന്നെ സാധാരണക്കാരന് എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന കാര്യത്തിൽ ഒരു പഠനം സംഘടിപ്പിക്കണം. നമ്മുടെ സംസ്ഥാനത്തിലെ വരുമാനവുമായും ചെലവുമായും കിട്ടാനുള്ള റിസോഴ്സസുമായും ബന്ധപ്പെട്ട് പുതുതായി എന്തെല്ലാം സംഘടിപ്പിക്കാൻ കഴിയുമെന്ന കാര്യത്തെ സംബന്ധിച്ച് വളരെ വ്യക്തമായ പഠനം നടത്തിക്കൊണ്ട് അടിസ്ഥാനവർഗ്ഗത്തിന്റെയും സാധാരണക്കാരന്റെയും പാവപ്പെട്ടവന്റെയും പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുമോയെന്ന് പരിശോധിക്കണം. കേന്ദ്ര സർക്കാർ നയം തിരുത്തുമെന്ന യാതൊരു വ്യാമോഹവും എന്നെ

സംബന്ധിച്ചിടത്തോളമില്ല. സംസ്ഥാനത്തോടുള്ള സമീപനത്തിലും അവർ മാറ്റം വരുത്തുമെന്ന പ്രതീക്ഷയില്ല. ഇത്തരം സാഹചര്യത്തിൽ അതിശക്തമായ രൂപത്തിലേയ്ക്കുള്ള സമീപനം സ്വീകരിച്ച് മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ രൂപത്തിലുള്ള റിസോഴ്സസ് എങ്ങനെ കണ്ടെത്താം, അതെങ്ങനെ വിനിയോഗിക്കാം, ഏതൊക്കെ മേഖലയ്ക്ക് മുൻഗണന നൽകാം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടാക്കണമെന്നാണ് ധനകാര്യവകുപ്പിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ധനാഭ്യർത്ഥനയുടെ ഭാഗമായി രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

ചെയർപേഴ്സൺ: പ്ലീസ്... കൺക്ലൂഡ്....അങ്ങയുടെ സമയം അവസാനിച്ചു.

ശ്രീ. പി. നന്ദകുമാർ: സർ, രജിസ്ട്രേഷൻ വകുപ്പ് ആധുനികവത്കരണത്തിന്റെ പാതയിലാണ്. സർക്കാർ സേവനങ്ങൾ കുറഞ്ഞ ചിലവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും ഭരണനിർവ്വഹണത്തിൽ കാര്യക്ഷമതയും ഗുണമേന്മയുമുണ്ടാക്കാനും ഈ കാലഘട്ടത്തിൽ നമ്മുടെ വകുപ്പിന് കഴിഞ്ഞിട്ടുണ്ടെന്നത് വളരെ വ്യക്തമാണ്. ആധാരങ്ങളുടെ

രജിസ്ട്രേഷൻ, ഇ-പേമെന്റ് സൗകര്യം, ഓൺലൈൻ ടോക്കൺ സൗകര്യം ജില്ലയിലെവിടെയും ആധാരം രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം തുടങ്ങിയ ഒട്ടേറെ പരിഷ്കാരങ്ങൾ ഇതിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുണ്ട്.

ചെയർപേഴ്സൺ: 12 മിനിട്ടാണ് പറഞ്ഞിട്ടുള്ളത്. അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. പി. നന്ദകുമാർ: സർ, ആധുനികവത്കരണത്തിൽ ഊന്നൽ നൽകിക്കൊണ്ട് നൽകുന്ന പദ്ധതികളാണ് ധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ മേഖലയിൽ ധാരാളം കാര്യങ്ങൾ നിർവ്വഹിക്കാനുണ്ട്. സാധാരണക്കാരന്റെ പ്രശ്നത്തിനും അവന്റെ വേദനയ്ക്കും പരിഹാരം കാണുന്ന രൂപത്തിലുള്ള ഇടപെടലുകൾ നടത്താനും അവിടത്തെ തിരക്ക് ഒഴിവാക്കാനും ഇനിയും എന്തെല്ലാം കഴിയുമെന്ന് നാം സശ്രദ്ധം പരിശോധിക്കേണ്ടതായിട്ടുണ്ട്. ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. വി. ശശി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. റവന്യൂ വകുപ്പ് കഴിഞ്ഞ മൂന്നുവർഷക്കാലയളവിൽ വളരെ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് കാഴ്ചവച്ചത്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ,

എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി പട്ടയ വിഷയമാണ് ആദ്യമായി റവന്യൂ വകുപ്പ് ഏറ്റെടുത്തത്. എല്ലാ ജനവിഭാഗങ്ങളുടെയും ആശ്രയകേന്ദ്രമായ റവന്യൂ വകുപ്പിനെ ആധുനിവത്കരിക്കാനും ജനസൗഹൃദമാക്കാനും സ്മാർട്ടാക്കാനും സ്വീകരിച്ച കർമ്മപരിപാടികളും ജനങ്ങൾക്കിടയിൽ ശ്രദ്ധിക്കപ്പെട്ടു. പിന്നിട്ട മൂന്ന് വർഷത്തിനുള്ളിൽ 4 പട്ടയമേളകളാണ് സംഘടിപ്പിച്ചത്. അതുവഴി 153103 കുടുംബങ്ങൾക്കാണ് പട്ടയം നൽകിയത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് വിതരണം ചെയ്ത 177011 പട്ടയങ്ങൾകൂടി ഉൾപ്പെടുത്തിയാൽ 8 വർഷം കൊണ്ട് 330114 പട്ടയങ്ങളാണ് വിതരണം ചെയ്യാൻ കഴിഞ്ഞത്. പട്ടയ വിതരണത്തിൽ ഇതൊരു ചരിത്രനേട്ടമായി രേഖപ്പെടുത്താൻ സാധിക്കും. പട്ടയവിതരണം ത്വരിതപ്പെടുത്താൻ നിരവധി നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. അതിലൊന്നാണ് പട്ടയവിതരണത്തിന് പ്രത്യേകം സജ്ജമാക്കിയ ഡാഷ് ബോർഡ് സംവിധാനം. ഓരോ വില്ലേജിലെയും ഭൂരഹിതരുടെ വിവരങ്ങൾ ശേഖരിച്ച് ഡാഷ് ബോർഡിൽ രേഖപ്പെടുത്തുന്നു. ഇതിൽനിന്നും തടസ്സങ്ങൾ മനസ്സിലാക്കി അതിനുള്ള പരിഹാരം കണ്ടെത്തി

പട്ടയം നൽകാനുള്ള നടപടി ത്വരിതപ്പെടുത്താൻ സർക്കാരിന് കഴിയുന്നു. പല സാങ്കേതിക തടസ്സങ്ങൾ ഉന്നയിച്ച് പട്ടയം നൽകാതിരുന്ന ഒട്ടേറെ കേസ്സുകൾക്ക് സർക്കാർ പരിഹാരം കണ്ടിരിക്കുന്നുവെന്നത് ആശ്വാസകരമാണ്. ഹൗസിംഗ് ബോർഡിന്റെ 'രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി'-യുടെ ഗുണഭോക്താക്കളായ 1800 കുടുംബങ്ങൾക്ക് പട്ടയം നൽകിയ സംഭവം അതിലൊന്നാണ്. കൊടക്കൽ ടൈൽ ഫാക്ടറിയുടെ മിച്ചഭൂമിയിൽ താമസിച്ചിരുന്ന നൂറ്റിയിരുപത് കുടുംബങ്ങൾക്കും കണ്ണൂർ ജില്ലയിലെ മൊറാഴ വില്ലേജിലെ താൽക്കാലിക പട്ടയം കിട്ടിയ ഇരുപത്തിയെട്ടേക്കർ ഭൂമിയിൽ താമസിച്ചിരുന്ന നൂറ്റിമുപ്പത്തിയഞ്ച് കുടുംബങ്ങൾക്കും പട്ടയം നൽകിയത് എടുത്തുപറയാവുന്ന നേട്ടങ്ങളായി കാണാം. ഇതുപോലെ പല പ്രദേശങ്ങളിലും സങ്കേതങ്ങളിലും കൂട്ടമായി താമസിക്കുന്നവർക്ക് പട്ടയം നൽകാൻ ബാക്കിയുണ്ടെന്നാണ് ഞാൻ മനസിലാക്കുന്നത്. ഡാഷ് ബോർഡ്, ലാൻഡ് ട്രിബ്യൂണൽ അദാലത്ത്, മറ്റ് സംവിധാനങ്ങൾ തുടങ്ങിയവ വഴി അത്തരക്കാർക്കും പട്ടയം നൽകാനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി റവന്യൂ വകുപ്പ്

ഏറ്റെടുത്തിരുന്ന 858.42 കോടി രൂപയുടെ ബൃഹത് പദ്ധതിയാണ് 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ. അതിന്റെ ഒന്നാം ഘട്ടം 2022, നവംബർ 1-ാം തീയതി ആരംഭിച്ചുകൊണ്ട് സംസ്ഥാനത്തെ ഇരുന്നൂറ് വില്ലേജുകളിൽ 1.69 ലക്ഷം ഹെക്ടർ സ്ഥലത്തിന്റെ ഡിജിറ്റൽ റീസർവ്വേവെ പതിനൊന്ന് മാസംകൊണ്ട് പൂർത്തിയാക്കി. 1995 മുതൽ 2022 വരെ (ഏകദേശം ഇരുപത്തിയഞ്ച് വർഷങ്ങൾകൊണ്ട്) ആകെ 72000 ഹെക്ടർ സ്ഥലത്തിന്റെ റീസർവ്വേ മാത്രം പൂർത്തിയാക്കിയിരുന്ന സ്ഥാനത്ത് ഒരു വർഷംകൊണ്ട് റെക്കോർഡ് നേട്ടമാണുണ്ടായത്. ഡിജിറ്റൽ റീസർവ്വേയുടെ രണ്ടാം ഘട്ടം തൃശ്ശൂർ ജില്ലയിലെ ഇരുപത്തിമൂന്ന് വില്ലേജുകളിലായി ആരംഭിച്ചുകഴിഞ്ഞു. ഡിജിറ്റൽ റീസർവ്വേയുടെ വിജയകരമായ നടത്തിപ്പിനായി 968 സർവ്വേയർമാരെയും 1213 ഹെൽപ്പർമാരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുകയായിരുന്നു. ലഭ്യമായ ഉപകരണങ്ങളുപയോഗിച്ച് ഒരു ദിവസം ശരാശരി 1100 ഹെക്ടർ സ്ഥലത്തിന്റെ വീതം സർവ്വേ പൂർത്തിയാക്കി. ശേഷിക്കുന്ന ജീവനക്കാരെ നിയമിച്ചും ആവശ്യമായ ഉപകരണങ്ങൾ

ലഭ്യമാക്കിയും അഭിമാനകരമായ ഡിജിറ്റൽ റീസർവ്വേ പദ്ധതി ഈ സർക്കാരിന്റെ കാലത്തുതന്നെ പൂർത്തിയാക്കാൻ നമുക്ക് സാധിക്കണം.

രണ്ടാം ലോക കേരള സഭയിൽ പ്രവാസികൾ ഉന്നയിച്ച ഒരാവശ്യം വളരെ ഫലപ്രദമായി റവന്യൂ വകുപ്പ് നടപ്പാക്കി. പ്രവാസികൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ, പരാതികൾ, നിവേദനങ്ങൾ എന്നിവ പരിശോധിച്ച് അതിന്മേൽ കൈക്കൊള്ളുന്ന നടപടികളും തീരുമാനങ്ങളും അവരെ അറിയിക്കുന്നതിനുള്ള ഒരു സംവിധാനമുണ്ടാകണമെന്ന ലളിതമായ ആവശ്യമാണ് അവർ ഉന്നയിച്ചത്. പ്രവാസിമിത്രം പോർട്ടലും അതിന്റെ നടത്തിപ്പിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിന്റെ കീഴിൽ പ്രവാസി സെല്ലും രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കി.

ഭൂപരിഷ്കരണം കഴിഞ്ഞാൽ കേരളത്തിൽ വലിയ മാറ്റങ്ങൾക്ക് കാരണമായേക്കാവുന്ന മഹത്തായ ഒരു പദ്ധതിയാണ് ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ സംവിധാനം. ഇലക്ട്രോണിക്സ്, വിവരസാങ്കേതികവിദ്യാ മന്ത്രാലയത്തിന്റെ അനുമതിയോടുകൂടി വിജ്ഞാപനം പുറപ്പെടുവിച്ച ഈ പദ്ധതി 16-05-2022 മുതൽ നിലവിൽ വന്നു. ആധാറുമായി തണ്ടപ്പേർ

ബന്ധിപ്പിക്കുന്നതുവഴി, ഒരാൾക്ക് സംസ്ഥാനത്ത് എവിടെയെല്ലാം ഭൂമിയുണ്ടോ അതെല്ലാം ഒറ്റ തണ്ടപ്പേരിലാകും. ഭൂമിസംബന്ധമായ വിവരങ്ങൾ സുതാര്യമായി ലഭിക്കുകയെന്നതാണ് ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ സംവിധാനത്തിലൂടെ ലക്ഷ്യമിടുന്നത്. ഈ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിൽ നിലവിൽ തടസ്സങ്ങളൊന്നുമില്ല എന്നാണ് ഞാൻ കരുതുന്നത്. ഇതിന്റെ തുടർപ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകേണ്ടതുണ്ടെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം അനുസരിച്ച്, ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുകയെന്ന ദൗത്യം വിജയകരമാക്കാൻ അതിനായി രൂപീകരിച്ച സ്പെഷ്യൽ സെല്ലിന്റെ പ്രവർത്തനംകൊണ്ട് സാധിച്ചു. കെട്ടിക്കിടന്ന മൂന്ന് ലക്ഷത്തോളം ഭൂമിതരംമാറ്റ അപേക്ഷകളാണ് ഇതിനോടകം തീർപ്പാക്കിയത്. ഈ ദൗത്യ നിർവ്വഹണത്തിനായി 990 താൽക്കാലിക തസ്തികകൾ സൃഷ്ടിക്കുകയും അപേക്ഷകൾ കൂടുതലുള്ള 680 വില്ലേജുകളിൽ വാഹന സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. ഇക്കാര്യവുമായി ബന്ധപ്പെട്ട് ഐ.ടി.

അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് ആറ് കോടിയോളം രൂപ ചെലവഴിച്ചു. ഈ സംവിധാനം കുറച്ചുനാൾകൂടി നിലനിർത്തിയാൽ ശേഷിക്കുന്ന അപേക്ഷകൾകൂടി തീർപ്പാക്കാനാകും. അതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിച്ചുവെന്നത് ആശ്വാസകരമാണ്.

റവന്യൂ വകുപ്പിൽ സെക്രട്ടേറിയറ്റ് മുതൽ വില്ലേജ് ഓഫീസ് വരെ തീർപ്പാക്കാതെകിടക്കുന്ന വിഷയങ്ങളിൽ തീർപ്പ് കൽപ്പിക്കാൻ ഫയൽ അദാലത്ത്, പൊതുജനങ്ങൾക്ക് അവർ സമർപ്പിച്ച നിവേദനങ്ങളിൽ/അപേക്ഷകളിൽ സ്വീകരിച്ച നടപടികളെക്കുറിച്ച് അറിയുന്നതിനായി റവന്യൂ കോൾ സെന്റർ, റവന്യൂ സംബന്ധമായ വിഷയങ്ങളിലെ സംശയദൂരീകരണത്തിനായി റവന്യൂ ഇൻഫർമേഷൻ ബ്യൂറോ, റവന്യൂ സംബന്ധമായ വാർത്തകൾ, ഉത്തരവുകൾ എന്നിവ പ്രസിദ്ധീകരിക്കുന്നതിന് 'ഭൂമിക' എന്ന ജേർണൽ, ഇതേ ലക്ഷ്യത്തോടെ യൂട്യൂബ് ചാനൽ, ജില്ലാതല ജനകീയ സമിതികൾ തുടങ്ങിയ കാര്യങ്ങളെല്ലാംതന്നെ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ

ജനകീയമാക്കുന്നതിനും ജനസൗഹൃദമാക്കുന്നതിനും കഴിയുന്നുവെന്ന വസ്തുത അംഗീകരിച്ചേ മതിയാകൂ. ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഈ ധനാഭ്യർത്ഥനകൾ പാസാക്കിയിട്ട് എന്താണ് കാര്യം? കൊടുക്കാൻ പണമില്ല. ഇതെല്ലാം കേട്ടപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇറങ്ങിപ്പോയതാണ്. ധനാഭ്യർത്ഥന പാസാക്കിത്തരണം, കൂടുതൽ പണം നൽകണമെന്നാണ് ഇവിടെ മന്ത്രിമാരടക്കമുള്ളവർ പറയുന്നത്. നിയമസഭയിൽ ഒരു മന്ത്രി അങ്ങനെ പറയുന്ന രീതി ഇവിടെ ആദ്യമായാണുണ്ടാകുന്നത്. അക്കാര്യത്തിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഈ പാർലമെന്റ് ഇലക്ഷൻ കഴിഞ്ഞതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിനെ വല്ലാതെ ഉപദേശിക്കുന്നുണ്ട്. ലീഗിന്റെ മുഖം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു, നിങ്ങൾ ഇടയ്ക്ക് കണ്ണാടി നോക്കണം, എസ്.ഡി.പി.ഐ.-യുടെയും ജമാഅത്തെ ഇസ്‌ലാമിയുടെയും മുഖംപോലെയായി മാറിക്കൊണ്ടിരിക്കുകയാണ് നിങ്ങളുടെ മുഖം എന്നെല്ലാമാണ് പറഞ്ഞത്. മുമ്പ് ജമാഅത്തെ ഇസ്‌ലാമിയും

എസ്.ഡി.പി.ഐ.-യുമൊക്കെ സി.പി.ഐ.(എം.)-ന്റെകൂടെ ഒരുമിച്ച് ചില പഞ്ചായത്തുകൾ ഞങ്ങളുടെ സ്ഥലത്തൊക്കെ ഭരിച്ചിരുന്നു. അന്നൊന്നും ഈ പ്രശ്നം അവർക്കുണ്ടായിരുന്നില്ലേ; ഞങ്ങളോട് മാത്രം എന്താണിങ്ങനെ പറഞ്ഞത്? ഞങ്ങളാരും അവരോട് ഞങ്ങൾക്ക് വോട്ട് ചെയ്യണമെന്ന് പറഞ്ഞിട്ടില്ല. നിങ്ങളും ബി.ജെ.പി.-യും തമ്മിലുള്ള ബന്ധം മനസിലാക്കിക്കൊണ്ട്, ഇത് ശരിയല്ല, നിങ്ങളുടെ മുഖമാണ് മാറുന്നതെന്ന് മനസിലാക്കി അവർ ഞങ്ങൾക്ക് വോട്ട് ചെയ്തിട്ടുണ്ടാകും. നല്ല രീതിയിൽ ഞങ്ങൾ വിജയിക്കുകയും ചെയ്തു. അവർ കളംമാറി വോട്ട് ചെയ്തിട്ടുണ്ടാകും. അപ്പോൾ അവരെല്ലാം വർഗീയ കക്ഷികളായി നിങ്ങൾക്ക് തോന്നുന്നു. അവർ ഞങ്ങളോടൊപ്പം നിൽക്കുമ്പോൾ നിങ്ങൾക്ക് ഒരിക്കലും സഹിക്കില്ല. പി.ഡി.പി. ഇപ്പോഴും അവിടെത്തന്നെയാണ്. ലീഗിനൊപ്പം നിൽക്കുന്ന വിഭാഗങ്ങൾക്കിടയിൽ കുത്തിത്തിരിപ്പുണ്ടാക്കാൻ കാര്യമായ ശ്രമങ്ങളൊക്കെ നടത്തിയിട്ടും ഇലക്ഷനിൽ നിങ്ങൾ തോറ്റുതുന്നംപാടി. ഞങ്ങളുടെ കൂടെയുണ്ടായിരുന്ന ചില ശുദ്ധഹൃദയർ ആ കെണിയിൽ വീണിട്ടുണ്ടാകാം. എങ്കിലും നിങ്ങളുടെ പാർട്ടിക്കാർപോലും ഇത്തവണ ഇന്ത്യൻ യൂണിയൻ

മുസ്ലീംലീഗിനും യു.ഡി.എഫ്.-നും വോട്ടുചെയ്തു. എന്താണ് കാരണമെന്നറിയുമോ? നിങ്ങളും ബി.ജെ.പി.-യും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും പാർട്ടിക്കും ഒരു കാര്യത്തിലും നയമില്ല, ആകെ അവർക്കുള്ളത് ഭയം മാത്രമാണ്. നിങ്ങൾ കഴിഞ്ഞ ഏഴര വർഷംകൊണ്ട് തകർത്തത് ഈ സംസ്ഥാനത്തെയും സംസ്ഥാനത്തിന്റെ വളർച്ചയെയുമാണ്. നമ്മുടെ രാജ്യത്തെ വിവിധ വായ്പാ ഏജൻസികൾ സാമ്പത്തിക വർഷാരംഭത്തിൽ ആദ്യം കണികാണുന്നത് നമ്മുടെ പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെയാണ്. പുതിയ വർഷം ആരംഭിച്ചല്ലോ, അതുകൊണ്ട് കടമെടുക്കാൻ വന്നതാണെന്നാണ് അദ്ദേഹം പറയുന്നത്. എല്ലാ സമയത്തും അദ്ദേഹമാണ് എല്ലാ സ്ഥലത്തും ആദ്യം ഓടിയെത്തുന്നത്. ഈ നിലയിൽ സംസ്ഥാനത്തെ എത്തിച്ചത് അദ്ദേഹം മാത്രമാണെന്ന് ഞാൻ പറയുന്നില്ല, മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനും അതിൽ പ്രധാനപ്പെട്ട പങ്കുണ്ട്, അതിൽ തർക്കമില്ല. ഈ സർക്കാരിന് ഇനി പതിനെട്ട് മാസത്തെ ആയുസ്സേയുള്ളൂ. അത് കഴിയുമ്പോൾ കേരളം ഭരിക്കുന്നവരുടെ അവസ്ഥയൊന്ന് ഓർത്തുനോക്കണം. ലോക ബാങ്ക് മുതൽ കേരള ബാങ്ക് വരെയുള്ള ബാങ്കുകൾ, കിഫ്ബിയിൽ പണം

നിക്ഷേപിച്ചവർ, ട്രഷറി പെൻഷൻ ഫണ്ടിലും സേവിംഗ്സ് ബാങ്കിലും നിക്ഷേപിച്ചവർ ഇവരെല്ലാവരുംകൂടി വരിവരിയായി ഇങ്ങോട്ട് വന്നാൽ അന്നത്തെ മുഖ്യമന്ത്രിയും മന്ത്രിമാരും ഓടിയൊളിക്കേണ്ടിവരും. എങ്ങോട്ടാണ് ഓടുക? വരവറിയാതെയാണോ കടം വാങ്ങി ദീപാളി കളിക്കുന്നത്? കേരളീയം തെരുവുനാടകം, ജനസദസ്സ് മേളം, ലോക കേരള മാമാങ്കം, മന്ത്രിമാരുടെ വിദേശയാത്രകൾ, നഷ്ടത്തിലോടുന്ന കോർപ്പറേഷനുകളുടെ ദുർവ്യയം; ചുരുക്കത്തിൽ ധൂർത്ത് പുത്രന്മാരാണ് കേരളം ഭരിക്കുന്നത്. പിണറായി സർക്കാർ വന്നപ്പോൾ ഖജനാവിൽ പൂച്ചപെറ്റുകിടക്കുന്നുവെന്നാണ് ചിലർ തമാശയായി പറഞ്ഞിരുന്നത്. ഇപ്പോൾ പൂച്ചയ്ക്കല്ല, ആനയ്ക്ക് പെറ്റുകിടക്കാനുള്ള സ്ഥലം നമ്മുടെ ഖജനാവിലുണ്ട്. ഉദ്യോഗസ്ഥരുടെ പണി നികുതി പിരിവല്ല. ചില വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉപയോഗിച്ച് ജനസദസ്സിനുവേണ്ടിയും പാർട്ടിക്കുവേണ്ടിയുമുള്ള പണപ്പിരിവാണ് നടത്തുന്നത്. ...(ബഹളം)... ശാന്തമാകൂ... വരാം... ഇപ്പോൾ ചില വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉപയോഗിച്ചാണ് ഈ പണപ്പിരിവ് നടത്തിയിരുന്നത്, ഞങ്ങളുടെ നാട്ടിലൊക്കെ നടത്തിയിരുന്നു. കിഫ്ബിയെ നെറ്റിപ്പട്ടം കെട്ടിയ

കൊമ്പനാനയെപ്പോലെയാണ് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചത്. ഇപ്പോൾ കിഫ്ബി ഖജനാവ് കൊള്ളയടിക്കുന്ന വെള്ളാനയാണെന്ന് തെളിഞ്ഞു. അരിക്കൊമ്പനെ തളച്ചതുപോലെ മയക്കുവെടി വച്ച് കിഫ്ബി എന്ന വെള്ളാനയെയും തളയ്ക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ലണ്ടനിലെ സ്റ്റോക്ക് എക്സ്ചേഞ്ചിൽ പോയി മണിയടിച്ചിട്ടാണ് കിഫ്ബി മസാല ബോണ്ടിനുവേണ്ടി പണം സമാഹരിച്ചത്. ഇനി അദ്ദേഹം ലണ്ടനിൽപ്പോയി മണിയടിച്ചാൽ മസാല ദോശപോലും കിട്ടാത്ത അവസ്ഥയാണുള്ളത്. ഡോ. ടി. എം. തോമസ് ഐസക് ഇ.ഡി.-യെ പേടിച്ച് നടക്കുകയാണ്. ജി.എസ്.ടി. നികുതി വരുമാനം, വിതരണം ചെയ്ത വായ്പകളുടെ പിരിച്ചെടുക്കൽ എന്നിവയിൽ സംസ്ഥാന സർക്കാർ പരാജയമാണെന്നാണ് സി.&എ.ജി. പറയുന്നത്. ബജറ്റിൽ ലക്ഷ്യമിട്ടതിന്റെ പകുതി മാത്രമാണ് പിരിക്കുന്നത്. ചരക്കുനീക്കം കൃത്യമായി മോണിറ്ററിംഗിന് വിധേയമാക്കണം. അതിന് ഇവിടെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ജി.എസ്.ടി. എൻഫോഴ്സ്മെന്റ് വേണം. അധികൃതരുടെ ഈ നിസ്സംഗതയാണ് പൊതുഖജനാവിൽ കോടികൾ ചോർത്തിക്കളയുന്നത്. മുൻപൊക്കെ സ്ഥിരം

കേൾക്കുന്നത് വ്യാപാരികളുടെ പരാതികളായിരുന്നു. കടകൾ കയറിയുള്ള പരിശോധനകൾ കാരണം കച്ചവടം കുറയുന്നുവെന്നാണ് അവർ പറഞ്ഞിരുന്നത്. ഇപ്പോൾ അവർക്കൊരു പരാതിയുമില്ല, കാരണമെന്താണ്? ആരും വന്ന് ഒന്നും പരിശോധിക്കുന്നില്ല. എല്ലാ ഇടപാടുകൾക്കും ബില്ലുണ്ടാകണമെന്നാണ് സങ്കൽപ്പം. എന്നാൽ 90 ശതമാനം ചെറുകിട വ്യാപാരവും ഇപ്പോഴും ബില്ലില്ലാതെയാണ് നടക്കുന്നത്. സ്ക്രാപ്പ് മേഖലയുമായി ബന്ധപ്പെട്ട് നടത്തിയ റെയ്ഡിൽ 150 കോടി രൂപയുടെ ജി.എസ്.ടി. നഷ്ടം സർക്കാരിന് വന്നിട്ടുള്ളതായി കണ്ടെത്തിയിരിക്കുന്നു. വ്യാജ ജി.എസ്.ടി. ബില്ലുകൾ വല്ലാതെ പെരുകിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ രണ്ടുവർഷത്തെ സ്വർണ്ണ വ്യാപാര മേഖലയിൽ സംസ്ഥാനത്തെ വിറ്റുവരവ് ലഭ്യമാണോ എന്ന് ചോദിച്ചാൽ കേരളത്തിൽ വിൽപ്പന നടത്തുന്ന സ്വർണ്ണത്തിന്റെ കണക്ക് ലഭ്യമല്ല എന്നതാണ് മറുപടി. പിന്നെ എവിടെ എന്ത് സംവിധാനമാണ് പ്രവർത്തിക്കുന്നത്? സ്വർണ്ണം എത്ര വിൽക്കുന്നുവെന്നുപോലും നമുക്കറിയില്ല. സ്വർണ്ണ വിൽപ്പനയുടെ ഇരുപത് ശതമാനം മാത്രമെ നികുതി പിരിക്കുന്നുള്ളൂ. ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം രാജ്യത്ത് സ്വർണ്ണകള്ളക്കടത്ത്

ഏറ്റവുമധികം നടക്കുന്ന സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളം. അതുപോലെ ഇന്ധന കള്ളക്കടത്തുമൂലം നികുതി ചോർച്ചയുണ്ടാകുന്നുണ്ട്. എറണാകുളത്ത് മാത്രം 450 കോടി രൂപയുടെ വെട്ടിപ്പ് കണ്ടെത്തിയെന്നാണ് വകുപ്പ് പറയുന്നത്. വരുമാനം ആർജ്ജിക്കുന്ന നമ്മുടെ പ്രധാനപ്പെട്ട വകുപ്പുകളുടെ ഡാറ്റ സോഴ്സ് അപൂർണ്ണമാണ്. ജി.എസ്.ടി. നിയമം നിലവിൽവന്നിട്ട് ഏഴ് വർഷം കഴിഞ്ഞു. ഇക്കാലമത്രയും ഈ സർക്കാരല്ലേ ഭരിച്ചത്? തദ്ദേശസ്വയംഭരണ വകുപ്പിന്റെ സോഫ്റ്റ്‌വെയർ പ്രശ്നങ്ങൾ കാരണം നികുതിപോലും അടയ്ക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. ഐ.ജി.എസ്.ടി. പിരിക്കാത്തതിനാൽ അഞ്ച് വർഷം കൊണ്ട് 25,000 കോടിയോളം രൂപ സംസ്ഥാനത്തിന് നഷ്ടപ്പെടുമെന്ന എക്സ്പെൻഡിച്ചർ കമ്മിറ്റി റിപ്പോർട്ട് എന്താണ് ചെയ്തത്? ഒന്നും ചെയ്തില്ല. ഇതിന്റെ പ്രത്യാഘാതം അനുഭവിക്കേണ്ടിവരുന്നത് സാധാരണക്കാരും പാവപ്പെട്ടവരുമാണ്. സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും മാത്രം വരുത്തിയിട്ടുള്ള കുടിശ്ശിക പലിശയും പിഴപ്പലിശയുമുൾപ്പെടെ ഏകദേശം 1420 കോടി രൂപയോളം വരും. രണ്ടര കോടി രൂപ മുടക്കി ജി.എസ്.ടി. വായ്പ

കൊണ്ടുവന്ന ലക്കി ബിൽ ആപ്പ് സാമ്പത്തിക പ്രതിസന്ധി കാരണം ചുരുട്ടിക്കെട്ടി. ഒരു വർഷമായി നറുക്കെടുപ്പുമില്ല, സമ്മാനവുമില്ല. ഓരോ വർഷവും നികുതി ഭാരം ഇരട്ടിയും നാലിരട്ടിയുമാക്കിയാണ് സർക്കാർ ഇതിന് പരിഹാരം കാണുന്നത്. അതായത് കഴിഞ്ഞ ഏഴ് വർഷം കൊണ്ട് ഒരു നിവൃത്തിയുമില്ലാത്ത പാവപ്പെട്ട ജനങ്ങളുടെ മേൽ 7117 കോടി രൂപയുടെ ഭാരം അധികമായി ചേർത്തു. വികസന പദ്ധതികൾക്കെന്ന് പറഞ്ഞ് റിസർവ് ബാങ്ക് വഴിയെടുക്കുന്ന വായ്പകളുടെ ഇരുപത് ശതമാനം മാത്രമാണ് അത്തരത്തിൽ വികസനത്തിനുവേണ്ടി ഉപയോഗിക്കുന്നത്. ബാക്കിയൊക്കെ വകമാറ്റി ചെലവഴിക്കുന്നു; പൂട്ടടിക്കുന്നു. 2019-ൽ പെൻഷൻ വിതരണത്തിന് ആവശ്യമായ തുകയെക്കാൾ 4049 കോടി രൂപ അധികം വായ്പയെടുത്തുവെന്നാണ് സി.&എ.ജി.-യുടെ കണ്ടെത്തൽ. ഇങ്ങനെയൊക്കെ ചെയ്യുന്നത് നമ്മുടെ ധനകാര്യ മാനേജ്മെന്റിന്റെ വിശ്വാസ്യത ഇല്ലാതാക്കി. പിന്നെയെങ്ങനെയാണ് നമുക്ക് വായ്പ കിട്ടുന്നത്? ഏഴ് കൊല്ലംകൊണ്ട് ജനത്തിന് തിരികെ എന്തുനൽകി? 2015-ൽ ആളോഹരി കടം 45821 രൂപയായിരുന്നത് ഇപ്പോൾ 1,01,645 രൂപയായി. ഇന്ത്യൻ സംസ്ഥാനങ്ങളിൽ

ഏറ്റവുമുയർന്ന കടം ജി.ഡി.പി. അനുപാതങ്ങളിൽ ഒന്ന് കേരളത്തിന്റേതാണ്. കഴിഞ്ഞ വർഷം മുൻവർഷത്തേക്കാൾ 7389 കോടി രൂപ അധികമാണ് കടമെടുത്തത്. കടം ഇരട്ടിയുമായി, വികസനമെന്നത് പകുതിയിലും താഴെയായി. ഇതാണ് കഴിഞ്ഞ ഏഴ് വർഷത്തെ സർക്കാരിന്റെ സംഭാവന. കടം മാത്രമാണ് നിങ്ങളുടെ നിക്ഷേപം, അതിനെപ്പറ്റി മാത്രമാണ് നിങ്ങളുടെ സംസാരം. ആളുകളുടെ പോക്കറ്റുകൾ കാലിയാണ്. അരിവാങ്ങാനുള്ള പണമെങ്കിലും ആളുകൾക്ക് ലഭിക്കാൻ പിടിച്ചുവച്ച അവരുടെ പെൻഷനും ആനുകൂല്യങ്ങളും നൽകാൻ അടിയന്തരമായി നടപടി സ്വീകരിക്കണം. രാജ്യത്തെ പ്രതിപക്ഷ പാർട്ടികൾ അധികാരത്തിലുള്ള സംസ്ഥാന സർക്കാരുകളും കേന്ദ്ര സർക്കാരുമായി അതിശക്തമായ ഏറ്റുമുട്ടലുകളാണ് ബി.ജെ.പി. അധികാരത്തിലെത്തിയ ശേഷമുണ്ടായിട്ടുള്ളത്. എന്നാൽ കേന്ദ്ര സർക്കാരുമായി ഏറ്റവും കുറഞ്ഞ ഏറ്റുമുട്ടലുകളുണ്ടായിട്ടുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കേരള സർക്കാർ കേസ് കൊടുത്തു, പക്ഷെ അത് തിരഞ്ഞെടുപ്പിന് തൊട്ടുമുൻപാണ്, അത് ബി.ജെ.പി.-യും എൽ.ഡി.എഫ്.-ഉം തമ്മിലുള്ള നാടകമാണെന്ന് ആർക്കാണ് അറിയാത്തത്.

ഇപ്പോൾ 24,000 കോടി രൂപയുടെ പ്രത്യേക പാക്കേജ് വേണമെന്ന് ആവശ്യപ്പെട്ട് ഇന്നലെ കേന്ദ്ര സർക്കാരിനെ സമീപിച്ചു. ആ മെമ്മോറാണ്ടത്തിൽ പതിനെട്ട് പ്രാവശ്യമാണ് 'കടം' എന്ന് എഴുതിയിട്ടുള്ളത്. കടം തന്നെയാണ് നമ്മൾ വാങ്ങിക്കൊണ്ടിരിക്കുന്നത്. കടം വാങ്ങി കൂട്ടാനല്ലാതെ, കിട്ടാനുള്ളത് പിരിക്കാനോ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനോ ഉള്ള യാതൊരു ശ്രമവും നമ്മൾ നടത്തുന്നില്ല.

മുദ്രപത്രങ്ങളുടെ കാര്യം പറയുകയാണെങ്കിൽ, അത് വളരെ ഭീകരമാണ്. ഈ സാമ്പത്തിക വർഷം നമ്മുടെ വരുമാനത്തിൽ 10,300 കോടി രൂപയുടെ കുറവുണ്ടായി എന്നുപറയുമ്പോൾ അതിൽ ഏറ്റവും കൂടുതൽ വന്നത് നമ്മുടെ മുദ്രപത്രങ്ങളിലാണ്. മുൻവർഷവുമായി താരതമ്യം ചെയ്യുമ്പോൾ ഈ സാമ്പത്തിക വർഷം 151000 ആധാരങ്ങളുടെ കുറവാണുണ്ടായത്. 2023 മുതൽ ഭൂമിയുടെ വിലയിൽ 20 ശതമാനം വർദ്ധനവ് വരുത്തി. 2010-ലെ അടിസ്ഥാന വിലയുടെ 264 ശതമാനമാണ് വർദ്ധിച്ചത്. എങ്ങനെയാണ് ആളുകൾക്ക് രജിസ്ട്രേഷൻ നടത്താൻ സാധിക്കുന്നത്? ഇതിന്റെ ഫലമായി അതിൽ വളരെ വലിയ കുറവ് വന്നിട്ടുണ്ട്. എനിക്ക് പറയാനുള്ള ഒരൊറ്റ കാര്യമേയുള്ളൂ.

ഇതിനൊക്കെ ഒരു പരിഹാരമാണ് ജനം ആഗ്രഹിക്കുന്നത്. അത് എന്താണെന്നുള്ളത് ലോക്സഭാ തിരഞ്ഞെടുപ്പിൽ അവർ സൂചിപ്പിച്ചിട്ടുണ്ട്. എല്ലാ കാലവും ജനം എല്ലാം സഹിക്കുമെന്ന് കരുതണ്ട. കാലിപാത്രമുണ്ടാക്കുന്ന വെറും ഒച്ചപ്പാട് മാത്രമാണ് ഈ സർക്കാർ. ഉള്ളിലാകെ ശൂന്യമാണ്. ഇത്രയും മോശമായ ഒരു ഭരണം കേരളത്തിൽ ഇതുവരെയുണ്ടായിട്ടില്ല. എൽ.ഡി.എഫ്.-ന് ചോദിക്കാനും പറയാനും ആരുമില്ല, ആരെയും പേടിയുമില്ല. അവരെ തിരുത്താൻ ഒരു ഇ.എം.എസ്.-ഉം ഒരു നായനാരും ഇന്നില്ല, ശ്രീ. വി. എസ്. അച്യുതാനന്ദന് ഇപ്പോൾ അതിന് കഴിയുകയുമില്ല. എൽ.ഡി.എഫ്. അത് മനസ്സിലാക്കി സ്വയം തിരുത്തിയില്ലെങ്കിൽ നിങ്ങളുടെ കാര്യം കട്ടപ്പൊകയാണെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഇന്നിവിടെ വളരെ പ്രാധാന്യമുള്ള ഒൻപത് വകുപ്പുകളുടെ ധനാഭ്യർത്ഥനയാണ് ചർച്ചയ്ക്ക് വിഷയീഭവിക്കുന്നത്. എല്ലാത്തിനെക്കുറിച്ചും പറയണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിലും സമയപരിമിതിമൂലം അതിന്

മുതിരുന്നില്ല. എനിക്ക് തൊട്ടുമുൻപ് മങ്കട അംഗം ശ്രീ. മഞ്ഞളാംകുഴി അലി ഇവിടെ സംസാരിച്ചപ്പോൾ ഖജനാവിൽ ആന പെറ്റുകിടക്കാനുള്ള സൗകര്യമുണ്ടെന്ന നിലയിൽ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ കേന്ദ്ര ഗവൺമെന്റും അവർക്ക് കേരളത്തെ സാമ്പത്തികമായി ഞെരുക്കാൻ നടത്തുന്ന ശ്രമങ്ങൾക്ക് പരോക്ഷ പിന്തുണ നൽകിക്കൊണ്ട് യു.ഡി.എഫ്.-ഉം ചേർന്നുകൊണ്ട് ഖജനാവിൽ പൂച്ചയും ആനയുമൊക്കെ പെറ്റുകിടക്കാൻ സൗകര്യമൊരുക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഒരു ദിവസംപോലും ട്രഷറി പൂട്ടാതെ പ്രവർത്തിച്ച് മുന്നോട്ടുപോകുന്ന ഗവൺമെന്റാണ് ഇവിടെയുള്ളതെന്ന് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. പ്രതിപക്ഷത്തിന്റെ ഭരണകാലയളവിലായിരുന്നു ട്രഷറി പൂട്ടിയിട്ടുകൊണ്ട് പൂച്ചയ്ക്കും പുലിയ്ക്കുമൊക്കെ പെറ്റുകിടക്കാൻ സൗകര്യമൊരുക്കിയിരുന്നതെന്ന് മറന്നുപോകരുതെന്നും സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ സംഭവിക്കുന്നത് എന്താണ്? നമുക്ക് തരാനുള്ള ധനവിഹിതം കേന്ദ്ര ഗവൺമെന്റ് അന്യായമായി നിഷേധിക്കുന്നു, ന്യായമായി ലഭിക്കേണ്ട വായ്പകൾ നൽകാതെ തടസ്സം നിൽക്കുന്നു, അതിനുശേഷം ഇത് സംസ്ഥാന ഗവൺമെന്റിന്റെ

കെടുകാര്യസ്ഥതയാണെന്ന് ബോധപൂർവ്വം പ്രചരിപ്പിക്കുന്നു. ഈ വ്യാജ പ്രചാരണമാണ് കേന്ദ്ര സർക്കാരും ബി.ജെ.പി.-യും യു.ഡി.എഫ്.-മെല്ലാം ചേർന്ന് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കുന്നുണ്ടെന്ന് പ്രതിപക്ഷം അറിയണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഒരു കാര്യം എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. കഴിഞ്ഞ ബജറ്റിന്റെ ഫലമായി ഏപ്രിൽ ഒന്നാം തീയതി മുതൽ സംസ്ഥാനത്ത് കോടതി വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് കുടുംബകോടതികളിൽ ഫയൽ ചെയ്യുന്ന അന്യായങ്ങളിൽ.., ഭർത്താക്കന്മാർ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ അല്ലെങ്കിൽ ജീവനാംശത്തിന് അർഹതയുള്ള സ്ത്രീകൾ അവരുടെ അപഹരിക്കപ്പെട്ട സ്വത്തും പണവും സ്വർണ്ണവുമൊക്കെ ഭർത്താക്കന്മാരിൽനിന്നോ ഭർതൃകുടുംബത്തിൽനിന്നോ തിരിച്ചുകിട്ടാനുള്ള കേസ് ഫയൽ ചെയ്യുമ്പോൾ ഒരു ശതമാനം വരെ ഫീസ് കൊടുക്കേണ്ട സ്ഥിതി ഇന്നുണ്ട്. നേരത്തെ അത് കേവലം അൻപത് രൂപയായിരുന്നു. അതുപോലെതന്നെ ചെക്ക് കേസുകൾ, പണം അക്കൗണ്ടിലില്ലാതെ

വണ്ടിചെക്ക് കൊടുക്കുന്ന ആളുകൾക്കെതിരെ കൊടുക്കുന്ന കേസിന് വാദികൾ അഞ്ച് ശതമാനംവരെ ഫീസ് കൊടുക്കേണ്ട സ്ഥിതി വന്നിരിക്കുന്നു. ഇക്കാര്യങ്ങളിൽ ഒരു പുനഃപരിശോധന ആവശ്യമാണ്. ഈ രീതിയിലുള്ള കോടതി ഫീസ് വർദ്ധനവ് പിൻവലിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളും ഇന്നത്തെ ധനാഭ്യർഥന ചർച്ചയിലുണ്ട്. പട്ടയ നടപടികൾ, യുണീക്ക് തണ്ടപ്പേർ, ഡിജിറ്റൽ റീ സർവേ, എന്റെ ഭൂമി പോർട്ടൽ തുടങ്ങിയ ഒട്ടേറെ ശ്രദ്ധേയമായ കാര്യങ്ങൾ ചെയ്യുന്ന റവന്യൂ വകുപ്പിനെയും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഒരുകാര്യം റവന്യൂ വകുപ്പുമന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. 23-10-2021-ൽ എൽ.ബി. 5423/20-21 എ 3 ആയി കേരള സ്റ്റേറ്റ് ലാൻഡ് ബോർഡ് 12 പേജുള്ള ഒരു സർക്കുലർ പുറത്തിറക്കിയിരുന്നു. തോട്ടഭൂമിയെ സംബന്ധിച്ച ഒട്ടുമിക്ക പ്രശ്നങ്ങളും സർക്കുലറിലൂടെ പരിഹരിക്കാൻ രണ്ടാം പിണറായി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ ജനോപകാരപ്രദമായ ആശ്വാസ നടപടിയായിരുന്നു ആ സർക്കുലർ. തോട്ടഭൂമി ഉൾപ്പെടെ കേരള ഭൂപരിഷ്കരണ

നിയമത്തിൽ ഇളവ് അനുവദിച്ച ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് 23-10-2021-ൽ സംസ്ഥാന ലാൻഡ് ബോർഡ് ഇറക്കിയ സർക്കുലറിലെ പരാമർശം ദുർവ്യാഖ്യാനമാണെന്ന് വ്യക്തമാക്കി 11-06-2024-ൽ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇറക്കിയ തിരുത്തൽ ഉത്തരവ് ഇന്ന് ലക്ഷക്കണക്കിന് ചെറുകിട നാമമാത്ര കർഷകരെ ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. 1970-കളിലാണ് ഭൂപരിഷ്കരണ നിയമം നടപ്പാക്കിത്തുടങ്ങിയത്. ഇപ്പോൾ 2024 ആയി. നമ്മുടെ സംസ്ഥാനത്തെ ഭൂപരിഷ്കരണ നിയമങ്ങളിൽ കാലോചിതമായ മാറ്റമുണ്ടാകേണ്ടത് അനിവാര്യമായിരിക്കുന്നു. ആ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് ഒരു ഭൂപരിഷ്കരണ കമ്മീഷനെ നിയമിക്കുകയും ഇപ്പോൾ തരംമാറ്റപ്പെട്ട ഭൂമിയും അതിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട്, എന്റെ നാട്ടിലടക്കം നാമമാത്ര ചെറുകിട കൃഷിക്കാർ അനുഭവിക്കുന്ന വലിയ ദുരിതത്തിന് ആശ്വാസമെത്തിക്കാനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ ഗൗരവമായി ആലോചിക്കണമെന്ന് അഭ്യർത്ഥിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട കടുത്തുരുത്തി

അംഗം ശ്രീ. മോൻസ് ജോസഫ്, ഞങ്ങളുടെ പാർട്ടിയുടെ ചെയർമാൻ ശ്രീ. ജോസ് കെ. മാണിയെ ആക്ഷേപിച്ചുകൊണ്ടും ഞങ്ങളുടെ പാർട്ടിയുടെ പ്രസക്തിയെ ചോദ്യം ചെയ്തുകൊണ്ടും എൽ.ഡി.എഫ്.-ന് ഞങ്ങളെക്കൊണ്ട് എന്താണ് പ്രയോജനമെന്ന് ചോദിച്ചുകൊണ്ടും ഇവിടെ പ്രസംഗിക്കുകയുണ്ടായി. അതിനെക്കുറിച്ച് ഒന്നുരണ്ട് കാര്യങ്ങൾ പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്ന്, കേരള കോൺഗ്രസ് (എം) എൽ.ഡി.എഫ്.-ൽ വന്നിട്ട് മൂന്ന് തിരഞ്ഞെടുപ്പ് കഴിഞ്ഞു. ആദ്യം ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പായിരുന്നു. കോട്ടയത്തെ ഫലത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം പറഞ്ഞതുകൊണ്ട് കോട്ടയത്തെ കാര്യംതന്നെ ഞാനും പറയാം. ഇന്ന് കോട്ടയം ജില്ലാപഞ്ചായത്ത് ഭരിക്കുന്നത് എൽ.ഡി.എഫ്. ആണ്. കോട്ടയത്ത് 11 ബ്ലോക്ക് പഞ്ചായത്തുകളുള്ളതിൽ 10 എണ്ണവും ഭരിക്കുന്നത് എൽ.ഡി.എഫ്. ആണ്. അവിടെ 71 ഗ്രാമപഞ്ചായത്തുകളുണ്ട്. അതിൽ 57-ഉം ഭരിക്കുന്നത് എൽ.ഡി.എഫ്. ആണ്. ഒരുകാലത്ത് യു.ഡി.എഫ്.-ന്റെ നെടുങ്കോട്ടയായിരുന്ന കോട്ടയത്ത് ആ മാറ്റം വന്നത് ആരുവന്നതുകൊണ്ടാണെന്ന് അദ്ദേഹം ചിന്തിക്കണം. അതുകഴിഞ്ഞു വന്ന അസംബ്ലി തിരഞ്ഞെടുപ്പിൽ,

കോൺഗ്രസിന്റെ ഏറ്റവും വലിയ ജനകീയ നേതാവായിരുന്ന ഉമ്മൻ ചാണ്ടി ജീവിച്ചിരുന്ന കാലത്ത് അദ്ദേഹംകൂടി മത്സരിച്ച കോട്ടയം ജില്ലയിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെയും അവകാശവാദമുന്നയിച്ച ശ്രീ. മോൻസ് ജോസഫിന്റെയും കോട്ടയം ജില്ലയിൽ ഞാനടക്കം ഭൂരിപക്ഷം എം.എൽ.എ.-മാരും ഇന്ന് എൽ.ഡി.എഫ്.-കാരാണ്. ഏറ്റവും ഒടുവിൽ വന്ന പാർലമെന്റ് തിരഞ്ഞെടുപ്പിൽ കേരളമൊട്ടാകെ യു.ഡി.എഫ്. തരംഗമുണ്ടായി. അതിന്റെ കാര്യകാരണങ്ങളൊക്കെ ഇവിടെ വിശദീകരിച്ചതുകൊണ്ട് ഞാൻ അതിലേക്കൊന്നും പോകുന്നില്ല. പക്ഷെ ഒരു കാര്യം ഓർക്കണം, 18 സീറ്റുകളിൽ യു.ഡി.എഫ്. വിജയിച്ച് അതിൽ 10 സീറ്റുകളിൽ ഒരു ലക്ഷത്തിനുമേൽ അവർക്ക് ഭൂരിപക്ഷം കിട്ടിയപ്പോൾ, എല്ലാക്കാലത്തും യു.ഡി.എഫ്.-ന്റെ വലിയ കോട്ടയായിരുന്ന കോട്ടയത്തും ഞാനും ഡോ. എൻ. ജയരാജും ശ്രീ. പ്രമോദ് നാരായണും അടക്കം ജയിച്ചിരിക്കുന്ന പത്തനംതിട്ടയിലുമൊക്കെ ഒരു ലക്ഷം വോട്ടിനുപോലും ഭൂരിപക്ഷം തികയ്ക്കാൻ യു.ഡി.എഫ്.-ന് കഴിഞ്ഞില്ലെങ്കിൽ അത് കേരള കോൺഗ്രസ്സിന്റെ രാഷ്ട്രീയ പ്രസക്തിയുടെ പ്രതിഫലനമാണെന്ന് സൂചിപ്പിക്കാൻ ഞാൻ

ആഗ്രഹിക്കുകയാണ്. അതുപോലെ കടുത്തുരുത്തി ത്രിതല പഞ്ചായത്തിലെ സീറ്റ് നോക്കാം. 'രണ്ടില' ചിഹ്നത്തിൽ 62 പേർ. കോട്ടയം ജില്ലയിൽ ആകെ 208. ജോസഫ് ഗ്രൂപ്പിന് 40-ൽ താഴെ. കടുത്തുരുത്തി മണ്ഡലത്തിൽ കേവലം 13. നിലനിൽപ്പിനുവേണ്ടി ശ്രീ. പി. സി. തോമസിന്റെ പാർട്ടിയിൽ പോയി ലയിക്കേണ്ട ഗതികേടുണ്ടായവരാണ്. കഴിഞ്ഞ മൂന്ന് തിരഞ്ഞെടുപ്പിലും മൂന്ന് ചിഹ്നത്തിലാണ് മത്സരിച്ചത്. അങ്ങനെ സ്വന്തമായി ഒരു ചിഹ്നം പോലുമില്ലാത്ത പാർട്ടിയാണ് ഞങ്ങളെ വെല്ലുവിളിക്കാൻ വരുന്നത്. മച്ചിൻമേൽ ഇരിക്കുന്ന പല്ലിക്ക് മച്ച് മുഴുവൻ താങ്ങി നിർത്തിയിരിക്കുന്നത് താനാണെന്നൊരു തോന്നലുണ്ട്. ആ പല്ലിയുടെ മാനസികാവസ്ഥയാണ് ഒരു തിരഞ്ഞെടുപ്പ് ജയത്തിലൂടെ ജോസഫ് ഗ്രൂപ്പിനുണ്ടായിരിക്കുന്നതെന്നാണ് ശ്രീ. മോൻസ് ജോസഫിന്റെ അവകാശവാദത്തിലൂടെ വെളിവാകുന്നതെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ പ്രസംഗം ഉപസംഹരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ 12.10

ശതമാനം ഉയർച്ചയും 10 ലക്ഷത്തിലധികം വർധനയും 2021-22 വർഷത്തിലെ നികുതി വരുമാനത്തിൽ 23000 കോടി രൂപയുടെ വർധനവുമുള്ള ഒരു ട്രഷറിയാണ് നമ്മുടേത്. അല്ലാതെ ആന പ്രസവിച്ച് കിടക്കുന്നതല്ലെന്ന് ഓർമ്മപ്പെടുത്തുകയാണ്. നികുതിയിതര വരുമാനം വർദ്ധിപ്പിച്ചുകൂടേയെന്ന് ചോദിക്കുന്നവരുണ്ട്. മറ്റ് സംസ്ഥാനങ്ങൾ ഖനനത്തിലൂടെ നികുതിയിതര വരുമാനം കണ്ടെത്തുന്നുവെങ്കിൽ കേരളത്തിന് അതിന് പരിമിതിയുണ്ട്. പ്രകൃതിവിഭവങ്ങളും പരിസ്ഥിതിയും സംരക്ഷിച്ചുകൊണ്ടുമാത്രമേ നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. ആകെ ചെലവിൽ ഏതാണ്ട് 71 ശതമാനം കേരളം വഹിക്കുമ്പോൾ കേന്ദ്രം 21 ശതമാനം മാത്രമാണ് നൽകുന്നതെന്ന് നാം മനസ്സിലാക്കണം. മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 35 ശതമാനമാണ് കേരളത്തിന്റെ കടം. അടുത്ത പ്രാവശ്യം വരുന്നവർ എന്തുചെയ്യുമെന്ന് ഇവിടെ ബഹുമാനപ്പെട്ട മങ്കട അംഗം ചോദിക്കുകയുണ്ടായി. അടുത്ത പ്രാവശ്യം വരുന്നതിനെക്കുറിച്ച് നിങ്ങൾ ടെൻഷനടിക്കേണ്ട. ഞങ്ങൾ തന്നെയാണ് വരുന്നതെന്നുള്ള കാര്യം പ്രത്യേകം പറയുകയാണ്. കേന്ദ്രഗവൺമെന്റിന്റെ കടം 51 ശതമാനമുണ്ടാകുമ്പോൾ സംസ്ഥാനത്തിന്റെ കടം 35 ശതമാനമാണെന്നുള്ള

കാര്യം നിങ്ങൾ മനസ്സിലാക്കണം. മാത്രമല്ല ഇന്ത്യയിൽ ഉയർന്ന പ്രതിശീർഷ വരുമാനമുള്ള അഞ്ച് സംസ്ഥാനങ്ങളിലൊന്നാണ് കേരളം എന്നുകൂടി നിങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. പത്താം ധനകാര്യ കമ്മീഷന്റെ കാര്യം ഇവിടെ ശ്രീ. പി. നന്ദകുമാർ സൂചിപ്പിച്ചതാണ്. കേരളത്തിന്റെ ധനകാര്യ കമ്മീഷന്റെ വിഹിതം 1.925 ശതമാനമായി കുറയുകയാണുണ്ടായത്. അതായത് 18000 കോടി രൂപ കേന്ദ്ര ഗവൺമെന്റ് കുറച്ചിരിക്കുന്നു. ജി.എസ്.ടി. നഷ്ടപരിഹാരത്തിന് 12000 കോടി രൂപ, റവന്യൂ കമ്മി ഗ്രാന്റിൽ 8400 കോടി രൂപ, വായ്പാനുമതി നിഷേധിച്ചതുമൂലം 19600 കോടി രൂപ. ഇങ്ങനെ 57000 കോടി രൂപ കേന്ദ്ര ഗവൺമെന്റ് കുറച്ചതിനെക്കുറിച്ച് മങ്കട അംഗത്തിന് ഒന്നും പറയാനില്ല. അതുപോലെ ശമ്പള പരിഷ്കരണ കുടിശ്ശികയാണ് കേന്ദ്ര ഗവൺമെന്റ് നൽകാനുള്ളത്. നെല്ല് സംഭരണം, ഭക്ഷ്യ സുരക്ഷ, ഉച്ചഭക്ഷണ പദ്ധതി, അർബൻ ലോക്കൽ സെൽഫ് ഗവൺമെന്റ് ഗ്രാന്റ്, ആരോഗ്യ ഗ്രാന്റ് എന്നിവ കുടിശ്ശികയാണ്. ഇങ്ങനെ നികുതിയിനത്തിൽ കേന്ദ്രത്തിന് സംഭാവന ചെയ്യുന്ന ഓരോ രൂപയ്ക്കും തിരിച്ച് കേരളത്തിന് ലഭിക്കുന്നത് വെറും 25 പൈസയാണ്. എന്നാൽ ഒരു രൂപ സംഭാവന ചെയ്യുന്ന ഉത്തർപ്രദേശിന് 1.80

രൂപ അങ്ങോട്ട് കൊടുക്കുകയാണ്. ജനസംഖ്യ കുറഞ്ഞു, പ്രതിശീർഷ വരുമാനം ഉയർന്നുവെന്നൊക്കെ പറഞ്ഞാണ് നമുക്ക് പലതും നൽകാതിരിക്കുന്നത്. എന്നാൽ നമ്മൾ പുതിയ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. വയോജന പ്രശ്നം, വനാതിർത്തികളിലെ മനുഷ്യരുടെ ജീവിത പ്രശ്നം, ജീവനോപാധി പ്രശ്നം, വന്യജീവി പ്രശ്നം, ഉന്നത വിദ്യാഭ്യാസത്തിന്റെ ആവശ്യകത എന്നിവ സംബന്ധിച്ച പ്രശ്നങ്ങളൊക്കെ സംസാരിക്കാൻ നേരത്തെ ഒരു പ്ലാനിംഗ് കമ്മീഷനുണ്ടായിരുന്നു. ഇപ്പോൾ പ്ലാനിംഗ് കമ്മീഷനില്ലാതായെന്നതും വളരെ ഗൗരവമായി കാണേണ്ട കാര്യമാണ്. റവന്യൂ മേഖലയിൽ വലിയ മുന്നേറ്റം നടത്താൻ കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ശശി കുറേ കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. ഭൂമി തരംമാറ്റൽ അപേക്ഷകൾ തീർപ്പാക്കുന്നതിനുവേണ്ടി ഈ സഭ പാസ്സാക്കിയ നിയമത്തെ ഗവർണർ പിടിച്ചുവച്ച് ഇലക്ഷൻ കഴിഞ്ഞാണ് ഒപ്പിട്ടതെങ്കിലും തരംമാറ്റൽ അപേക്ഷകൾ വലിയ രീതിയിൽ തീർപ്പാക്കാൻ കഴിഞ്ഞു. 3 ലക്ഷം തരംമാറ്റൽ അപേക്ഷകൾ തീർപ്പാക്കി 330114 പേർക്ക് പട്ടയം കൊടുക്കാൻ കഴിഞ്ഞു. പട്ടയ അസംബ്ലി നടത്തി. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്രത്യേക അദാലത്ത്

നടത്തിയതിനാലാണ് വളരെയധികം അപേക്ഷകൾ തീർപ്പാക്കാൻ കഴിഞ്ഞത്. എല്ലാ ഭൂരഹിതരെയും ഭൂമിയുടെ ഉടമകളാക്കുക എന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അതിനുവേണ്ടിയുള്ള വലിയ പ്രവർത്തനങ്ങളാണ് നടക്കുന്നത്. മാതൃകാ വകുപ്പായ റവന്യൂ വകുപ്പിന് ഒരു ആസ്ഥാനമന്ദിരം പണിയുക എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനുവേണ്ടിയുള്ള റവന്യൂ ഭവൻ നിർമ്മാണം അതിവേഗം പുരോഗമിക്കുകയാണ്. ഡിജിറ്റൽ സർവേ 2026-ൽ പൂർത്തിയാക്കാൻ പോകുകയാണ്. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സ്മാർട്ട് വില്ലേജുകൾക്ക് ഞാൻ ഉൾപ്പെടെയുള്ള എം.എൽ.എ.-മാർ വലിയ രീതിയിലാണ് സഹായം നൽകിയത്. 678 വില്ലേജ് ഓഫീസുകളിൽ 478 വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കാൻ കഴിഞ്ഞു. തൃശ്ശൂർ താലൂക്കിനെ പൈതൃക മന്ദിരമാക്കിയതുപോലെ ഒന്നാം ലോക മഹായുദ്ധത്തിൽ മരണപ്പെട്ടവരുടെ സ്മാരകം ഉൾപ്പെടുന്ന ചാവക്കാട് താലൂക്ക് ഓഫീസിനെ ഒരു പൈതൃക മന്ദിരമാക്കി ഉയർത്തുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണം. കേരളത്തിലെ ചേറ്റുവ ഗ്രാമം ലോകത്തിന് സംഭാവന ചെയ്ത അസാധാരണനായ സിനിമാ പ്രതിഭയായിരുന്ന

രാമു കാര്യാട്ട്. അദ്ദേഹത്തിന്റെ പേരിലുള്ള ഒരു തീയേറ്റർ സമുച്ചയത്തിന് ധനകാര്യ വകുപ്പ് ഫണ്ട് നീക്കിവച്ചിട്ടുണ്ട്. ആ സമുച്ചയത്തിനുവേണ്ടിയുള്ള സ്ഥലം വിട്ടുതരാനുള്ള നടപടിയിൽ ഒരു തീരുമാനം അങ്ങ് ഇവിടെ പ്രഖ്യാപിക്കണമെന്ന് അഭ്യർഥിക്കുകയാണ്.

രജിസ്ട്രേഷൻ മേഖലയിലും വലിയ രീതിയിലുള്ള മുന്നേറ്റം നമുക്ക് നടത്താൻ കഴിഞ്ഞിട്ടുണ്ട്. 'E-stamping', 'anywhere registration' എന്നീ സമ്പ്രദായങ്ങളെല്ലാം ആ മേഖലയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. പത്ത് വർഷത്തെ നരേന്ദ്രമോദി ഗവൺമെന്റിന് വലിയ രീതിയിലുള്ള തിരിച്ചടിയുണ്ടായതാണ് ഈ തിരഞ്ഞെടുപ്പ് എന്ന കാര്യം എല്ലാവർക്കുമറിയാം. ലോക്സഭാ ഫലത്തിൽ ഇടതുപക്ഷം ഇന്ത്യയിൽ ചെറിയ തോതിലെങ്കിലും നില മെച്ചപ്പെടുത്തിയിട്ടുണ്ട്. മുസ്ലീം ലീഗ് പറയാറുള്ളത് ഞങ്ങൾക്ക് മൂന്ന് നിങ്ങൾക്ക് മൂന്ന് എന്നാണ്. ഇപ്പോൾ ഞങ്ങൾ മൂന്നല്ല അതിനേക്കാൾ മെച്ചപ്പെട്ടിട്ടുണ്ടെന്ന കാര്യം നിങ്ങൾ അറിയണം. വലുതായി മെച്ചപ്പെട്ടുവെന്ന് ഞങ്ങൾ പറയുന്നില്ല. കേരളത്തിൽ ഞങ്ങൾ പ്രതീക്ഷിച്ച വിജയം നേടാൻ കഴിയാതെപോയി. അത് ഞങ്ങൾ ഗൗരവപൂർവം പരിശോധിക്കുകയും

അതിന്റെ പോരായ്മകൾ പരിഹരിച്ച് മുന്നോട്ടുപോകുകയും ചെയ്യും. യു.ഡി.എഫ്.-നെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ പ്രാവശ്യം 19, ഇപ്രാവശ്യം 18, ഒരു സീറ്റിൽ മൂന്നാം സ്ഥാനത്തും വന്നു. ശ്രീ. കെ. മുരളീധരൻ തൃശ്ശൂരിൽ മൂന്നാം സ്ഥാനത്ത് എത്തിയപ്പോൾ പൂങ്കുന്നത്ത് മുരളീമന്ദിരത്തിൽ കരുണാകരന്റെയും ഭാര്യ കല്ല്യാണിക്കുട്ടി അമ്മയുടെയും സ്മൃതികുടീരത്തിൽ ശ്രീ. സുരേഷ് ഗോപിയുടെ വക പുഷ്പാർച്ചന. കരുണാകരൻ സപ്തതി സ്മാരക മന്ദിരത്തിൽ, ഡി.സി.സി. ഓഫീസിൽ കോൺഗ്രസ്സിന്റെ വക ഓണത്തല്ല്. ഇലക്ഷന് പോസ്റ്റർ ഒട്ടിക്കാത്ത കോൺഗ്രസ്സുകാരൊക്കെ അവിടെ നടന്ന് പോസ്റ്റർ ഒട്ടിക്കുകയാണ്. തിരഞ്ഞെടുപ്പിൽ വിജയിച്ച ശ്രീ. സുരേഷ് ഗോപിയെ കോൺഗ്രസ്സിന്റെ മുൻ പൊന്നാനി എം.എൽ.എ.-യുടെ മകളും മലപ്പുറം ജില്ലാ യു.ഡി.എഫ്.-ന്റെ ഇപ്പോഴത്തെ ചെയർമാന്റെ സഹോദരിയുമായ മഹതി ആരതി ഉഴിഞ്ഞ് വിജയ ചുംബനം നൽകി വരവേൽക്കുന്ന കാഴ്ച നമ്മൾ കണ്ടു. സ്ഥാനാർഥിയായ ശ്രീ. കെ. മുരളീധരനെ ശ്രീ. ടി. എൻ. പ്രതാപൻ ഉമ്മവയ്ക്കുന്നത് സോഷ്യൽ മീഡിയയിൽ വൈറലായിരുന്നു. തിരഞ്ഞെടുപ്പ് കഴിഞ്ഞ് ജൂൺ 4-ന് വോട്ട് എണ്ണിയപ്പോഴാണ് അത് കോൺഗ്രസ്സിനുള്ള

അന്ത്യചുംബനമാണെന്ന് മനസ്സിലായത്. കെ.പി.സി.സി.-യുടെ വർക്കിംഗ് പ്രസിഡന്റ് എവിടെയെങ്കിലും സ്ഥാനാർത്ഥിക്കുവേണ്ടി ചുമരെഴുത്ത് നടത്തിയിട്ടുണ്ടെങ്കിൽ അത് തൃശ്ശൂരിലാണ്. പക്ഷെ വോട്ട് എണ്ണിയപ്പോഴാണ് അത് ചുമരെഴുത്തല്ല തലയിലെഴുത്താണെന്ന് മനസ്സിലായത്. കെ.പി.സി.സി.-യും എ.ഐ.സി.സി.-യും എല്ലാതരത്തിലുമുള്ള മയക്കുവെടിവച്ചിട്ടും മയങ്ങാത്ത ശ്രീ. കെ. മുരളീധരൻ ചിന്നം വിളിച്ച് ഒറ്റയാനെപോലെ ഉപചാരം ചൊല്ലി ആളൊഴിഞ്ഞ പൂരപറമ്പിലെ മൂലയിൽനിന്ന് പിച്ചുംപേയും പറയുകയാണ്. തൃശ്ശൂരിൽ സംഘ്പരിവാർ പരീക്ഷണത്തിന് അടിത്തറയൊരുക്കിയതിൽ കോൺഗ്രസ്സിന്റെ പങ്ക് വളരെ വലുതാണ്. കരുവന്നൂരിനെ മറയാക്കി സി.പി.ഐ.(എം.)-നെ വേട്ടയാടാൻ എ.ഐ.സി.സി. അംഗം മുതൽ ബൂത്ത് പ്രസിഡന്റുവരെ ബി.ജെ.പി.-ക്കൊപ്പംനിന്നു. സഖാവ് എ. സി. മൊയ്തീന്റെ വീട് റെയ്ഡ് നടത്തിയത് മാലോകരെ അറിയിക്കാൻ ചാനൽ പടയുമായി വന്നത് എ.ഐ.സി.സി. അംഗമാണ്. സി.പി.ഐ.(എം.)-ന്റെ ജില്ലാ കമ്മിറ്റിയുടെ ബാങ്ക് അക്കൗണ്ട് ഫ്രീസ് ചെയ്യാൻ സംഘ്പരിവാറിന് സാക്ഷിയായി അവിടെ വന്നത് എ.ഐ.സി.സി. അംഗമാണ്. ശ്രീ. എം. കെ.

കണ്ണനെയും ശ്രീ. എം. എം. വർഗ്ഗീസിനെയുമെല്ലാം ഇ.ഡി.-യെ ഉപയോഗിച്ച് വേട്ടയാടുന്നതിനെല്ലാം നിങ്ങൾ കൂട്ടുനിന്നു. ഇപ്പോൾ എന്താണ് ഫലം അമ്മാനെ? ആലത്തൂർ നിയോജകമണ്ഡലം ഇടതുപക്ഷം തിരിച്ചുപിടിച്ചു. തൃശ്ശൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിനെക്കാളും പതിനാറായിരത്തിലധികം വോട്ട് ഞങ്ങൾ നേടി. ചാലക്കുടി നിയോജകമണ്ഡലത്തിൽപ്പെട്ട കൊടുങ്ങല്ലൂരിലും കയ്പമംഗലത്തും ഇടതുപക്ഷം ലീഡ് നേടി. തൃശ്ശൂരിൽ ഞങ്ങളെ വേട്ടയാടിയിട്ട് നിങ്ങൾ എവിടെയെത്തി? ദയനീയമായി കോൺഗ്രസ് തകർന്നപ്പോൾ കെട്ടിപ്പിടിച്ച് കരയാൻ കൈപ്പത്തിപ്പോലും നഷ്ടപ്പെട്ട് കരുണാകരന്റെ തട്ടകത്തിലെ കോൺഗ്രസ് അടിതെറ്റി വീണു. ഇവിടെ ഞങ്ങളെ നായയോട് ഉപമിക്കുകയാണ് മുസ്ലീം ലീഗിന്റെ അംഗങ്ങൾ. അവർക്ക് മറുപടിയായി തകഴി ശിവശങ്കരപിള്ളയുടെ 'വെള്ളപ്പൊക്കത്തിൽ' എന്ന ചെറുകഥയുടെ  സംക്ഷിപ്തം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നാട്ടിൽ വെള്ളം പൊങ്ങിയപ്പോൾ യജമാനൻ ചേന്നൻ ഉൾപ്പെടെ വീട് വിട്ടുപോയ സന്ദർഭത്തിൽ വീടിന് കാവലിരുന്ന് കള്ളൻമാരിൽനിന്നും വീടും സമ്പത്തും സംരക്ഷിക്കാൻ പട്ടിണി കിടന്ന്

പൊരുതുന്ന ഒരു നായ, നന്ദിയുടെ പ്രതീകമായ നായയേയും മനുഷ്യന്റെ നന്ദിയില്ലായ്മയെയും തകഴി അതിൽ വരച്ചുകാണിക്കുന്നുണ്ട്. അവസാനം വെള്ളമെല്ലാം ഇറങ്ങിയപ്പോൾ ചേന്നൻ നായയെ തിരഞ്ഞുവരുകയും ചേതനയറ്റ നായയുടെ ശരീരം കാണുകയും ചെയ്യുന്നുണ്ട്. ശ്രീ. നജീബേ (ശ്രീ. നജീബ് കാന്തപുരം) ഇന്ത്യൻ ഫാസിസത്തിനെതിരെ സ്വജീവിതം പണയംവച്ച് കുരച്ചുചാടുന്ന ഇന്ത്യൻ ജനാധിപത്യത്തിന്റെ കാവൽനായ്ക്കളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്ന് മനസ്സിലാക്കണം. വയനാട്ടിലെ അടുത്ത സ്ഥാനാർഥിയുടെ ഭർത്താവ് ബി.ജെ.പി.-ക്ക് 170 കോടി രൂപയുടെ ഇലക്ടറൽ ബോണ്ട് നൽകിയ ആളാണെന്നാണ് പറയുന്നത്. ശ്രീമതി സോണിയ ഗാന്ധിയുടെ മരുമകനെക്കുറിച്ച് നിങ്ങൾ ആരെങ്കിലും കേട്ടിട്ടുണ്ടോ? കാക്കനാട് ഡി.എൽ.എഫ്.-ന്റെ ഫ്ലാറ്റിൽ ഭക്ഷ്യ വിഷബാധയുണ്ടായതിനെ സംബന്ധിച്ച് ഒരു സബ്മിഷനുണ്ടായിരുന്നു. അതിന്റെ പിന്നിൽ ഈ മരുമകനുണ്ടോ; ഈ മരുമകനെയും മകളെയുംകുറിച്ച് കുഴൽ നീട്ടാനും നാക്ക് നീട്ടാനും കോപ്പിയടിച്ച ഒരു വക്കീലും കോട്ടിടാത്ത ഒരു വക്കീലുമില്ലെന്നുള്ളതാണ് സങ്കടകരം. ഇവിടെ ജമാഅത്തെ ഇസ്ലാമിയെ സംബന്ധിച്ച് എസ്.ഡി.പി.ഐ.-യെയെല്ലാം

ന്യായീകരിക്കുന്ന വർത്തമാനം ലീഗ് പ്രതിനിധിയുടെ ഭാഗത്തുനിന്നുണ്ടായി. പൊളിറ്റിക്കൽ ഇസ്ലാമിസത്തെ നിങ്ങൾ ഇത്തരത്തിൽ കയ്യടിച്ച് പ്രോത്സാഹിപ്പിക്കുന്നുവെങ്കിൽ ബിന്ദ്രൻ വാലയെകൊണ്ടാണ് ഇന്ദിരാഗാന്ധിയെ നമുക്ക് നഷ്ടമായതെന്ന കാര്യം നിങ്ങൾ ഓർക്കണം. ഇത്തരത്തിലുള്ള മതതീവ്രവാദികൾ ഈ രാജ്യത്തെ എവിടേയ്ക്കാണ് കൊണ്ടുപോകുന്നത്? അത്തരം ആളുകളെ പ്രോത്സാഹിപ്പിക്കുന്നത് ലീഗിനുതന്നെ ഭൂഷണമാണോയെന്നുകൂടി നിങ്ങൾ മനസ്സിലാക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർഥനയെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, 2024-25-ലെ ധനാഭ്യർഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ അപഗ്രഥിച്ചുകൊണ്ട് നിരവധി ചർച്ചകൾ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടായി. ഇന്ത്യയിലെ വ്യത്യസ്തമായൊരു ഭൂപ്രദേശമാണ് കേരളമെന്നും അത് ഗോഡ്സ് ഓൺ കൺട്രിയാണെന്നും നമുക്കറിയാം. വിശാലമായ കടൽ പ്രദേശവും മലയോര പ്രദേശവും കഴിഞ്ഞാൽ കുറച്ചുമാത്രം വിസ്തൃതിയുള്ള ഇടനാട്ടിലാണ് നമ്മുടെ

ജനസംഖ്യയുടെ ഭൂരിപക്ഷവും അധിവസിക്കുന്നത്. ഇന്ത്യയിലെ ജനസാന്ദ്രതയുമായി താരതമ്യം ചെയ്താൽ കേരളത്തിലെ ജനസാന്ദ്രത ഇരട്ടിയാണെന്ന് മനസ്സിലാക്കാൻ സാധിക്കും. അതായത് ഒരു ചതുരശ്ര കിലോമീറ്ററിൽ ഏകദേശം 840-ഓളം ആളുകൾ എന്ന നിരക്കിലാണ് കേരളത്തിന്റെ ജനസാന്ദ്രത. മറ്റുസംസ്ഥാനങ്ങളെപോലെ വിഭവസമാഹരണം നടത്താനുള്ള ഭൗതിക സാഹചര്യം നമുക്കില്ല. കാർഷിക ഉൽപ്പാദന മേഖലയുടെ അവസ്ഥയും പരിമിതമാണെന്ന് നമുക്കറിയാം. മറ്റ് വ്യവസായ അനുബന്ധ മേഖലയിലും നമുക്കാവശ്യമായ പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ല. എന്നാൽ 28-ാം സ്ഥാനത്തേയ്ക്ക് പിന്തള്ളപ്പെട്ട കേരളത്തിലെ വ്യവസായിക അഭിവൃദ്ധി കഴിഞ്ഞ എട്ട് വർഷക്കാലത്തെയും പ്രത്യേകിച്ച് രണ്ടാം പിണറായി സർക്കാരിന്റെ കാലത്തെയും വ്യവസായ മേഖലയിലുണ്ടായ വളർച്ചയുടെ ഭാഗമായി 15-ാം സ്ഥാനം കരസ്ഥമാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. നമ്മുടെ വരുമാനത്തിന്റെ പരിധിക്കപ്പുറത്താണ് ചെലവുകൾ എന്നുള്ളത് നമ്മളെപ്പോലും അത്ഭുതപ്പെടുത്തുന്ന രൂപത്തിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. നീതി ആയോഗിന്റെ ദാരിദ്ര്യ സൂചികയിൽ കേരളം അഭിമാനകരമായി ഇന്ത്യയിൽ

തലയുയർത്തിപ്പിടിച്ച് നിൽക്കുന്നുവെന്ന കാര്യം മനസ്സിലാക്കാൻ സാധിക്കും. 0.7 ശതമാനമെന്നത് ഏകദേശം അറുപതിനായിരത്തോളം വരുന്ന കുടുംബങ്ങളാണ് കേരളത്തിൽ ദാരിദ്ര്യ പട്ടികയിൽ താഴെയുള്ളത്. കഴിഞ്ഞ ഒരുവർഷക്കാലത്തെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലിന്റെയും ഭാഗമായി അത് പകുതിയിലധികമായി കുറയ്ക്കുന്നതിന് (കേവലം 0.35 ശതമാനത്തിലേക്ക്) കഴിഞ്ഞിട്ടുണ്ടെന്നത് അഭിമാനകരമാണ്. വിദ്യാഭ്യാസ മേഖല പരിശോധിക്കുമ്പോൾ, ഇന്ന് കേരളത്തിലെ എല്ലാ കുട്ടികൾക്കും സ്കൂളിൽ പോയി പഠിക്കാൻ കഴിയുന്ന രൂപത്തിലേയ്ക്ക് പൊതുവിദ്യാഭ്യാസ മേഖല വലിയ തോതിലുള്ള മുന്നേറ്റത്തിന് ചരിത്രം സൃഷ്ടിക്കുകയാണ്. കഴിഞ്ഞ എഡ്യൂക്കേഷൻ ആനുവൽ റിപ്പോർട്ട് പുറത്തുവന്നപ്പോൾ അതിൽ 1000-ത്തിൽ 928 മാർക്കോടുകൂടി മറ്റുസംസ്ഥാനങ്ങളെ ബഹുദൂരം പിന്നിലാക്കിക്കൊണ്ട് കേരളത്തിലെ വിദ്യാഭ്യാസ മേഖല നല്ല നിലയിലാണ് ഉയർന്നുനിൽക്കുന്നത്. ആരോഗ്യ രംഗത്തെക്കുറിച്ച് നമുക്കറിയാം. ആറ് വർഷങ്ങൾക്കുമുമ്പ് ഉത്തർപ്രദേശിലെ ഒരു മെഡിക്കൽ കോളേജിൽ ഓക്സിജന്റെ കുറവുകൊണ്ട്

നിരവധി കുഞ്ഞുമക്കൾ മരണപ്പെട്ട സംഭവത്തെപ്പറ്റിയുള്ള ആർട്ടിക്കിളുകൾ പുറത്തുവന്നിട്ടുണ്ട്. അവിടെ എട്ട് ജില്ലകൾ കേന്ദ്രീകരിച്ചുകൊണ്ടാണ് ഒരു മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നതെന്നുപറഞ്ഞാൽ, ആ സംസ്ഥാനങ്ങളിലെ ആരോഗ്യ രംഗത്തെ പരിപാലനത്തിന്റെ അളവ് എത്രയാണെന്ന് ഊഹിക്കാൻ കഴിയാവുന്നതേയുള്ളൂ. കേരളത്തിലെ ഫലപ്രദമായിട്ടുള്ള ആരോഗ്യ സേവന സംവിധാനം എല്ലാ ജനവിഭാഗങ്ങൾക്കും സൗജന്യമായി നൽകാൻ കഴിയുന്ന രൂപത്തിലേയ്ക്കുള്ള ഇടപെടലുകൾ വളരെ ശക്തിയായി നടത്താൻ കഴിഞ്ഞിട്ടുണ്ട്. ഞാൻ ഓരോ മേഖലയേയും പ്രത്യേകം പരിശോധിക്കാം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ മുൻഗവൺമെന്റിന്റെയും ഈ ഗവൺമെന്റിന്റെയും കാലത്ത് ഏകദേശം മൂന്നര ലക്ഷത്തിനടുപ്പിച്ച് വരുന്ന ആളുകൾക്ക് പട്ടയം കൊടുക്കാൻ, അവരുടെ പതിറ്റാണ്ടുകളായുള്ള ആവശ്യമാണ്. ദീർഘകാലമായി/തലമുറകളായി അവർ താമസിക്കുന്ന ഭൂമിയുടെ അവകാശത്തിനുവേണ്ടിയുള്ള സമരം നടന്ന നാടാണ്. അവിടെയാണ് ഒരു പ്രയാസവും സമരവും നടത്താതെ ഭൂമിയുടെ അവകാശികളായവർക്ക് പട്ടയം വിതരണം നടത്തുന്നതിനുവേണ്ടിയുള്ള

നിലപാടുകൾ ഈ ഗവൺമെന്റ് സ്വീകരിച്ചത്. റവന്യൂ വകുപ്പിന്റെ വ്യത്യസ്തമായ പ്രവർത്തനങ്ങളിൽ വലിയ തോതിലുള്ള ഇടപെടലുകൾ നടത്താൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. സഹകരണ വകുപ്പിന്റെ ഭാഗത്ത്, രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്ന നിരവധി പ്രയാസമേറിയ അവസ്ഥകൾ പരിഹരിക്കുന്നതിനും ഏത് ഭൂമിക്കും ഒരു ജില്ലയ്ക്കകത്തുള്ള ഏത് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാൻ കഴിയുന്ന രൂപത്തിലേയ്ക്കുള്ള ഡിജിറ്റൈസേഷൻ സംവിധാനമടക്കം പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമായ വില്ലേജ് ഓഫീസുകൾക്ക് പുതിയ മന്ദിരങ്ങൾ നിർമ്മിച്ച് കൊടുത്തുകൊണ്ട് വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കുന്നതിന് ആവശ്യമായ നിലപാടുകൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര അസംബ്ലി മണ്ഡലത്തിലെ പെരുമ്പഴുതൂർ, ചെങ്കൽ, കാരോട് എന്നീ വില്ലേജ് ഓഫീസുകൾക്ക് പുതിയ മന്ദിരങ്ങൾ നിർമ്മിക്കുന്നതിനും നിലവിൽ നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന അതിയന്നൂർ വില്ലേജ് ഓഫീസ് അതിയന്നൂർ ഗ്രാമപഞ്ചായത്തിനകത്തുതന്നെ നിർമ്മിക്കുന്നതിനുമാവശ്യമായ നിലപാടുകൾ

ചർച്ച ചെയ്തിട്ടുണ്ട്. അത് വേഗത്തിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണമെന്നാണ് സൂചിപ്പിക്കാനുള്ളത്. മറ്റൊന്ന്, നെയ്യാറ്റിൻകര താലൂക്ക് ഓഫീസ് പൈതൃക മന്ദിരമാണ്. 1938 ആഗസ്റ്റ് 31-ന് തിരുവിതാംകൂറിലെ ആദ്യത്തെ പോലീസ് വെടിവയ്പ്പ് നടന്നത് നെയ്യാറ്റിൻകരയിലാണ്. അന്ന് സ്റ്റേറ്റ് കോൺഗ്രസ് പ്രസിഡന്റായിരുന്ന എൻ. കെ. പത്മനാഭപിള്ളയെ അറസ്റ്റ് ചെയ്യാൻ വന്ന ബ്രിട്ടീഷ് പട്ടാളത്തിനെതിരെ നേരിട്ട് നടത്തിയിട്ടുള്ള പോരാട്ടത്തിന്റെ ഭാഗമായി എട്ടോളം വരുന്ന ദേശസ്നേഹികൾ പിടഞ്ഞുവീണ് മരിച്ച രക്തസാക്ഷി മണ്ഡപമടക്കമുള്ള ആ പൈതൃക മന്ദിരത്തെ ഒരു നല്ല മന്ദിരമാക്കി മാറ്റുന്നതിനുള്ള ഇടപെടലുണ്ടാകണം. ഏകദേശം ഒരു നൂറ്റാണ്ടോളം പഴക്കമുള്ള സബ് രജിസ്ട്രാർ ഓഫീസിന് പുതിയ മന്ദിരം നിർമ്മിക്കുന്നതിനാവശ്യമായ സഹായവുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഞാൻ മറ്റുവിഷയങ്ങളിലേക്ക് കടക്കുന്നില്ല. ഇവിടെ പാർലമെന്റ് തിരഞ്ഞെടുപ്പ് വിജയത്തിൽ അമിതമായി ആഹ്ലാദിച്ച്, മതിമറന്ന്/മനംമറന്ന് നിൽക്കുന്ന യു.ഡി.എഫ്.-കാരോട് എനിക്ക് ഒരു ചോദ്യം ചോദിക്കാനുണ്ട്. 2019-ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഇടതുപക്ഷം 19 സീറ്റിൽ പരാജയപ്പെട്ട് ഒരു

സീറ്റിൽ വിജയിച്ചപ്പോൾ അന്നത്തെ പ്രതിപക്ഷ നിരയിലെ പ്രമുഖരായിട്ടുള്ള ആളുകൾ കേരളത്തിലെ മുഖ്യമന്ത്രിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് നിങ്ങൾക്ക് ഇനി ഭരിക്കാനുള്ള അവകാശമില്ലെന്നും ഇതൊരു കെയർടേക്കർ മന്ത്രിസഭയാണെന്നും അതുകൊണ്ട് നിങ്ങൾ ഇവിടെ നിയമമൊന്നും പാസ്സാക്കേണ്ടതില്ലെന്നുമാണ് വിളിച്ചുകൂവികൊണ്ടിരുന്നത്. ഇടതുപക്ഷം പരാജയപ്പെട്ട് അറുപതോ എഴുപതോ ദിവസം കഴിയുമ്പോഴാണ് കേരളത്തിലെ ആറ് നിയമസഭാ മണ്ഡലങ്ങളിൽ സീറ്റുകൾ ഒഴിവുവന്നത്. അതിൽ പാല, വട്ടിയൂർക്കാവ്, കോന്നി, അരൂർ, എറണാകുളം, മഞ്ചേശ്വരം എന്നിവയുണ്ട്. എന്നാൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ എങ്ങനെ നിലംപരിശാക്കാമെന്ന് ബുദ്ധിപൂർവ്വം തീരുമാനിച്ചുകൊണ്ട് കേന്ദ്ര ഇലക്ഷൻ കമ്മീഷൻ പാലയിൽ മാത്രം ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. യശഃശരീരനായ കെ. എം. മാണി സാറിന്റെ സ്വന്തം തട്ടകവും അരനൂറ്റാണ്ട് കാലത്തിലധികമായി യു.ഡി.എഫ്.-ന്റെ ശക്തമായ കേന്ദ്രവുമാണ് പാലയെന്ന് നമുക്കറിയാം. ആ പാലയിൽക്കൂടി ഇടതുപക്ഷത്തെ നിലംപരിശാക്കി കേരളത്തിലെ വലതുപക്ഷ ശക്തികൾക്ക് യഥേഷ്ടം മുന്നോട്ടുപോകാമെന്ന

വ്യാമോഹവുമായി പാലയിൽ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. നിങ്ങളുടെ കൈയിലിരുന്ന പാല മണ്ഡലം, പ്രിയപ്പെട്ട മാണി സാറിന്റെ സ്വന്തം തട്ടകമായ പാല മണ്ഡലം, യു.ഡി.എഫ്.-ന്റെ കേന്ദ്രമായിരുന്ന പാല മണ്ഡലത്തിൽക്കൂടി എൽ.ഡി.എഫ്. തിരിച്ചടി നൽകികൊണ്ട് കേരളത്തിൽ അധികാരത്തിൽ വന്നുവെന്ന് നിങ്ങൾ ഓർക്കണം. അതുമാത്രമല്ല, ഇന്ന് ചെയറിൽ ഇരിക്കുന്ന ബഹുമാനപ്പെട്ട ചെയർപേഴ്സൺ ശ്രീ. വി. കെ. പ്രശാന്ത്, യു.ഡി.എഫ്.-ന് മേൽകൈയുണ്ടായിരുന്ന, ശ്രീ. കെ. മുരളീധരൻ രാജിവച്ചുപോയ വട്ടിയൂർക്കാവ് മണ്ഡലത്തിൽ അതിനുമുമ്പ് നടന്ന മൂന്ന് തിരഞ്ഞെടുപ്പിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി മൂന്നാം സ്ഥാനത്തായിരുന്നു. മൂന്നാം സ്ഥാനത്തുള്ള വട്ടിയൂർക്കാവ് മണ്ഡലത്തിൽ പതിനാലായിരത്തിലധികം വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് സഖാവ് വി. കെ. പ്രശാന്ത് അരിവാൾ ചുറ്റിക നക്ഷത്രം ഉയർത്തിപ്പിടിച്ച് വലതുപക്ഷ ശക്തികളെ പരാജയപ്പെടുത്തിക്കൊണ്ട് തിരിച്ചുവന്നത്. ശ്രീ. അടൂർ പ്രകാശ് 23 വർഷം കൈവശം വച്ചിരുന്ന കോന്നി മണ്ഡലത്തിൽനിന്നും ശ്രീ. കെ. യു. ജനീഷ് കുമാർ അരിവാൾ ചുറ്റിക നക്ഷത്ര കൊടി ഉയർത്തിക്കൊണ്ട് തിരിച്ചുവന്നു. ആ തിരഞ്ഞെടുപ്പിൽ ഞങ്ങളുടെ

കൈയിൽനിന്ന് സഹതാപത്തിന്മേൽ നഷ്ടപ്പെട്ട അരൂർ മണ്ഡലം ഇപ്പോൾ ശ്രീമതി ദെലീമയിലൂടെ തിരിച്ചുപിടിച്ചുകൊണ്ട് കേരളത്തിലെ ഇടതുപക്ഷം തിരിച്ചുവരുന്ന പാതയൊരുക്കിയിട്ടുണ്ട്. എന്നാൽ ഇടതുപക്ഷം ആകെത്തന്നെ ഇല്ലാതായെന്ന് നിങ്ങൾ ഇവിടെ സൂചിപ്പിക്കുകയാണ്. ശ്രീ. എ. കെ. ആന്റണി എന്താണ് പറഞ്ഞിട്ടുള്ളത്; 100 വർഷക്കാലത്തേയ്ക്ക് കേരളം കമ്മ്യൂണിസ്റ്റുകാർ ഭരിക്കില്ലെന്ന് പ്രഖ്യാപിച്ചു. ഇന്ന് അദ്ദേഹത്തിന്റെ ഗതികേട് എന്താണ്? കേരളത്തിലെ കോൺഗ്രസ്സിനെക്കുറിച്ചോ ഇന്ത്യയിലെ കോൺഗ്രസ്സിനെക്കുറിച്ചോ സംസാരിക്കാൻ അദ്ദേഹത്തിന് കഴിയുന്നില്ല. സ്വന്തം ചോരയിൽ പിറന്ന മകനെ ബി.ജെ.പി. സ്ഥാനാർഥിയായി കൊടുത്തുകൊണ്ട് ശ്രീ. എ. കെ. ആന്റണി കോൺഗ്രസ്സിൽ ഇന്ന് മൗനിയായി മാറുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഈ പാർലമെന്റ് തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് അഞ്ച് മണ്ഡലങ്ങളിലാണ് ബി.ജെ.പി. സ്ഥാനാർഥികളെ സംഭാവന ചെയ്തത്. മാവേലിക്കര മണ്ഡലത്തിലെ ബി.ജെ.പി. സ്ഥാനാർഥി നിങ്ങളുടെ കഴിഞ്ഞ തിരഞ്ഞെടുപ്പിലെ നിയമസഭാ സ്ഥാനാർഥിയാണ്. കണ്ണൂരിലെ ബി.ജെ.പി. സ്ഥാനാർഥി ആരാണ്? ശ്രീ.

പിണറായി വിജയനെതിരായി മത്സരിച്ച ശ്രീ. സി. രഘുനാഥ് ആണ് ബി.ജെ.പി.-യുടെ കണ്ണൂരിലെ പാർലമെന്റ് സ്ഥാനാർഥി. മലപ്പുറത്തെ ബി.ജെ.പി. സ്ഥാനാർഥി ആരാണ്? കോൺഗ്രസ്സിന്റെ മുൻ നേതാവ്. മറ്റൊരു ബി.ജെ.പി. സ്ഥാനാർഥിയാണല്ലോ പത്തനംതിട്ടയിലെ കോൺഗ്രസ്സ് നേതാവായ ശ്രീ. എ. കെ. ആന്റണിയുടെ മകൻ ശ്രീ. അനിൽ ആന്റണി. അങ്ങനെ കേരളത്തിലെ 20 മണ്ഡലങ്ങളിൽ ബി.ജെ.പി. മത്സരിച്ച 16 മണ്ഡലങ്ങളിൽ 5 മണ്ഡലങ്ങളിൽ ബി.ജെ.പി.-യുടെ താമര ചിഹ്നത്തിൽ സ്ഥാനാർഥികളെ മത്സരിപ്പിക്കാൻ സംഭാവന ചെയ്തിട്ടുള്ള ഒരു രാഷ്ട്രീയ നേതൃത്വമാണ് കേരളത്തിലെ യു.ഡി.എഫ്.-ഉം കോൺഗ്രസ്സും. നിങ്ങൾ ഇടതുപക്ഷത്തെക്കുറിച്ച് പറയുകയാണ്. 2004 നിങ്ങൾക്ക് ഓർമ്മയില്ലേ? 2004-ൽ ഇടതുപക്ഷത്തിന്റെ 64 എം.പി.-മാർ ശ്രീ. മൻമോഹൻ സിംഗ് എന്ന വ്യക്തിയെ ഇന്ത്യയുടെ പ്രധാനമന്ത്രിയാക്കാൻ പിന്തുണച്ചപ്പോൾ പശ്ചിമബംഗാളിലും ത്രിപുരയിലും ഈ കൊച്ചുകേരളത്തിലും കോൺഗ്രസ് നടത്തിയിട്ടുള്ള കമ്മ്യൂണിസ്റ്റ് വേട്ടകളുടെ കഥകൾ നിങ്ങൾ ഓർക്കണം. പശ്ചിമ ബംഗാളിൽ സിദ്ധാർഥ ശങ്കർ റേയുടെ ഏഴ് വർഷക്കാല ഭരണത്തിനിടയിൽ

എണ്ണൂറോളം വരുന്ന കമ്മ്യൂണിസ്റ്റുകാരെ കശാപ്പുചെയ്ത് കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കന്മാരെ കോൺസൻട്രേഷൻ ക്യാമ്പുകളിൽ കൊണ്ടുപോയി പീഡിപ്പിച്ചു. ത്രിപുരയിൽ താൽക്കാലികമായി 1988-ൽ നിങ്ങൾ അധികാരം പിടിച്ചെടുക്കുമ്പോൾ അവിടെ കമ്മ്യൂണിസ്റ്റ് പാർട്ടിക്കെതിരായി വേട്ടയാടിയവർ കേരളത്തിൽ ഇവിടെ അഹിംസാവാദികളായി മാറുകയാണ്. നിങ്ങൾ ബോംബ് ഉണ്ടാക്കാത്തവരാണോ; ആരെയും കൊലപ്പെടുത്തിയിട്ടില്ലേ? പ്രിയപ്പെട്ട വിൻസെന്റിന് അറിയാമല്ലോ 1991 നവംബർ മാസം 26-ാം തീയതി കാഞ്ഞിരംകുളത്ത് മുൻ മന്ത്രി ശ്രീ. എം. ആർ. രഘുചന്ദ്രപാലിന്റെ വീടിനടുത്ത് ജയകുമാർ എന്ന കോൺഗ്രസ് പ്രവർത്തകൻ ഉച്ചസമയത്ത് വീട്ടിൽ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോഴാണ് ആ വീടിനകത്ത് കയറി കോൺഗ്രസ്സ് ഗുണ്ടകൾ അദ്ദേഹത്തെ വെട്ടികൊലപ്പെടുത്തിയത്. അപ്പുറത്ത് നെല്ലിവിളയിൽ ജസ്റ്റിൻ രാജനെ കൊലപ്പെടുത്തിയത് ആരാണ്; കോൺഗ്രസ്സിന്റെ ഗുണ്ടകളല്ലേ? ചീമേനിയിൽ 1987 മാർച്ച് 23-ന് തിരഞ്ഞെടുപ്പ് കഴിയുമ്പോൾ ചീമേനിയിലെ പാർട്ടി ഓഫീസിൽ ഒത്തുകൂടിയ സി.പി.ഐ.(എം.)-ന്റെ അഞ്ച് പ്രവർത്തകരെ തീയിട്ട് കശാപ്പ് ചെയ്തത് കോൺഗ്രസ്സല്ലേ? ആ സമാധാനത്തിന്റെ പ്രേമികൾ

പറയുകയാണ്, ഇടതുപക്ഷത്തെ പുച്ഛമാണെന്ന്. നിങ്ങൾ പുച്ഛിക്കേണ്ട കാര്യമില്ല. ഇടതുപക്ഷത്തിന്റെ കരുത്ത് ജനങ്ങളാണ്.

ചെയർപേഴ്സൺ: പ്രസംഗം ചുരുക്കുക, കൺക്ലൂഡ് ചെയ്യുക.

ശ്രീ. കെ. ആൻസലൻ: സർ, ഇന്ത്യയിൽ വലതുപക്ഷത്തിനെതിരായും ബി.ജെ.പി.-ക്കെതിരായും ഉയർന്നുവന്നിട്ടുള്ള അതിശക്തിയായിട്ടുള്ള കർഷക പോരാട്ടങ്ങൾ, വിദ്യാർഥി പോരാട്ടങ്ങൾ, സ്ത്രീപക്ഷ പോരാട്ടങ്ങൾ, തൊഴിലാളിവർഗ്ഗ പോരാട്ടങ്ങൾ തുടങ്ങിയയിലെ കാമ്പ് എന്നുപറയുന്നത് ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനവും തൊഴിലാളി ട്രേഡ് യൂണിയനുമാണ്. കോൺഗ്രസ് എവിടെയാണ്; കഴിഞ്ഞ പത്ത് വർഷക്കാലം നരേന്ദ്രമോദി ഗവൺമെന്റിനെതിരായി കോൺഗ്രസ് ഏതെങ്കിലും സമരത്തിന് നേതൃത്വം നൽകിയിട്ടുണ്ടോ? ഇവിടെ ശ്രീ. എൻ. കെ. അക്ബർ സൂചിപ്പിച്ചല്ലോ...

ചെയർപേഴ്സൺ: ദയവായി കൺക്ലൂഡ് ചെയ്യുക.

ശ്രീ. കെ. ആൻസലൻ: സർ, വയനാട്ടിൽ ശ്രീമതി പ്രിയങ്ക ഗാന്ധി വരുന്നുണ്ട്. അവരുടെ ഭർത്താവ് ശ്രീ. റോബർട്ട് വദ്ര 280 കോടി രൂപ

ഇലക്ടറൽ ബോണ്ടുവഴി ബി.ജെ.പി.-ക്ക് ദാനം ചെയ്തു. എവിടെയാണ് അന്തർധാര കിടക്കുന്നത്?

ചെയർപേഴ്സൺ: അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ എന്റെ പ്രസംഗം ചുരുക്കുകയാണ്. കേരളത്തിൽ അപകടകരമായ രാഷ്ട്രീയ സാഹചര്യം സൃഷ്ടിക്കാൻവേണ്ടിയുള്ള പരിശ്രമമാണ് യു.ഡി.എഫ് അണിയറയിൽ സ്വീകരിക്കുന്നത്. എസ്.ഡി.പി.ഐ., ജമാഅത്തെ ഇസ്ലാമി, ആർ.എസ്.എസ്., വിശ്വഹിന്ദു പരിഷത്ത് തുടങ്ങിയ എല്ലാ രൂപത്തിലുമുള്ള പ്രതികൂല ശക്തികളുമായി കേരള രാഷ്ട്രീയത്തിനകത്ത് ഒരു അവിശുദ്ധ രാഷ്ട്രീയ സഖ്യം ഉയർത്തിക്കൊണ്ടുവന്നാൽ ആ രാഷ്ട്രീയ സഖ്യത്തെ ഇല്ലായ്മ ചെയ്യുന്നതിനുള്ള കരുത്തുയർത്തിപ്പിടിച്ചുകൊണ്ട് ഇടതുപക്ഷം വരുംനാളുകളിൽ അതിശക്തമായി മുന്നോട്ടുപോകുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും മോശപ്പെട്ട

ധനകാര്യ മാനേജ്മെന്റാണ് കേരളത്തിൽ നിലനിൽക്കുന്നത്. പൊതുകടം 430000 കോടി രൂപയിലേക്ക് കടന്നിരിക്കുന്ന സന്ദർഭത്തിലും കടമെടുക്കാൻ പരക്കം പായുന്ന ഒരു സർക്കാരാണിത്. ധനാഗമന മാർഗ്ഗമെന്നാൽ കടമെടുപ്പ് മാത്രമാണെന്ന് വിശ്വസിക്കുന്നൊരു ഗവൺമെന്റാണ് കേരളത്തിൽ അധികാരത്തിലിരിക്കുന്നത്. പല വകുപ്പുകൾക്കും ഡിമാൻഡിൽ പറയുന്ന തുകപോലും കൊടുക്കാൻ കഴിയാത്ത ധനകാര്യ വകുപ്പുമന്ത്രി സപ്ലിമെന്ററി ഡിമാൻഡ് കൊണ്ടുവരുന്നതുകൊണ്ട് എന്താണ് പ്രയോജനം? കഴിഞ്ഞ ബജറ്റിലെ ഒറിജിനൽ ഡിമാന്റുകൾക്കുള്ള തുകപോലും അനുവദിച്ച് നൽകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കഴിഞ്ഞപ്രാവശ്യത്തെ പദ്ധതി ചെലവ് 70 ശതമാനത്തിൽ താഴെയാണ്. സാമ്പത്തിക ഞെരുക്കം കാരണം പദ്ധതി ചെലവ് വെട്ടിച്ചുരുക്കുന്ന സാഹചര്യമാണുള്ളത്. നടപ്പുവർഷത്തെ റവന്യൂ കമ്മി എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നത് 27846 കോടി രൂപയും ധനകമ്മി 44529 കോടി രൂപയുമാണ്. ഇതുതന്നെ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സാഹചര്യത്തെ വളരെ ബുദ്ധിമുട്ടിലാക്കുന്നു. അതിനുപുറമെ സപ്ലിമെന്ററി ഡിമാന്റുകളിലൂടെ വിവിധ വകുപ്പുകൾക്ക് കൊടുക്കേണ്ടുന്ന തുക കൂടിയാകുമ്പോൾ

റവന്യൂ ധനകമ്മികൾ നമ്മുടെ കൈയിലൊതുങ്ങാത്ത നിലയിലേക്ക് കുതിച്ചുയരുമെന്നുള്ളതാണ് നമുക്ക് കാണാൻ കഴിയുന്നത്. ധനാഗമന മാർഗ്ഗങ്ങൾ കണ്ടെത്താൻ കിട്ടേണ്ട തുക പിരിച്ചെടുക്കാൻ സർക്കാരിന് കഴിയുന്നില്ല. നമ്മുടെ budget in brief-ൽത്തന്നെ പറഞ്ഞിരിക്കുന്നത് ഒരു തർക്കവും കൂടാതെ പിരിച്ചെടുക്കാൻ കഴിയുന്ന 14061.30 കോടി രൂപ പിരിച്ചെടുക്കുന്നില്ല എന്നാണ്. കുടിശ്ശിക പിരിച്ചെടുക്കേണ്ട ഉദ്യോഗസ്ഥരെ കേരളീയത്തിന് സ്പോൺസർഷിപ്പ് പിടിക്കാനാണ് പറഞ്ഞയച്ചത്. കുടിശ്ശിക പിരിക്കേണ്ട സർക്കാർ സ്പോൺസർഷിപ്പ് പിടിച്ചുകൊടുക്കുകയാണ്. ടാക്സ് പിരിച്ചെടുക്കേണ്ട കൊമേഴ്സ്യൽ ടാക്സസിന്റെ തലവനായ ഐ.ആർ.എസ്. ഉദ്യോഗസ്ഥന് സ്പോൺസർഷിപ്പ് പിരിച്ചെടുത്തതിന്റെ പേരിൽ പാരിതോഷികം കൊടുക്കുന്ന നിലയാണ് ഈ സർക്കാരിനുണ്ടായിട്ടുള്ളത്. ടാക്സ് പിരിച്ചെടുത്തതിന്റെ പേരിൽ പാരിതോഷികം കൊടുത്താൽ നമുക്ക് മനസ്സിലാക്കാം. ഈ സ്പോൺസർഷിപ്പ് ഒരുതരത്തിലുള്ള ഇലക്ടറൽ ബോണ്ടല്ലേ? ഇലക്ടറൽ ബോണ്ട് എന്താണ്; കള്ളപ്പണം വെളുപ്പിക്കുന്നതിനും നികുതി വെട്ടിപ്പിനുമെല്ലാം സർക്കാർ കൊടുക്കുന്ന അംഗീകാരമല്ലേ? ടാക്സ്

പിരിക്കേണ്ട ഉദ്യോഗസ്ഥരെവച്ച് സ്പോൺസർഷിപ്പ് പിരിച്ചെടുക്കുന്നതിലൂടെ എന്ത് സന്ദേശമാണ് നൽകുന്നത്; ഇനി ഈ ഉദ്യോഗസ്ഥർ ടാക്സ് പിരിക്കാൻ പോയാൽ അവർ ടാക്സ് കൊടുക്കുമോ; കൊടുത്താൽ എത്ര കൊടുക്കും? ബഹുമാനപ്പെട്ട മന്ത്രി പറയുമായിരിക്കും ഞങ്ങൾ ഇലക്ടറൽ ബോണ്ട് വാങ്ങിയിട്ടില്ലെന്ന്. പക്ഷേ, സർക്കാർ പിരിച്ചെടുക്കുന്ന ഈ സ്പോൺസർഷിപ്പ് ഒരു തരത്തിലുള്ള ഇലക്ടറൽ ബോണ്ടാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലതന്നെ ക്വാറിയിൽനിന്നുള്ള വരുമാനം, ഒരു വർഷത്തെ ഫീസും ലൈസൻസുമെടുത്തുകൊണ്ട് പത്ത് വർഷംകൊണ്ട് പൊട്ടിച്ചെടുക്കേണ്ട പാറ പൊട്ടിച്ചുകൊണ്ട് പോകുകയാണ്. 2013-ലെ പബ്ലിക് എക്സ്പെൻഡിച്ചർ കമ്മിറ്റി പറഞ്ഞ നിർദ്ദേശം, ഒരു പാസ്സ് കൊടുത്ത് ഒരു ലോഡ് പാറ കൊണ്ടുപോയാൽ ആ പാറ കൊണ്ടുപോകുന്നതോടുകൂടി ആ പാസ്സ് ലാപ്സാകുന്ന ഡിജിറ്റൽ സിസ്റ്റം ഏർപ്പെടുത്തണമെന്നാണ്. എന്തുകൊണ്ടാണ് അത് ഏർപ്പെടുത്താത്തത്; അങ്ങനെ ഏർപ്പെടുത്തിയാൽ ഖജനാവിലേക്ക് പണം വരില്ലേ; എന്തുകൊണ്ടാണ് അങ്ങനെയുള്ളൊരു പരീക്ഷണത്തിന് ഗവൺമെന്റ് തയ്യാറാകാത്തത്? അതുപോലെ കടമെടുക്കാൻ കേന്ദ്രസർക്കാർ

അനുവദിക്കുന്നില്ലെന്നുപറഞ്ഞ് മുറവിളികൂട്ടുന്ന സർക്കാർ, കടമെടുപ്പ് പരിധി ഉയർത്തണമെന്ന് നിരന്തരം ആവശ്യപ്പെടുകയാണ്. എന്നാൽ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചതനുസരിച്ച് പ്രസരണ നഷ്ടവും മോഷണവും ഒഴിവാക്കി സ്മാർട്ട് മീറ്ററുകൾ ഏർപ്പെടുത്തിയാൽ അതിന് ലഭിക്കുമായിരുന്ന, അതായത് നമുക്ക് കടമെടുപ്പ് പരിധിക്ക് പുറത്തുനിന്ന് എടുക്കാമായിരുന്ന 0.5 ശതമാനം തുക (ഏകദേശം 4866 കോടി രൂപ) ലഭ്യമാകുന്ന സാഹചര്യം നിങ്ങൾ നഷ്ടപ്പെടുത്തിയില്ലേ? ഒരു ഭാഗത്ത് കടമെടുപ്പ് പരിധി വർദ്ധിപ്പിക്കണമെന്നും കടമെടുക്കാൻ അനുവദിക്കുന്നില്ലെന്നും പറയുമ്പോൾ കാര്യക്ഷമത വർദ്ധിപ്പിച്ച് കടമെടുക്കാൻ കഴിയുമായിരുന്ന തുക എടുക്കാതിരിക്കുന്നൊരു സാഹചര്യമല്ലേ? 2023-2024-ലെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ലോട്ടറി വരുമാനം 12,686 കോടി രൂപയാണ്. എന്നിട്ടും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള 2,000 കോടി രൂപ കൊടുത്തിട്ടില്ല. ഗവൺമെന്റ് ആശുപത്രികളിലേയ്ക്ക് മരുന്നുകളും ശസ്ത്രക്രിയ ഉപകരണങ്ങളും ഉൾപ്പെടെയുള്ള എക്വിപ്മെന്റ്സ് സപ്ലൈ ചെയ്യുന്ന ഏജൻസികൾക്ക് പണം കൊടുക്കുന്നില്ല.

സാധാരണക്കാരായ ആളുകൾ ആശുപത്രികളിലേയ്ക്ക് കാസ്പ് കാർഡുമായി പോകുമ്പോൾ അതിന് കടലാസിന്റെ വിലപോലുമില്ലാത്ത സാഹചര്യമാണ്. പന്ത്രണ്ടായിരത്തിലേറെ കോടിരൂപ ലോട്ടറിയിൽനിന്നും വരുമാനമുണ്ടായിട്ടും കെ. എം. മാണി സാറും ഉമ്മൻ ചാണ്ടി സാറും കൊണ്ടുവന്ന ഏറ്റവും മനോഹരമായ കാരുണ്യ പദ്ധതി പൊളിച്ചടുക്കി ഇപ്പോൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയാക്കി. ഇപ്പോൾ ആരോഗ്യവുമില്ല, സുരക്ഷയുമില്ലെന്ന അവസ്ഥയാണ്. ഗവൺമെന്റിന്റെ വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടത്താനോ ഗവൺമെന്റിന്റെ വ്യത്യസ്ത സർവ്വീസുകൾ നൽകാനോ ഒരു ഏജൻസികളും തയ്യാറാകുന്നില്ല. കോൺട്രാക്ടർമാർക്ക് പണം ലഭിക്കാത്തതുകൊണ്ട് മരാമത്ത് വർക്കുകൾ മുടങ്ങിക്കിടക്കുകയാണ്. ടെണ്ടർ വിളിച്ചാൽപോലും ആരും വർക്ക് ഏറ്റെടുക്കുന്നില്ല. ക്ഷേമപെൻഷനുകൾ കുടിശ്ശികയായിരിക്കുകയാണ്. ഇതുസംബന്ധിച്ച് കഴിഞ്ഞതവണ ഞങ്ങൾ അടിയന്തരപ്രമേയം കൊണ്ടുവന്നിട്ടുള്ളതാണ്. വിതരണക്കാർക്ക് പണം നൽകാത്തതുകൊണ്ട് സിവിൽ സപ്ലൈസ് ഔട്ട്‌ലെറ്റുകളിൽ സാധനങ്ങളില്ലാതെയായി. അവിടേയ്ക്ക് ആളുകൾ പോകാത്ത അവസ്ഥയായി. സർക്കാർ ജീവനക്കാരുടെ പെൻഷൻ,

ഡി.എ. കുടിശ്ശിക, ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവയൊന്നും നൽകുന്നില്ല. നിങ്ങളുടെ പാർട്ടി സംസ്ഥാന സെക്രട്ടറി കഴിഞ്ഞദിവസം 'മാതൃഭൂമി'-ക്ക് ഒരു അഭിമുഖം കൊടുത്തിരുന്നു. അതിൽ എന്തുകൊണ്ട് ക്ഷേമപെൻഷൻ കൊടുത്തില്ലെന്ന് ചോദിച്ചപ്പോൾ പാർട്ടി സെക്രട്ടറി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞത്, ' എവിടെനിന്നാണ് പണം, ഞങ്ങൾക്ക് നോട്ട് അച്ചടിക്കുന്ന യന്ത്രമില്ല' എന്നാണ്. നിങ്ങൾ എങ്ങനെ തോറ്റുവെന്നതിന് വേറെയൊരിടത്തും പോകേണ്ട ആവശ്യമില്ല, ഇതുപോലുള്ള ആളുകളാണ് നിങ്ങളുടെ പാർട്ടിക്ക് നേതൃത്വം നൽകുന്നതെന്ന് നമുക്ക് കാണാൻ കഴിയും.

രജിസ്ട്രേഷനിലെ ടെംപ്ലേറ്റിന്റെ പരിഷ്കാരം, പാവപ്പെട്ട ആധാരമെഴുത്തുകാരുടെ ജോലി നഷ്ടപ്പെടുത്തുന്നതാണ്. അവർക്ക് നമ്മുടെ ഗവൺമെന്റ് ഒരു സഹായവും നൽകുന്നില്ല. ആധാരമെഴുത്തുകാർക്ക് ജോലി നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകരുത്. ആധാരമെഴുത്തുകാരുടെ ഫീസ് 2012-നുശേഷം ഇതുവരെയും പരിഷ്കരിച്ചിട്ടില്ല. ഇതിനിടയിൽ അഞ്ചുപ്രാവശ്യം ഫെയർ വാല്യൂ വർദ്ധിപ്പിച്ചു. എന്നിട്ടും അവരുടെ ഫീസ് വർദ്ധിപ്പിച്ചിട്ടില്ല. അത് വർദ്ധിപ്പിച്ചുനൽകാൻ നടപടിയുണ്ടാകണം. അതുപോലെ കോടികൾ

ചെലവഴിച്ച് കമ്പ്യൂട്ടറൈസേഷൻ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിന്റെ ഫലപ്രാപ്തിയുണ്ടാകുന്നില്ല.

ബി.ജെ.പി.-യെ വളർത്തുന്നത് ഞങ്ങളാണ് എന്നെല്ലാം ഇവിടെ സൂചിപ്പിച്ചു. കേരളത്തിലെ ബി.ജെ.പി. സ്ഥാനാർത്ഥികൾക്ക് ഏറ്റവും നല്ല സർട്ടിഫിക്കറ്റ് കൊടുത്തത് ഇടതുമുന്നണിയുടെ കൺവീനർ ശ്രീ. ഇ. പി. ജയരാജൻ ആണെന്ന കാര്യം നിങ്ങൾ ഓർക്കുന്നുണ്ടോ; കേന്ദ്രം ഭരിക്കുന്ന നരേന്ദ്ര മോദി ഏറ്റവും ശക്തനായ ഭരണാധികാരിയാണെന്ന് പറഞ്ഞത് നിങ്ങളുടെ നേതാവ് ശ്രീ. ജി. സുധാകരനല്ലേ? കഴിഞ്ഞ ദിവസം സി.പി.ഐ.(എം)-ന്റെ 7 ജില്ലാ കമ്മിറ്റികൾ യോഗം കൂടി. അതിൽനിന്നെല്ലാം പുറത്തുവന്ന വാർത്തകൾ സർക്കാരിനെതിരായ കുറ്റപത്രമാണ്. ആ ജില്ലാ കമ്മിറ്റികളിലെല്ലാം സർക്കാരിനെ നിർത്തിപൊരിക്കുകയായിരുന്നു. സി.പി.ഐ.-യുടെ ജില്ലാ കൗൺസിലുകളിലും അങ്ങ് പങ്കെടുത്ത മീറ്റിംഗുകളിലും തീർച്ചയായും ഇത് ഉണ്ടായിരുന്നിരിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.......ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. എം. വിൻസെന്റ്: സർ, രണ്ട് മിനിട്ട്, എനിക്ക് വൈൻഡ്അപ് ചെയ്യാനുള്ള സമയം നൽകണം. .....(മൈക്ക് ഓഫ്).......

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. ഇത് സംസ്ഥാന സർക്കാരിന്റെ വിലയിരുത്തലല്ല എന്നാണ് മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. എന്നാൽ ക്ഷേമപെൻഷൻ കുടിശ്ശിക ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വരുത്തിയിട്ടുള്ള വീഴ്ചയാണ് പരാജയ കാരണമെന്നാണ് പാർട്ടിക്കാർ ഓരോർത്തരും പറഞ്ഞത്. മുഖ്യമന്ത്രി പറയുന്നത് പാർട്ടിക്കാർക്കും മനസ്സിലാകുന്നില്ല, പാർട്ടിക്കാർ പറയുന്നത് മുഖ്യമന്ത്രിക്കും മനസ്സിലാകുന്നില്ല എന്നതാണ് ഇന്നത്തെ അവസ്ഥ. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇന്ന് ജൂൺ 24-ാം തീയതിയാണ്. 1975 ജൂൺ 24 അർദ്ധരാത്രിയാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ ഇരുണ്ട ദിനങ്ങളിലേയ്ക്ക് രാജ്യത്തെ ജനങ്ങളെ വലിച്ചെറിഞ്ഞ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്.

നാളെയാണ് അടിയന്തരാവസ്ഥയുടെ 49-ാമത് വാർഷിക ദിനം. അത്തരം അടിയന്തരാവസ്ഥയുടെ ഇരുണ്ട ദിനങ്ങൾ ഇന്ത്യയിലും കേരളത്തിലും ആവർത്തിക്കാതിരിക്കാൻ അവസാന ശ്വാസംവരെ പോരാടുന്ന ജനവിധിയുടെ നേതൃത്വമാണ് ഇന്ത്യൻ ഇടതുപക്ഷം. ആ ഇടതുപക്ഷത്തിന്റെ ജ്വലിക്കുന്ന വർത്തമാനകാല പ്രയോഗകേന്ദ്രമാണ് കേരളവും ഇവിടത്തെ ഇടതുപക്ഷ സർക്കാരുമെന്ന് നമ്മൾ ഓർക്കേണ്ടതുണ്ട്. ഞാനൊരു സാമ്പത്തിക വിദഗ്ധനല്ല. എന്നാൽ സാധാരണ മനുഷ്യനെന്ന നിലവിൽ മറ്റെല്ലാവരെയുംപോലെ ഞാനും ധനമാനേജ്മെന്റ് നടത്താറുണ്ട്. സാമാന്യ യുക്തി ഉപയോഗിച്ച് ആലോചിച്ചാൽപോലും നമ്മളെ അത്ഭുതപ്പെടുത്തുന്ന ധനമാനേജ്മെന്റാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഇപ്പോൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന് അവകാശപ്പെട്ട ധനവരവെല്ലാം തടസ്സപ്പെടുത്തുന്ന കേന്ദ്ര ദ്രോഹത്തിനിടയിൽ അദ്ദേഹം മുന്നോട്ടുപോകുന്നുവെന്നതുകൊണ്ട് മാത്രമല്ല ഞാനിത് പറയുന്നത്. ഒന്നാം പിണറായി സർക്കാരിന്റെയും രണ്ടാം പിണറായി സർക്കാരിന്റെയും ഇടതുപക്ഷ ബദലുകൾ സാക്ഷാത്കരിക്കാനും തുടങ്ങിവയ്ക്കാനുമാവശ്യമായ സാമ്പത്തിക

പിന്നുണ ധനകാര്യ വകുപ്പ് ഒരു കുറവുമില്ലാതെ ഇപ്പോഴും നിർവ്വഹിക്കുന്നുവെന്നതാണ് പ്രധാനം. ഒന്നാം പിണറായി സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ കേരളം ഇരുകയ്യും നീട്ടി സ്വീകരിച്ചതാണ്. കേരളീയരുടെ സ്വപ്നമായിരുന്നു ഒന്നാം പിണറായി ഗവൺമെന്റിന്റെ പദ്ധതികൾ. ആ പ്രഖ്യാപനവും ആരംഭവുമെല്ലാം കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ നടന്നതാണ്. എന്നാൽ പതിനായിരക്കണക്കിന് കോടി രൂപ ചെലവുവരുന്ന റോഡുകളും പാലങ്ങളും ആരോഗ്യ-വിദ്യാഭ്യാസ മേഖലയിലെ മറ്റിതര പശ്ചാത്തല സൗകര്യങ്ങളും സാധ്യമാക്കുന്നതിനോടൊപ്പം സാമൂഹ്യനീതി ഉറപ്പാക്കുന്നതിനുവേണ്ടി ദശലക്ഷങ്ങൾക്ക് ക്ഷേമപെൻഷനും കേന്ദ്രാവിഷ്കൃത സ്കീം വർക്കേഴ്സിനെല്ലാം അധിക ഓണറേറിയവും കഴിഞ്ഞ സർക്കാരിന്റെ പ്രഖ്യാപനങ്ങളായിരുന്നു. അതെല്ലാം ലക്ഷ്യപ്രാപ്തിയിലെത്തുന്നതിന് ആവശ്യമായ സാമ്പത്തിക ചെലവുകൾ ഇപ്പോഴാണ് ഏറ്റവും കൂടുതൽ നിർവഹിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ഈ ധനകാര്യ വകുപ്പിനെ രണ്ട് കൈകളും കൂപ്പി ആദരിക്കുകയാണ് പ്രതിപക്ഷംപോലും ചെയ്യേണ്ടതെന്ന അഭിപ്രായം മുന്നോട്ടുവയ്ക്കുകയാണ്.

അതേസമയം ധനകാര്യ വകുപ്പിന്റെ തലയിൽ കയറി അവഹേളിക്കാൻ ശ്രമിക്കുന്നത് അപരിഹാര്യമായ അബദ്ധമാണെന്ന് പ്രതിപക്ഷത്തെ ഞാൻ ഓർമ്മിപ്പിക്കുകയാണ്. ധനകാര്യ വകുപ്പിനെ ശാക്തീകരിക്കാൻ കലവറയില്ലാത്ത പിന്തുണയുമായി ഓരോ കേരളീയനും കരൾപൊട്ടുമാറ് ഉച്ചത്തിൽ ഗർജ്ജിക്കേണ്ട ഒരു സമയമാണിത്. അത്രമാത്രം കേന്ദ്ര അവഗണന നേരിടുകയാണ് കേരളത്തിലെ മനുഷ്യർ. ഇത് തിരിച്ചറിഞ്ഞ് പ്രതിരോധിക്കേണ്ട സമയത്ത്, സങ്കുചിത രാഷ്ട്രീയലാഭത്തിനുവേണ്ടി മലയാളനാടിനെ ഒറ്റുകൊടുക്കുന്ന പ്രതിപക്ഷത്തിന്റെ വായാടിത്തമാണ് ഈ സഭയിൽ പലപ്പോഴും ഉയരുന്നത് എന്നത് ലജ്ജാകരമാണ്. 62 ലക്ഷത്തിലധികം വരുന്ന നിർധനർക്ക് രാജ്യത്ത് എവിടെയുമില്ലാത്ത പ്രതിമാസ പെൻഷൻ (1600 രൂപവച്ച്) വിതരണം ചെയ്യുന്ന പദ്ധതിയെ അട്ടിമറിക്കാൻ, കടംവാങ്ങി പെൻഷൻ നൽകാൻ പാടില്ലെന്ന ഉത്തരവ് കേന്ദ്രത്തെകൊണ്ട് ഇറക്കിപ്പിക്കാൻ ഇടപെട്ടവരെ മറ്റെന്ത് പേരിലാണ് നമ്മൾ വിളിക്കുക. ഒറ്റുകാരൻ എന്നല്ലാതെ മറ്റെന്ത് പേരാണ് പ്രതിപക്ഷത്തിന് യോജിക്കുക; ഏറ്റവും നിർധനരായ കേരളത്തിലെ പാവപ്പെട്ടവരുടെ

ക്ഷേമപെൻഷൻ മുടക്കാൻ, കടം വാങ്ങി പെൻഷൻ നൽകാൻ പാടില്ലെന്ന് ഉത്തരവുണ്ടാക്കിയെടുക്കാൻ നിങ്ങൾ നടത്തിയ ഗൂഢാലോചന കേരളീയ സമൂഹം ഇന്നല്ലെങ്കിൽ നാളെ തിരിച്ചറിയുമെന്ന് ഉറപ്പാണ്. അതേ മനസ്സുമായി കേരള പ്രതിപക്ഷം നടത്തിയ കുതികാൽവെട്ടലായിരുന്നല്ലോ കിഫ്ബി പദ്ധതിക്കെതിരായും നടന്നത്. 85,000 കോടി രൂപയുടെ സമാനതകളില്ലാത്ത വികസന പദ്ധതികളെ പാതിവഴിയിൽ തടയാൻ പ്രതിപക്ഷം കേന്ദ്ര സർക്കാരുമായി നടത്തിയ ഇടപെടലിനെ ഒറ്റപ്പെടുത്തലിന്റെ/ഒറ്റുകാരന്റെ ലക്ഷണം എന്നല്ലാതെ മറ്റേന്ത് ലക്ഷണമായാണ് നമുക്ക് ഉന്നയിക്കാൻ കഴിയുന്നത്; വായ്പയെടുത്ത നെൽകർഷകർക്ക് രാജ്യത്ത് ഏറ്റവും ഉയർന്ന വില നൽകുന്ന നാടാണ് കേരളം. അത് സമയബന്ധിതമായി നൽകിവരുന്നു. വായ്പയെടുത്ത് നെല്ലുവില കൊടുക്കുന്ന ഏർപ്പാടിനെ തടയിടാൻ കേന്ദ്രത്തെ കൂട്ടുപിടിച്ചുകൊണ്ട് ഉത്തരവിറക്കിയെന്ന് മാത്രമല്ല, നെല്ല് അളന്നെടുത്ത കേന്ദ്രഗവൺമെന്റ് ആയിരത്തിലധികം കോടി രൂപ ഇപ്പോഴും നൽകാതിരിക്കുന്ന ഈ ഘട്ടത്തിലെങ്കിലും പ്രതിപക്ഷം ഒറ്റുകാരുടെ ഈ വേഷം ഉപേക്ഷിച്ച് പൊതുസമൂഹത്തിനുവേണ്ടി നിലപാടെടുക്കണമെന്ന് ഞാൻ

അഭ്യർത്ഥിക്കുകയാണ്. സങ്കീർണ്ണമായ പ്രശ്നങ്ങൾക്കിടയിലും എല്ലാ വകുപ്പുകളെയും ശാക്തീകരിക്കാൻ ധനകാര്യ വകുപ്പിന്റെ പിന്തുണ തുടരുക തന്നെയാണ്. ഒരു ജില്ലയിലെ ആധാരങ്ങൾ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം രജിസ്ട്രേഷൻ വകുപ്പ് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷനുള്ള തീയതിയും സമയവുമെല്ലാം മുൻകൂട്ടി ബുക്ക് ചെയ്താൽ ടോക്കൺ ലഭിക്കുന്ന സംവിധാനം വന്നു. ഒരു ലക്ഷത്തിന് മുകളിൽ മുദ്രവില വരുന്ന ആധാരങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് സൗകര്യമേർപ്പെടുത്തി. ആ ഇനത്തിൽ മാത്രം പ്രതിവർഷം 60 കോടിരൂപ കേരളത്തിന് ലാഭം കിട്ടാൻ പോകുകയാണ്. കിഫ്ബി ഫണ്ടിലൂടെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും ആധുനിക കെട്ടിടങ്ങളുടെ ഭാഗമായി മാറുകയാണ്. 33 കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു ബാക്കി പൂർത്തീകരിക്കാനുമുണ്ട്. ആലത്തൂർ അസംബ്ലി മണ്ഡലത്തിലെ കുഴൽമന്ദം രജിസ്ട്രാർ ഓഫീസ് നാഷണൽ ഹൈവേയുടെ അടുത്ത് സ്ഥിതിചെയ്യുന്ന പുതിയ കെട്ടിടത്തിലേയ്ക്ക് മാറേണ്ടതുണ്ട്. അതിന്റെ നിർമ്മാണം ഇപ്പോൾ

നിർത്തിവയ്ക്കപ്പെട്ടിരിക്കുകയാണ്. അത് അടിയന്തരമായി പുനരാരംഭിക്കാൻ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ദുരന്തങ്ങളുടെ പെരുമഴക്കാലത്തെ അതിജീവിച്ച കേരളം ഭാവിയിലുണ്ടാകാൻ സാധ്യതയുള്ള എല്ലാ പ്രകൃതി ദുരന്തങ്ങളെയും പ്രതിരോധിക്കാനുള്ള കരുത്തോടെയാണ് മുന്നോട്ടുപോകുന്നത്. റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തെ അളന്ന് തിട്ടപ്പെടുത്തുന്നതിന് ഡിജിറ്റൽ റീ-സർവ്വെനടപടികൾ അതിവേഗതയിലാണ് മുന്നോട്ടുപോകുന്നത്. ആറുപതിറ്റാണ്ട് കഴിഞ്ഞിട്ടും കേരളത്തിന് കൈവരിക്കാൻ കഴിയാതിരുന്ന ശാസ്ത്രീയ സർവേ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ കേരളത്തിൽ മാത്രമാണ് സമ്പൂർണ്ണ ഡിജിറ്റൽ റീ-സർവേ നടത്തുന്നതെന്ന് കേട്ടറിഞ്ഞ് ഇതര സംസ്ഥാന സർക്കാർ പ്രതിനിധികൾ കൂട്ടത്തോടെ കേരളത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്ന സന്ദർഭം കൂടിയാണിത്. സമഗ്രതയാർന്ന ഈ സർവേകൂടി പൂർത്തീകരിക്കുമ്പോൾ ഭൂമിയുടെ തരംമാറ്റവും ഭൂനികുതി നിർണ്ണയവുമെല്ലാം കുറ്റമറ്റതാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കാം. നിലവിൽ ഭൂമിയുടെ ഫെയർ വാല്യൂ

നിശ്ചയിച്ചതിലെ അപാകതകൾ അടിയന്തരമായി പരിഹരിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. എല്ലാ സർവ്വേയും പൂർത്തീകരിച്ച് പൊതുഭൂമി തിരിച്ചുപിടിക്കുന്നതിനോടൊപ്പം കേരളത്തിലെ മതനിരപേക്ഷ രാഷ്ട്രീയ ഭൂമികയെയും തിരിച്ചുപിടിക്കാൻ ഈ സർക്കാർ നേതൃത്വം നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. കള്ളവും ചതിയും പൊളിവചനങ്ങളും നടത്തി മതനിരപേക്ഷ മലയാളികളെ നെടുകെയും കുറുകെയും പിളർന്ന് പ്രതിപക്ഷം നേടിയ സാങ്കേതിക വിജയങ്ങളെ തുറന്നുകാട്ടി, നിങ്ങൾ കെട്ടിയ വിഭജനത്തിന്റെ വേലികൾ വെട്ടിമാറ്റി, ജനങ്ങളെ സ്വതന്ത്രരാക്കി, മതനിരപേക്ഷ മാനവികതയുടെ സ്വർഗ്ഗതുല്യ ഭൂമിയാക്കി ഞങ്ങൾ ഈ കേരളക്കരയെ മാറ്റുകതന്നെ ചെയ്യുമെന്ന് പ്രഖ്യാപിക്കുകയാണ്. അവിടെ ഞങ്ങൾ സ്വർഗ്ഗീയഭവനങ്ങൾ നിർമ്മിക്കും. 1971-ൽ ആരംഭിച്ച ഭവനനിർമ്മാണ ബോർഡിന്റെ കൈവശം ഇന്ന് 127 ഏക്കറോളം ഭൂസ്വത്തുണ്ട്. അതിൽ 18 ഏക്കർ കൊച്ചി മറൈൻ ഡ്രൈവിലാണ്. അവിടെ ആയൂർ ക്ലബ് ഓക്സിജൻ സിറ്റി എന്ന പേരിൽ 3200 കോടി രൂപ മുതൽ മുടക്കി ഇക്കോ ബിസിനസ് ഹബ്ബ് നിർമ്മിക്കുകയാണ്. ഇന്ത്യയിലെ അത്ഭുതങ്ങളിലൊന്നായി ഭാവിയിൽ

അടയാളപ്പെടുത്തുന്ന ഒരു പദ്ധതിയായി അത് മാറുകയാണ്. പതിറ്റാണ്ടുകളുടെ കാലപ്പഴക്കംമൂലം തകർന്നുവീഴുന്ന പാവങ്ങളുടെ വീടും സ്ഥലവും സുരക്ഷിതമാക്കാൻ ലക്ഷം വീടുകളെ ഒറ്റവീടാക്കി പുനർനിർമ്മിക്കാൻ ഈ സർക്കാർ മുൻകയ്യെടുക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അത് എത്രയും പെട്ടെന്ന് നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു വകുപ്പാണ് ദേവസ്വം വകുപ്പ്. ദൈവവിശ്വാസികളുടെ ആശ്വാസകേന്ദ്രങ്ങളായ അമ്പലങ്ങളും കാവുകളും അനുബന്ധ സൗകര്യങ്ങളുമെല്ലാം സംരക്ഷിക്കുന്ന ദേവസ്വം ബോർഡുകളെ ഈ സർക്കാർ കലവറയില്ലാതെ പിന്തുണയ്ക്കുകയാണ്. നൂറുകണക്കിന് കോടി രൂപയാണ് വിശ്വാസ സമൂഹത്തിനുവേണ്ടി ദേവസ്വം ബോർഡുകൾക്ക് നൽകുന്നത്. ഒരു നയാപൈസപോലും ഒരു ക്ഷേത്രത്തിൽനിന്നും ഈ സർക്കാർ കൈപ്പറ്റുന്നില്ല. ഈ സർക്കാരിനെതിരെ നടത്തുന്ന കള്ളപ്രചരണങ്ങളെ തുറന്നുകാട്ടാൻ ഈ കണക്കുകൾ പരസ്യപ്പെടുത്തേണ്ടതുണ്ടെന്ന് അഭ്യർത്ഥിക്കുകയാണ്.

കേരളത്തിലെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമാണ് ശബരിമല. അരക്കോടിയോളം ഭക്തജനങ്ങളാണ് തീർത്ഥാടന കാലയളവിൽ അവിടെ എത്തിച്ചേരുന്നത്. അവർക്കാവശ്യമായ സഹായങ്ങൾ ദേവസ്വം ബോർഡോ ക്ഷേത്രങ്ങളോ മാത്രമല്ല നൽകുന്നത്. നമ്മുടെ നാടായ കേരളത്തിൽ മുസ്ലീം പള്ളികളിലും ക്രിസ്ത്യൻ ദേവാലയങ്ങളിലും ശബരിമല ഭക്തർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നു. മതേതരത്വത്തിന്റെ മഹാസംഗമവേദിയായ ശബരിമല തീർത്ഥാടനത്തെപ്പോലും വർഗ്ഗീയവാദികൾ നോട്ടമിട്ട കാലമാണിത്. ഇടതുപക്ഷത്തെ തോല്പിക്കാൻ, സാംസ്കാരിക നഗരമായ തൃശ്ശൂരിൽ നിങ്ങളുടെ വോട്ടുകൾ വിറ്റ് കാശുണ്ടാക്കിയവർ ഒരു കാര്യമോർക്കണം. ദേ വന്നു... ദേ പോയി... എന്നു പറയുന്നതുപോലെ പൂർവ്വികർ പോരാടി നേടിയ ഈ കേരളത്തിന്റെ മാനവികതയെ തകർക്കാനാണ് നിങ്ങൾ കൂട്ടുനിന്നതെന്നുകൂടി നിങ്ങളെ ഓർമ്മപ്പെടുത്തിക്കൊണ്ടും ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾ തിരസ്കരിച്ച ഒരു സർക്കാരിന്റെ ധനാഭ്യർത്ഥനകളെ ഞങ്ങളെങ്ങനെയാണ് പിന്തുണയ്ക്കുക. അതുകൊണ്ട് ഞങ്ങളിതിനെ എതിർക്കുകയാണ്. സംസ്ഥാനം വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത് എന്നുള്ളത് യാഥാർത്ഥ്യമാണ്. ഇത് കേരളത്തിലെ ജനങ്ങൾ അനുദിനം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ക്ഷേമപ്രവർത്തനങ്ങളെല്ലാം പ്രതിസന്ധിയിലായി, ക്ഷേമപെൻഷൻ മുടങ്ങിയിട്ട് 6 മാസമായെന്ന് നമുക്കെല്ലാവർക്കുമറിയാം. സപ്ലൈകോയ്ക്ക് 3000 കോടിയിലേറെ രൂപയും സാമൂഹ്യ സുരക്ഷാ പെൻഷന് 5400 കോടി രൂപയും കാരുണ്യ ഇൻഷ്വറൻസ് പദ്ധതിക്ക് 1000 കോടിയിലേറെ രൂപയും ബെനവലന്റ് ഫണ്ട് 200 കോടിയോളം രൂപയും കുടിശ്ശികയുണ്ട്. ഡി.എ., അതുപോലെ ഡി.ആർ., പേ-റിവിഷൻ അരിയർ, പെൻഷൻ റിവിഷൻ അരിയർ, ലീവ് സറണ്ടർ തുടങ്ങി സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി ഏകദേശം 42,000 കോടി രൂപ സർക്കാർ കൊടുത്തുതീർക്കാനുണ്ട്.

കരാറുകാർക്ക് കൊടുക്കാനുള്ളത് ആയിരക്കണക്കിന് കോടി രൂപയുടെ കുടിശ്ശിക, എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കുള്ള വിദ്യാവാഹിനി പദ്ധതിയിലെ കുടിശ്ശിക, കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയുൾപ്പെടെ നിരവധി ക്ഷേമനിധികൾ ഒരു വർഷത്തിലധികമായി കുടിശ്ശികയായി കിടക്കുന്നു, യു.എസ്.എസ്.-എൽ.എസ്.എസ്. സ്കോളർഷിപ്പ് ഉൾപ്പെടെ വിതരണം ചെയ്യാനുണ്ട്. ഉച്ചക്കഞ്ഞി വിതരണം ചെയ്യുന്നതിനുൾപ്പെടെ സ്കൂളുകൾക്ക് പണം കൊടുത്തുതീർക്കാനുണ്ട്. അങ്ങനെ സംസ്ഥാനത്തെ സാധാരണക്കാരുമായി ബന്ധപ്പെട്ട സമസ്തമേഖലയിലും മാസങ്ങളോളം ആയിരക്കണക്കിന് കോടിരൂപയുടെ കുടിശ്ശിക വരുത്തിയിട്ടുള്ള ഒരു സർക്കാരിന്റെ ഫിനാൻഷ്യൽ മാനേജ്മെന്റ് എത്ര നിർഭാഗ്യകരവും കെടുകാര്യസ്ഥതയുമാണെന്ന യാഥാർത്ഥ്യം നാട്ടിലെ സാധാരണക്കാർക്കുപോലും അറിയാം. ആ അവസ്ഥയിലൂടെയാണ് ഇപ്പോൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്.

പാർട്ടി കമ്മിറ്റികളൊക്കെ നടന്നുകൊണ്ടിരിക്കുകയാണ്. പത്രമാധ്യമങ്ങളിൽ വരുന്ന വാർത്തകളെക്കുറിച്ചൊന്നും ഞങ്ങൾ

ആധികാരികമായി പറയുന്നില്ല. പക്ഷേ പത്രമാധ്യമങ്ങളിൽ വരുന്ന വാർത്ത ശരിയാണെങ്കിൽ, വേണമെങ്കിൽ രാജിവയ്ക്കാമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പാർട്ടി കമ്മിറ്റിയിൽ എവിടെയോ പറഞ്ഞതായാണ് ഞങ്ങൾക്കറിയാൻ സാധിച്ചത്. ശരിയാണോ അല്ലയോ എന്ന് അദ്ദേഹംതന്നെ പറയട്ടെ. ഇതിന്റെയെല്ലാം കുറ്റം ഇപ്പോൾ അദ്ദേഹത്തിന്റെ തലയിലാണ് ആളുകൾ വയ്ക്കാൻ ശ്രമിക്കുന്നത്. പക്ഷെ ഇതിന്റെ പൂർണ്ണമായ കുറ്റം, ബഹുമാനപ്പെട്ട കെ. എൻ. ബാലഗോപാലന്റെ കുഴപ്പമാണെന്നൊന്നും ഞാൻ പറയില്ല. ഇതിന്റെ യഥാർത്ഥ കുറ്റവാളി അദ്ദേഹത്തിന്റെ മുൻഗാമി ഡോ. ടി. എം. തോമസ് ഐസക്കാണ്. അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലം മുതലുള്ള സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റ് പരിശോധിച്ചാൽ നമുക്കത് മനസ്സിലാകും.

2003 കാലഘട്ടത്തിൽ ഇവിടെ FRBM ആക്റ്റ് നിലവിൽ വന്നുവെന്ന് നമുക്കറിയാം. 2004-ൽ ഉമ്മൻചാണ്ടി ഗവൺമെന്റ് FRBM ആക്റ്റ് സംസ്ഥാനത്ത് നടപ്പിലാക്കി. 2008 ആകുമ്പോഴേയ്ക്കും റവന്യൂക്കമ്മി ഇല്ലതാക്കണമെന്ന ലക്ഷ്യത്തോടെ കുറേനടപടികളുമായി അന്നത്തെ

യു.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുപോയി. പക്ഷേ 2006-ൽ ഡോ. ടി. എം. തോമസ് ഐസക്ക് കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയായി ചുമതലയേറ്റു. ഇതിനോടനുബന്ധിച്ച് തുടർന്നുള്ള വർഷങ്ങളിൽ (2006-ൽ) VAT നടപ്പിലാക്കി. VAT നടപ്പിലാക്കിയപ്പോൾ പുതിയൊരു നികുതി ഘടന വരുന്നു, കേരളത്തിന് വലിയതോതിലുള്ള നികുതി വളർച്ചയുണ്ടാകും അതുകൊണ്ട് നമുക്കിവിടെ എന്തും ചെയ്യാമെന്ന് കരുതി കടമെടുത്തുകൂട്ടാനുള്ള പദ്ധതികളുമായി അദ്ദേഹം മുന്നോട്ടുപോയി. കടമെടുത്ത് വികസിപ്പിക്കുക എന്നുള്ളതായിരുന്നു ഡോ. തോമസ് ഐസക്കിന്റെ പ്രഖ്യാപിത നയം. പക്ഷെ ഉദ്ദേശിച്ചതരത്തിലുള്ള നികുതി വർദ്ധന അതുവഴി ലഭിക്കുന്നില്ലെന്ന് VAT-മായി മുന്നോട്ടുപോയി കുറച്ചുനാളുകൾ കഴിഞ്ഞപ്പോഴാണ് അദ്ദേഹത്തിന് മനസ്സിലായത്.

വീണ്ടും യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നു. കെ. എം. മാണി, ഉമ്മൻചാണ്ടി എന്നിവരുടെ നേതൃത്വത്തിൽ FRBM ആക്റ്റിന്റെ പാതയിൽ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ കൊണ്ടുവരാനുള്ള ശ്രമങ്ങളുമായി മുന്നോട്ടുപോയി. തുടർന്ന് 2016-ൽ എൽ.ഡി.എഫ്. ഗവൺമെന്റ്

അധികാരത്തിൽ വരികയും ഡോ. ടി. എം. തോമസ് ഐസക്ക് വീണ്ടും ധനകാര്യ വകുപ്പുമന്ത്രിയാകുകയും ചെയ്തു. അന്ന് അദ്ദേഹം ധവളപത്രമൊക്കെ കൊണ്ടുവന്നു. അക്കാര്യങ്ങളെല്ലാം നമ്മളിവിടെ ചർച്ച ചെയ്തിട്ടുള്ളതാണ്. ഇവിടെ എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചത്. 2017-ൽ ജി.എസ്.ടി. വന്നു. ആ ജി.എസ്.ടി. കൊണ്ട് കേരളം വലിയ സ്വർഗ്ഗമാകും, ഇവിടെ 20 ശതമാനം മുതൽ 25 ശതമാനം വരെ വരുമാന വർദ്ധനയുണ്ടാകുമെന്ന് പറഞ്ഞത് കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക്കാണ്. ജി.എസ്.ടി.-യിലൂടെ 25 ശതമാനം വരുമാന വർദ്ധനയുണ്ടാകാൻ പോകുന്നു. അതുകൊണ്ട് കേരളത്തിൽ എത്രവേണമെങ്കിലും കടമെടുത്തുകൂട്ടാമെന്ന് പറഞ്ഞ് കുറേ പരിപാടികളുമായി അദ്ദേഹം മുന്നോട്ടുപോയി.

സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനോ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനോവേണ്ടി യാതൊരു നടപടികളും അദ്ദേഹത്തിന്റെ കാലഘട്ടത്തിലുണ്ടായിട്ടില്ല. എൽ.ഡി.എഫ് സർക്കാരിന്റെ കാലഘട്ടത്തിലുണ്ടായിട്ടില്ല. VAT നിലവിൽവന്ന സമയത്ത്

കോളടിച്ചതുപോലെ, ജി.എസ്.ടി.-യിലും കോളടിക്കുമെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം കുറെ കാര്യങ്ങളുമായി മുന്നോട്ടുപോയി. ഇവിടെ നമ്മൾ വരുത്തേണ്ടതായിട്ടുള്ള റീ-സ്ട്രക്ച്ചറിംഗോ മറ്റ് നടപടികളോ ഒന്നും സ്വീകരിക്കാതെ, 5 വർഷത്തേയ്ക്ക് ജി.എസ്.ടി. കോമ്പൻസേഷൻ ലഭിക്കുന്നതുകൊണ്ട് ഒന്നും പേടിക്കാനില്ലെന്ന് പറഞ്ഞ് അദ്ദേഹം മുന്നോട്ടുപോയി. അതുമാത്രവുമല്ല 15-ാം ധനകാര്യ കമ്മീഷൻ വന്നപ്പോൾ 53,000 കോടി രൂപ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി ലഭിച്ചു. അതിന്റെ ആനുകൂല്യവും ഡോ. ടി. എം. തോമസ് ഐസക്കിന്റെ കഴിഞ്ഞ ഗവൺമെന്റിന് കിട്ടി. 15-ാം ധനകാര്യ കമ്മീഷന്റെ 53,000 കോടി രൂപയുടെ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ്, 5 വർഷത്തെ ജി.എസ്.ടി. കോമ്പൻസേഷൻ ഇതെല്ലാം കിട്ടിയതുകൊണ്ട് ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി യാതൊരു നടപടിയും സ്വീകരിക്കാൻ ആ ഗവൺമെന്റ് തയ്യാറായില്ല. 5 വർഷം പൂർത്തിയായപ്പോഴാണ് ജി.എസ്.ടി. വരുമാനം 25 ശതമാനം വർദ്ധിക്കുമെന്ന് പറഞ്ഞിട്ട് ശരാശരി വർദ്ധന 10 ശതമാനത്തിൽ താഴെ മാത്രമാണുണ്ടായതെന്ന് മനസ്സിലായത്. അതുകൊണ്ട് സർക്കാരിന് മുന്നോട്ടുപോകാൻ സാധിക്കാത്ത

അവസ്ഥയായി. എനിക്ക് ബഹുമാനപ്പെട്ട കെ. എൻ. ബാലഗോപാലനെ കാണുമ്പോൾ തോന്നുന്നത്, ' ഈ ദുഃഖഭാരം ചുമക്കുന്ന ദുഃശ്ശകുനമാണ് ഞാൻ' എന്ന് പറയുന്നതുപോലെ, ഡോ. തോമസ് ഐസക്ക് ഉണ്ടാക്കിവച്ച കുഴപ്പത്തിന്റെ മൊത്തം ദുഃഖഭാരം ചുമക്കുന്ന ഗതികേട് ഇപ്പോൾ അദ്ദേഹത്തിൽ വന്നുചേർന്നു എന്നുള്ളതാണ്. ഇപ്പോൾ കേരളം എത്തിനിൽക്കുന്ന അവസ്ഥയിൽനിന്നും മുന്നോട്ടുപോകുന്നതിനുള്ള യാതൊരു റോഡ്മാപ്പും ഈ സർക്കാരിന്റെ കൈവശമില്ല. ഞാൻ തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ, ക്ഷേമപെൻഷനുകൾ ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും മുടങ്ങിക്കിടക്കുന്ന ഒരു സാഹചര്യത്തിലേയ്ക്ക് സർക്കാർ പൊയ്ക്കൊണ്ടിരിക്കുകയാണ്. കൃത്യമായ ഇടപെടലുകൾ നടത്താൻ സർക്കാരിനോ ധനകാര്യ വകുപ്പിനോ കഴിയുന്നില്ല. ഇപ്പോൾ പാർട്ടി കമ്മിറ്റിയിൽ വരെ വിമർശനങ്ങൾ വരികയാണ്. പ്രതിപക്ഷം കഴിഞ്ഞ 7-8 വർഷമായി പറയുന്ന കാര്യങ്ങളിൽനിന്നും വ്യത്യസ്തമായി പുതിയതായി ഒരുകാര്യം പോലും ഇന്നുനടക്കുന്ന പാർട്ടി കമ്മിറ്റികളിൽ എവിടെയും ചർച്ച ചെയ്ത് കാണുന്നില്ല. മുഖ്യമന്ത്രിക്ക് മൈക്കിനോടുപോലും അരിശമാണെന്നാണ് ഇന്നത്തെ പത്രത്തിൽ വന്ന വാർത്ത. മുഖ്യമന്ത്രിക്ക്

മൈക്കിനോട് അരിശമാണെന്ന് പാർട്ടി സഖാക്കൾ ഇപ്പോൾ പറഞ്ഞുതുടങ്ങി. ഈ കേരളത്തിന്റെ മണ്ണിൽ ഇതേ അഭിപ്രായം ഞങ്ങൾ എത്രയോ നാളുകളായി പറഞ്ഞുകൊണ്ടിരിക്കുന്നു. മൈക്കിനോടും സമരങ്ങളോടും അരിശംകൊള്ളുന്ന, പ്രതിപക്ഷ ശബ്ദങ്ങളോട് വളരെ ധിക്കാരത്തോടെ പ്രതികരിക്കുന്ന, അവരെയെല്ലാം തല്ലിയൊതുക്കുന്ന മുഖ്യമന്ത്രി, സമരങ്ങൾക്കുനേരെ പോലീസിനെ ഉപയോഗിച്ചും ഡി.വൈ.എഫ്.ഐ., എസ്.എഫ്.ഐ. എന്നീ സംഘടനകളെ ഉപയോഗിച്ചും തല്ലി ഒതുക്കുന്ന സമീപനം ഇതെല്ലാം ഞങ്ങൾ എത്രയോ തവണ നിയമസഭയ്ക്കകത്ത് പറഞ്ഞിട്ടുള്ളതാണ്. അന്ന് ഞങ്ങൾ പറഞ്ഞപ്പോൾ, അതൊന്നും കുഴപ്പമില്ലെന്നും അതെല്ലാം രക്ഷാ പ്രവർത്തനമാണെന്നും പറഞ്ഞ ആളുകൾക്ക് ഇപ്പോൾ അതെല്ലാം അംഗീകരിക്കേണ്ടി വന്നില്ലേ; ഞാൻ അവസാനിപ്പിക്കുകയാണ്. എനിക്കുമുമ്പ് ബഹുമാന്യരായ ഗുരുവായൂർ അംഗവും നെയ്യാറ്റിൻകര അംഗവും ഇവിടെ സംസാരിച്ചു. ശ്രീമതി സോണിയ ഗാന്ധിയുടെ മരുമകൻ ശ്രീ. റോബർട്ട് വാദ്ര 170 കോടി രൂപയുടെ ഇലക്ടറൽ ബോണ്ട് കൊടുത്തുവെന്ന് ഒരംഗം പറഞ്ഞു. 250 കോടി ഇലക്ടറൽ ബോണ്ട് കൊടുത്തുവെന്നാണ്

രണ്ടാമത്തെ അംഗം പറഞ്ഞത്. നിങ്ങൾ ഇത് പറഞ്ഞപ്പോൾ ഞങ്ങൾ വികാരം കൊള്ളാതെ ഇവിടെ ഇരുന്നു. ശ്രീമതി സോണിയ ഗാന്ധിയുടെ മരുമകനായ ശ്രീ. റോബർട്ട് വാദ്ര ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനത്തിന് ഇലക്ടറൽ ബോണ്ട് നൽകിയെന്ന് ആധികാരിക രേഖകളുടെ അടിസ്ഥാനത്തിൽ തെളിയിക്കാൻ ഭരണപക്ഷത്തിരിക്കുന്ന ആർക്കെങ്കിലും സാധിക്കുമോയെന്ന് ഞാൻ വളരെ ഉത്തരവാദിത്വ ബോധത്തോടെ ചോദിക്കുകയാണ്. ഏതെങ്കിലും കമ്പനി ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനത്തിന് നൽകിയ ഇലക്ടറൽ ബോണ്ട് ശ്രീ. റോബർട്ട് വാദ്രയുടെ തലയിൽ കെട്ടിവയ്ക്കാൻ ആരും ശ്രമിക്കേണ്ട. ശ്രീമതി സോണിയ ഗാന്ധിയുടെ മരുമകന്റെ കാര്യം പറഞ്ഞ് ഊറ്റം കൊള്ളുന്ന ആളുകളോട് ഞങ്ങൾ തിരിച്ച് ഒരു ചോദ്യം ചോദിക്കട്ടെ, മുഖ്യമന്ത്രിയുടെ മകളുടെ കാര്യം പറഞ്ഞാൽ നിങ്ങൾക്ക് മറുപടിയുണ്ടോ; ......(ബഹളം).......

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്....പ്ലീസ്......അദ്ദേഹം കൺക്ലൂഡ് ചെയ്യുകയാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ ഒറ്റക്കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്, ഞാൻ ആരോപണമൊന്നും ഉന്നയിക്കുന്നില്ല. നമ്മുടെ

നാട്ടിലെ ചെറുപ്പക്കാരെല്ലാം നാടുവിട്ടുപോകുകയാണ്. ഇവിടെ ഒരു സംരംഭങ്ങളും വിജയിക്കുന്നില്ലെന്നാണ് ആളുകളുടെ ആക്ഷേപം. ദയവുചെയ്ത് മുഖ്യമന്ത്രിയും ഭരണപക്ഷവും ഈ നാട്ടിലെ സംരംഭകരായ ചെറുപ്പക്കാർക്കുവേണ്ടി ഇത് ചെയ്യണം. മാസാമാസം എട്ട് ലക്ഷം രൂപ അക്കൗണ്ടിൽ വരാൻ സാധിക്കുന്ന എന്ത് ബിസിനസ്സാണുള്ളതെന്ന് ഈ നാട്ടിലെ ജനങ്ങളോട് പറയണം. ഞങ്ങളെല്ലാം ആ ബിസിനസ്സ് തുടങ്ങിക്കൊള്ളാം. അല്ലെങ്കിൽ അങ്ങനെ പണം ലഭിക്കുന്ന സോഫ്റ്റ്‍വെയർ ഏതാണെന്നെങ്കിലും പറഞ്ഞാൽ മതി. ഞങ്ങളും നാട്ടിലുള്ള മുഴുവൻ ചെറുപ്പക്കാരും ആ സോഫ്റ്റ്‍വെയർ കമ്പനി തുടങ്ങിക്കോളാം. അങ്ങനെ നാടും നാടിന്റെ സാമ്പത്തികാവസ്ഥയും രക്ഷപ്പെടട്ടെ, ഒരു സേവനവും നൽകാതെ മാസംതോറും എല്ലാ ആളുകളുടെയും അക്കൗണ്ടിലേയ്ക്കും എട്ട് ലക്ഷം രൂപ വന്നാൽ എത്ര രൂപ നമ്മുടെ ഖജനാവിൽ വരും, നമ്മുടെ സംസ്ഥാനത്തിന് എത്രരൂപ നികുതി വരുമാനം ലഭിക്കും; അത് നാട്ടിലെ ജനങ്ങളോട് പറഞ്ഞാൽ ഉപകാരമായിരിക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കേരളത്തിൽ വലിയ സാമ്പത്തിക ഞെരുക്കമുണ്ടാക്കി കേരളത്തെ പുറകോട്ടടുപ്പിക്കുന്നതിനുവേണ്ടിയും മലയാളികളുടെ അവകാശത്തെ കവർന്നെടുക്കുന്നതിനുവേണ്ടിയും കേന്ദ്ര ഗവൺമെന്റും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗമായ സംവിധാനങ്ങളുമെല്ലാം ഇടപെടലുകൾ നടത്തിയിട്ടും കേരളത്തിന്റെ സാമ്പത്തിക നില വലിയ അപകടകരമായ അവസ്ഥയിൽ എത്തിയിട്ടും കേരളത്തിന്റെ തനത് വരുമാനം വർദ്ധിപ്പിച്ച് കേരളത്തെ തളരാതെ മുന്നോട്ടുകൊണ്ടുപോകുന്ന ശ്രീ. കെ. എൻ. ബാലഗോപാലിന്റെ നേതൃത്വത്തിലുള്ള ധനകാര്യ മാനേജ്മെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. നേരത്തെയുണ്ടാക്കിയ സാമ്പത്തിക പ്രയാസങ്ങളുടെ ഭാഗമായുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ജനവിഭാഗങ്ങൾ ഇവിടെയുണ്ട്. കേരളത്തിലെ സർക്കാർ പലവഴികളിലൂടെ അതിനെല്ലാം പരിഹാരം കാണാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുവേണ്ട പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. രജിസ്ട്രേഷൻ വകുപ്പും റവന്യൂ വകുപ്പും പുതിയ കാലഘട്ടത്തിനനുസരിച്ച്

ജനകീയമായ പുതിയ സാങ്കേതിക വിദ്യകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകുകയാണ്. ഒരു ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിൽ പോയാലും ഭൂമി ഇടപാടുകൾ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം ഒരുക്കിയതിന്റെ ഭാഗമായി കേരളത്തിൽ 16200 രജിസ്ട്രേഷനുകൾ നടത്താൻ സാധിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകളുടെ ഗഹാൻ ഓൺലൈൻ വഴി ഫയലിംഗ് നടത്താനുള്ള സംവിധാനം ഒരുക്കിയതിന്റെ ഭാഗമായി ആ മേഖലയിൽ നേട്ടമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. വിദേശ ഇന്ത്യാക്കാരായവരുടെ എൻ.ആർ.ഐ., ചിട്ടി രജിസ്ട്രേഷൻ എന്നിവ ഓൺലൈൻ മുഖേനയാക്കാൻ തീരുമാനിച്ചിരിക്കുന്നു. കേരളത്തിലെ 315 സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈൻ/ഇന്റർനെറ്റ് സംവിധാനങ്ങളൊരുക്കി മുന്നോട്ടുപോകുന്നു. കേരളത്തിൽ 100 വർഷത്തിലേറെ പഴക്കമുള്ള സബ് രജിസ്ട്രാർ ഓഫീസുകളുണ്ട്. 48 സബ് രജിസ്ട്രാർ ഓഫീസുകൾ പുതുക്കി പണിയുന്നതിനുവേണ്ടി കിഫ്ബിയുടെ സഹായത്തോടെ

തീരുമാനമെടുത്തിട്ടുണ്ട്. അതിൽ 33 ഓഫീസുകളുടെ പണി പൂർത്തിയായിട്ടുണ്ട്. അതിൽ 19 ഓഫീസുകൾ ആധുനികകാലത്തുള്ള എല്ലാ സൗകര്യങ്ങളോടുകൂടിയ ഓഫീസുകളാക്കി മാറ്റി. കേരളത്തിൽ ഒന്നാം പിണറായി സർക്കാരും രണ്ടാം പിണറായി സർക്കാരും 333114 പട്ടയങ്ങൾ റവന്യൂ വകുപ്പുവഴി നൽകിക്കഴിഞ്ഞു. ഈ ഗവൺമെന്റിന്റെ കാലത്തുമാത്രം 153104 പട്ടയങ്ങൾ നൽകിക്കഴിഞ്ഞു. പട്ടയങ്ങൾ നൽകുക മാത്രമല്ല, പട്ടയ അദാലത്തുകൾ സംഘടിപ്പിക്കുകയും റവന്യൂ ജില്ലാ അസംബ്ലികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് മണ്ഡലതല പട്ടയ അസംബ്ലികൾ നടത്തുന്നുണ്ട്. വില്ലേജ് ഓഫീസുകൾ ജനകീയമാക്കുന്ന, ഭൂമി സംരക്ഷണത്തിനുവേണ്ടിയും വില്ലേജ് ഓഫീസുകൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുമുള്ള ജനകീയ കമ്മിറ്റികൾ മാസത്തിൽ ഒരു വെള്ളിയാഴ്ച കൂടുന്ന രീതിയിലേയ്ക്ക് മാറിയിട്ടുണ്ട്. ജനങ്ങളുമായി

ജനകീയമായി, ജനാധിപത്യപരമായി പ്രവർത്തിക്കുന്ന നിലയിലേയ്ക്ക് റവന്യൂ വകുപ്പ് മാറുകയാണ്. ഞാൻ എല്ലാ കാര്യങ്ങളിലേയ്ക്കും കടക്കുന്നില്ല. എല്ലാ വില്ലേജ് ഓഫീസുകൾക്കും വെബ്സൈറ്റുകളുണ്ട്. 478 വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കി കഴിഞ്ഞു. അങ്ങനെ നിരവധി കാര്യങ്ങളുണ്ട്. എല്ലാ കാര്യങ്ങളും പറഞ്ഞ് പൂർത്തിയാക്കാനുള്ള സമയമില്ല. പട്ടയ അസംബ്ലി, അതുപോലെ വനമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്ര വനം വകുപ്പുമന്ത്രിയുമായി സംസാരിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ഭാഗമായി പരിഹരിക്കേണ്ട വിഷയങ്ങൾ കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് പരിഹരിപ്പിക്കുന്നതിന് ഇടപെടൽ നടത്തുന്നു. അതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് നോഡൽ ഓഫീസറെ നിയോഗിക്കുന്നു. 1977-ന് മുമ്പ് വനമേഖലയിൽ കുടിയേറി താമസമാക്കി കൃഷി ചെയ്യുന്ന, പട്ടയം കിട്ടേണ്ട ഏതെങ്കിലും ആളുകളുടെ അപേക്ഷകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ അവർക്ക് അപേക്ഷ നൽകാനുള്ള സമയം ഇക്കഴിഞ്ഞ മാർച്ച് 15 വരെ അനുവദിച്ച് ആ

മേഖലയിൽ ഇടപെടാൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ എല്ലാ നിലയിലും നല്ല രീതിയിൽ മുന്നോട്ടുപോകുന്ന രണ്ടുവകുപ്പുകളുടെ ധനാഭ്യർത്ഥനയാണ് ഇവിടെ നടക്കുന്നത്. ഇവിടെ എനിക്ക് സൂചിപ്പിക്കാനുള്ളത്, പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി, തൃക്കൂർ, മറ്റത്തൂർ പ്രദേശങ്ങളിൽ പട്ടയങ്ങൾ വിതരണം ചെയ്യേണ്ട പ്രശ്നങ്ങളുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ള കാര്യമാണെന്നറിയാം. അത് ത്വരിതപ്പെടുത്തേണ്ടതുണ്ട്. 'എല്ലാവർക്കും ഭൂമി, എല്ലാവർക്കും വീട്' എന്നുള്ളത് ഈ സർക്കാരിന്റെ കാഴ്ചപ്പാടാണ്. അവിടെ ഭവന നിർമ്മാണ ബോർഡിന്റെ കീഴിലുള്ള ഒരു സ്ഥലമുണ്ട്. അവിടെ 17 വർഷംമുമ്പ് ആശ്രയ ഭവന നിർമ്മാണ പദ്ധതി തുടങ്ങിവയ്ക്കുകയും അതിന് അടിത്തറയിടുകയും ചെയ്തിട്ടുള്ളതാണ്. ഭവനരഹിതരായ, ലൈഫ് മിഷനിൽ ഉൾപ്പെട്ടിട്ടുള്ള ആ മണ്ഡലത്തിലെ 8 പഞ്ചായത്തിൽപ്പെടുന്ന അൻപതോളം പേർക്ക് വീടുവച്ച് നൽകുന്ന പദ്ധതിയാണത്. എം.എൽ.എ. ഫണ്ടും ത്രിതല പഞ്ചായത്തുകളുടെ ഫണ്ടും

ഇതിനുവേണ്ടി ഉപയോഗപ്പെടുത്താവുന്നതാണ്. അതിനുവേണ്ടി കൊടകര ബ്ലോക്ക് പഞ്ചായത്ത് ഒരു പ്രത്യേക അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അതുംകൂടി പരിഗണിക്കണമെന്ന് ഈ അവസരത്തിൽ പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്.

(തുടരും...........)

**P 24-06-2024**

BL-SO-2
02.30 -02.40

SN

(ശ്രീ. കെ. കെ. രാമചന്ദ്രൻ.... തുടർച്ച)

ലോകസഭ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. നേടിയ വിജയത്തിന്റെ ഭാഗമായി വല്ലാത്ത ആക്രോശങ്ങളും അട്ടഹാസങ്ങളും നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഇവർ ഇങ്ങനെ അട്ടഹസിക്കുന്നത് എന്തിനാണ്? രാജ്യത്ത് ഈ പാർലമെന്റ് തെരഞ്ഞെടുപ്പിനുമുമ്പ് ഒരു തെരഞ്ഞെടുപ്പ് നടന്നു. പാർലമെന്റ്

തെരഞ്ഞെടുപ്പിന് സമാനമായ സെമി ഫൈനൽ എന്നുപറയുന്ന തെരഞ്ഞെടുപ്പ് ഉത്തരേന്ത്യയിലെ 4 സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ച് നടന്നു. കോൺഗ്രസ് എന്ത് സമീപനമാണ് സ്വീകരിച്ചത്? ഇപ്പോൾ ഏഴുഘട്ടങ്ങളിലായി നടന്ന ലോകസഭ തെരഞ്ഞെടുപ്പിൽ മൂന്ന് ഘട്ടം കഴിയുന്നതുവരെ സ്വീകരിച്ച നിലപാടല്ല കോൺഗ്രസ് പിന്നീട് സ്വീകരിച്ചത്. ആ യാഥാർത്ഥ്യബോധം നേരത്തേ ഉണ്ടായിരുന്നുവെങ്കിൽ, മധ്യപ്രദേശിൽ സമാജ്‍വാദി പാർട്ടിക്ക് രണ്ട് എം.എൽ.എ.-മാരുണ്ടായിരുന്നു, അവരുടെ പിന്തുണയോടുകൂടിയല്ലേ കോൺഗ്രസിന് 6 സീറ്റ് ഉത്തർപ്രദേശിൽ കിട്ടിയത്. ഇങ്ങനെ ഓരോ സംസ്ഥാനത്തിന്റെയും സാധ്യതകൾ നോക്കി അവരെ പരാജയപ്പെടുത്താനുള്ള അടവുകൾ നിങ്ങൾ സ്വീകരിക്കാതിരുന്നതിന്റെ ഭാഗമായാണ് ഇന്ത്യൻ ജനത ആഗ്രഹിച്ച രീതിയിൽ ഈ ബി.ജെ.പി. ഗവൺമെന്റിനെ പുറത്താക്കാൻ കഴിയാതിരുന്നത്. ജനാധിപത്യം, ഫെഡറൽ തത്വങ്ങൾ, മതനിരപേക്ഷത എന്നിവ സംരക്ഷിക്കാനും കോർപ്പറേറ്റ് നയങ്ങൾ എതിർക്കാനും കഴിയുന്നൊരു മൂവ്മെന്റിന് ഈ ഇന്ത്യാ രാജ്യത്തെ ജനത വിജയകരമായി നേതൃത്വം

നൽകിയിട്ടുണ്ട്. നമുക്കെല്ലാവർക്കും അഭിമാനിക്കാവുന്നതും സന്തോഷിക്കാവുന്നതുമാണിത്. ഇന്ത്യയിലെ ഇടതുപക്ഷം സി.പി.ഐ.(എം.) ഉൾപ്പെടെയുള്ള പാർട്ടികൾ പറയുന്നത് ബി.ജെ.പി. വിരുദ്ധ വോട്ടുകൾ ഏകീകരിക്കണമെന്നാണ്. ഓരോ സംസ്ഥാനങ്ങളും ഓരോ യൂണിറ്റുകളായെടുത്ത് അവിടെ ബി.ജെ.പി.-യെ തോൽപ്പിക്കാൻ കഴിയുന്ന ഏത് കക്ഷിയാണോ, കോൺഗ്രസാണെങ്കിൽ കോൺഗ്രസ്, സമാജ്‌വാദി പാർട്ടിയാണെങ്കിൽ സമാജ്‌വാദി പാർട്ടി, എൻ.സി.പി. ആണെങ്കിൽ എൻ.സി.പി. വോട്ടുകൾ ഭിന്നിക്കാതെ കൊണ്ടുപോകണമെന്ന നിലപാട് സ്വീകരിച്ച് മുന്നോട്ടുപോയവരാണ് ഇന്ത്യയിലെ ഇടതുപക്ഷക്കാർ. 'നിങ്ങൾക്ക് എന്തെങ്കിലും നിലപാടുണ്ടോ; മുഖ്യമന്ത്രിക്ക് എന്തെങ്കിലും നിലപാടുണ്ടോ; നിങ്ങളുടെ പാർട്ടിക്ക് എന്തെങ്കിലും നിലപാടുണ്ടോ;' എന്നൊക്കെ ഇവിടെ പറയുന്നത് കേട്ടു. ഇതായിരുന്നു ഞങ്ങളുടെ നിലപാട്. ആ നിലപാടാണ് ഇന്ത്യാ രാജ്യത്ത് വിജയിച്ചത്. വിജയത്തിനോടടുത്ത് പരാജയപ്പെട്ട് നിൽക്കുകയാണ്. പക്ഷെ നേരത്തേതുപ്പോലെ ചെയ്യാൻ കഴിയില്ലെന്ന് നമുക്കെല്ലാവർക്കും അറിയാം. കഴിഞ്ഞ നിയമസഭ തെരഞ്ഞെടുപ്പ് കാലത്ത് കേരളത്തിലെ

മാധ്യമങ്ങളും അന്വേഷണ ഏജൻസികളുംകൂടി എന്തെല്ലാമായിരുന്നു നടത്തിയതെന്ന് നേരത്തെ ഇവിടെ പറയുകയുണ്ടായി. 'സെക്രട്ടറിയേറ്റിന്റെ മുന്നിലേയ്ക്ക് അന്വേഷണം നീളുന്നു, മുഖ്യമന്ത്രിയുടെ ആഫീസിലേയ്ക്ക് നീളുന്നു....' എന്തെല്ലാം കഥകൾ; എന്തെല്ലാം പ്രചരണങ്ങൾ; എന്തെല്ലാം ചർച്ചകൾ; കേരളത്തിലെ ജനങ്ങളെല്ലാം കാണുന്നുണ്ട്. എല്ലാ കാലത്തും നിങ്ങൾക്ക് ഈ കോർപ്പറേറ്റ് മാധ്യമങ്ങളുടെയും അന്വേഷണ ഏജൻസികളുടെയും പിന്തുണ ലഭ്യമാകില്ല. നിങ്ങളതെല്ലാം ഉപയോഗപ്പെടുത്തിയല്ലോ; കോൺഗ്രസും ബി.ജെ.പി.-യും കൂടി ഉപയോഗപ്പെടുത്തിയല്ലോ? ഡൽഹി ഉപമുഖ്യമന്ത്രിയെ അറസ്റ്റ് ചെയ്തപ്പോൾ എന്തുകൊണ്ട് ശ്രീ. അരവിന്ദ് കെജ്രിവാളിനെ അറസ്റ്റ് ചെയ്തില്ലായെന്ന് നിങ്ങൾ ചോദിച്ചുവല്ലോ; ഇവിടെ വന്ന് മുഖ്യമന്ത്രിയെ എന്തുകൊണ്ട് അറസ്റ്റ് ചെയ്തില്ലായെന്ന് ചോദിച്ചുവല്ലോ; അവസാനം നിങ്ങൾക്ക് ശ്രീ. അരവിന്ദ് കെജ്രിവാളുമായി കൂട്ടുകൂടേണ്ടി വന്നു. ഇതൊക്കെയാണ് യാഥാർത്ഥ്യങ്ങൾ. അതെല്ലാം കണ്ണടച്ചുകൊണ്ട്, അന്ധമായി ഈ കേരളത്തിലെ ഭരണപക്ഷം എന്ന നിലയിൽ ജനപക്ഷത്തുനിന്നും പ്രവർത്തിക്കുന്ന ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തെ ശിഥിലമാക്കാൻ

വേണ്ടിയുള്ള നിങ്ങളുടെ പ്രചരണങ്ങൾ ഈ കേരളത്തിൽ വിലപോകില്ല. ജനങ്ങൾക്കിടയിൽ ഞങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ ശക്തമാക്കിക്കൊണ്ട് ഞങ്ങൾ മുന്നോട്ടുപോകും. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ശക്തമായി ഈ കേരളത്തിൽ മുന്നോട്ടുപോകും. ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. കെ പ്രേംകുമാർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഭരണമെന്നത് വികസനത്തിനുവേണ്ടിയുള്ള ഫണ്ട് വിനിയോഗം മാത്രമല്ല ഭരണഘടന നടപ്പിലാക്കലാണ്. പരിമിതികളുണ്ടെങ്കിലും ഭരണഘടനയും അത് ഉയർത്തിപ്പിടിക്കുന്ന അടിസ്ഥാന മൂല്യങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അതിനായി ആത്മാർത്ഥമായ നിലപാട് സ്വീകരിക്കുന്നത് ഇടതുപക്ഷമാണ്. പാർലമെന്റ് മുതൽ പഞ്ചായത്തുവരെയും മെട്രോപൊളിറ്റൻ സിറ്റി മുതൽ കൊച്ചുഗ്രാമം വരെയും ഭരണഘടന സംരക്ഷിക്കാൻ, ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കാൻ അതിനുള്ള ചർച്ചയ്ക്ക്, സംവാദത്തിന്, തെരുവിൽ സമരത്തിന്, പ്രക്ഷോഭത്തിന് നേതൃത്വം നൽകുന്ന പക്ഷത്തിന്റെ പേരാണ് ഇടതുപക്ഷം. ലോകത്തുതന്നെ പാർലമെന്ററി പ്രവർത്തനവും പാർലമെന്റേതര പ്രവർത്തനവും

ഒരുമിച്ച് കൊണ്ടുപോകുന്ന മുതലാളിത്ത വ്യവസ്ഥയ്ക്ക് അകത്തുനിന്ന് പ്രവർത്തിക്കുന്ന അത്യപൂർവ്വം പാർട്ടികളിലൊന്നാണ് സി.പി.ഐ.(എം.)-ഉം അവർ നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷവുമെന്നത് ഈ സന്ദർഭത്തിൽ നാം കാണേണ്ടതുണ്ട്. ഇടതുപക്ഷ ബോധമെന്നത് ഒരു എതിർ ബോധമാണ്. അത് ശക്തിപ്പെടുത്താൻ, എന്തിന് നിലനിർത്താൻപോലും നിരന്തരമായ, ശ്രമകരമായ ഇടപെടൽ നടത്തേണ്ടതുണ്ട്. വലതുപക്ഷമാവാൻ വെറുതെയിരുന്നാൽ മതി. നിലവിലുള്ള മുതലാളിത്ത സാമൂഹ്യ വ്യവസ്ഥയ്ക്കെതിരായി പ്രവർത്തിക്കുന്ന ഇടതുപക്ഷം ആ നിലയിൽ മുമ്പും ഇപ്പോഴും എപ്പോഴും ആ പ്രതിസന്ധിയെ നേരിട്ടിട്ടുണ്ട്, നേരിടുകയും ചെയ്യും, അതിജീവിക്കുകയും ചെയ്യും. ധനാഭ്യർത്ഥനയെന്നത് വികസനപ്രവർത്തനങ്ങൾക്കായുള്ള സർക്കാരിന്റെ, നാടിന്റെ ഫണ്ട് വിനിയോഗത്തിനുള്ള അപേക്ഷയും അഭ്യർത്ഥനയുമാണ്. നിർദ്ദേശങ്ങളെ വിമർശിക്കാം. പുതിയ നിർദ്ദേശങ്ങൾ നൽകാം. അതല്ലേ ക്രിയാത്മകം. പ്രതിപക്ഷാംഗങ്ങളിൽ ആരും അത്തരത്തിലുള്ള ഒരു ശ്രമവും നടത്തുന്നതേയില്ല. യാന്ത്രികമായി എല്ലാം എതിർക്കുന്ന, അടച്ചാക്ഷേപിക്കുന്ന, പൂർണ്ണമായും നിരാകരിക്കുന്ന, നിരാശാജനകമായ നിലപാടാണ് കേരളത്തിലെ

പ്രതിപക്ഷം സ്വീകരിക്കുന്നത്. കേരളത്തിലും സർക്കാരെന്ന നിലയിൽ രാജ്യത്തിനാകെ മാതൃകയാകുന്ന തരത്തിൽ ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനായി നിരവധി ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. മതനിരപേക്ഷതയെ വെല്ലുവിളിച്ച് പൗരത്വത്തെ മതത്തിന്റെ പേരിൽ വിഭജിക്കാൻ തീരുമാനിച്ചപ്പോഴും ഫെഡറൽ തത്വങ്ങൾ ലംഘിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ വരുമാനത്തെ സാമ്പത്തികമായി ഉപരോധിച്ചപ്പോഴുമെല്ലാം നാം അത് കാണുകയുണ്ടായി. മുതലാളിത്ത വികസന നയങ്ങൾ മലവെള്ള പാച്ചിൽപോലെ ഒഴുകിവരുന്ന കാലത്ത് മനുഷ്യപക്ഷത്തുനിന്നും ജനങ്ങൾക്ക് ആശ്വാസം നൽകുന്നതും ബദൽ ഉയർത്തുന്നതും ഇടതുപക്ഷമാണ്. കിഫ്ബി പദ്ധതിയെ സംബന്ധിച്ചാണ് വലിയ തോതിൽ ഇവിടെ ആക്ഷേപമുന്നയിച്ചത്. 2011-16-ൽ യു.ഡി.എഫ്. ഭരിച്ച കാലഘട്ടമായിരുന്നു. 2011-ലാണ് കിഫ്ബി പദ്ധതി പ്രഖ്യാപിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ അവസാന സമയത്താണ് കിഫ്ബി പദ്ധതി പ്രഖ്യാപിക്കുന്നത്. എന്നാൽ ഉമ്മൻചാണ്ടി സർക്കാർ 2011 മുതൽ 2016 വരെയുള്ള അഞ്ചുവർഷക്കാലം ആ പദ്ധതി ഒരുനിലയിലും മുന്നോട്ടുകൊണ്ടുപോകാൻ തയ്യാറാകാതെ

പാഴാക്കുകയാണുണ്ടായത്. എന്നാൽ തുടർന്നുവന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൃത്യമായ നിയമനിർമ്മാണത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി പദ്ധതിയെ വളരെ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമമാണ് നടത്തിയത്. ആ നിയമപ്രകാരം ദൈനംദിന ചെലവുകൾക്ക് ഈ ഫണ്ടിന്റെ പണം ഉപയോഗിക്കാൻ കഴിയില്ല. ട്രഷറിയിൽ നിക്ഷേപിക്കാൻപോലും പാടില്ല. പൂർണ്ണമായും മൂലധന നിർമ്മാണ പ്രവൃത്തികൾക്കുവേണ്ടിയാണ് ഈ പണം വിനിയോഗിക്കുന്നത്. അന്ന് അതിന് നേതൃത്വം കൊടുത്തത് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. തോമസ് ഐസക്കാണ്. 2011-16-ലെ യു.ഡി.എഫ്.-ന്റെ കാലത്തെയും 2016-21-ലെ എൽ.ഡി.എഫ്.-ന്റെ കാലത്തെയും വികസന ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് കേരളീയ സമൂഹത്തിൽ ഒരു സംവാദത്തിന് തയ്യാറാകാം. ഈ നാടിനുവേണ്ടി ഏറ്റവും കൂടുതൽ ഫണ്ട് വിനിയോഗിക്കപ്പെട്ടത് ഏതുകാലത്താണെന്ന് കൃത്യമായി നമുക്ക് മനസ്സിലാകും. എന്നാൽ അന്ന് പ്രഖ്യാപിച്ചതിനേക്കാൾ കൂടുതൽ, അന്ന് പ്രഖ്യാപിച്ച പല പദ്ധതികളുടെയും നടത്തിപ്പിന്റെ ചുമതലയാണ് രണ്ടാം പിണറായി സർക്കാരിന്, അതിന്റെ ധനകാര്യ വകുപ്പിന്, അതിന്

നേതൃത്വം നൽകുന്ന മന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിന് ഏറ്റെടുക്കാനുണ്ടായത്, മുന്നോട്ടുകൊണ്ടുപോകാനുണ്ടായത്. ആ വെല്ലുവിളിക്കുമുമ്പിലും കൂസാതെ, പുതിയ പദ്ധതികൾ കിഫ്ബിയുടെ ഭാഗമായി ഉൾപ്പെടുത്തിക്കൊണ്ട് നാടിന്റെ എല്ലാ മേഖലയിലും വളർച്ചയുടെയും വികസനത്തിന്റെയും വെളിച്ചമെത്തിക്കുന്നതിനും ഒരു 25 വർഷക്കാലം അപ്പുറത്തേയ്ക്ക് കേരളത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിനുമുള്ള ഏറ്റവും ശ്രദ്ധേയമായ ഇടപെടലാണ് കിഫ്ബി എന്നുപറയാൻ കേരളത്തിൽ പ്രതിപക്ഷം തയ്യാറാകുന്നില്ല. ഇവിടെ സി.&എ.ജി.-ക്ക് പരാതിയില്ല. എന്നാൽ ബഡ്ജറ്റിന് പുറത്തുനിന്നും കേന്ദ്രം കടം വാങ്ങുമ്പോൾ, 3.25 ലക്ഷം കോടി രൂപയാണ് 2019-20-ൽ കടം വാങ്ങിയിട്ടുള്ളതെന്ന് ഈ സന്ദർഭത്തിൽ നാം കാണേണ്ടതുണ്ട്. മറ്റൊന്ന്, കിഫ്ബിയുടെയും പെൻഷൻ ഫണ്ട് ബോർഡിന്റെയും വായ്പ സംസ്ഥാനത്തിന്റെ പൊതുകടത്തിൽപ്പെടുത്തി വായ്പ പരിധിയിൽനിന്നും വെട്ടിക്കുറയ്ക്കുന്ന സാഹചര്യമാണുള്ളത്. അതിനെയും അതിജീവിക്കാനുള്ള ശ്രമമാണ് കേരളം നടത്തുന്നത്. അപ്പോൾ പറയുകയാണ്, 'ട്രഷറിയിൽ ആന പെറ്റ് കിടക്കുകയാണെന്ന്'. യു.ഡി.എഫ്.-ന്റെ കാലത്ത്

ട്രഷറിയിൽ എലിക്ക് കടക്കാനുള്ള സ്ഥലമുണ്ടായിരുന്നില്ല. ആനയ്ക്ക് കിടക്കാൻ വലിപ്പമുള്ള ട്രഷറിയുണ്ടാക്കിയത് കേരളത്തിലെ ഇടതുപക്ഷമാണ്. 24,000 കോടി രൂപയാണ് കേരളം തനത് നികുതി വരുമാനമായി, നികുതി പിരിച്ചെടുത്ത് ഏറ്റവും ശ്രദ്ധേയമായ ഇടപെടൽ നടത്തിക്കൊണ്ട് മുന്നോട്ടുകൊണ്ടുപോയതെന്ന് ഈ സന്ദർഭത്തിൽ നമ്മുടെ നാടും സമൂഹവും തിരിച്ചറിയേണ്ടതുണ്ട് എന്നതുകൂടി സൂചിപ്പിക്കുകയാണ്. മറ്റൊന്ന്, കടം വാങ്ങുന്നതിനെ സംബന്ധിച്ചാണ്. കേരളം കടം വാങ്ങിക്കൂട്ടുകയാണ്. മൊയ്തീൻ ഹാജി ബാപ്പുട്ടിയോട് കടം വാങ്ങുന്നതുപോലെയാണെന്നാണ് വിചാരം. ഒരു സംസ്ഥാന ഗവൺമെന്റിന് കടം വാങ്ങണമെങ്കിൽ കേന്ദ്ര സർക്കാരിന്റെ അനുമതി വേണ്ടേ; എങ്ങനെയാണ് കടം വാങ്ങേണ്ടത്; എത്ര ശതമാനം പലിശയാണ് തിരിച്ചുകൊടുക്കേണ്ടത്; ഈ കാര്യങ്ങളെ സംബന്ധിച്ച് നിലവിലുള്ള നമ്മുടെ രാജ്യത്തിന്റെ നിയമങ്ങൾക്കനുസൃതമായി ഒരു സംസ്ഥാന ഗവൺമെന്റിന് കടം വാങ്ങാൻ ഒട്ടേറെ നിബന്ധനകളും അതിന്റേതായ പരിമിതികളുമില്ലേ; കടം വാങ്ങിച്ചുകൂട്ടുകയാണെന്ന് പറഞ്ഞ് ആക്ഷേപിക്കുന്നതും പരിഹസിക്കുന്നതും വസ്തുതാവിരുദ്ധമാണെന്ന് കൃത്യമായി നമുക്ക്

മനസ്സിലാക്കാൻ സാധിക്കും. ഉള്ളിലാകെ ശൂന്യമാണെന്നാണ് മങ്കട അംഗം ശ്രീ. മഞ്ഞളാംകുഴി അലി പറയുന്നത്. ഇ.എം.എസ്.-നെയും നായനാരെയും വി.എസ്.-നെയുമൊക്കെ ഇപ്പോൾ ഇടതുപക്ഷത്തിന്റെ നേതാക്കളായി ഉയർത്തിക്കാട്ടുകയാണ്. അതിൽ സന്തോഷമുണ്ട്. പക്ഷെ ഇ.എം.എസ്. ജീവിച്ചിരുന്ന സമയത്ത് അദ്ദേഹത്തെ നിങ്ങൾ 'വിക്കൻ' എന്നാണ് വിളിച്ചത്. നായനാരെ 'കോമാളി' എന്നാണ് വിളിച്ചത്. സഖാവ് വി.എസ്. ആവേശത്തോടുകൂടി രാഷ്ട്രീയ സംഘടനാ പ്രവർത്തനത്തിനും പാർലമെന്ററി പ്രവർത്തനത്തിനും പ്രതിപക്ഷനേതാവായും മുഖ്യമന്ത്രിയായുമെല്ലാം നേതൃത്വം കൊടുക്കുന്ന സമയത്ത് അദ്ദേഹത്തെ നിങ്ങൾ 'വെട്ടിനിരത്തലുകാരൻ' എന്നാണ് വിളിച്ചത്. ഇടതുപക്ഷത്ത് ക്രിയാത്മകമായും ശ്രദ്ധേയമായും ഇടപെടൽ നടത്തിക്കൊണ്ടിരിക്കുമ്പോൾ നിങ്ങൾക്ക് അവരെ അംഗീകരിക്കാനും നാടിനുവേണ്ടി മുന്നോട്ടുവയ്ക്കുന്ന നല്ല നിലപാടുകളെ അംഗീകരിച്ചുകൊണ്ടും അതിനെ ബഹുമാനിക്കാനും ആദരിക്കാനും ചേർത്തുപിടിക്കാനും നിങ്ങൾക്ക് മനസ്സില്ല എന്നത് നാം തിരിച്ചറിയുകയാണ്. സാമ്പത്തികമായ മിസ്മാനേജ്മെന്റാണെന്നാണ് ബഹുമാനപ്പെട്ട കോവളം

അംഗം ശ്രീ. എം. വിൻസെന്റ് ഇവിടെ പറയുന്നത്. സാമ്പത്തികമായ മിസ്മാനേജ്മെന്റ് കൊണ്ടാണോ കേരളം ഇന്ന് വ്യത്യസ്ത മേഖലകളിൽ നല്ല നിലയിൽ മുന്നേറ്റം നേടിയതെന്ന് നാം തിരിച്ചറിയണം. ഇന്ത്യയിൽ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനം കേരളമാണ്. കേരളം രൂപീകരിക്കുന്ന സമയത്ത് അതിദരിദ്രർ ഏറ്റവും കൂടുതലുള്ള ഇന്ത്യയിലെ മൂന്ന് സംസ്ഥാനങ്ങളിൽ ഒന്ന് കേരളമായിരുന്നു. ആരോഗ്യത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും സാമൂഹ്യപുരോഗതിയുടെയും മേഖലയിൽ ഏറ്റവും പിറകിൽനിന്നിരുന്ന കേരളത്തെ ഇന്ത്യയിലെ ഏറ്റവും കുറവ് ദരിദ്രരുള്ള സംസ്ഥാനമായി മാറ്റിയെടുക്കാൻ സാധിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളമുണ്ട്. സംസ്ഥാനത്തിന്റെ വരുമാനത്തിൽ ചരിത്രത്തിലെ ഏറ്റവും വലിയ വർദ്ധനവ് വരുത്തിയത് കേരളമാണ്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 24,000 കോടി രൂപയുടെ വർദ്ധനവുണ്ടായി. 2024 മേയ് മാസത്തിലെ കണക്കനുസരിച്ച് ഇന്ത്യയിൽ ഏറ്റവും കുറവ് വിലക്കയറ്റമുള്ള സംസ്ഥാനം കേരളമാണ്. ഇന്ത്യയിലെ ഏറ്റവും കുറവ് വിലക്കയറ്റം അനുഭവപ്പെടുന്ന നാല്

സംസ്ഥാനമെടുത്താൽ അതിലൊന്ന് കേരളമാണ്. 'എല്ലാവർക്കും വീട്' എന്നത് ഒരു സ്വപ്നമായെങ്കിലും അവതരിപ്പിച്ചിട്ടുള്ളത് ഇന്ത്യയിൽ ഏത് സംസ്ഥാനമാണെന്ന് നമുക്ക് മനസ്സിലാക്കാനാകും. ഇത് സ്വപ്നമല്ല. ഇന്ത്യയിൽ ഒരൊറ്റ സംസ്ഥാനമാണ്, ഇടതുപക്ഷ സംസ്ഥാനമാണ് 'എല്ലാവർക്കും വീട്' എന്ന പദ്ധതി നടപ്പാക്കുന്നത്. തെരുവോരത്തും പീടികത്തിണ്ണയിലും അന്തിയുറങ്ങുന്ന മനുഷ്യരില്ലാത്ത കേരളം സാധ്യമാക്കുമെന്ന നിശ്ചയദാർഢ്യത്തിന്റെ പ്രഖ്യാപനമാണ് കേരളത്തിൽ നടപ്പിലാക്കുന്നതെന്ന് നമുക്ക് കാണാനാകും.

മലബാർ ദേവസ്വം ബോർഡ് 2008-ൽ രൂപീകരിച്ചെങ്കിലും ദേവസ്വം നിയമം ഇതുവരെ വന്നിട്ടില്ല. മദ്രാസ് റെഗുലേഷൻ ആക്ടാണ് ഇപ്പോഴും നിലവിലുള്ളത്. 1378 ക്ഷേത്രങ്ങളിൽ 1000 ക്ഷേത്രങ്ങളിലും സ്വന്തം വരുമാനംകൊണ്ട് കൃത്യമായി ശമ്പളം നൽകാനാകാത്ത സ്ഥിതിയാണുള്ളത്. അത് പരിഹരിക്കപ്പെടണം. മലബാർ ദേവസ്വം ബിൽ അടിയന്തരമായി ഈ സഭയിൽത്തന്നെ അവതരിപ്പിക്കപ്പെടേണ്ടതുണ്ട്. അതിൽ 372 ക്ഷേത്രങ്ങളും പാലക്കാട് ജില്ലയിലാണുള്ളത്. മിക്ക ക്ഷേത്രങ്ങളും വള്ളുവനാട്ടിലാണ്.

വള്ളുവനാടിന്റെ ഭാഗമായുള്ള ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിരവധി ക്ഷേത്രങ്ങളുണ്ട്. പ്രധാനപ്പെട്ട പരിയാനമ്പറ്റ, ഈശ്വരമംഗലം എന്നിവ 'എ' ഗ്രേഡ് ക്ഷേത്രങ്ങളാണ്. ചിനക്കത്തൂർക്കാവ്, വായില്യാംകുന്ന്, ആലങ്ങാട്, പൂക്കോട്ടു കാളികാവ്, പനയൂർ, കോട്ടപ്പുറം, തിരുവളയനാട്, എളമ്പുലാശ്ശേരി നാലുശ്ശേരി, മുളഞ്ഞൂർ ഭഗവതി ക്ഷേത്രം എന്നിവ 'ബി' ഗ്രേഡ് ക്ഷേത്രങ്ങളാണ്. എന്നാൽ 'ബി' ഗ്രേഡ് ക്ഷേത്രങ്ങളിൽ പലതിലും ജീവനക്കാർക്ക് ശമ്പളം കൃത്യമായി നൽകാൻ സാധിക്കാത്ത സാഹചര്യമുണ്ട്. തൊട്ടടുത്തുള്ള മാങ്ങോട്ടുകാവ്, ചെർപ്പുളശ്ശേരി അയ്യപ്പൻകാവ്, പുത്തനാൽക്കൽ ഭഗവതി ക്ഷേത്രം, ളുത ഭഗവതി ക്ഷേത്രം എന്നിവയിൽ ചെർപ്പുളശ്ശേരിയിൽ മാത്രമാണ് ശമ്പളം കൃത്യമായി നൽകാൻ സാധിക്കുന്ന സാഹചര്യമുള്ളത്. 'ഡി' ഗ്രേഡ് ക്ഷേത്രങ്ങൾ പെരുമാങ്ങോട്, പച്ചായിൽ, കോടർമണ്ണ, തലയിണക്കാട്, പുളിയങ്കാവ്, ആയമ്പിള്ളി, കുന്നീശ്വരം, ത്രിവിക്രമപുരം, കുതിരക്കുറിശ്ശി, പകരാവൂർ, പാലപ്പുറം, പൂതൃക്കോവിൽ, ആലങ്ങാട്, വലമ്പിലിമംഗലം, കോട്ടപ്പുറം, പൂവ്വക്കോട് ക്ഷേത്രം, വേങ്ങശ്ശേരി, പുതുക്കുളങ്ങര ക്ഷേത്രം തുടങ്ങി വ്യത്യസ്തങ്ങളായ 'ഇ' ഗ്രേഡ് ക്ഷേത്രങ്ങളിലെ ജീവനക്കാർക്കുകൂടി ശമ്പളം

നൽകാനുള്ള നിലയിലേയ്ക്ക് നല്ല ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്.

നമ്മുടെ നാടിനെ എല്ലാ മേഖലയിലും ആധുനികവൽക്കരിക്കാനുള്ള നീക്കത്തിന്റെ ഭാഗമായി രജിസ്ട്രേഷൻ വകുപ്പിന് ഊന്നൽ നൽകാൻ സാധിക്കുന്നുണ്ട്. 315 സബ് രജിസ്ട്രാർ ഓഫീസുകളിലും ഇന്റർനെറ്റ് അധിഷ്ഠിത സേവനം ലഭ്യമാക്കാനായി. 100 വർഷത്തിലേറെ പഴക്കമുള്ള കെട്ടിടങ്ങൾ പുതുക്കി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. 33 സബ് രജിസ്ട്രാർ ഓഫീസുകൾ പുതുക്കി നിർമ്മിച്ച് നാടിന് സമർപ്പിക്കുന്ന സാഹചര്യമുണ്ടായി. ഇത് മികച്ച നിലയിൽ മുന്നോട്ടുപോകുകയാണ്.

കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ, ദേശീയ സാമ്പിൾ സർവ്വേയിൽ ഗ്രാമങ്ങളിൽ ആളോഹരി ഉപഭോഗചെലവ് ഏറ്റവും കൂടുതലുള്ള സംസ്ഥാനം കേരളമാണ്. ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ച അനുപാതത്തെക്കാൾ നിലവിൽ കേരളത്തിന്റെ ധനകമ്മി കുറച്ചുകൊണ്ടുവരാൻ മികച്ച ധനമാനേജ്മെന്റിലൂടെ സാധിച്ചുവെന്ന് വ്യക്തമാക്കപ്പെടുന്നു. 2023-24-ൽ കേന്ദ്ര ധനകമ്മീഷൻ പറഞ്ഞിട്ടുള്ളത് 3.5 ശതമാനമാണ്. എന്നാൽ 2.81

ശതമാനത്തിലേയ്ക്ക് എത്തിക്കാൻ സർക്കാരിന് സാധിച്ചു. സർക്കാരിന്റെ കടബാധ്യതയുടെ കാര്യത്തിലും 33.70-ആണ് കണക്കാക്കിയതെങ്കിലും 33.09-ലേയ്ക്ക് എത്തിക്കാൻ സാധിച്ചു. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണക്കുകയാണ്.

ശ്രീ. തോമസ് കെ. തോമസ്: സർ, ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഈ പ്രതിസന്ധി ഘട്ടത്തിൽ ധാരാളം പരിമിതികളുടെ നടുവിലൂടെയാണ് കടന്നുപോയ്ക്കോണ്ടിരിക്കുന്നത്. കുട്ടനാട് നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായി നിയമസഭയിലെത്തിയത് കുട്ടനാടിന്റെ സമഗ്രവികസനം ആഗ്രഹിച്ചുകൊണ്ടാണ്. കുട്ടനാട് എന്ന് പറയുമ്പോൾ ഒരുപാട് കണക്കായിട്ടുള്ള പ്രദേശങ്ങൾ ഉൾപ്പെടും. അപ്പർ കുട്ടനാട് ഉണ്ട്. ലോവർ കുട്ടനാട് ഉണ്ട്. ശ്രീ. സജി ചെറിയാന്റെ ചെങ്ങന്നൂർ നിയോജകമണ്ഡലം, ശ്രീ. മാത്യു ടി. തോമസിന്റെ തിരുവല്ല നിയോജകമണ്ഡലം, ശ്രീ. ജോബ് മൈക്കിളിന്റെ ചങ്ങനാശ്ശേരി നിയോജകമണ്ഡലം എന്നീ അംഗങ്ങളുടെ പ്രദേശങ്ങൾ ചേർന്നതാണ് കുട്ടനാട്. ധനപരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ആവശ്യമായ കാര്യങ്ങൾ

നേടിയെടുക്കാനാണ് ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നത്. എന്റെ സഹോദരനായ ശ്രീ. റോജി എം. ജോൺ ഇവിടെ പ്രസംഗിച്ചപ്പോൾ വളരെ കാര്യമായി ചോദിക്കുകയാണ്, എന്തിനാണ് പിന്തുണയ്ക്കുന്നതെന്ന്? പിന്തുണയ്ക്കണമെന്ന് ആഗ്രഹമുണ്ടെങ്കിലും എന്തിനാണ് പിന്തുണയ്ക്കുന്നതെന്ന് ചോദിച്ചതിനുശേഷവും ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിന്റെ മുഖത്തേയ്ക്കാണ് വീണ്ടും നോക്കുന്നത്. ഇവിടെ ഇരുന്ന് ഈ ഭാഷകളെല്ലാം ഉപയോഗിച്ചതിനുശേഷം നാളെ നിങ്ങളുടെ നിയോജകമണ്ഡലങ്ങളിലെ പുരോഗതിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെത്തന്നെയാണ് സമീപിക്കുന്നത്. പിന്നെ ഒരു കാര്യം കൂടി, ധനകാര്യ വകുപ്പുമന്ത്രി രാജിവയ്ക്കാൻ പോകുന്നുവെന്ന് അദ്ദേഹം പറഞ്ഞുവെന്നുകൂടി യു.ഡി.എഫ്. പറയുകയുണ്ടായി. എന്തിനാണ് ഈ ആവശ്യമില്ലാത്ത കാര്യങ്ങളൊക്കെ പറയുന്നത്. രാജിവച്ചതുകൊണ്ടോ ഓടിയതുകൊണ്ടോ ഭയപ്പെട്ടതുകൊണ്ടോ ഒന്നും അവസാനിക്കുന്ന കാര്യങ്ങളല്ലിത്. ഇതിനെ നേരിടുവാനുള്ള ശക്തിയുള്ള സർക്കാരാണ് എൽ.ഡി.എഫ്. സർക്കാർ. എന്ത് പ്രതിസന്ധിയുണ്ടെങ്കിലും അതിനെ തരണം

ചെയ്തുകൊണ്ട് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് മുന്നോട്ടുപോകുമെന്നുള്ള കാര്യത്തിൽ യു.ഡി.എഫ്.-ന് ഒരു സംശയവും വേണ്ട. യു.ഡി.എഫ്.-ന്റെ വിഷയങ്ങളും ഈ സർക്കാർ പരിഹരിക്കും. എന്റെ നിയോജകമണ്ഡലത്തിൽ രണ്ടാം കുട്ടനാട് പാക്കേജ് നടപ്പിലാക്കണം. 13 പഞ്ചായത്തിനെ പ്രതിനിധീകരിച്ചാണ് ഞാൻ നിയമസഭയിൽ വന്നിരിക്കുന്നത്. ഞങ്ങൾക്ക് 181 വാർഡുകളുണ്ട്. 430 വർഷത്തെ പഴക്കമുള്ള ചമ്പക്കുളം മൂലം വള്ളംകളിയാണ് കഴിഞ്ഞ ദിവസം നടന്നത്. അതിനൊരു ഫണ്ട് അനുവദിക്കാൻ പോലും പണമില്ലാത്ത അവസ്ഥയിലാണ് മുന്നോട്ടുപോകുന്നത്. 25 ലക്ഷം രൂപയോ 50 ലക്ഷം രൂപയോ അനുവദിച്ചാൽ അനേകം ജനങ്ങളുടെ, മതമൈത്രിയുടെ പ്രതീകമായ ചമ്പക്കുളം മൂലം വള്ളംകളിയെ സഹായിക്കാൻ സാധിക്കാത്ത അവസ്ഥയിൽ കേരളത്തെ വരിഞ്ഞുമുറുക്കിയിരിക്കുകയാണ് കേന്ദ്ര സർക്കാർ. ഈ പ്രത്യേക സാഹചര്യത്തിൽ എല്ലാവരും ചേർന്നുനിന്നുവേണ്ടേ അതിനെ പ്രതിരോധിക്കാൻ. നിങ്ങൾ കുറ്റംപറച്ചിൽ നിർത്തിയിട്ട് ആവശ്യമായ വികസനം നടത്താൻ പ്രീയങ്കരനായ ധനകാര്യ വകുപ്പുമന്ത്രിയുടെ കരങ്ങൾക്ക് ബലംകൊടുക്കുന്ന രീതിയിൽ പ്രസംഗിക്കാൻ

നിങ്ങൾക്ക് മനസ്സില്ലാതെ പോകുന്നതിന്റെ കാരണം എന്താണ്? അങ്ങനെയൊരു മനസ്സുണ്ടായെങ്കിൽ മാത്രമേ കാര്യങ്ങൾ നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകാനാകുകയുള്ളൂ. 140 എം.എൽ.എ.-മാരും പ്രതിനിധീകരിക്കുന്നത് ഓരോ നിയോജകമണ്ഡലങ്ങളെയാണ്. അവിടങ്ങളിലെ കാര്യങ്ങൾ നടത്തിയെടുക്കുകയെന്നത് എം.എൽ.എ.-മാരുടെ ചുമതലയാണ്. നിയമസഭയിൽ പറഞ്ഞെങ്കിൽ മാത്രമേ കാര്യങ്ങൾ നടക്കുകയുള്ളൂ. അതിനുള്ള അവസരം അനുയോജ്യമായ സമയത്ത് ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. നെല്ല് സംഭരണം വലിയ വിഷയമാണ്. കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കാനുള്ള പണം കൂടി ലഭിച്ചെങ്കിൽ മാത്രമേ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. നെല്ല് സംഭരിച്ചാൽ കൃത്യസമയത്ത് കർഷകർക്ക് പണം നൽകണം. പല സമയങ്ങളിലും ഏലകളിൽ മടവിഴാൻ സാധ്യതയുണ്ട്. കർഷകർക്ക് ഒരു കൈത്താങ്ങ് നൽകിയാൽ മാത്രമേ അവർക്ക് കൃഷിയുമായി മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ. കൃഷിക്കാർക്ക് ആവശ്യമായ സഹായങ്ങൾ നൽകിയെങ്കിൽ മാത്രമേ നമ്മുടെ നാട് മുന്നോട്ട് പോകുകയുള്ളൂ. അതൊന്നും മനസ്സിലാക്കാതെ

നമ്മൾ എപ്പോഴും കുറ്റംപറയുന്ന രീതിയിൽനിന്നൊന്ന് മാറിചിന്തിക്കേണ്ടത് ആവശ്യമാണ്. കുട്ടനാട് പാക്കേജ് എന്നുപറയുന്നതുപോലെ കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിക്ക് നാനൂറിൽപ്പരം കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ചെയ്യാൻ പണം ആവശ്യമാണ്. കുട്ടനാട്ടിലെ മൂന്ന് ലക്ഷത്തി അൻപതിനായിരത്തിൽപ്പരം ജനങ്ങൾ ഈ കുടിവെള്ള പദ്ധതിക്കായി കാത്തിരിക്കുകയാണ്. സർക്കാരിന്റെ പക്കൽ പണമുണ്ടെങ്കിൽ മാത്രമേ ഇതെല്ലാം നടത്തിക്കൊണ്ട് പോകാൻ സാധിക്കുകയുള്ളൂ. കേരളത്തിന്റെ വരുമാന മാർഗ്ഗങ്ങൾ എന്തൊക്കെയാണ്? കുവൈറ്റിൽ ഏകദേശം 40 വർഷം ജോലി ചെയ്ത വ്യക്തിയാണ് ഞാൻ. ഒരു സെക്കന്റിലെ അവരുടെ വരുമാനം ഒരു ലക്ഷം ദിനാറാണ്. ഒരു ദിനാർ എന്നുപറയുന്നത് 272 രൂപയാണ്. അപ്പോൾ ഒരു സെക്കന്റിൽ അവരുടെ വരുമാനം എത്രയാണെന്ന് നിങ്ങൾ ചിന്തിക്കണം. നമ്മുടെ വരുമാനമാർഗ്ഗം ജി.എസ്.ടി., ടൂറിസം, ബിവറേജസ് കോർപ്പറേഷൻ എന്നീ വകുപ്പുകളിൽനിന്ന് ലഭിക്കുന്നതുമാത്രമാണ്. കേരളത്തിന് ശക്തമായ രീതിയിലുള്ള വരുമാനം എന്താണുള്ളത്? ഒരു വരുമാനവുമില്ല. കോൺഗ്രസ് കുറെയേറെക്കാലം കേന്ദ്രം ഭരിച്ചവരല്ലേ? ഏറ്റവും പ്രിയങ്കരിയായ പ്രധാനമന്ത്രി

ഇന്ദിരാഗാന്ധി മുതൽ ഇങ്ങോട്ട് ഏറ്റവും പ്രഗത്ഭമായ രീതിയിൽ ഭരിച്ച ആളുകളാണ്. എന്തുകൊണ്ടാണ് ഒരു പ്രത്യേക പരിഗണന കേരളത്തിന് നൽകാത്തത്; നല്ല രീതിയിലുള്ള സംവിധാനമുണ്ടാക്കാത്തത്; ഇതൊന്നും ചെയ്യാതെ ഇപ്പോൾ ഈ കുറ്റംപറയുന്ന രീതി അവസാനിപ്പിച്ച്, കുട്ടനാട് എം.എൽ.എ. എന്ന നിലയിൽ എന്റെ ഒരു അപേക്ഷയാണ് എല്ലാവരും ചേർന്നുനിന്ന് കേരളത്തിന് ആവശ്യമായ സമ്പത്ത് നേടിയെടുക്കാനുള്ള പദ്ധതി ആവിഷ്കരിക്കണം. കേരളം ഒഴികെയുള്ള സംസ്ഥാനങ്ങളിൽ എല്ലാ കക്ഷികളും ഒരുമിച്ചല്ലേ നിൽക്കുന്നത്. എല്ലാ പ്രശ്നങ്ങളും മാറ്റിവച്ച് നല്ല രീതിയിൽ മുന്നോട്ട് പോകാൻ സാധിക്കണം. കുട്ടനാട് നിയോജകമണ്ഡലത്തിലെ താറാവ് കർഷകർ പ്രതിസന്ധി ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ആഴ്ചയോടാഴ്ചയുള്ള പക്ഷിപ്പനിയെ തുടർന്ന് അവയെ കുഴിച്ചുമൂടേണ്ടി വരുന്ന സാഹചര്യമാണ്. കർഷകർക്ക് ആവശ്യമായ തുക ലഭ്യമാക്കേണ്ടതുണ്ട്. കേന്ദ്രസർക്കാരിൽനിന്നും സഹായം ലഭ്യമായാൽ മാത്രമേ ഇവർക്ക് തുക അനുവദിക്കാൻ സാധിക്കുകയുള്ളൂ. ഉൾനാടൻ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് വലിയൊരു വിഷയമാണുള്ളത്. കായലുകളും തോടുകളും ആറുകളുമെല്ലാം പോള കൊണ്ട്

നിറഞ്ഞിരിക്കുകയാണ്. മത്സ്യങ്ങൾക്ക് ഓക്സിജൻ ലഭിക്കുന്നില്ല. കൂടാതെ നല്ല രീതിയിൽ മത്സ്യങ്ങളെ വളർത്താനും സാധിക്കുന്നില്ല. ഇക്കാര്യങ്ങൾക്കെല്ലാം പരിഹാരമുണ്ടാകണമെങ്കിൽ മിനിമം 500 കോടി രൂപയെങ്കിലും വേണ്ടിവരും. കുട്ടനാടിന്റെ കാര്യം മാത്രമല്ല സൂചിപ്പിക്കുന്നത്. സർവ്വശ്രീ മാത്യു ടി. തോമസ്, ജോബ് മൈക്കിൾ, സജി ചെറിയാൻ, എച്ച്. സലാം ഉൾപ്പെടെയുള്ള എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങളും ഇതിനടുത്താണ്. ഈ പ്രദേശങ്ങളിലെയും കായലുകളിലെ പോള മാറ്റി വൃത്തിയാക്കേണ്ടതുണ്ട്.

കുട്ടനാട്ടിലെ എ.സി. റോഡിന്റെ (ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ്) നിർമ്മാണച്ചെലവ് 700 കോടി രൂപയാണ്. ഇതിനോടനുബന്ധമായി 23 റോഡുകളുണ്ട്. നല്ല രീതിയിൽ പ്രവർത്തിക്കുകയാണെങ്കിൽ മാത്രമേ കാര്യങ്ങൾ മുന്നോട്ട് പോകുകയുള്ളൂ. ഒരു എം.എൽ.എ.-യ്ക്ക് സ്വപ്നം കാണാൻ സാധിക്കാത്ത രീതിയിലുള്ള പാലങ്ങളാണ് അവിടെ നൽകിയിരിക്കുന്നത്. തട്ടാശ്ശേരി പാലം നിർമ്മാണം പൂർത്തീകരിക്കേണ്ട സമയം കഴിഞ്ഞു. റോഡുകളും മറ്റ് സൗകര്യങ്ങളും നല്ല രീതിയിൽ പൂർത്തീകരിക്കണമെങ്കിൽ സമ്പത്ത് ആവശ്യമാണ്. അതുകൊണ്ട് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ

ചേർന്നുനിന്ന്  ഇക്കാര്യങ്ങൾ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാം. മുമ്പ് ശ്രീ. നരേന്ദ്ര മോഡി, ശ്രീ. അമിത് ഷാ, രാജ്നാഥ് സിങ് എന്നിവരാണുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ അവരുടേതായ ഭരണവുമായി മുന്നോട്ട് പോകാൻ കഴിയില്ല. ഈ സമയം വേണ്ടരീതിയിൽ ഉപയോഗിക്കണം. വളരെ ക്രിയാത്മകമായ പ്രതിപക്ഷമാണ് നമുക്കുള്ളത്. ശ്രീ. രാഹുൽഗാന്ധി ഉൾപ്പെടെയുള്ളവർ ശക്തമായ രീതിയിൽ കാര്യങ്ങൾ അവതരിപ്പിച്ച് കേന്ദ്രസർക്കാരിൽനിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും നേടിയെടുക്കാനുള്ള നടപടി സ്വീകരിക്കണം.

കുട്ടനാട്ടിലെ റോഡുകളും പാലങ്ങളും കുടിവെള്ള പദ്ധതികളും താറാവ് കർഷകരും  നെൽ കർഷകരും തുടങ്ങി ഒട്ടേറെ വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ട് പോകാൻ പ്രതിപക്ഷ എം.പി.-മാരുടേയും സഹായം ആവശ്യമാണ്. കേന്ദ്രസർക്കാരിനോട് സമ്മർദ്ദം ചെലുത്തി കേരളത്തിലെ വിഷയങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. അടുത്ത നിയമസഭയുടെ കാര്യം ഓർത്ത് പ്രതിപക്ഷത്തിരിക്കുന്നവർ വേവലാതിപ്പെടേണ്ടെന്നും വീണ്ടും ഞങ്ങൾ തന്നെ

അധികാരത്തിൽ വരുമെന്നും ശ്രീ. എൻ. കെ. അക്ബർ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. വളരെ നല്ല രീതിയിൽ കാര്യങ്ങൾ പൂർത്തിയാക്കുന്നതിനായി സഹായിക്കാനുള്ള സന്മനസ്സ് നിങ്ങൾക്കും ഞങ്ങൾക്കും ഉണ്ടാകട്ടെയെന്ന് ആശംസിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനം അധികാര വികേന്ദ്രീകരണം അംഗീകരിച്ച് മുന്നോട്ടുപോകുന്ന ഒരു സംസ്ഥാനമാണ്. ജില്ലാ ഭരണസംവിധാനം ഒരു ഉടലും രണ്ട് തലയും എന്ന രീതിയിലാണ് ഇപ്പോൾ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. കളക്ടേറ്റ് കേന്ദ്രീകരിച്ചുള്ള ഭരണസംവിധാനവും ജില്ലാ പഞ്ചായത്ത് കേന്ദ്രീകരിച്ചുള്ള ഭരണസംവിധാനവും. കേന്ദ്രം നിയോഗിച്ച Hanumanthaiah Committee ഇവയുടെ ഏകോപനത്തെ സംബന്ധിച്ച് നേരത്തെ സൂചിപ്പിച്ചിരുന്നു. കേരളം നിയോഗിച്ച സെൻ കമ്മിറ്റി റിപ്പോർട്ടിലും ഇത് ആവർത്തിക്കുകയുണ്ടായി. ഡി.പി.സി.-കളെ പുനഃസംവിധാനം ചെയ്തത് ഇതിന്റെ ഭാഗമായിട്ടായിരുന്നു. കളക്ടർ

അധ്യക്ഷനായിരുന്ന ഡി.പി.സി.-കളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരെ അധ്യക്ഷരാക്കി, ജില്ലാ കളക്ടറെ സെക്രട്ടറിയും ജില്ലയിലെ മേധാവികളെ ജോയിന്റ് സെക്രട്ടറിമാരുമാക്കി പുനഃസംവിധാനം ചെയ്തത് അതിന്റെ ഭാഗമായിട്ടാണ്. ഡി.പി.സി.-കൾ പദ്ധതികൾ അംഗീകരിച്ചുപോകുന്ന രീതി മാറണം. പദ്ധതികളെക്കുറിച്ചുള്ള ആഴത്തിലുള്ള പഠനവും മോണിറ്ററിംഗും അതുപോലെ പ്രശ്നപരിഹാര സംവിധാനവും ആവശ്യമാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ജില്ലാ കളക്ടർമാർ വെറുമൊരു റവന്യൂ ഉദ്യോഗസ്ഥൻ എന്ന തലത്തിലേയ്ക്ക് മാറുന്ന പല സാഹചര്യങ്ങളും ഉണ്ടാകാറുണ്ട്. അതെല്ലാം മറേണ്ടതാണ്. ജില്ലാ ഭരണ സംവിധാനങ്ങളിലൂടെ സാധാരണക്കാർക്ക് അപ്രാപ്യമാകുന്ന സാഹചര്യങ്ങൾ തടയാൻ സംവിധാനമുണ്ടാക്കണമെന്നാണ് പറയാനുള്ളത്. ആദ്യകാലത്ത് പതിനായിരം ജനസംഖ്യയ്ക്ക് ഒരു വില്ലേജ് എന്ന രീതിയിലാണ് സംവിധാനം ചെയ്തിരുന്നത്. എന്നാൽ അമ്പതിനായിരത്തിലധികം ജനസംഖ്യയുള്ള വില്ലേജുകളുണ്ട് എന്നതാണ് യാഥാർത്ഥ്യം. അതെല്ലാം പുനഃസംഘടനയ്ക്ക് സന്നദ്ധമാകേണ്ടതുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ തീരമേഖലകളെ ഉൾപ്പെടുത്തിക്കൊണ്ട് തീരദേശ

വില്ലേജ് രൂപീകരിക്കണമെന്ന ആവശ്യം സർക്കാരിന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. അത് യാഥാർത്ഥ്യമാക്കാനാവശ്യമായ ശ്രമമുണ്ടാകണമെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. വെള്ളപ്പൊക്കം, വരൾച്ച, കാലാവസ്ഥാ വ്യതിയാനം അതുവഴിയുണ്ടാകുന്ന കൃഷിനാശം എന്നിവ മുൻകൂട്ടിക്കണ്ടും ഇത് തുടരെ സംഭവിക്കുന്നതുകൊണ്ടും ഈ മേഖലയ്ക്ക് സംരക്ഷണം നൽകാനാവശ്യമായ പദ്ധതികൾ സംവിധാനം ചെയ്താണ് മുന്നോട്ടുപോകേണ്ടത്. ഭൂമി തരം മാറ്റലിന് അപേക്ഷകൾ കുന്നുകൂടി വരികയാണ്. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം ഇന്ന് യഥാർത്ഥത്തിൽ നെൽവയൽ തണ്ണീർത്തട ത്തുർക്കൽ നിയമമായി മാറിയിരിക്കുകയാണ്. ആ ബില്ലിന്റെ താൽപര്യം സംരക്ഷണമായിരുന്നെങ്കിലും ബിൽ വന്നതിനുശേഷം നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും നികത്തിയതിന്റെ കണക്ക് അപാരമായിരുന്നു എന്നതാണ് വസ്തുത. എന്നിരുന്നാലും മൂന്നോ നാലോ സെന്റ് സ്ഥലം വാങ്ങി വീട് വയ്ക്കാൻ അനുമതിക്കായി അപേക്ഷ നൽകി വർഷങ്ങൾ കാത്തുകിടക്കേണ്ട സാഹചര്യങ്ങളും ഉണ്ടായിട്ടുണ്ട്. എന്റെ പ്രദേശത്തും താലൂക്കിലും ഈ പ്രശ്നമുണ്ട്. അതുകൊണ്ട് അവർക്കുവേണ്ടി ഒരു

സ്പെഷ്യൽ അദാലത്ത് നടത്തി പരിഹാരമുണ്ടാക്കാൻ സന്നദ്ധമാകണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

മുദ്രപ്പത്രങ്ങളുമായി ബന്ധപ്പെട്ട് സൂചിപ്പിക്കുമ്പോൾ കുറഞ്ഞ വിലയ്ക്കുള്ള പത്രങ്ങൾ കിട്ടാനില്ലാത്ത സാഹചര്യം നിലനിൽക്കുകയാണ്. 20, 50 രൂപകളുടെ മുദ്രപ്പത്രങ്ങളാണ് കൂടുതൽ ആവശ്യം. എന്നാൽ 500 രൂപയുടെ മുദ്രപ്പത്രം മാത്രമേ കിട്ടുന്നുള്ളൂ എന്നത് സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം പ്രയാസകരമായ കാര്യമാണ്.

റവന്യൂ വകുപ്പിൽ തഹസിൽദാർമാരായി നിയമനം ലഭിക്കേണ്ട ഡെപ്യൂട്ടി തഹസിൽദാർമാരുടെ ഒരു ലിസ്റ്റുണ്ട്. കഴിഞ്ഞ മാസം 19-ാം തീയതിയിലെ മാതൃഭൂമിയിലെ ഒരു വാർത്ത ഇങ്ങനെയാണ്. 'തഹസിൽദാർ ഒഴിവുകളിലേയ്ക്ക് പരിഗണിക്കാൻ യോഗ്യരായ ഡെപ്യൂട്ടി തഹസിൽദാർമാരുടെ സെലക്ട് ലിസ്റ്റിൽ കൈക്കൂലിക്കാർ മുതൽ പോക്സോ കേസിൽ പതിനേഴ് വർഷം ശിക്ഷിക്കപ്പെട്ട പ്രതി വരെ, സർക്കാർ പണം അപഹരിച്ചവർ, പുറമ്പോക്കിൽ പാറ പൊട്ടിക്കാൻ ഒത്താശ ചെയ്തവർ, പാറമട ലൈസൻസിന് കൈക്കൂലി വാങ്ങിയവർ, വ്യാജപട്ടയമുണ്ടാക്കി കായൽ പതിച്ചുനൽകിയവർ

തുടങ്ങിയവരൊക്കെ അക്കൂട്ടത്തിലുണ്ട്. പതിനഞ്ചുപേരെ കണ്ടെത്താനായി പട്ടിക പരിശോധിച്ചപ്പോൾ പത്തുപേരും ഇത്തരക്കാരാണ് എന്നതാണ് വസ്തുത. റവന്യൂ വകുപ്പിലെ അഴിമതിയുടെ ആഴം വ്യക്തമാക്കുന്ന കാര്യമാണിത്. അഴിമതി ദേശസാൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന എന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ പോകുന്ന എന്നതാണ് നാം ഭയപ്പെടേണ്ടത്. അത് തടയാനുള്ള സംവിധാനങ്ങൾ ചെയ്യണമെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു.

തിരൂർ സിവിൽസ്റ്റേഷൻ ഇപ്പോൾ ജീർണ്ണാവസ്ഥയിലാണ്. പഴക്കമുള്ള കെട്ടിടം ചോർന്നൊലിക്കുന്നു. മാത്രമല്ല നിലവിൽ 14 കെട്ടിടങ്ങൾ പുറത്താണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇതെല്ലാം കേന്ദ്രീകരിച്ച് പ്രവർത്തിക്കാവുന്ന രീതിയിൽ ഒരു പുതിയ കെട്ടിടം-റവന്യൂ ടവർ ആവശ്യമാണ്. അതിന് അനുയോജ്യമായ സ്ഥലവും കൈവശമുണ്ട്. ഇത് സ്ഥാപിക്കാൻ സന്നദ്ധമാകണമെന്നുകൂടി ഈ സന്ദർഭത്തിൽ ആവശ്യപ്പെടുന്നു.

ഇടതുപക്ഷത്തിനുണ്ടായ തെരഞ്ഞെടുപ്പ് പരാജയം വളരെ കനത്തതാണെന്ന് അംഗീകരിക്കാൻ നിങ്ങൾക്ക് കഴിയാത്തത് ഞങ്ങളുടെ

ദൗർബല്യം കൊണ്ടല്ല. ഇവിടെ എന്തൊക്കെ വർത്തമാനങ്ങളാണ് പറയുന്നത്; നിങ്ങളാണ് ജനങ്ങളുടെ അട്ടിപ്പേറവകാശികൾ എന്നാണ് കഴിഞ്ഞ കാലങ്ങളിലൊക്കെ വലിയ വർത്തമാനങ്ങളായി നിങ്ങൾ പറഞ്ഞിരുന്നത്. ഇപ്പോൾ ഇവിടെ ഞങ്ങൾ അഹങ്കരിക്കുന്നു എന്നാണ് നിങ്ങൾ പറയുന്നത്. ഏത് സാഹചര്യത്തിലാണ് ഞങ്ങൾ അഹങ്കരിക്കുന്നത്; 1977-ൽ 20 സീറ്റിലും ഇതിനേക്കാൾ അഭൂതപൂർവ്വമായ വിജയം നേടി ഈ സഭയിലേയ്ക്ക് വന്നിട്ടും യു.ഡി.എഫ്. അഹങ്കരിച്ചിട്ടില്ല. എന്നിട്ടാണോ ഇതിന് ഞങ്ങൾ അഹങ്കരിക്കുന്നത്; 'അഹങ്കാരം നിങ്ങളുടെ തലയിലെ തലപ്പാവാണെന്ന് അപ്പുറത്തുള്ള ആളുകളാണ് ചിന്തിക്കേണ്ടത്. നിങ്ങൾ 2021-ൽ ജയിച്ചുവന്നു. ഇത് പതിനഞ്ചാം നിയമസഭയുടെ 11-ാം സമ്മേളനമാണ്. പത്താം സമ്മേളനത്തിൽ അവസാനം പ്രസംഗിച്ച ഇടതുപക്ഷത്തിലെ അംഗം പോലും 2021-ലെ വിജയകഥ പറയുകയും ശ്രീ. പിണറായി വിജയനെ വളരെ പുകഴ്ത്തുകയും ചെയ്തുകൊണ്ടാണ് പ്രസംഗം അവസാനിപ്പിച്ചത്. പുകഴ്ത്തിപ്പറഞ്ഞോളൂ..... പക്ഷെ ആ വിജയവും നിങ്ങളുടെ നേട്ടവും 99 എന്ന കണക്കും ഈ സഭയ്ക്കകത്ത് എത്രമാത്രം മുഴങ്ങിയിട്ടുണ്ടെന്ന് ഓർമ്മയുണ്ടോ; 3

വർഷക്കാലമായി ഇതുതന്നെയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. എന്നാൽ ഇപ്പോൾ വിജയം നേടിയ ഞങ്ങൾ വിജയിച്ചെന്ന് പറയാൻ പോലും പാടില്ലെന്നുള്ളതാണോ നിങ്ങളുടെ രീതി? ആദരണീയനായ മുഖ്യമന്ത്രി ഇവിടെ നമ്മുടെയെല്ലാം മുഖം നോക്കിയിരിക്കുകയാണ്. എന്തിനാണ് ഈ സുന്ദരിക്കുട്ടിയെ ഇങ്ങനെ നോക്കിയിരിക്കുന്നത്; വേറെ എവിടെയെങ്കിലും നിങ്ങൾക്ക് നോക്കാൻ പാടില്ലേ. ഞങ്ങളുടെ മുഖത്തേയ്ക്ക് മഞ്ഞകണ്ണടയും വച്ച് നോക്കുമ്പോൾ അങ്ങനെയൊക്കെ കാണും. മഞ്ഞപ്പിത്തം പിടിച്ച കുട്ടി കാണുന്നതൊക്കെ മഞ്ഞയെന്നൊരു ചൊല്ലുണ്ട്. അതുകൊണ്ട് ആശങ്കയോടുകൂടി നോക്കണ്ട. ഞങ്ങളുടെ മുഖം വികൃതമല്ല; സുന്ദരമാണ്. സുന്ദരമായ മുഖവും തിളങ്ങുന്ന കണ്ണുകളും ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിനുണ്ട്. അതാരുടെയും മുന്നിൽ അടിയറവ് വയ്ക്കില്ല.

2019-ൽ ഞങ്ങൾക്ക് ലഭിച്ച വോട്ട് ഇപ്പോൾ നിങ്ങൾക്ക് കിട്ടിയില്ലല്ലോ, എന്നിട്ടും നിങ്ങൾ എന്തിനാണ് അഹങ്കരിക്കുന്നതെന്ന് മുഖ്യമന്ത്രി പ്രസംഗത്തിൽ ചോദിക്കുകയുണ്ടായി. 2019-ൽ ലഭിച്ച വോട്ടിനെക്കാൾ ഞങ്ങൾക്ക് വോട്ട് കുറഞ്ഞിട്ടുണ്ടെന്നകാര്യം ഞങ്ങൾ അംഗീകരിക്കുന്നുണ്ട്. 5.67

ശതമാനം വോട്ടാണ് ഞങ്ങൾക്ക് കുറഞ്ഞതെങ്കിൽ ഒരു ശതമാനത്തിന്റെ വ്യത്യാസത്തിൽ നിങ്ങൾക്ക് 4.67 ശതമാനമാണ് കുറഞ്ഞത്. ഞങ്ങൾക്ക് വോട്ട് കുറയാൻ തക്കതായ മൂന്ന് കാരണങ്ങളുണ്ട്. അതിലൊന്ന് നിങ്ങൾക്കും കുറച്ച് ബാധകമാണ്. 2019-ലെ തിരഞ്ഞെടുപ്പിൽ 404780 വോട്ടുകൾ കൂടുതൽ ലഭിച്ചു; അത്രയും വോട്ട് ഇപ്രാവശ്യം ലഭിച്ചില്ല. എന്നുപറഞ്ഞാൽ 1.98 ശതമാനം വോട്ട്; 2 ശതമാനം എന്ന് പറയാം. രണ്ടാമത്തെ കാരണം, 2019-ൽ ഞങ്ങളുടെ ഒപ്പമുണ്ടായിരുന്ന സംഘടനയായ കേരള കോൺഗ്രസ് (എം) ഇപ്പോൾ നിങ്ങളുടെ കൂടെയാണ്. ഞങ്ങളുടെ കൂടെയുണ്ടായിരുന്ന 'ഒരു വലിയ ജനകീയ പാർട്ടി' ഇപ്പോൾ നിങ്ങളോടൊപ്പമായി. അതിന്റെ കുറവും വോട്ടിലുണ്ടാകും. മറ്റൊരു കാരണം, ശ്രീ. രാഹുൽ ഗാന്ധി ആദ്യമായി കേരളത്തിൽവന്ന് മത്സരിക്കുകയാണ്; അദ്ദേഹം പ്രധാനമന്ത്രി സ്ഥാനത്തേയ്ക്ക് വരുന്നുവെന്ന ധാരണ ജനങ്ങൾക്കുണ്ടായിരുന്നു. അപ്പോൾ വയനാട് മണ്ഡലത്തിൽ മാത്രമല്ല, കേരളത്തിലാകെ അതിന്റെ പ്രതിഫലനങ്ങൾ ഉണ്ടായിരുന്നു. നമുക്കറിയാമല്ലോ, ആദ്യമായി പുതുമണവാളൻ വീട്ടിലേയ്ക്ക് വരുമ്പോൾ കുടുംബക്കാരും അയൽക്കാരും ബന്ധുക്കളുമൊക്കെവരും; എന്നാൽ, രണ്ടാമത് വരുമ്പോൾ

അതുണ്ടാവില്ല. ആദ്യം വന്നപ്പോൾ എല്ലാവരുംകൂടി അത്ഭുതത്തോടെ നോക്കിനിന്നു. അതിന്റെ ഒരു വളർച്ചയാണ് അന്ന് നമുക്ക് കാണാൻ കഴിഞ്ഞത്. ഞങ്ങൾക്ക് വോട്ട് കുറയാൻ തക്കതായ കാരണമുണ്ട്. പക്ഷേ, നിങ്ങൾക്ക് 4.67 ശതമാനം വോട്ട് കുറഞ്ഞത് ബി.ജെ.പി.-ക്ക് വോട്ട് പോയതുകൊണ്ടാണെന്നല്ലാതെ മറ്റെന്തെങ്കിലും കാരണം പറയാനുണ്ടോ? ഇപ്പോൾ സി.പി.ഐ.(എം)-ഉം സി.പി.ഐ.-ഉം എല്ലാ കുറ്റങ്ങളും മുഖ്യമന്ത്രിയുടെ തലയിൽ വയ്ക്കുകയാണ്. അങ്ങനെ മുഖ്യമന്ത്രിയുടെ തലയിൽ മാത്രം വയ്ക്കേണ്ട ആവശ്യമില്ല; നിങ്ങളുടെ എല്ലാവരുടെയും നയത്തിന്റെ ഫലമാണെന്ന് തിരിച്ചറിയാൻ നിങ്ങൾക്ക് സാധിക്കണം.

<u>ചെയർപേഴ്സൺ</u>: പ്ലീസ് കൺക്ലൂഡ്..... അങ്ങ് ചുരുക്കണം.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, സൂര്യനാണ് പിണറായി വിജയനെന്ന് ഇവിടെ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു, ആ സൂര്യാഘാതമേറ്റ തളർച്ച കേരളത്തിന് ... (മൈക്ക് ഓഫ്) .....

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എനിക്ക് ഏറെ ബഹുമാനപ്പെട്ട ഒരു അംഗമാണ് തൊട്ടുമുമ്പ്

സംസാരിച്ച ശ്രീ. കുറുക്കോളി മൊയ്തീൻ. അദ്ദേഹത്തിനെന്തുപറ്റി എന്നാണ് ഞാൻ ആലോചിക്കുന്നത്? അദ്ദേഹം ഏതോ ഒരു സുന്ദരിയെക്കുറിച്ച് പരാമർശിച്ചല്ലോ; ഞങ്ങൾ ഏതോ ഒരു സുന്ദരിയെക്കണ്ട് മോഹിച്ചിരിക്കുകയാണെന്നും പറഞ്ഞു. ആ സുന്ദരിയുടെ വൈകൃതമായ മുഖം 2011-2016 കാലയളവിൽ യു.ഡി.എഫ്.-ന്റെ ഭരണത്തിനുകീഴിൽ കേരളം കണ്ടതാണ്. ആ സുന്ദരിയെക്കണ്ട് മോഹിക്കുന്നുവെന്നൊക്കെ പറഞ്ഞാൽ അദ്ദേഹത്തിന് എന്തുപറ്റി എന്നുമാത്രമേ അതിനെക്കുറിച്ച് പറയാനുള്ളൂ. കേരളത്തെ ഈ രീതിയിലാണ് യു.ഡി.എഫ്. ഉൾപ്പെടെയുള്ള രാഷ്ട്രീയ നേതൃത്വം നോക്കിക്കാണുന്നത്. ഇന്ത്യയിൽ മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ച് അസാധാരണമായ മുന്നേറ്റം നടത്തിയ സംസ്ഥാനമാണ് കേരളം. പൊതുവിദ്യാഭ്യാസ രംഗത്ത് മാതൃകാപരമായ നേട്ടം കൈവരിച്ച കേരളം സമ്പൂർണ സാക്ഷരതയ്ക്കുട്ടത്തെത്തി നിൽക്കുകയാണ്. ലക്ഷക്കണക്കിന് മലയാളികൾ വിദേശത്തുപോയി ഒരുലക്ഷത്തിലധികം കോടി രൂപ വിദേശത്തുനിന്ന് നേടിത്തരുന്നത് ഈ പൊതുവിദ്യാഭ്യാസത്തിന്റെ മേന്മയാണ്. അതിനുവേണ്ടി പതിനായിരക്കണക്കിന് കോടി രൂപയാണ് കേരളം

ചെലവഴിച്ചിട്ടുള്ളത്. ആരോഗ്യമേഖലയുടെ സ്ഥിതിയും ഇതുതന്നെയാണ്. ഏറ്റവും കൂടുതൽ കാലം ജീവിക്കുന്നവരായി മലയാളികൾ മാറിയത് ആയിരക്കണക്കിന് കോടി രൂപ ആരോഗ്യമേഖലയിൽ ചെലവഴിച്ച് സൃഷ്ടിപരമായി നേടിയ നേട്ടം കാരണമാണ്. അതുപോലെ പൊതുവിതരണം ശക്തിപ്പെടുത്തി വിലക്കയറ്റം നിയന്ത്രിക്കുന്നതിലും ദേശീയ ശരാശരിയെക്കാൾ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിലും ശ്രദ്ധേയമായ പങ്കുവഹിച്ച സംസ്ഥാനമാണ് കേരളം. പതിനായിരക്കണക്കിന് കോടി രൂപയാണ് അതിനുവേണ്ടി ഈ സംസ്ഥാനം വിനിയോഗിക്കുന്നത്. പട്ടിണി കിടക്കുന്നവരുടെ എണ്ണം സീറോ പോയിന്റിലേയ്ക്ക് എത്തുകയും 'അതിദരിദ്രരില്ലാത്ത കേരളം' എന്ന ലക്ഷ്യം നടപ്പിലാക്കുകയും ചെയ്യുന്ന സംസ്ഥാനമാണ് കേരളം. ആ കേരളത്തിന് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റിനെക്കുറിച്ചാണ് ഇത്തരത്തിൽ സംസാരിക്കുന്നത്. ഇതിനെക്കാൾ എന്ത് സൗന്ദര്യമാണ് ഈ രാജ്യത്ത് കേരളം കൈവരിക്കേണ്ടത്? 97 ശതമാനം പേർക്ക് വീട്; 98 ശതമാനം പേർക്ക് ഭൂമി; ഈ നേട്ടം കൈവരിച്ച മറ്റേത് സംസ്ഥാനമാണ് ഇന്ത്യയിലുള്ളത്. ഈ സൗന്ദര്യത്തെ അവർ എന്താണ്

കാണാത്തത്? 92 ലക്ഷം കുടുംബങ്ങളിലെ 62 ലക്ഷംപേർക്ക് പ്രതിമാസം 1600 രൂപ വീതം പെൻഷൻ കൊടുക്കുന്ന സംസ്ഥാനമാണ് കേരളം. കണക്ക് പരിശോധിച്ചാൽ, കഴിഞ്ഞ എട്ടുവർഷക്കാലംകൊണ്ട് കേരളത്തിൽ സാമൂഹ്യക്ഷേമ പെൻഷൻ ഇനത്തിൽ വിതരണം ചെയ്തത് 62,000 കോടി രൂപയാണ്. ഉമ്മൻ ചാണ്ടിയുടെ സൗന്ദര്യമുള്ള ഭരണകാലമായ 2011-16 കാലഘട്ടത്തിൽ കേവലം 9,100 കോടി രൂപ മാത്രമാണ് സാമൂഹ്യക്ഷേമ പെൻഷൻ ഇനത്തിൽ വിതരണം ചെയ്തത്. ആ സൗന്ദര്യമൊക്കെ ആസ്വദിക്കണം. പെൻഷൻ കുടിശ്ശികയെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ മുഖ്യധാരയിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾ, എല്ലാ ഗ്രാമങ്ങളിലും വൈദ്യുതിയും റോഡും കുടിവെള്ളവും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ എന്നിവ നടപ്പിലാക്കുകയും പൊതുമേഖല, കാർഷികമേഖല, സിവിൽ സർവീസ് എന്നിവയെ ശക്തിപ്പെടുത്തുകയും ക്രമസമാധാനം ഭദ്രമാക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള നിരവധി പ്രവർത്തനങ്ങളുമായി കേരളത്തിനെ രാജ്യത്തെ ഒന്നാം നമ്പർ എന്ന നിലയിലേയ്ക്കെത്തിക്കുന്നത് ഈ സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിന്റെ

ഭാഗമാണ്. കേരളം കൈവരിച്ച നേട്ടങ്ങളെല്ലാംതന്നെ മൗലിക സ്വഭാവമുള്ളതും മനുഷ്യസമൂഹത്തിന്റെ മൗലികാവകാശം ഉറപ്പാക്കുന്നതുമാണ്. ആ സൗന്ദര്യമാണ് ഇടതുപക്ഷത്തിന്റെ നേതൃത്വത്തിൽ ഞങ്ങൾ ഉറപ്പാക്കുന്നത്. കോൺഗ്രസ് ഉൾപ്പെടെയുള്ള കേന്ദ്ര സർക്കാരുകൾ എല്ലാക്കാലത്തും ഇതിനെയൊക്കെ തടസ്സപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. 2014-ൽ അധികാരത്തിൽവന്ന നരേന്ദ്ര മോദി ഗവൺമെന്റ് അതിന് ആക്കം കൂട്ടുകയാണ് ചെയ്തത്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇടതുപക്ഷ മതനിരപേക്ഷ സമീപനങ്ങളെ ഇല്ലാതാക്കി വലതുപക്ഷ സമീപനത്തിലേയ്ക്ക് കേരളത്തെ എത്തിക്കുകയെന്ന രാഷ്ട്രീയ ലക്ഷ്യം ഇതിന്റെ പിന്നിലുണ്ടെന്ന് നമ്മൾ മനസ്സിലാക്കേണ്ടതാണ്. അതുപോലെ കേന്ദ്ര ഗവൺമെന്റ് നമുക്ക് അർഹമായ വിഹിതം അനുവദിക്കാത്തത് സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ പറയുന്നത് രാജ്യത്തിന്റെ വരുമാനത്തിന്റെ 62.77 ശതമാനം ലഭിക്കേണ്ടത് കേന്ദ്രസർക്കാരിനും ചെലവിന്റെ 62.4 ശതമാനം വഹിക്കേണ്ടത് സംസ്ഥാന സർക്കാരുമാണെന്നാണ്. ഈ സാമ്പത്തിക അസമത്വമാണ് കേരളം ചർച്ച ചെയ്യേണ്ടത്. ഈ

സാഹചര്യത്തിലും നികുതി പിരിവ് ഊർജിതപ്പെടുത്തിയും ചെലവുകൾ നിയന്ത്രിച്ചും സാമ്പത്തിക ധ്രുവീകരണത്തിന്റെ അടിസ്ഥാനതത്ത്വത്തിൽ ഊന്നിനിന്നുകൊണ്ട് ഒരുദിവസംപോലും ട്രഷറി അടച്ചിടാതെയും ശമ്പളം, പെൻഷൻ എന്നിവ കൃത്യസമയത്ത് നൽകിയും സാമ്പത്തികം കൈകാര്യം ചെയ്യാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ആനപെറ്റുകിടക്കുന്ന സ്ഥലമാണ് എന്നുപറഞ്ഞ് ആക്ഷേപിക്കുമ്പോൾ കേരളം നിർവഹിക്കുന്ന കാര്യങ്ങൾക്കൂടി മനസ്സിലാക്കണം. കടമെടുക്കാനുള്ള പരിധി വെട്ടിക്കുറച്ചതുകാരണം ദേശീയപാത നിർമ്മിക്കുന്നതിനും നാഷണൽ ഹൈവേയ്ക്കുവേണ്ടി സ്ഥലമേറ്റെടുത്തതിനും 5,200 കോടിരൂപ അതായത് ഇരുപത്തിഅഞ്ച് ശതമാനം തുകയാണ് അടയ്ക്കേണ്ടിവന്നത്. രാജ്യത്ത് മറ്റൊരു സംസ്ഥാനത്തിനും ഇത്രയും തുക അടയ്ക്കേണ്ടി വന്നിട്ടില്ല. അപ്പോഴും ട്രഷറി ചെലവ് വർദ്ധിക്കുകയാണ്. 2023-24-ൽ 1,068,407 കോടി രൂപയാണ് ട്രഷറി ചെലവ് വർദ്ധിച്ചത്.

ധനാഭ്യർത്ഥനയിലുള്ള പ്രധാനപ്പെട്ട ഒരു വകുപ്പാണ് റവന്യൂ വകുപ്പ്. എല്ലാവർക്കും ഭൂമി, എല്ലാവർക്കും ഭൂരേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്

എന്നിവയാണ് കഴിഞ്ഞ മൂന്നുവർഷമായി റവന്യൂ വകുപ്പ് നടപ്പിലാക്കിയ ശ്രദ്ധേയമായ പരിഷ്കാരങ്ങൾ. ഈ ലക്ഷ്യം പ്രഖ്യാപിച്ചതിന്റെ ഭാഗമായി ഈ ഗവൺമെന്റിന്റെ കാലത്ത് നാല് പട്ടയ മേളകളിലായി 153103 കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ട്. പാവപ്പെട്ടവർക്ക് ഭൂമി നൽകുന്നതിനുവേണ്ടി കഴിഞ്ഞ എട്ടുവർഷംകൊണ്ട് ഏതാണ്ട് 330114 പട്ടയങ്ങളാണ് ഈ ഗവൺമെന്റിന്റെ നേതൃത്വത്തിൽ നൽകിയത്. പട്ടയ വിതരണത്തിന് പ്രത്യേകമായി ഡാഷ് ബോർഡ് രൂപീകരിക്കുകയും ഗവൺമെന്റിന്റെ പ്രത്യേക അധികാരമുപയോഗിച്ചുകൊണ്ട് പട്ടയ വിതരണത്തെ തടസ്സപ്പെടുത്തുന്ന നിയമപരമായ പ്രശ്നങ്ങൾ ഒഴിവാക്കി ഭൂമി ഇല്ലാത്തവർക്ക് ഭൂമി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ പട്ടയങ്ങൾ സ്മാർട്ടാകുന്നു; വിതരണം ചെയ്യുന്ന പട്ടയങ്ങളെല്ലാം ഇ-സ്മാർട്ട്/ഇ-പട്ടയങ്ങളായി മാറുന്നു. ഈ സർക്കാർ ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിന്റെ വേഗത വർദ്ധിപ്പിക്കുവാൻ പട്ടയം മിഷൻ രൂപീകരിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസർ കൺവീനറായുള്ള വില്ലേജുതല സമിതി മുതൽ ചീഫ് സെക്രട്ടറി ചെയർമാനായ സംസ്ഥാനതല നിരീക്ഷണ സമിതി വരെയുള്ള

സമിതികൾ ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ കൃത്യമായി അവലോകനം നടത്തി കേരളത്തിൽ ഭൂമി ഇല്ലാത്തവർക്ക് ഭൂമി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയത് ഏതുകാലത്തെ ഗവൺമെന്റിനും മാതൃകയാണ്. അതുപോലെ ഭൂരേഖയെല്ലാം ഡിജിറ്റലാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 1666 വില്ലേജുകളിൽ ഡിജിറ്റൽ സർവെ ആരംഭിച്ചു. അതിൽ ആദ്യഘട്ടത്തിൽ 200 വില്ലേജുകളിലും രണ്ടാം ഘട്ടത്തിൽ 204 വില്ലേജുകളിലും ഡിജിറ്റൽ സർവെ നടക്കുകയാണ്. 1966-ൽ ആരംഭിച്ച റീ-സർവെ നടപടികളുടെ സ്ഥിതി നമുക്കറിയാം; 57 വർഷം കൊണ്ട് 911 വില്ലേജുകളിൽ മാത്രമാണ് റീ-സർവെ നടപടികൾ പൂർത്തിയായത്. ഇപ്പോൾ സംസ്ഥാനത്ത് 404 വില്ലേജുകളിൽ ഡിജിറ്റൽ സർവെ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. അഞ്ച് വർഷംകൊണ്ട് മുഴുവൻ വില്ലേജ് ഓഫീസുകളും ഭൂരേഖകൾ ഡിജിറ്റലാക്കുന്ന നടപടികളിലേയ്ക്ക് പോകുകയാണ്. എന്റെ നിയോജകമണ്ഡലമായ ചാത്തന്നൂരിലെ സ്മാർട്ട് വില്ലേജ് ഓഫീസിനെക്കുറിച്ച് ബഹുമാനപ്പെട്ട പി. എസ്. സുപാൽ, എം.എൽ.എ. പരാമർശിച്ചതിന് നന്ദി. അതുപോലെ ഭൂസംരക്ഷണ കാര്യത്തിലും ജനക്ഷേമ

പ്രവർത്തനങ്ങളിലും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്താനുള്ള ജനകീയ സമിതികൾ നിശ്ചലമായിരുന്നു; അവയെല്ലാം പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനം ജനകീയ സമിതിയുടെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. 698 സ്മാർട്ട് വില്ലേജ് ഓഫീസുകൾക്ക് ഭരണാനുമതി ലഭിച്ചതിൽ 478 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പേരിലുണ്ടായിട്ടുള്ള തരംമാറ്റവുമായി ബന്ധപ്പെട്ട നിയമനിർമ്മാണങ്ങൾ ഗവർണർ ഒപ്പിടാതിരുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ അദാലത്തുകളിലൂടെ പതിനായിരക്കണക്കിന് പരാതികളാണ് പരിഹരിച്ചത്. അതുപോലെ അഴിമതിയെ ദേശവൽക്കരിക്കുന്നുവെന്ന കാര്യം ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ അഴിമതിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. റവന്യൂ വിജിലൻസ് വിഭാഗവും അതുപോലെ വിവിധ സമിതികളുണ്ടെങ്കിലും ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. കൊല്ലം ജില്ലയിലെ

കൊട്ടാരക്കരയിൽ ഇത്തരത്തിൽ ഒരു ആക്ഷേപം വന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് ഇടപെട്ട് അഡീഷണൽ സെക്രട്ടറിയെ അവിടേയ്ക്ക് നിയോഗിച്ച് കൃത്യമായ പരിശോധന നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ കൈയോടെ പിടികൂടി ഏഴോളം പേർ സസ്പെൻഷനിലാകുകയും സുരേഷ് കുമാർ എന്ന ജീവനക്കാരനെ പിരിച്ചുവിടുന്ന നടപടിയിലേയ്ക്ക് പോകുകയും ചെയ്തു. ഈ ഗവൺമെന്റ് റവന്യൂ വകുപ്പിൽ അഴിമതിക്കെതിരായ സുശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് .....

<u>ചെയർപേഴ്സൺ</u>: പ്ലീസ്... കൺക്ലൂഡ്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, 10 മിനിറ്റാണ് സമയം. രജിസ്ട്രേഷൻ വകുപ്പിലെ സ്മാർട്ട് രജിസ്ട്രേഷൻ ഓഫീസ് വളരെ നല്ല രീതിയിലാണ് പ്രവർത്തിക്കുന്നത്. ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുണ്ട്. റവന്യൂ വകുപ്പിൽ നേരത്തെ സ്മാർട്ട് വില്ലേജ് ഓഫീസിനെക്കുറിച്ച് പറഞ്ഞതുപോലെ മണ്ഡലത്തിലെ മുഴുവൻ രജിസ്ട്രേഷൻ ഓഫീസുകളും സ്മാർട്ടാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നകാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യാർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ധനാഭ്യർത്ഥനകളിലുള്ള ധനകാര്യം, രജിസ്ട്രേഷനും ജില്ലാ ഭരണകൂടവും പെൻഷനും ഭവനനിർമ്മാണവും ദുരിതാശ്വാസവും ഉൾപ്പെടെയുള്ള മേഖലകളിലെല്ലാം ഏതെങ്കിലും കുറവുകൾ വന്നെന്ന് പ്രതിപക്ഷത്തിൽനിന്ന് സംസാരിച്ച ആരും സൂചിപ്പിക്കുകയുണ്ടായില്ല. പ്രധാനമായും കേരളത്തിലെ ധനകാര്യ സ്ഥിതിയെ സംബന്ധിച്ച നിറം പിടിപ്പിച്ച, തിരഞ്ഞെടുപ്പിന് മുമ്പുള്ള അവസ്ഥ വീണ്ടും വിശദീകരിക്കാൻ വേണ്ടിയാണ് പ്രതിപക്ഷം ശ്രമിച്ചത്. കാര്യങ്ങൾ മനസ്സിലാക്കാതെയല്ല പ്രതിപക്ഷം ഇത് അവതരിപ്പിക്കുന്നതെന്ന് അറിയാം. ഈ സഭ തന്നെ നിരവധി തവണ കേരളത്തിന്റെ ധനകാര്യ സ്ഥിതിയെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. വളരെ ഗുരുതരമായ സാഹചര്യത്തിൽക്കൂടിയാണ് കേരളം കടന്നുപോകുന്നത്. അതിന്റെ വിശദീകരണത്തിലേയ്ക്ക് പോകുന്നില്ല; പ്രകൃതി ദുരന്തങ്ങളോടൊപ്പം വലിയ മഹാമാരി നേരിട്ട ഘട്ടത്തിലും ഇതേ സമീപനം തന്നെയായിരുന്നു

പ്രതിപക്ഷത്തിനുണ്ടായിരുന്നത്. ഒരു ചെറിയ സഹായംപോലും ജനങ്ങളിൽനിന്ന് സ്വീകരിക്കുന്നതിൽ നിങ്ങൾ എതിർപ്പാണ് പ്രകടിപ്പിച്ചത്. അത്തരം പ്രവർത്തനങ്ങളോട് സഹകരിക്കുന്നതിനും നിങ്ങൾ വിമുഖതയാണ് കാണിച്ചത്. ലോകത്താകമാനമുള്ള മഹാമാരിയെ നേരിടാൻ മാതൃകാപരമായ പ്രവർത്തനം നടത്തിയപ്പോൾ നിഷേധാത്മക സമീപനമാണ് നിങ്ങൾ സ്വീകരിച്ചത്. നിങ്ങൾ ക്രിയാത്മക പ്രതിപക്ഷമല്ലെന്ന് ആദ്യം മുതലെ തെളിയിക്കുന്നതാണ്. ഈ ഘട്ടത്തിലും ഇതുതന്നെയാണ് നിങ്ങൾ ചെയ്യുന്നത്. കേരളത്തിൽ സാമ്പത്തിക പ്രയാസമില്ലെന്ന് ഏതെങ്കിലും ഘട്ടത്തിൽ ഈ ഗവൺമെന്റ് പറഞ്ഞിട്ടുണ്ടോ? കേരളത്തിൽ സാമ്പത്തിക പ്രയാസങ്ങളുണ്ടായിട്ടുണ്ട്; കേരളത്തിലെ ഗവൺമെന്റിന്റെ കെടുകാര്യസ്ഥതകൊണ്ടാണ് ആ സാമ്പത്തിക പ്രയാസങ്ങൾ ഉണ്ടായതെന്നാണ് നിങ്ങൾ ആക്ഷേപിക്കുന്നത്. കേരളത്തിൽ ധൂർത്ത് നടത്തുന്നെന്നും കെടുകാര്യസ്ഥതയാണെന്നും കടം വാങ്ങി കൂട്ടുകയാണെന്നുമുള്ള പതിവ് പല്ലവിയാണ് നിങ്ങൾക്കുള്ളത്. കേരളത്തിലെ മലയാളികളുടെ താൽപര്യം സംരക്ഷിക്കുന്നതിനുള്ള നിലപാട് സ്വീകരിക്കാൻ കേരളത്തിലെ

പ്രതിപക്ഷമോ പാർലമെന്റിൽ പ്രതിപക്ഷ സ്ഥാനമുണ്ടായിരുന്നില്ലെങ്കിലും അന്നുണ്ടായിരുന്ന എം.പി.-മാരും പരിശ്രമിച്ചിട്ടുണ്ടെന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുമോ? ഇവിടെ തനത് നികുതി വരുമാനം വർദ്ധിച്ചില്ലേ. കെടുകാര്യസ്ഥതയുടെ കാര്യം നേരത്തേ പറഞ്ഞല്ലോ; അങ്ങനെയാണെങ്കിൽ തനത് നികുതിവരുമാനം വർദ്ധിക്കുമായിരുന്നോ? അത് ഇനിയും വർദ്ധിക്കണമെന്നതിൽ തർക്കമില്ല. 47,000 കോടി രൂപയുണ്ടായിരുന്ന നികുതി വരുമാനം 71,000 കോടി രൂപയായി. നേരത്തെ പറഞ്ഞതുപോലെ 24000 കോടി രൂപയുടെ വർദ്ധനവുണ്ടാക്കിയതിന്റെ ഭാഗമായാണ് സംസ്ഥാനത്തിന് മുന്നോട്ടുപോകാൻ സാധിച്ചത്. കേരളത്തിലെ ധനകാര്യ മാനേജ്മെന്റ് തികഞ്ഞ പരാജയമാണെന്ന് സമർത്ഥിക്കുമ്പോൾ ഈ വസ്തുത കാണാതെയല്ല നിങ്ങൾ പറയുന്നത്. നിങ്ങൾക്ക് ചില രാഷ്ട്രീയ ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളുമുണ്ട്. അത് നിങ്ങൾ വീണ്ടും തുടരുന്നുവെന്നതാണ് വ്യക്തമാക്കുന്നത്.

കേരളത്തിന് ലഭിക്കേണ്ട നികുതി വിഹിതത്തെക്കുറിച്ച് എത്ര തവണയാണ് ചർച്ച ചെയ്തത്. ഞാൻ അതിന്റെ വിശദീകരണത്തിലേയ്ക്ക്

പോകുന്നില്ല. കേരളം അമിതമായി കടം എടുക്കുന്നുണ്ടോ; രാജ്യത്ത് Fiscal Responsibility and Budget Management (FRBM) Act ഇല്ലേ; മൂന്ന് ശതമാനത്തിന്റെ അപ്പുറത്തേയ്ക്ക് കേരളത്തിന്റെ കടം പോയിട്ടുണ്ടോ? മൂന്ന് ശതമാനത്തിൽ താഴെയാണ് കടം. കഴിഞ്ഞ കാലത്തുണ്ടായിരുന്ന 37 ശതമാനത്തിൽനിന്നും 35 ശതമാനത്തിലേയ്ക്ക് കേരളത്തിന്റെ കടം കുറഞ്ഞിട്ടുണ്ട്. ധനകാര്യ മാനേജ്മെന്റിന്റെ തകരാറിന്റെ ഭാഗമായിട്ടാണോ ഇത് സംഭവിച്ചത്? കടമെടുക്കുന്നത് ഒരു മഹാപാപമെന്ന നിലയ്ക്ക് നോക്കിയാൽ നിലവിലുള്ള കടത്തിന്റെ ഇരട്ടി യു.ഡി.എഫ്.-ന്റെ ഭരണകാലത്തുണ്ടായിട്ടുണ്ട്. അതുപോലെ FRBM Act കേന്ദ്ര ഗവൺമെന്റിന് ബാധകമല്ല. 51 ശതമാനമാണ് കേന്ദ്ര ഗവൺമെന്റിന്റെ കണക്ക്; കേരളത്തിന്റേത് 31 ശതമാനമാണ്. കടമെടുക്കുന്നതിന്റെ കാര്യത്തിൽ ഒന്നാം സ്ഥാനത്തുള്ള സംസ്ഥാനം കേരളമല്ല. ബി.ജെ.പി.-യും കോൺഗ്രസും ഭരിക്കുന്ന സംസ്ഥാനങ്ങൾ കടത്തിന്റെ കാര്യത്തിൽ മുൻപന്തിയിലാണ്. കടമെടുക്കാതെ മുന്നോട്ടുപോകണമെന്ന് ആഗ്രഹിച്ചാലും സാധിക്കാത്ത സ്ഥിതിയാണ് രാജ്യത്തുള്ളത്. ഇപ്പോഴത്തെ കേന്ദ്ര നയങ്ങളാണ് രാജ്യത്ത് ആ സ്ഥിതിയുണ്ടാക്കിയത്. അതിന്റെ

പിതൃത്വത്തിൽ നിങ്ങൾക്കും പങ്കുണ്ട്. കാർഷിക മേഖലയിലെ തകർച്ചയ്ക്ക് കാരണം ബി.ജെ.പി.യാണെന്ന് നിങ്ങൾ പറയുന്നുണ്ട്. ഇപ്പോൾ അതിനെതിരെ പ്രക്ഷോഭവും പ്രതിഷേധവും നടക്കുന്നുണ്ട്. രാജ്യത്തിന്റെ സ്വാശ്രയത്വം തകർക്കുന്നതിന് ഇടയാക്കിയ നയങ്ങൾ സ്വീകരിച്ചത് തെറ്റാണെന്ന് പറയാൻ നിങ്ങളിപ്പോഴും തയ്യാറല്ല. അത്തരം നിലപാടുകളുമായി നിങ്ങൾ മുന്നോട്ടുപോകുകയാണ്. പരിധി ലംഘിച്ചുകൊണ്ട് കേന്ദ്ര സർക്കാർ കടമെടുക്കുന്നതിനെക്കുറിച്ച് നിങ്ങൾക്ക് ആക്ഷേപമില്ല; മുമ്പും നിങ്ങൾക്ക് ആക്ഷേപമുണ്ടായിരുന്നില്ല, ഇപ്പോൾ ഉണ്ടാകുമോ? ഇപ്പോൾ പ്രതിപക്ഷ കക്ഷിക്ക് ആവശ്യമായ സീറ്റ് നിങ്ങൾക്കുണ്ട്. അതിന്റെ രാഷ്ട്രീയ സാഹചര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ആ സീറ്റ് പ്രയോജനപ്പെടുത്തി ഫെഡറലിസത്തിന് നേരിട്ട വെല്ലുവിളികളെ ചോദ്യം ചെയ്യാൻ കേരളത്തിൽനിന്നുള്ള എം.പി.-മാർ ഉൾപ്പെടെയുള്ളവർ തയ്യാറാകുമോ? അങ്ങനെയാണെങ്കിൽ കേരളത്തിന്റെ കാര്യങ്ങൾ ഉന്നയിക്കുന്നതിന് ഇവിടെ നിന്ന് ജയിച്ചുപോയ എം.പി.-മാർക്ക് ബാധ്യതയുണ്ടെന്ന് സൂചിപ്പിക്കുകയാണ്. നിങ്ങൾ സംസ്ഥാന ഗവൺമെന്റിനെ കുറ്റം പറയുകയാണ് ചെയ്യുന്നത്. ഈ

ഗവൺമെന്റിന് ലഭിക്കേണ്ടത് സംസ്ഥാനത്തിന് അർഹമായ വിഹിതമാണ്; അല്ലാതെ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ലഭിക്കേണ്ട വിഹിതമല്ല. സംസ്ഥാനത്തിന് അർഹമായ വിഹിതം ലഭിക്കുന്നില്ലെന്ന പ്രശ്നത്തിൽ സംയുക്ത പ്രക്ഷോഭത്തിന് നമ്മൾ ആലോചന നടത്തിയിരുന്നെങ്കിലും നിങ്ങൾ അതിൽനിന്ന് മാറിനിന്നു. തിരഞ്ഞെടുപ്പിനുമുമ്പുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഒരു രാഷ്ട്രീയ പ്രശ്നമായാണ് നിങ്ങൾ അതിനെ കണ്ടത്. അതിന്റെ ഭാഗമായി നിങ്ങൾ ആ സമരത്തിന് ഇല്ലെന്ന് തീരുമാനിച്ചു. അത് ഞങ്ങളുടെ മാത്രം പ്രശ്നമായിരുന്നോ? ദക്ഷിണേന്ത്യൻ സംസ്ഥാനമായ കർണാടകയിലെ കോൺഗ്രസ് ഗവൺമെന്റ് ഈ പ്രശ്നത്തിൽ കേന്ദ്രത്തിൽ പോയി ഒരു ദിവസം സമരം ചെയ്തില്ലേ? അതിനുശേഷമാണ് കേരളത്തിൽനിന്നുള്ള സമരം നടന്നത്. പ്രധാനമന്ത്രി ഈ സമരത്തെ തെക്കന്മാരുടെ സമരം എന്ന് ആക്ഷേപിച്ചു. പക്ഷേ, കോൺഗ്രസ്സിന് സംസ്ഥാനങ്ങളുടെ ഫെഡറലിസത്തിലും ധനകാര്യ സ്ഥിതിയിലുമുള്ള ആശങ്ക കേരളത്തിന്റെ മാത്രം അവസ്ഥയല്ല, ഇന്ത്യയിലാകമാനം അതിനൊരു യോജിപ്പുണ്ടാക്കുന്ന വിധത്തിലുള്ള സാഹചര്യം വളർത്തിയെടുത്തത് കേരളത്തിന്റെ സങ്കുചിത രാഷ്ട്രീയ

സ്ഥിതിയിൽ നിങ്ങൾ ആ വിഷയത്തിനെ നോക്കിക്കണ്ടതുകൊണ്ടാണ്. ആ കുറ്റം ഇപ്പോഴെങ്കിലും നിങ്ങൾ ഏറ്റുപറയണ്ടേ; സംസ്ഥാനങ്ങൾക്കുള്ള വിഹിതം കേരളത്തിന്റെ മാത്രം പ്രശ്നം ആയിരുന്നില്ലല്ലോ. സംസ്ഥാനത്തിനുള്ള വിഹിതത്തിൽ പ്രധാനമന്ത്രി പ്ലാനിൽ വെട്ടിക്കുറവ് വരുത്താൻ ശ്രമം നടത്തിയെന്നത് പ്ലാനിംഗ് ബോർഡിലെ ഉന്നത ഉദ്യോഗസ്ഥൻ തന്നെ വെളിപ്പെടുത്തിയല്ലോ. എങ്ങനെയാണ് ബി.ജെ.പി., സംസ്ഥാനങ്ങളോട് പെരുമാറുന്നതെന്നും രാഷ്ട്രീയവിരോധത്തിന്റെ ഭാഗമായി വ്യവസ്ഥാപിതമായ ഭരണഘടനാ സ്ഥാപനങ്ങളെയെല്ലാം ഒഴിവാക്കിക്കൊണ്ട് പ്രതിപക്ഷത്തുള്ള സംസ്ഥാനങ്ങളെ ബുദ്ധിമുട്ടിക്കുന്നതെന്നുമുള്ള കാര്യങ്ങൾ ഇവിടെ എത്രയോ പ്രാവശ്യം ചർച്ച ചെയ്തതാണ്. നിങ്ങൾ അക്കാര്യം ഇപ്പോഴെങ്കിലും ഉൾക്കൊള്ളാൻ തയ്യാറാണെങ്കിൽ അതിനാവശ്യമായ തിരുത്തലുകൾ ഉണ്ടാകണം.

നിങ്ങൾ ജയിച്ചിട്ടുണ്ട്; ഞങ്ങളാരെങ്കിലും യു.ഡി.എഫ്. ജയിച്ചില്ലെന്ന് പറഞ്ഞോ? നിങ്ങൾ മികച്ച വിജയം നേടിയിട്ടുണ്ട്; ഞങ്ങൾ തോറ്റിട്ടുമുണ്ട്. സഭയിൽ ആ രാഷ്ട്രീയ പ്രശ്നങ്ങളെല്ലാം പരസ്പരം ചർച്ച ചെയ്തുപോയതാണ്.

പക്ഷേ, ഒരു രാഷ്ട്രീയ തിരഞ്ഞെടുപ്പ് വിജയത്തിന്റെ അടിസ്ഥാനത്തിൽ മാത്രം കേരളത്തിന്റെ പ്രശ്നങ്ങളെ രാജ്യത്തിന്റെ പൊതുസ്ഥിതിയുമായി ബന്ധപ്പെടുത്തി പഴയ സ്വഭാവത്തിൽതന്നെ നിങ്ങൾ പോകേണ്ടതുണ്ടോ; എങ്ങനെയാണ് ഈ വിജയമുണ്ടായത് എന്ന രാഷ്ട്രീയധാരണ നിങ്ങൾക്കുണ്ടെങ്കിൽ ഇത്തരം ഒരു സമീപനമല്ല കേരളത്തിലെ പ്രതിപക്ഷം കാണിക്കേണ്ടതെന്ന് ഞാൻ വിനയപൂർവ്വം ഓർമ്മപ്പെടുത്തുകയാണ്. ഇവിടെ സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക കൊടുക്കാനുണ്ട്; അക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സമ്മതിച്ചിട്ടുണ്ട്. നിലവിലെ സാമ്പത്തിക പ്രതിസന്ധിയിലും അത് കൊടുക്കുമെന്ന് തീരുമാനിച്ചു. കുടിശ്ശിക കൊടുക്കാനായി സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിങ്ങൾക്ക് എന്നാണ് ജീവനക്കാരോട് ഇത്രയധികം സ്നേഹമുണ്ടായത്; നിങ്ങൾക്ക് അത്രയധികം സ്നേഹമാണല്ലോ ജീവനക്കാരോട്. നിങ്ങളുടെ പ്രധാനപ്പെട്ട നേതാവ് ശ്രീ. എ. കെ. ആന്റണി കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നപ്പോൾ കേരളത്തിലെ ജീവനക്കാരുടെ ശമ്പളം പിടിച്ചുവച്ച് നിയമന നിരോധനം നടത്തിയവരാണ് നിങ്ങൾ എന്ന കാര്യം മറക്കേണ്ട. ബഹുമാനപ്പെട്ട രമേശ്

ചെന്നിത്തല അന്ന് പറഞ്ഞത് ജീവനക്കാരുടെ ശമ്പളത്തിൽനിന്ന് 25% പിടിച്ചുവയ്ക്കണമെന്നാണ്. അത്തരത്തിലുള്ള സമീപനമാണ് നിങ്ങളുടേത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശമ്പളപരിഷ്കരണത്തിനുള്ള സാമ്പത്തിക ബാധ്യത ഏറ്റെടുക്കുന്നതിൽ എന്തെങ്കിലും കുറവ് വരുത്തിയോ? പത്തിരുപതിനായിരം കോടി രൂപയുടെ സാമ്പത്തിക ബാധ്യത ഏറ്റെടുത്ത് ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കിയവരല്ലേ ഇടതുപക്ഷ സർക്കാർ. സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും നിങ്ങൾ ഈ ജീവനക്കാരുടെ ഡി.എ. കുടിശ്ശികയുടെ പ്രശ്നം രാഷ്ട്രീയലാഭത്തിനുവേണ്ടി പ്രയോജനപ്പെടുത്തുന്നു. അത് ശരിയാണോയെന്ന് നിങ്ങൾ ആലോചിക്കണം. അവർക്ക് അർഹതപ്പെട്ടത് കൊടുക്കണം എന്നുതന്നെയാണ് ഞങ്ങളുടെ നിലപാട്. ക്ഷേമ പെൻഷനുമായി ബന്ധപ്പെട്ട കാര്യത്തിൽ വലിയ ഉൽക്കണ്ഠ ഞങ്ങൾക്കുമുണ്ട്. അഞ്ച് മാസത്തെ പെൻഷൻ കുടിശ്ശിക കൊടുക്കാനുണ്ടെന്ന് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ഇവിടെ പറഞ്ഞു. 2023 സെപ്റ്റംബർ മാസം വരെ ക്ഷേമ പെൻഷനിൽ നയാപൈസയുടെ കുടിശ്ശികയുണ്ടായിരുന്നോ; ഈ സഭ പാസ്സാക്കിയതല്ലേ. 1600 രൂപ പെൻഷൻ വർധിപ്പിച്ചുനൽകി. ഉമ്മൻ

ചാണ്ടി ഗവൺമെന്റിന്റെ സമയത്തെ 18 മാസത്തെ കുടിശ്ശികയുടെ കാര്യം പറയുമ്പോൾ നിങ്ങൾ വിഷമിച്ചിട്ട് കാര്യമില്ല. ഇത് ഒരു നയവുമായി ബന്ധപ്പെട്ട കാര്യം സൂചിപ്പിക്കാനാണ്. അത്തരം ഒരു സാഹചര്യത്തിൽപോലും 2023 സെപ്റ്റംബർ വരെ 1600 രൂപ പെൻഷൻ കൊടുക്കുന്നതിൽ എപ്പോഴെങ്കിലും കുടിശ്ശിക വരുത്തിയിരുന്നോ. പെൻഷൻ കൊടുത്തുതീർത്തല്ലോ. എപ്പോഴാണത് മുടങ്ങിയത്; സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി ശ്വാസംമുട്ടിക്കാൻ വേണ്ടിയുള്ള വലിയ പരിശ്രമം കേന്ദ്ര സർക്കാർ നടത്തിയപ്പോൾ അത് കാണാതെ, ഇതുതന്നെ അവസരമെന്ന് മുതലാക്കി നിങ്ങൾ അവരുടെ കൂടെ ചേർന്നു. നിങ്ങൾ ഇന്ന് വേദനയോടെ ഇവിടെ അവതരിപ്പിച്ച പെൻഷൻകാരുടെ പ്രശ്നത്തിന് നമ്മൾ ഒരുമിച്ച് പോരാടിയിരുന്നെങ്കിൽ, നിങ്ങളുടെ എം.പി.-മാരുടെ ശ്രമമുണ്ടായിരുന്നെങ്കിൽ, ഈ സംസ്ഥാനത്തിന് ആവശ്യമായ വിഹിതം ലഭ്യമായിരുന്നെങ്കിൽ ക്ഷേമ പെൻഷൻ കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കാൻ കഴിയുമായിരുന്നു. 2023 സെപ്റ്റംബറിനുശേഷം നാല് ഗഡുക്കൾ കൊടുത്തു. അഞ്ചാം ഗഡു ഇപ്പോൾ കൊടുക്കാൻ പോകുകയാണ്. എന്തായാലും കുടിശ്ശികയുണ്ട്. കഴിഞ്ഞ ദിവസം ആ വിഷയം

അടിയന്തരപ്രമേയ ചർച്ചയായി സഭയിൽ വന്നിരുന്നു. പെൻഷൻ തുടർച്ചയായി കൊടുക്കാനുള്ള നടപടി സ്വീകരിക്കാമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചു. നിങ്ങൾ ജനകീയ പ്രശ്നങ്ങൾ ഉന്നയിക്കുകയും അതിനെതിരെ സമരം ചെയ്യുകയും കേരളം അതിന്റെ വേദിയാകുകയും ചെയ്യണം. ഇക്കാര്യത്തിലൊന്നും എനിക്ക് തർക്കമില്ല. പക്ഷേ നിങ്ങൾ മുതലക്കണ്ണീർ ഒഴുക്കുന്നത് രാഷ്ട്രീയലാഭത്തിനുവേണ്ടിയാണെന്ന് കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും. ചില സുന്ദരികൾ, മറ്റുള്ളവർ അവരെ ലക്ഷ്യം വച്ചിരിക്കുന്നു എന്നുകരുതി മോഹിനികളായിത്തീരുകയാണ്. ആ മോഹിനിയുടെ തട്ടമിട്ട് വയനാട്ടിൽ തിരഞ്ഞെടുപ്പ് പ്രവർത്തനം നടത്താൻ കഴിഞ്ഞോയെന്ന് നിങ്ങൾ ആലോചിക്കണം. ഇപ്പോൾ നിങ്ങൾക്ക് ആഹ്ലാദിക്കാൻ അവകാശമുണ്ട്. നിങ്ങളുടെ പതാക പിടിച്ച് ആ തിരഞ്ഞെടുപ്പ് പ്രചരണത്തിൽ പങ്കെടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ? മതരാഷ്ട്രം വേണമെന്ന് ബി.ജെ.പി. പറയുന്നതുപോലെ പറയുന്ന മറ്റൊരു സംഘടനയായ എസ്.ഡി.പി.ഐ. എന്ന ഭീകരവാദ സംഘടനയെ നിങ്ങളുടെ ചിറകിൽ ഒളിപ്പിച്ച്, "ജനാധിപത്യം അവരാണ്, അവരുടെയും വോട്ട് ഞങ്ങൾക്ക്

കിട്ടിയിട്ടുണ്ടാവാം" എന്ന് പറഞ്ഞതുകൊണ്ടായോ; നിങ്ങൾ കൊടുക്കുന്ന സന്ദേശം എന്താണ്; കേരളത്തിൽ ഭൂരിപക്ഷവർഗ്ഗീയതയുടെ പേരിൽ വർഗ്ഗീയ പ്രശ്നങ്ങളുണ്ടാക്കാൻ ശ്രമിക്കുന്ന ശക്തികൾക്ക് നിങ്ങൾ പിന്തുണ നൽകുന്നു എന്നല്ലേ? ആ സുന്ദരിയുടെ മുഖം വികൃതമാകാതിരിക്കണം എന്നാണ് ഞങ്ങൾ പറയുന്നത്.

ഞങ്ങളുടെ ജില്ലാ കമ്മിറ്റിയുടെ ചർച്ചയെക്കുറിച്ച് പറഞ്ഞു. ഒരു തിരഞ്ഞെടുപ്പ് ഉണ്ടായാൽ ഏഴ് അല്ല, പതിനാല് ജില്ലാ കമ്മിറ്റികളിലും ഞങ്ങളുടെ മുന്നണിക്കകത്തും പാർട്ടിക്കകത്തും ഇതൊക്കെ ചർച്ച ചെയ്യും. പാർട്ടി നേതാക്കളെയും സംഘടനയെയും ഞങ്ങളുടെ വിമർശനം ഉന്നയിക്കാറുമുണ്ട്. നിങ്ങൾ തൃശ്ശൂർ കമ്മിറ്റി ചേരാൻ ശ്രമിക്കണം. ശ്രീ. കെ. മുരളീധരനെ തിരഞ്ഞെടുപ്പ് പ്രവർത്തനത്തിൽ പങ്കാളിയാക്കാൻ നോക്കണം, അദ്ദേഹം വയനാട്ടിലേയ്ക്ക് പോകുമെന്ന് പറഞ്ഞിട്ടുണ്ട്. തൃശ്ശൂർ ഡി.സി.സി.-യുടെ ഒരു യോഗം അക്രമമില്ലാതെ നടത്താൻ ശ്രമിക്കൂ. ഞങ്ങളുടെ കമ്മിറ്റികളൊക്കെ ചേരുകയും നല്ല വിമർശനം ഉണ്ടാകുകയും ചെയ്യുന്നുണ്ട്. കാസർഗോഡ് നിങ്ങൾ ആ കമ്മിറ്റിയൊന്ന് കൂടിനോക്കണം.

തിരുവനന്തപുരത്ത് ശ്രീ. ശശി തരൂരിന്റെ പരാതി നിങ്ങൾ ചർച്ച ചെയ്യുകയും ആലത്തൂർ തങ്കപ്പൻ എന്ന ഡി.സി.സി. പ്രസിഡന്റിന്റെ കാര്യം ചർച്ച ചെയ്യുകയും വേണം. സമാധാനപരമായി ചർച്ച ചെയ്യാൻ കഴിയാത്തവരാണ്. നിങ്ങൾ ചർച്ച എന്ന പേരിൽ ഞങ്ങളെ ഭീഷണിപ്പെടുത്തേണ്ട. ഞങ്ങൾ ഈ തിരഞ്ഞെടുപ്പ് പരാജയം അംഗീകരിക്കുന്നവരാണ്. പക്ഷേ, തിരഞ്ഞെടുപ്പ് പരാജയം ഏറ്റവും അവസാനത്തേതാണ്, ഞങ്ങളുടെ കഥ കഴിഞ്ഞു എന്നുള്ള നിങ്ങളുടെ വിലയിരുത്തലിൽ നിങ്ങൾ പലപ്പോഴും പാളിപ്പോയിട്ടുണ്ട്. ഞങ്ങൾ 2021-ന്റെ വിജയം മാത്രമല്ല, 2019-ൽ യു.ഡി.എഫ്. ജയിച്ചതിന്റെ പിറ്റേദിവസം എന്നു പറയാവുന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ കേരളത്തിലെ മഹാഭൂരിപക്ഷം സീറ്റിലും ഞങ്ങളാണ് ജയിച്ചുവന്നത്. അപ്പുറത്ത് ഒരു പ്രത്യേക സാഹചര്യത്തിൽ നിങ്ങളെ ജയിപ്പിച്ചു. അത് ഇന്ത്യൻ ദേശീയ രാഷ്ട്രീയത്തിന്റെ പ്രത്യേകതയാണ്. അത് കണ്ട് അഹങ്കരിക്കരുത് എന്നേ പറഞ്ഞുള്ളൂ. നിങ്ങളുടെ ജയം ആഘോഷിക്കരുതെന്ന് ആരുംതന്നെ പറഞ്ഞിട്ടില്ല. ദേശീയ രാഷ്ട്രീയത്തിലുള്ള ഈ പ്രത്യേകതയുടെ ഭാഗമായി നമ്മുടെ രാജ്യത്തുണ്ടായ തിരഞ്ഞെടുപ്പ് വിജയം ശുഭോദർക്കമായ ഒരു ലക്ഷണമാണെന്ന് ഞങ്ങൾ

പറയുകയും അതിനെ സ്വാഗതം ചെയ്യുകയും ചെയ്തല്ലോ. ഇവിടെ നിങ്ങൾ അതിനനുസിച്ചുള്ള ഒരു സമീപനം സ്വീകരിക്കണം. നിങ്ങൾ എല്ലാവരും ഇന്ന് രാവിലെയും പറഞ്ഞത് കേരളത്തിന്റെ വികസനത്തിനായി എല്ലാ പദ്ധതികളും കിഫ്ബിയിൽ ഉൾപ്പെടുത്തണം എന്നല്ലേ; കിഫ്ബിയുടെ മുൻകാല പ്രാബല്യത്തോടുകൂടിയുള്ള കടം കേരളത്തിന്റെ കടത്തിൽ ഉൾപ്പെടുത്തിയപ്പോൾ നിങ്ങളത് ആഘോഷിച്ചില്ലേ? നിങ്ങൾ പറയുന്ന കാര്യങ്ങളിൽ വൈരുദ്ധ്യമുണ്ട്. എല്ലാ മണ്ഡലങ്ങളിലെയും വിവിധ മേഖലകളിൽ തുല്യമായ വികസന പ്രവർത്തനങ്ങളുണ്ട്. ഒരു സർക്കാരിന്റെ പ്രവർത്തനങ്ങളിൽ ക്രിയാത്മകമായ വിമർശനങ്ങൾ ഉന്നയിക്കുന്ന ഒരു പ്രതിപക്ഷമായി നിങ്ങൾ മാറണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഞങ്ങൾ നിറംപിടിപ്പിച്ച കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണെന്നാണ് ശ്രീ. എ. സി. മൊയ്തീൻ സൂചിപ്പിച്ചത്. ഞങ്ങൾ പല പ്രാവശ്യം സാമ്പത്തിക മാനേജ്മെന്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഈ സഭയിൽ പറഞ്ഞതാണ്.

എത്രപറഞ്ഞാലും നിങ്ങൾക്ക് മനസ്സിലാകില്ല; ഞങ്ങൾ പല പ്രാവശ്യം പറഞ്ഞിട്ടും മനസ്സിലാകാത്ത കാര്യങ്ങളൊക്കെ ഇപ്പോൾ നിങ്ങളുടെ ജില്ലാ കമ്മിറ്റിയിൽ ചോദ്യം ചെയ്തുവരുന്നുണ്ട്. നിയമസഭയിൽ എന്താണോ പറഞ്ഞത്, അതാണ് നിങ്ങളുടെ ജില്ലാ കമ്മിറ്റി അംഗങ്ങളും ജില്ലാ സെക്രട്ടേറിയറ്റ് അംഗങ്ങളുമൊക്കെ ചോദിച്ചുകൊണ്ടിരിക്കുന്നത്. പലതവണ ആവർത്തിച്ച് പറഞ്ഞതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കർഷകർക്കും സാമൂഹ്യക്ഷേമ പെൻഷൻകാർക്കും പെൻഷൻ കൊടുക്കാത്തത് കേന്ദ്ര ഗവൺമെന്റ് വിഹിതം നൽകാത്തത് കൊണ്ടാണെന്നാണ് സർക്കാർ ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നത്. 57000 കോടി രൂപയുടെ നറേറ്റീവാണ് നിങ്ങളുണ്ടാക്കിയിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് അനുവദിക്കുന്ന വായ്പാ പരിധിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നിങ്ങളൊരു കേസ് ഫയൽ ചെയ്തിരിക്കുന്നത് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ കീഴിൽ പരിഗണനയിലാണ്. നിങ്ങളുടെ സംസ്ഥാന സെക്രട്ടറി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്ന 57000 കോടി രൂപ കേന്ദ്ര ഗവൺമെന്റിൽനിന്ന്

ലഭിക്കാനുണ്ടെന്നുള്ള കാര്യം, ഈ കേസുമായി ബന്ധപ്പെട്ട ഏതെങ്കിലുമൊരു അഫിഡവിറ്റിൽ നിങ്ങൾ സുപ്രീംകോടതിയിൽ പറഞ്ഞിട്ടുണ്ടോ; ഇല്ലയോ? 57000 കോടി രൂപയുടെ കാര്യം ജനങ്ങളോട് പറയുന്നതിനപ്പുറം, ഈ തുക ലഭിക്കാനുണ്ടെങ്കിൽ ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽ അവതരിപ്പിച്ചിട്ടുണ്ടോ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എന്റെ ഈ ചോദ്യങ്ങൾക്ക് മറുപടി പറയണം.

ഡിസംബർ മാസത്തിൽ എക്സ്പെൻഡിച്ചർ കമ്മിറ്റിയുമായി ബന്ധപ്പെട്ട റിപ്പോർട്ട് സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്, ഇല്ലെങ്കിൽ ഇല്ലെന്ന് പറയണം. സംസ്ഥാന എക്സ്പെൻഡിച്ചർ കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് ആ റിപ്പോർട്ട് പരസ്യപ്പെടുത്താതെന്നുകൂടി ബഹുമാനപ്പെട്ട മന്ത്രി പറയണം. സ്വാഭാവികമായും എക്സ്പെൻഡിച്ചറിന്റെ ക്വാളിറ്റിയെക്കുറിച്ചൊക്കെ പറയുന്നത് എക്സ്പെൻഡിച്ചർ കമ്മിറ്റിയാണ്. സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ നിലവാരവും ഗുണമേന്മയും എത്രയുണ്ടെന്ന് വിലയിരുത്തുന്നത് ആ റിപ്പോർട്ടിലാണ്. ആ റിപ്പോർട്ട്

ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ട് നിങ്ങൾ ആ റിപ്പോർട്ട് പബ്ലിഷ് ചെയ്യുന്നില്ല, എന്ന എന്റെ ചോദ്യത്തിന് മറുപടി പറയണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

സമയക്കുറവുകൊണ്ട് നികുതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംബന്ധിച്ച് പരാമർശിക്കുന്നില്ല, എത്ര പറഞ്ഞാലും നിങ്ങൾക്ക് വ്യത്യസ്ത അഭിപ്രായമാണുള്ളത്. ഡോ. ടി. എം. തോമസ് ഐസക് ആംനസ്റ്റി സ്കീമുകളെക്കുറിച്ച് വളരെ വാചാലമായി പറഞ്ഞിരുന്നു. ആംനസ്റ്റി സ്കീം ഏതാണ്ട് ആറുവർഷം നടപ്പാക്കുകയും പിന്നീട് അത് നിർത്തിവയ്ക്കുകയും ചെയ്തു. അത് വിജയമായിരുന്നോ; പരാജയമായിരുന്നോ; പരാജയമായിരുന്നത് കൊണ്ടാണല്ലോ അങ്ങ് അത് നിർത്തിവച്ചത്. പിന്നീട് ആംനസ്റ്റി സ്കീം വീണ്ടും പുനഃസ്ഥാപിച്ചു. യഥാർഥത്തിൽ നികുതി പിരിച്ചെടുക്കുന്ന വിഷയത്തിൽ ഡോ. ടി. എം. തോമസ് ഐസക്കും അങ്ങും സമ്പൂർണ്ണ പരാജയമാണെന്നുള്ള കാര്യത്തിൽ എന്ത് സംശയമാണുള്ളത്? എത്രമാത്രം തുക പിരിച്ചെടുത്തു; എത്രമാത്രം തുക ഇനി ലഭിക്കാനുണ്ട്; അത്തരം കാര്യങ്ങളിൽ നടപടിയെടുക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. എന്തുകൊണ്ടാണ് കഴിയാത്തത്?

ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ചതുപോലെ, ഇവിടെ കേരളീയവും നവകേരള സദസ്സും നടന്നു. നിങ്ങളുടെ ഉദ്യോഗസ്ഥർ നാട് മുഴുവൻ നടന്ന് പണക്കാരിൽനിന്നും വ്യവസായികളിൽനിന്നും പിരിവ് നടത്തി പണം കണ്ടെത്തി. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി പ്രകാരം രാഷ്ട്രീയ പാർട്ടികൾ വാങ്ങുന്ന പണത്തിനുപോലും കണക്ക് ഉണ്ടായിരിക്കേണ്ടതല്ലേ? രാഷ്ട്രീയ പാർട്ടികൾ വാങ്ങുന്ന പണം എത്രയുണ്ട്; നേരിട്ട് എത്ര വാങ്ങാം; ചെക്കായി എത്ര വാങ്ങാം; അതിൽക്കൂടുതൽ വാങ്ങുന്നത് എങ്ങനെയായിരിക്കണം എന്നൊക്കെയുള്ളതിന് കണക്കില്ലേ? നവകേരള സദസ്സും കേരളീയവുമായി ബന്ധപ്പെട്ട് എത്ര പണം പിരിച്ചുവെന്ന ചോദ്യത്തിന് ഞങ്ങൾ വിവരാവകാശം മുഖേന കത്ത് നൽകിയിട്ട് അതിന് ഒരു മറുപടിയും ലഭിച്ചില്ല. അങ്ങേയ്ക്ക് നിയമസഭാ ചോദ്യങ്ങളും നൽകി. ഇത്ര കോടി രൂപ പിരിച്ചുവെന്ന് നിങ്ങൾ എവിടെയെങ്കിലും പറഞ്ഞോ; നിങ്ങൾ പിരിച്ചുവെന്നുള്ളത് സത്യമാണല്ലോ; അതുകൊണ്ടാണല്ലോ ജി.എസ്.ടി.-യിലെ ഉദ്യോഗസ്ഥരെ വിളിച്ച് മുഖ്യമന്ത്രി ആദരിച്ചത്. സ്പോൺസർഷിപ്പിലൂടെ പിരിച്ച തുക എത്ര കോടി രൂപയാണെന്ന് വെളിപ്പെടുത്താൻ, സ്പോൺസർഷിപ്പ്

പിരിച്ചതിന്റെ പേരിൽ അവാർഡ് കൊടുക്കുന്ന ഗവൺമെന്റിന് ഉത്തരവാദിത്വമില്ലേ; ബാധ്യതയില്ലേ? തിരിച്ചു പറയാം, എന്തുകൊണ്ട് പറയുന്നില്ല? ഇത്തരം കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം. അതുമായി ബന്ധപ്പെട്ട് സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് ധാരാളം പറയാനുള്ളതുകൊണ്ട് ഞാൻ അതിലേയ്ക്ക് കൂടുതൽ കടക്കുന്നില്ല കാരണം സമയപരിമിതിയുണ്ട്.

എം.പി.-മാരുടെ കാര്യത്തെക്കുറിച്ച് ശ്രീ. എ. സി. മൊയ്തീൻ ഇവിടെ സൂചിപ്പിച്ചു. എം.പി.-മാർ അഞ്ചുവർഷം എന്ത് ചെയ്തുവെന്നത് കേരളത്തിലെ ജനങ്ങൾക്ക് ബോധ്യമുള്ളതുകൊണ്ടാണ് ഞങ്ങളുടെ എം.പി.-മാർ വീണ്ടും ജയിച്ച് പാർലമെന്റിൽ എത്തിയിട്ടുള്ളത്. നിങ്ങൾക്ക് ആലപ്പുഴയിൽ ആകെയൊരു കനലുണ്ടായിരുന്നു, ആ കനലും കെട്ടു. ശ്രീ. കെ. രാധാകൃഷ്ണന് കിട്ടിയത് നിങ്ങളുടെ പാർട്ടിയുടെ കനലല്ല. അദ്ദേഹത്തിനുണ്ടായിരുന്ന കനൽ അദ്ദേഹം സ്വയം ഊതിവീർപ്പിച്ചതിന്റെ ഫലമായി വ്യക്തിപരമായി ലഭിച്ച വോട്ടുകളാണ്. നേരിയ ഭൂരിപക്ഷത്തിന് അദ്ദേഹം ജയിച്ചതുകൊണ്ട്

ഒരാളുണ്ടെന്ന് നിങ്ങൾക്ക് പറയാൻ കഴിയും. ഞങ്ങളുടെ എം.പി.-മാരൊക്കെ നന്നായി പ്രവർത്തിച്ചിട്ടുണ്ട്.

കഴിഞ്ഞ മൂന്നുവർഷം മുമ്പാണ് ശ്രീ. കെ. രാധാകൃഷ്ണൻ മന്ത്രിയായത്. അന്ന് ദളിത് വിഭാഗത്തിൽപ്പെട്ട ഒരാൾക്ക് ദേവസ്വം വകുപ്പ് കൊടുത്തുവെന്ന് പറഞ്ഞ് അഭിമാനം കൊണ്ടവരാണ് നിങ്ങളെല്ലാവരും. ഇന്ത്യാ രാജ്യത്ത് ഏറ്റവും കൂടുതൽ ജാതീയത നിലനിൽക്കുന്ന ഉത്തർപ്രദേശിൽ മുഖ്യമന്ത്രിയായി ദളിത് വനിത വരുന്ന കാലഘട്ടം എത്രയോ മുമ്പ് കഴിഞ്ഞു. ഇടതുപക്ഷം ഭരിക്കുന്ന കേരളത്തിൽ ഞങ്ങൾ ഇതാ ദേവസ്വം വകുപ്പ് ദളിത് വിഭാഗത്തിൽപ്പെട്ട ആൾക്ക് കൊടുത്തുവെന്ന് നിങ്ങൾ അന്ന് പറഞ്ഞു. യഥാർഥത്തിൽ അത് കൊടുത്താൽ മതിയായിരുന്നോ? 1996-ൽ ശ്രീ. പിണറായി വിജയനോടൊപ്പം മന്ത്രിസഭയിലിരുന്ന വ്യക്തിയാണ്. അഞ്ചുവർഷം അദ്ദേഹം കൈകാര്യം ചെയ്ത വകുപ്പുകൾക്കുപുറമെ മറ്റ് വകുപ്പുകളും കൊടുക്കുമെന്നാണ് ഞങ്ങളെല്ലാം പ്രതീക്ഷിച്ചത്. എന്താണ് കൊടുത്തത്? ഇപ്പോൾ ശ്രീ. ഒ. ആർ. കേളു മന്ത്രിയായതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. തീർച്ചയായും അദ്ദേഹത്തിന് നന്നായി പ്രവർത്തിക്കാൻ കഴിയും.

കാരണം, രണ്ടുതവണ പഞ്ചായത്ത് മെമ്പറും പഞ്ചായത്ത് പ്രസിഡന്റുമെന്ന നിലയിൽ പ്രവർത്തിച്ച വ്യക്തിയായതിനാൽ അദ്ദേഹത്തിന് നന്നായി ഭരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. ഒപ്പം അദ്ദേഹത്തിന് എല്ലാ ആശംസകളും നേരുകയാണ്. എന്തുകൊണ്ടാണ് അദ്ദേഹത്തിന് ദേവസ്വം വകുപ്പ് കൊടുക്കാതിരുന്നത്; നിങ്ങൾ പുരോഗമന പാർട്ടിയല്ലേ; നിങ്ങൾ മൂന്ന് വർഷംമുമ്പ് അഭിമാനം കൊണ്ടവരല്ലേ; എന്തുകൊണ്ട് ദേവസ്വം വകുപ്പ് കൊടുത്തില്ല; നിങ്ങൾക്കറിയാവുന്ന ഉത്തരമല്ലേ? കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ഈ രീതിയിൽ പോയാൽ എവിടെയെത്തും; ആദിവാസി വിഭാഗത്തിൽപ്പെട്ട ഒരാൾ മന്ത്രിയാകുമ്പോൾ അയാൾക്ക് ദേവസ്വം ബോർഡ് കൊടുത്തുകൊണ്ട് നിങ്ങൾ കാണിക്കേണ്ട മാതൃക നിങ്ങൾ കാണിച്ചോ; സി.പി.ഐ.(എം) എവിടേയ്ക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്? ബി.ജെ.പി., ശ്രീ. കൊടിക്കുന്നിൽ സുരേഷിനെ പ്രോ ടെം സ്പീക്കറാക്കാത്തതിന്റെ പേരിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വലിയ വിമർശനം നടത്തി. അതാണോ ചെയ്യേണ്ടത്; ആ ഔദാര്യമൊന്നും വേണ്ട? ഇവിടെ തെളിയിക്കാൻ കഴിയണം. (.......ബഹളം......) ഞാൻ അതുതന്നെയാണ് പറഞ്ഞുവരുന്നത്.

(.......ബഹളം......) എന്നെ സംസാരിക്കാൻ അനുവദിക്കൂ, ഞാൻ പറയട്ടെ, ഞാൻ അതിലേയ്ക്കാണ് വരുന്നത്. എന്റെ സമയം നഷ്ടപ്പെടുത്തരുത്.

മി. സ്പീക്കർ: യെസ്.....യെസ്...... അദ്ദേഹം വഴങ്ങാൻ തയ്യാറല്ല.

**തദ്ദേശസ്വയംഭരണം, എക്സൈസ്, പാർലമെന്ററികാര്യം** വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ദേവസ്വം വകുപ്പ് കൊടുത്തതും ഇതേ പാർട്ടിയും ഇതേ മുന്നണിയുമാണ്. അദ്ദേഹമായിരുന്നല്ലോ ദേവസ്വം വകുപ്പിന്റെ മന്ത്രി.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ദേവസ്വം വകുപ്പ് കൊടുത്തുവെന്നത് എന്തോ വലിയ കാര്യമായാണ് നിങ്ങൾ പറയുന്നത്; അദ്ദേഹം നിങ്ങളെക്കാൾ സീനിയർ അല്ലേ? അഞ്ച് വർഷം കേരളത്തിന്റെ നിയമസഭാ സ്പീക്കറായും അഞ്ച് വർഷം മന്ത്രിയായും പ്രവർത്തിച്ച വ്യക്തിയാണ് അദ്ദേഹം. ശ്രീ. പിണറായി വിജയനോടൊപ്പം അഞ്ചുവർഷം മന്ത്രിസഭയിലിരുന്ന വ്യക്തിക്ക് ദേവസ്വം വകുപ്പ് കൊടുത്തുവെന്ന് പറഞ്ഞ് ശ്രീ. എം. ബി. രാജേഷ് അഭിമാനിക്കുകയാണ്. അങ്ങയെക്കാളൊക്കെ എത്രയോ സീനിയറായ മന്ത്രിയാണ് അദ്ദേഹം. അദ്ദേഹത്തിന് അത് കൊടുത്താണോ ഇത്രയും വലിയ

കാര്യം? ശ്രീ. നരേന്ദ്ര മോദി തെറ്റായ കാര്യം ചെയ്തുവെന്ന് വിമർശിക്കുന്ന മുഖ്യമന്ത്രി ഇവിടെ ചെയ്യുന്ന കാര്യത്തെക്കുറിച്ച് അദ്ദേഹം ആലോചിക്കണമെന്നാണ് ഞാൻ പറഞ്ഞുവരുന്നത്. രണ്ടും ഒരേ മനസ്സാണെന്നാണ് ഞാൻ പറഞ്ഞത്, അതിനപ്പുറത്തല്ല. സ്വഭാവികമായും ഈ ഗവൺമെന്റ് എന്നും ദളിത് വിരുദ്ധ സമീപനം സ്വീകരിച്ചിട്ടുള്ള ഗവൺമെന്റാണ്. സി.പി.ഐ.(എം).-നെ സംബന്ധിച്ചിടത്തോളം എന്നും ദളിത് വിരുദ്ധ സമീപനമാണുള്ളത്. അതിന്റെ ആവർത്തനമാണിത്. എത്രവർഷം കഴിഞ്ഞാണ് സി.പി.ഐ.(എം).-ൽ ദളിത് വിഭാഗത്തിൽനിന്ന് ഒരു പോളിറ്റ് ബ്യൂറോ അംഗമുണ്ടായത്; കഴിഞ്ഞ പാർട്ടി കോൺഗ്രസിലല്ലേ; 10-70 വർഷം കഴിഞ്ഞില്ലേ; ഇന്ന് നമ്മുടെ രാജ്യത്തെ എല്ലാ പാർട്ടികളിലും അധ്യക്ഷസ്ഥാനത്ത് ദളിത് വിഭാഗത്തിൽനിന്ന് ആളുകളുണ്ട്. കോൺഗ്രസ് അധ്യക്ഷന്റെ പേര് ശ്രീ. മല്ലികാർജ്ജുൻ ഖാർഗെ എന്നാണ്. അദ്ദേഹം ഏത് വിഭാഗത്തിൽപ്പെട്ട ആളാണെന്ന് ഞാൻ പറയണോ; സി.പി.ഐ.-ൽ ഉണ്ടല്ലോ; ഇന്ന് രണ്ട് പാർട്ടികളിൽ മാത്രമേ അധ്യക്ഷസ്ഥാനത്ത് ദളിത് വിഭാഗത്തിൽനിന്നുള്ളവർ ഇല്ലാത്തതായുള്ളൂ. ഒന്ന്, ആർ.എസ്.എസ്.-ന്റെ

സർസംഘ് ചാലകം രണ്ടാമത്തേത് സി.പി.ഐ.(എം.)-ന്റെ അഖിലേന്ത്യ ജനറൽ സെക്രട്ടറിയും. ഇവിടെ മാത്രമെ ഇനി ദളിതർ കടന്ന് ചെല്ലാനുള്ളൂ. അവിടെ കടന്നുചെല്ലാൻ നിങ്ങൾ അനുവദിക്കില്ല. കാരണം, എല്ലാ കാര്യങ്ങളിലും ദളിത് വിരുദ്ധ സമീപനമാണ് നിങ്ങൾക്കുള്ളത്. കേരളത്തിൽ 1957-ൽ പി. കെ. ചാത്തൻ മാസ്റ്റർ മുതൽ കഴിഞ്ഞ ഗവൺമെന്റുവരെ ദളിത് വിഭാഗത്തിൽപ്പെട്ട മന്ത്രിമാർ സഭയിലുണ്ടായിരുന്നു. പക്ഷെ, പത്ത് ശതമാനത്തോളം ജനസംഖ്യയുള്ള എസ്.സി. (ദളിത്)-വിഭാഗത്തിൽപ്പെട്ട ഒരാൾ ഒരു മന്ത്രിസഭയിൽ അംഗമല്ലാതിരിക്കുന്നത് കേരളത്തിന്റെ ചരിത്രത്തിലാദ്യമാണ്. ഞങ്ങളുടെ ഗവൺമെന്റ് വന്നപ്പോഴും ആദിവാസി വിഭാഗത്തിൽനിന്ന് ഞങ്ങൾ മന്ത്രിയെ നിയമിച്ചിരുന്നു. ആദിവാസി വിഭാഗത്തിലെ ശ്രീമതി പി. കെ. ജയലക്ഷ്മി മാനന്തവാടിയിൽനിന്നുള്ള മന്ത്രിയായിരുന്നു. ശ്രീ. ഒ. ആർ. കേളുവിനെ മന്ത്രിയാക്കുന്നതോടൊപ്പം നിങ്ങൾക്കെന്തേ എസ്.സി. വിഭാഗത്തിൽപ്പെട്ട ഒരാളെ മന്ത്രിയായി പരിഗണിക്കാൻ കഴിയുന്നില്ല? അവിടെയൊക്കെ സി.പി.ഐ.(എം.)-ന്റെ അടിസ്ഥാനപരമായിട്ടുള്ള സവർണ്ണമേധാവിത്വത്തിന്റെ പിടിയിലാണ് അന്നും

എന്നും നിങ്ങൾ. മഹാനായ ഡോ. ബി. ആർ. അംബേദ്കർ പറഞ്ഞിട്ടുണ്ട്, അന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്, സി.പി.ഐ.(എം.) ആയിട്ടില്ല, അവിഭക്ത പാർട്ടിയാണ്. എന്താണ് പറഞ്ഞതെന്ന് ശ്രീ. എം. ബി. രാജേഷിന് അറിയാമല്ലോ? 'Brahmin boys - Dange and others' എന്നാണ് അന്നത്തെ കമ്മ്യൂണിസ്റ്റുകാരെ മഹാനായ ഡോ. ബി. ആർ. അംബേദ്കർ വിളിച്ചിരുന്നത്. നിങ്ങളുടെ ആ സമീപനം ഇപ്പോഴും തുടരുന്നതുകൊണ്ടാണ് ഈ ദളിത് വിരുദ്ധ സമീപനം നിങ്ങളെടുത്തുകൊണ്ടിരിക്കുന്നത്. ഫ്യൂഡലിസ്റ്റ് മൈൻഡ്/ജന്മിത്വത്തിന്റെ മനസ്സാണ് നിങ്ങൾക്കുള്ളത്. ഏതാണ്ട് ആറായിരത്തോളം സ്റ്റേജുകളിൽ അരങ്ങേറിയ നാടകമാണ് 1952-ലെ തോപ്പിൽ ഭാസിയുടെ 'നിങ്ങൾ എന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന വിഖ്യാതമായ നാടകം. അതാണ് 1957-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വരുന്നതിന് ഏറ്റവും വലിയ കാരണമായതെന്ന് പറയുന്നു. ആ നാടകത്തിൽ യവനിക വീഴുന്നതിനുമുമ്പ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു പ്രകടനം നടക്കുകയാണ്. ആ പ്രകടനത്തിലേയ്ക്കാണ് ഫ്യൂഡലിസ്റ്റായ, ജന്മിയായ, നാട്ടുവാഴിയായ പരമുപിള്ള കടന്നുവരുന്നത്. അദ്ദേഹമാണ് പിന്നീട് കമ്മ്യൂണിസ്റ്റാകുന്നത്. അദ്ദേഹം ആ

പ്രകടനത്തെ നയിക്കുമ്പോൾ അദ്ദേഹത്തിന് പിടിക്കാൻ കൊടിയില്ല. കൊടി പിടിച്ച് മുൻനിരയിൽ നടന്നിരുന്ന ദളിത് യുവതിയായ മാലയുടെ കൈകളിൽനിന്ന് കൊടി വാങ്ങിയാണ് നിങ്ങൾ നാട്ടുവാഴിയായ പരമുപിള്ളയുടെ കൈകളിലേയ്ക്ക് കൊടുത്തത്. ആ കൊടി അവിടെത്തന്നെ നിൽക്കുകയാണ്. ഈ പാവം പട്ടികജാതിക്കാരന് അത് തിരിച്ചുകിട്ടിയിട്ടില്ല. ആ പരമുപിള്ളയുടെ മനസ്സുള്ള ആളുകളാണ് ഇന്നും കേരളം ഭരിക്കുന്നത്. അതുകൊണ്ടാണ് ഈ ദളിത് വിരുദ്ധ സമീപനമെന്ന് സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ നാലോളം മന്ത്രിമാർ ഇന്ന് മറുപടി പറയാനുള്ളതുകൊണ്ട് മറുപടി ചുരുക്കി അവതരിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, നാല് മന്ത്രിമാർ മറുപടി പറയേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എത്തിച്ചേർന്നിട്ടില്ല. ഫിനാൻസ് ബില്ലിന്റെ ഉൾപ്പെടെ ഒന്നുരണ്ട്

അവസരങ്ങളിൽക്കൂടി സംസാരിക്കാമെന്നുള്ളതിനാൽ എന്റെ മറുപടി ദീർഘിപ്പിക്കുന്നതല്ല.

ഈ ചർച്ചയിലെ ഒരു പ്രത്യേകത, ലോക്സഭാ തിരഞ്ഞെടുപ്പിനുശേഷം ഒട്ടും ഹോംവർക്ക് നടത്താതെയുള്ള ഒരു ചർച്ചയാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടായതെന്ന് തോന്നുന്നു. കാരണം കുറച്ചുകൂടി ഹോംവർക്ക് നടത്തി, വിശകലനാത്മകമായി കാര്യങ്ങൾ അവതരിപ്പിച്ചിരുന്നുവെങ്കിൽ നന്നായിരുന്നു. മറ്റൊന്നും കൊണ്ടല്ല അങ്ങനെ പറയുന്നത്, എന്തായാലും സർവ്വജ്ഞ പീഠം കയറി കഴിഞ്ഞതിനാൽ ഇനിയും അതേ കാര്യങ്ങൾ ആവർത്തിച്ചുപറയുന്ന നിലയിലേയ്ക്കല്ല പോകേണ്ടത്. തിരഞ്ഞെടുപ്പ് കഴിഞ്ഞുവെന്നുള്ളതുകൊണ്ട് കുറച്ചുകൂടി റിയലിസ്റ്റിക്കായി കേരളത്തിന്റെ താൽപ്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനായി ഇനിയുള്ള സമയം അവർക്ക് പ്രവർത്തിക്കാമായിരുന്നു. അടുത്ത തിരഞ്ഞെടുപ്പ് വരുന്ന സമയത്ത് ഇതുപോലുള്ള രാഷ്ട്രീയം പറഞ്ഞാൽ മതിയായിരുന്നു. അതിനാൽ കഴിഞ്ഞ തിരഞ്ഞെടുപ്പിനെക്കുറിച്ച് 'ചർവിത ചർവണം' പോലെ സത്യസന്ധമല്ലാത്ത കാര്യങ്ങൾ പറയുന്നത് ശരിയല്ലെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

രാജ്യത്തെയും സംസ്ഥാനത്തെയും ഏത് പ്രവർത്തനവും നടക്കണമെങ്കിൽ ധനകാര്യ രംഗം വളരെ പ്രധാനപ്പെട്ടതാണ്. പണമില്ലെങ്കിൽ കാര്യങ്ങളൊന്നും ചെയ്യാൻ കഴിയില്ലെന്ന വസ്തുത നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് ധനകാര്യ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ച വളരെ പ്രധാനപ്പെട്ടതാണ്. അങ്ങനെ പറയുമ്പോൾ, കേരളത്തിനുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ച്, ഇനി എന്തൊക്കെയാണ് ചെയ്യേണ്ടതായിട്ടുള്ളതെന്നാണ് നോക്കേണ്ടത്. കേരളത്തിന് എന്തായാലും കുറെയധികം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവും മെച്ചപ്പെട്ട സംസ്ഥാനമെന്ന നിലയിൽ പല മേഖലകളിലും നമുക്ക് മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയും നമുക്ക് മുന്നേറണമെന്ന തരത്തിൽ പോരായ്മകൾ ചൂണ്ടിക്കാണിക്കാവുന്നതാണ്.

കേന്ദ്ര സർക്കാരും ദേശീയ/അന്തർദേശീയ ഏജൻസികളും പുറത്തുവിട്ടിട്ടുള്ള റിപ്പോർട്ടുകളെല്ലാം പരിശോധിച്ചാൽ മിക്കവാറും രംഗങ്ങളിൽ കേരളം ഒന്നാമതാണെന്നാണ് വ്യക്തമാകുന്നത്. മാനവ വിഭവ ശേഷിയുടെ കാര്യത്തിൽ, വരുമാനം, ജീവനോപാധിയുടെ കാര്യത്തിൽ, സർക്കാർ

നടത്തിയിട്ടുള്ള നിക്ഷേപത്തിന്റെ പ്രതിഫലനങ്ങൾ ഈ മേഖലകളിലെല്ലാം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ പരിശോധിച്ചാൽ അക്കാര്യം മനസ്സിലാകും. നീതി ആയോഗ്, ആർ.ബി.ഐ. ദേശീയ കുടുംബാരോഗ്യ സർവ്വെ, യുണൈറ്റഡ് നേഷൻസിന്റെ ഡെവലപ്മെന്റ് പ്രോഗ്രാം, ഇന്ത്യാ സ്കിൽ റിപ്പോർട്ട്, ഇവയുടെയെല്ലാം സമീപകാല റിപ്പോർട്ടിൽ മിക്കവാറും രംഗങ്ങളിൽ ഒന്നാമതോ അല്ലെങ്കിൽ ആദ്യത്തെ ഒന്നോരണ്ടോമൂന്നോ സ്ഥാനങ്ങളിലായിരിക്കും കേരളം. ഇതേ രീതിയിൽ മുന്നോട്ടുപോകാൻ കൂടുതൽ കാര്യങ്ങൾ ചെയ്യാൻ നമുക്ക് കഴിയണം. 2023-ലെ നീതി ആയോഗിന്റെ മൾട്ടി ഡയമെൻഷണൽ പോവർട്ടി ഇൻഡക്സ് (Multidimensional Poverty Index-2023) പ്രകാരം രാജ്യത്ത് ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനം കേരളമാണ്. ശതമാനക്കണക്കിൽ പറയുകയാണെങ്കിൽ 0.002 ശതമാനത്തിൽ താഴെ ആളുകൾ മാത്രമെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളൂ. കേരളത്തെ തേടി ഈ അംഗീകാരമെത്തുന്നത് തുടർച്ചയായി രണ്ടാം തവണയാണ്. കേരളത്തിലെ അതിദരിദ്രരുടെ കാര്യമെടുക്കുകയാണെങ്കിൽ അതിന്റെ നിരക്ക് 0.44 ശതമാനമാണ്. കേരളത്തിൽ ശിശുമരണ നിരക്ക് ആയിരത്തിൽ ആറാണെങ്കിൽ അഖിലേന്ത്യാ

ശരാശരിയിൽ അത് 28 ആണ്. മാതൃ മരണനിരക്ക് കേരളത്തിൽ ഏറ്റവും കുറവാണ് (19), എന്നാൽ ദേശീയ ശരാശരി 97 ആണ്. കേരളത്തിലെ ശരാശരി ആയുർദൈർഘ്യം 75 വയസ്സാണെങ്കിൽ ദേശീയ ശരാശരി 70 വയസ്സാണ്. സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിലും സുസ്ഥിര വികസന ലക്ഷ്യത്തിന്റെ കാര്യത്തിലും കേരളം മുന്നിലാണ്. മാനവ വികസന സൂചികയിൽ 7.5 പോയിന്റുമായി ആദ്യ പടിയിലാണ് കേരളം. ഇതെല്ലാം ഞാൻ വീണ്ടും പറയുന്നത് മറന്നുപോകാതിരിക്കുന്നതിനാണ്. ഇതെല്ലാം കേരളം നേരത്തെ മുതൽ നേടിയെടുത്ത അംഗീകാരങ്ങളാണ്. സാർവ്വത്രിക വിദ്യാഭ്യാസം, ആരോഗ്യം, പൊതുവായ ക്ഷേമം എന്നീ രംഗങ്ങളിലെല്ലാം കേരളം വളരെ മുന്നിലാണെന്നാണ് ആർ.ബി.ഐ. ഈ അടുത്ത സമയത്ത് നടത്തിയ വിലയിരുത്തലുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കേരളത്തിലെ ദരിദ്രരുടെ ശതമാനം അര ശതമാനത്തിൽതാഴെയാണ് അതായത് 0.44 ശതമാനം. ഉത്തർപ്രദേശിൽ അത് 22.93 ശതമാനവും മധ്യപ്രദേശിൽ 20.63 ശതമാനവുമാണ്. അവിടെയെല്ലാം ദരിദ്രരുടെ എണ്ണം അത്രമാത്രമുണ്ട്. ശിശുക്കളുടെ ആരോഗ്യ സംരക്ഷണത്തിലും കേരളം ഒന്നാമതാണ്. നിലവിലെ

കണക്കനുസരിച്ച് കേരളത്തിലെ 98.7 ശതമാനം വീടുകളിലും ശൗചാലയങ്ങളുണ്ടെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അഖിലേന്ത്യ അടിസ്ഥാനത്തിൽ ശൗചാലയങ്ങളുടെ കാര്യം പരിശോധിക്കുകയാണെങ്കിൽ വളരെ മോശമായ അവസ്ഥയാണുള്ളത്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ബി.ജെ.പി. ഗവൺമെന്റ് പല സംസ്ഥാനങ്ങളിലും നടത്തിയ ഒരു പ്രധാനപ്പെട്ട ക്യാമ്പെയ്ൻ ശൗചാലയങ്ങളെ സംബന്ധിച്ചുള്ളതായിരുന്നു. തൊട്ടടുത്ത് രണ്ടാം സ്ഥാനം, 80 ശതമാനം ശൗചാലയങ്ങൾ നിർമ്മിച്ച പഞ്ചാബിനാണ്. ഇതുപോലെ സ്കൂളുകളിലെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പല മേഖലകളിലും കേരളം മുന്നിലാണ്. ഇതുവരെ വ്യക്തമാക്കിയത് അടിസ്ഥാന സൗകര്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്.

അടുത്ത കാലത്തായി ദേശീയ തലത്തിലുള്ള സ്കിൽ സർവ്വെയും ചെറുപ്പക്കാരുടെ എംപ്ലോയ്മെന്റ് സംബന്ധിച്ച കഴിഞ്ഞ വർഷത്തെ ചില കണക്കുകളും പുറത്തുവന്നിട്ടുണ്ട്, അത് ഒന്നുകൂടി ശ്രദ്ധിക്കുന്നത് നല്ലതാണ്. 2024-ലെ സ്കിൽ ഇന്ത്യാ റിപ്പോർട്ടിൽ ഇന്ത്യയിലെ യുവജനങ്ങൾ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന തൊഴിലിടം നമ്മുടെ നാടാണ്. 18-21 പ്രായപരിധിയിലുള്ള

ചെറുപ്പക്കാർക്ക് മികച്ച തൊഴിൽ സാധ്യത ഉറപ്പാക്കുന്നതിൽ കേരളത്തിന് രണ്ടാം സ്ഥാനമാണുള്ളത്. 18-21 പ്രായ പരിധിയിലുള്ളവർക്ക് മികച്ച തൊഴിൽ സാധ്യത ഉറപ്പാക്കുന്ന നഗരങ്ങളിൽ രാജ്യത്ത് തിരുവനന്തപുരം മൂന്നാം സ്ഥാനത്താണ്. പ്രായവ്യത്യാസമില്ലാതെ സ്ത്രീകളും പുരുഷൻമാരും ഒരുപോലെ ജോലി ചെയ്യാൻ ഇഷ്ടപ്പെടുന്ന നഗരങ്ങളിൽ തിരുവനന്തപുരവും കൊച്ചിയും രാജ്യത്ത് മുൻനിരയിലാണ്. വനിതകൾ ഏറ്റവും കൂടുതൽ ജോലി ചെയ്യാൻ ഇഷ്ടപ്പെടുന്ന നഗരം കൊച്ചിയാണ്. കമ്പ്യൂട്ടർ സ്കില്ലിന്റെ കാര്യത്തിൽ ഇന്ത്യയിൽ ഒന്നാമത്തെ നഗരം തിരുവനന്തപുരവും മൂന്നാമത്തെ സംസ്ഥാനമായി കേരളവും ഉയർന്നുവന്നു. ASAP (Additional Skill Acquisition Programme) പോലുള്ള ഏജൻസികൾക്കും സ്റ്റാർട്ട് അപ്പ് പോലെയുള്ള ഏജൻസികൾക്കും ലഭിക്കുന്ന പ്രത്യേക അവാർഡുകൾ നമുക്ക് നേടാൻ കഴിഞ്ഞിട്ടുണ്ട്. ഞാനിത് പറയുന്നത് ഐ.ടി., കമ്പ്യൂട്ടർ സയൻസ്, എഞ്ചിനീയറിംഗ് മേഖലകളിലെ നേട്ടങ്ങൾ, ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം, കമ്പ്യൂട്ടർ പരിജ്ഞാനം, സംഖ്യാ നൈപുണ്യം, വിമർശനാത്മക ചിന്ത എന്നീ മേഖലകളിൽ കേരളത്തിലെ യുവാക്കൾക്ക് ദേശീയതലത്തിൽ ഒന്നാം റാങ്ക്

കരസ്ഥമാക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ളതു കൊണ്ടാണ്. അങ്ങനെ പല കാര്യങ്ങളിലും നമുക്ക് മുൻകാലത്തെക്കാൾ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. വ്യവസായ സൗഹൃദ റാങ്കിംഗിൽ 26-ാം സ്ഥാനത്തുനിന്നും പതിനഞ്ചാം സ്ഥാനത്തേയ്ക്ക് ഉയരാൻ കേരളത്തിന് കഴിഞ്ഞു. ഈ നേട്ടങ്ങളെല്ലാം കേരളീയരെന്ന നിലയിൽ നമുക്ക് ഒരുമിച്ച് അഭിമാനം പകരുന്ന കാര്യങ്ങളാണ്. ഇത്രയും കാര്യങ്ങളിൽ കേരളത്തിന് നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതെല്ലാം യുണൈറ്റഡ് നേഷൻസ്, യു.എൻ.ഡി.പി., നീതി ആയോഗ് തുടങ്ങിയ ഏജൻസികൾ നൽകിയ കണക്കുകളാണ്. കേരളത്തിൽ താമസിക്കുന്ന ഒരാളെന്ന നിലയിൽ ലോകത്തെവിടെയും പോകുമ്പോൾ, കേരളത്തിന് ഇത്രയും നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചുവെന്ന് പറയാൻ കഴിയുന്നത് കേരളത്തിന് കൃത്യമായൊരു വികസന മാതൃകയുള്ളതുകൊണ്ടാണ്. അങ്ങനെയൊരു വികസന മാതൃകയില്ലെങ്കിൽ ഇത്തരം കാര്യങ്ങളിൽ നമുക്ക് എങ്ങനെയാണ് നേട്ടമുണ്ടാക്കാൻ സാധിക്കുന്നത്? ഈ നേട്ടങ്ങളിൽ നിന്നുകൊണ്ട് ഇനിയും മുന്നേറാനുള്ള കാര്യങ്ങൾ സംസാരിക്കുന്നതിനുപകരം തെറ്റായ കാര്യങ്ങൾ വീണ്ടും ആവർത്തിക്കുന്നത് ശരിയായ പ്രവണതയല്ല.

തിരഞ്ഞെടുപ്പ് കാലത്ത് ഇങ്ങനെയുള്ള ചില പ്രത്യേക കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് നേട്ടമുണ്ടാക്കുന്നതിനോ നേട്ടമുണ്ടാക്കാതിരിക്കുന്നതിനോ കഴിഞ്ഞെന്ന് വരാം. തിരഞ്ഞെടുപ്പിൽ വിജയവും പരാജയവുമുണ്ടാകാം. അതുവച്ച് മാത്രം ഇത്തരം കാര്യങ്ങളെ വിലയിരുത്തുന്നത് ശരിയല്ലെന്നാണ് സൂചിപ്പിക്കാനുള്ളത്. ഇവിടെ അടിസ്ഥാന സൗകര്യങ്ങളുംമറ്റും കൊടുക്കുന്നില്ലെന്ന നിലപാടിൽ നിന്നുകൊണ്ടാണ് ധനകാര്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസാരിക്കുന്നത്. പ്രത്യേകിച്ച്, ഈ തിരഞ്ഞെടുപ്പിൽ ഞങ്ങളുടെ പാർട്ടിക്ക് നല്ല പരാജയമുണ്ടായെന്ന കാര്യം ഞങ്ങളാരും മറച്ചുവയ്ക്കുന്നില്ല. ഞങ്ങൾക്കുണ്ടായ പരാജയ കാരണങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തി, പോരായ്മകൾ പരിഹരിച്ച്, മുന്നോട്ടുപോകുന്നതിനുള്ള ശ്രമമാണ് ഞങ്ങൾ നടത്തുന്നത്. അതിൽ വളരെ ശക്തമായ വിമർശനങ്ങളും ചർച്ചകളുമെല്ലാമുണ്ടാകും. ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം ശരിയാണ്. ഞങ്ങളുടെ പാർട്ടി, പൊതുവിൽ ഇടതുപക്ഷ മുന്നണിയിൽ നിൽക്കുന്ന പാർട്ടികളെല്ലാം ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്ന കക്ഷികളാണ്. അത്തരം ചർച്ചകൾ മോശമാണെന്ന് ഞങ്ങളാരും കരുതുന്നില്ല. ഇപ്പോൾ പി.എസ്.സി.

നിയമനവുമായി ബന്ധപ്പെട്ട കണക്കുകൾ പുറത്തുവന്നിട്ടുണ്ട്. ഒരു നിയന്ത്രണവുമില്ലാതിരുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ചുവർഷക്കാലത്ത് 149000 പേർക്കാണ് നിയമനം നൽകിയത്. എന്നാൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 162000 പേർക്ക് നിയമനം നൽകാൻ സാധിച്ചു. കൂടാതെ ഈ സർക്കാർ ഇതുവരെ (മൂന്നുവർഷം പൂർത്തീകരിക്കുന്നതിന് മുമ്പുതന്നെ) 90000 പേർക്ക് നിയമനം നൽകികഴിഞ്ഞു. യു.പി.എസ്.സി.-യുടെ കണക്കുകളും കഴിഞ്ഞ ദിവസം ചർച്ച ചെയ്തതാണ്. 2022-23-ൽ ഇന്ത്യയിൽ നടന്ന ആകെ നിയമനങ്ങളിൽ 66 ശതമാനവും കേരളത്തിലാണ് നടന്നത്.

കേരളത്തിന്റെ ധനകാര്യ മേഖലയിലെ പ്രവർത്തനങ്ങളെ സംബന്ധിച്ചും ധാരാളം റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. ഇവിടെ ഏറ്റവും മോശമായ നിലയിലാണ് കാര്യങ്ങൾ നടക്കുന്നതെന്ന രീതിയിലും ചർച്ചകൾ നടന്നു. ബഹുമാനപ്പെട്ട അംഗം ശ്രീ. മഞ്ഞളാംകുഴി അലി ട്രഷറിയിൽ ആന പെറ്റുകിടക്കുന്നുവെന്ന രീതിയിൽവരെ സംസാരിച്ചു. അദ്ദേഹം എപ്പോഴും ഇടതുപക്ഷത്തോട് വളരെ സ്നേഹം പ്രകടിപ്പിച്ച്, ഇങ്ങനെയുള്ള കാര്യങ്ങൾ ഉന്നയിക്കുന്ന അംഗമാണ്.

ഇടതുപക്ഷത്തോട് പ്രത്യേക സ്നേഹമുള്ളയാളാണ് അദ്ദേഹം. എന്തായാലും ട്രഷറിയിൽ എന്താണ് നടക്കുന്നതെന്ന കാര്യം  അദ്ദേഹം നാട്ടിൽ അന്വേഷിച്ചാൽ മനസ്സിലാകും. ട്രഷറിയിൽ കാര്യങ്ങളൊന്നും നടക്കുന്നില്ല, കേരളത്തിലെ സാമ്പത്തിക നിലയാകെ  കുഴപ്പമാണെന്ന നിലയിലാണ് അദ്ദേഹം സംസാരിച്ചത്. കേരളത്തിലെ സാമ്പത്തിക നില സംബന്ധിച്ച് ആർ.ബി.ഐ. പുറത്തുവിട്ട കണക്കുകളും ഫിച്ച് (Fitch) റിപ്പോർട്ടിന്റെ കണക്കുകളുമുണ്ട്. ആർ.ബി.ഐ.-യുടെ കണക്കനുസരിച്ചും സി.&എ.ജി.-യുടെ പ്രാഥമിക റിപ്പോർട്ട് അനുസരിച്ചും നമ്മുടെ റവന്യൂ കമ്മിയും ധനകമ്മിയും കുറഞ്ഞിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലും നമ്മുടെ വരുമാനത്തിൽ വർധനയുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ തുടർച്ചയായ എട്ടുവർഷം കൊണ്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് ഈ നേട്ടങ്ങളെല്ലാമുണ്ടായിട്ടുള്ളത്. ഏറ്റവുമൊടുവിൽ വന്ന റിപ്പോർട്ടുകളിലെ കണക്കുകൾ സംബന്ധിച്ച്  രാവിലെ പ്രസംഗിച്ച സമയത്ത് സൂചിപ്പിച്ചിരുന്നു. കേന്ദ്ര ഗവൺമെന്റ് എങ്ങനെയാണ് സംസ്ഥാനത്തെ  ഈ ബാധ്യതയിലേയ്ക്ക് എത്തിച്ചതെന്ന കാര്യം മലയാള മനോരമയുടെ ഓൺലൈൻ

പ്രസിദ്ധീകരണംതന്നെ പറഞ്ഞിരിക്കുകയാണ്. പുറത്തുവരുന്ന റിപ്പോർട്ടുകളിലൊക്കെ കേരളത്തിന്റെ പ്രവർത്തനങ്ങളിലെ മാറ്റങ്ങൾ എടുത്തുകാണിക്കുന്നുണ്ട്. ഇന്ന് അനുഭവപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി കേന്ദ്ര സൃഷ്ടിയാണെന്ന് മനോരമയുടെ വിശകലനത്തിൽപ്പോലും പറഞ്ഞിരിക്കുകയാണ്. ഈ ഘട്ടത്തിലെങ്കിലും അവർ അങ്ങനെ ഒരഭിപ്രായം പറഞ്ഞുവെന്നത് വളരെ നല്ല കാര്യമാണ്. കേന്ദ്രത്തിൽനിന്നും ലഭ്യമാകാനുള്ള നികുതി വിഹിതത്തിൽ വലിയതോതിലുള്ള വെട്ടിക്കുറവ് വന്നിട്ടുണ്ടെന്നും അവർ നിരീക്ഷിക്കുന്നുണ്ട്, അക്കാര്യം സത്യവുമാണ്. സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സുകൾ എന്തൊക്കെയാണ്? അതിൽ ഏറ്റവും പ്രധാനപ്പെട്ടത് നികുതിയിൽനിന്നുള്ള വരുമാനമാണ്. അതിൽ ആദ്യത്തേത് സംസ്ഥാനത്തിനകത്തുനിന്നും പിരിക്കുന്ന നികുതിയാണ്. സംസ്ഥാനത്തിനുവേണ്ടി പുറത്തുനിന്ന്, അതായത് സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന സാധനങ്ങളുടെ നികുതിയുടെ ഒരു പങ്ക് നമുക്ക് ലഭിക്കേണ്ടതാണ്. രാജ്യത്തൊട്ടാകെ ലഭ്യമാകുന്ന നികുതി വരുമാനത്തിൽനിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം, അതായത്

divisible pool-ൽനിന്നും ലഭ്യമാകുന്ന തുകയും കേന്ദ്രം നൽകുന്ന വിവിധ ഗ്രാന്റുകളുമാണ് രണ്ടാമത്തെ ഇനം. ടാക്സ്, നോൺടാക്സ് ഇനത്തിൽ ലഭ്യമാകുന്ന വരുമാനത്തിനൊപ്പം കടമെടുക്കുന്ന തുകകൂടി വരുമാന സ്രോതസ്സായി കണക്കാക്കാം. ഇക്കാര്യങ്ങളിലെ കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് നമുക്കൊന്ന് പരിശോധിക്കാം. സംസ്ഥാനത്തിനകത്തെ നികുതി പിരിവ് (വരുമാനം) വളരെ നല്ലരീതിയിൽ വർദ്ധിക്കുന്നുണ്ട്. എന്നാൽ കേന്ദ്രത്തിൽനിന്നും ലഭ്യമാകേണ്ട വിഹിതത്തിൽ വലിയ തോതിലുള്ള കുറവ് വന്നുകൊണ്ടിരിക്കുകയാണ്. അതുസംബന്ധിച്ച കൃത്യമായ കണക്ക് മുമ്പും സഭയിൽ വച്ചതിനാൽ ആവർത്തനത്തിലേയ്ക്ക് പോകുന്നില്ല. ഈ ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റിനെ സംബന്ധിച്ച് നമുക്കൊന്ന് പരിശോധിക്കാം. കൃത്യമായി നികുതി പിരിക്കുന്നുണ്ടോയെന്ന കാര്യം മനസ്സിലാക്കാൻ കഴിഞ്ഞ അഞ്ചുവർഷത്തേയും അതിനുമുമ്പുള്ള അഞ്ചുവർഷത്തെയും കണക്കുകൾ പരിശോധിച്ചാൽ മതിയാകും. ഞങ്ങൾ ചുമതല ഏറ്റെടുത്ത സമയത്ത്, അതായത് 2020-21-ലെ നികുതി വരുമാനം 47660.84 കോടി രൂപയായിരുന്നു. 2023-24-ൽ 74258 കോടി രൂപയിലേയ്ക്ക്

അത് വർദ്ധിച്ചു. ഏകദേശം 30000 കോടി രൂപ അധികമായി പിരിച്ചെടുത്തു. ശതമാനക്കണക്കിൽ നോക്കുകയാണെങ്കിൽ വർധന 60 ശതമാനത്തിനടുത്താണ്. അതിനുമുമ്പുള്ള കാലയളവ് കോവിഡ് മഹാമാരിയും പ്രളയവും നാശംവിതച്ച കാലമായിരുന്നു, ആ 5 വർഷംകൊണ്ട് 8000 കോടി രൂപയുടെ വർധനയേ ഉണ്ടായിട്ടുള്ളൂ. അതിനും മുമ്പുള്ള കാലയളവ്, അതായത് ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്തെ കണക്കുകൾ പരിശോധിച്ചാൽ നേരത്തെ പറഞ്ഞതിന്റെ മൂന്നിലൊന്നുപോലും നികുതി വർധന ഉണ്ടായിട്ടില്ലെന്ന് വ്യക്തമാണ്. കേരളത്തിലെ നികുതി ഘടനയുടെ ചരിത്രത്തിൽ ആദ്യമായി ഇത്തരത്തിൽ നികുതി വർധന കൊണ്ടുവരാൻ ഈ ഗവൺമെന്റിന് സാധിച്ചു.

ഇവിടെ അപ്പുറത്തുനിന്നും സംസാരിച്ചവർ കടമാണ്, കടമാണ് എന്ന് ആവർത്തിച്ച് പറയുന്നുണ്ടായിരുന്നു. കേരളത്തിന്റെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ ഓരോ അഞ്ചുവർഷം കഴിയുമ്പോഴും മിക്കവാറും പൊതുകടം വർധിക്കുന്നതായും/ഇരട്ടിയാകുന്നതായും കാണാനാകും. ഇവിടെ പണപ്പെരുപ്പത്തിന്റെ കണക്കും ഇതിനോട് കൂട്ടിവായിക്കേണ്ടതുണ്ട്. അപ്പോൾ

കടം വന്നിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. അത്തരത്തിൽ പരിശോധിച്ചാലും ഈ മൂന്ന് വർഷത്തെ കണക്കനുസരിച്ചാണെങ്കിൽ, അഞ്ച് വർഷംകൊണ്ട് കടത്തിന്റെ ശതമാനം മുമ്പുള്ളതുപോലെ ഇരട്ടിയാകില്ല. 2011-12-ൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പൊതുകടം 89,418 കോടി രൂപയായിരുന്നു. 2015-16 കാലയളവിൽ പൊതുകടം 1,57,370 കോടി രൂപയായി വർദ്ധിച്ചു. അഞ്ച് വർഷം കഴിഞ്ഞ് 2020-21-ലെ കണക്കനുസരിച്ച് അത് 2,96,900 കോടി രൂപയായിക്കഴിഞ്ഞു. എന്നാൽ കഴിഞ്ഞ മൂന്ന് വർഷംകൊണ്ട്, അതായത് 2021-22, 2022-23, 2023-24 കാലയളവിലെ കണക്കുകൾ പരിശോധിച്ചാൽ നേരത്തെയുള്ള തരത്തിൽ പൊതുകടം വർദ്ധിക്കുന്നില്ലെന്ന് മനസ്സിലാകും. അതിൽ മറ്റൊരു കാര്യംകൂടി അടങ്ങിയിട്ടുണ്ട്, കേന്ദ്ര ഗവൺമെന്റ് കടമെടുപ്പ് അനുവദിക്കുന്നില്ലെന്ന പ്രശ്നംകൂടി ഇവിടെ കൂട്ടിവായിക്കേണ്ടതുണ്ട്. കടമെടുപ്പ് പരിധി കേന്ദ്രം കുറച്ചതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സംസ്ഥാനം ഫയൽചെയ്ത കേസിനെക്കുറിച്ച് ശ്രീ. എ. പി. അനിൽ കുമാർ പ്രസംഗത്തിൽ പരാമർശിച്ചിരുന്നു. ഞങ്ങൾ സുപ്രീംകോടതിയിൽ ഈ വിഷയങ്ങളെല്ലാം

ഉന്നയിച്ചുവോയെന്ന് അദ്ദേഹം സംശയം പ്രകടിപ്പിച്ചിരുന്നു. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങളായ കിഫ്ബി, കെ.എസ്.എസ്.പി.എൽ. (Kerala Social Security Pension Limited) മുതലായ സ്ഥാപനങ്ങൾ അവരുടെ സ്വന്തംനിലയ്ക്ക് എടുത്ത കടം (2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലേത്), പൊതു കണക്കിനത്തിൽ Public Account-ലെ നീക്കിയിരിപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ ഉൾപ്പെടുത്തിയത് (2017 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷംവരെയുള്ളത്) യഥാക്രമം 15895 കോടി രൂപയും (കിഫ്ബി, കെ.എസ്.എസ്.പി.എൽ. എന്നിവയുടെ കടമെടുപ്പ് തുക), 91617 കോടി രൂപയും [അതായത് ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ സമയത്ത് അവർ കുറയ്ക്കാതിരുന്ന പബ്ലിക് അക്കൗണ്ട് തുക, ഒന്നാം പിണറായി സർക്കാർ 2017 വരെ എടുക്കാതിരുന്ന പബ്ലിക് അക്കൗണ്ട് എന്നിവ (ആ കാലയളവുവരെ ലഭിച്ചുകൊണ്ടിരുന്ന ഈ തുക പിന്നീട് കേന്ദ്രം വെട്ടിക്കുറച്ചതാണ്)] കൂടിച്ചേർന്നതാണ് കുറവ് വന്ന മൊത്തം തുക. മേൽപ്പറഞ്ഞ രണ്ട് തുകകൾ കൂടിച്ചേർന്നാലുള്ള കാര്യങ്ങളെ സംബന്ധിച്ച് ഞങ്ങൾ ബഹുമാനപ്പെട്ട

സുപ്രീംകോടതിയിൽ ഫയൽചെയ്ത OS 1/2024 (Original Suit), State of Kerala V. Union of India-ൽ പറഞ്ഞിട്ടുണ്ട്. ഇപ്രകാരം രണ്ടിനങ്ങളിലായി സംസ്ഥാനത്തിന് ലഭ്യമാകേണ്ട വായ്പാ വരുമാനത്തിലുണ്ടായ ആകെ കുറവ് 1,07,513.09 കോടി രൂപയാണെന്ന് ഞങ്ങൾ കൊടുത്തിരിക്കുന്ന പെറ്റീഷനിൽ വിശദീകരിച്ചിട്ടുണ്ട്. പ്രസ്തുത കേസ് കേട്ടശേഷം ബഹുമാനപ്പെട്ട സുപ്രീംകോടതി ഈ വിഷയം പുതിയൊരു കോൺസ്റ്റിറ്റ്യൂഷൻ ബെഞ്ചിന്റെ പരിഗണനയ്ക്കായി വിട്ടിരിക്കുകയാണ്. അതേ സമയം ധനകാര്യ കമ്മീഷൻ divisible pool-ൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ച് suit-ൽ പറയാൻ സാധിക്കില്ല, അത് മറ്റൊരു അതോറിറ്റിയാണ്. Divisible pool-ൽനിന്നും ഇത്രതുകയേ നൽകിയുള്ളുവെന്ന് പറഞ്ഞുകൊണ്ട് കോടതിയിൽനിന്നും അനുകൂലവിധി വാങ്ങാൻ കഴിയില്ല. 2017-ൽ ഈ നിയമം വരുന്നതിനുമുമ്പ്, അതായത് 5 വർഷംമുമ്പ് Public Account എടുക്കുന്ന കണക്കിലായിരുന്നെങ്കിൽ ഈ ഗവൺമെന്റിന് തൊട്ടുമുമ്പത്തെ രണ്ട് വർഷത്തെ കണക്കുകൂടി ചേർത്ത് 90000 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ഉമ്മൻ ചാണ്ടി ഗവൺമെന്റിനും ആന്റണി ഗവൺമെന്റിനും പഴയ നായനാർ ഗവൺമെന്റിനും കരുണാകരന്റെ

ഗവൺമെന്റിനും ലഭിച്ച തോതിൽ ഈ ഗവൺമെന്റിനും ലഭിക്കുമായിരുന്നെങ്കിൽ ഇപ്പോഴത്തെ കുറവ് ഒരു വർഷംകൊണ്ടുതന്നെ 13000-15000 കോടി രൂപയുടേതാകുമായിരുന്നു. അതുകൂടാതെയാണ് ഞാൻ രാവിലെ പറഞ്ഞ കിഫ്ബിയുടെ പേരിലുള്ള തുക. ഡോ. ടി. എം. തോമസ് ഐസക്കിനെക്കുറിച്ചും നേരത്തേ ഇവിടെ നിങ്ങൾ പറഞ്ഞല്ലോ, അദ്ദേഹം മോശമായ എന്തെങ്കിലും കാര്യങ്ങൾ ചെയ്തതാണോ? ആ സമയത്ത് നിലവിലുള്ള നിയമമനുസരിച്ച് SOE (State-Owned Enterprise) മുഖേന എടുക്കുന്ന കടം പൊതുവികസന കാര്യങ്ങൾക്ക് ചെലവഴിക്കാം, പിന്നീട് പ്രസ്തുത തുക അടച്ചുതീർത്താൽമതി. കിഫ്ബി എന്ന സംവിധാനം രൂപീകരിച്ചതിൽ യു.ഡി.എഫ്. ഗവൺമെന്റിന് പങ്കുണ്ടല്ലോ. ഞാൻ സൂചിപ്പിച്ച നിയമം അനുസരിച്ച് പണം കടമെടുത്ത് വികസന പദ്ധതികളുമായി സംസ്ഥാനം മുമ്പോട്ടുപോകുമ്പോൾ അത്തരം വികസന പ്രവർത്തനങ്ങളെ തടഞ്ഞേ മതിയാകുകയുള്ളൂ എന്ന സമീപനവും നിലപാടും കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചപ്പോഴാണ് നമുക്ക് ബുദ്ധിമുട്ടുണ്ടായത്, അതല്ലാതെ അന്നത്തെ നയത്തിന്റെ പ്രശ്നമല്ല. ഫലത്തിൽ 12500 മുതൽ 15000 കോടി രൂപ വരെ

നമുക്ക് നഷ്ടപ്പെടുകയാണ്. നേരത്തെയുണ്ടായിരുന്ന രീതി തുടർന്നിരുന്നെങ്കിൽ യാതൊരു കടവും ഈ സർക്കാരിന് വരില്ലായിരുന്നു. അതാണ് ഞാൻ പറഞ്ഞത്, കോവിഡ് കാലത്തേതുൾപ്പെടെ കഴിഞ്ഞ അഞ്ചുവർഷ ഭരണകാലത്ത് 8000 കോടി രൂപയുടെ വരുമാന വർധനവുണ്ടായെങ്കിൽ ഈ ഗവൺമെന്റിന്റെ കാലത്ത് മൂന്ന് വർഷംകൊണ്ടുതന്നെ ഏകദേശം 30000 കോടി രൂപയുടെ ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കാൻ ഈ സർക്കാരിന് സാധിച്ചു. ഇതെല്ലാം കേട്ടിട്ടും നിങ്ങൾക്ക് സർക്കാർ ഒന്നും ചെയ്തില്ലെന്ന് പറയാൻ സാധിക്കുമോ? അതിനുമുമ്പത്തെ ഗവൺമെന്റുകളെ താരതമ്യം ചെയ്താലും കാര്യങ്ങൾ അങ്ങനെതന്നെയാണ്. കടമെടുക്കുന്ന കാര്യത്തിൽ 3 വർഷംകൊണ്ട് വെട്ടിക്കുറച്ചത് 24000 കോടി രൂപയാണ്. അതുകൊണ്ടുതന്നെയാണ് ഇക്കഴിഞ്ഞ ദിവസം നടന്ന ധനകാര്യ വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിൽ വച്ച്, ഈ കണക്കുകൾ മുഴുവൻ നിരത്തിക്കൊണ്ട് കേന്ദ്രമന്ത്രിയെ കാര്യങ്ങൾ ബോധ്യപ്പെടുത്താൻ ഞങ്ങൾ ശ്രമിച്ചത്. ഞങ്ങൾ മാത്രമല്ല, കർണ്ണാടക ഉൾപ്പെടെ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലെല്ലാംതന്നെ ഈ പ്രശ്നമുണ്ട്, അവരും കേന്ദ്രവിഹിതത്തിലെ

അഡീഷണൽ പെർസെന്റേജും കടമെടുപ്പ് പരിധിയിലെ വർധനയും ആവശ്യപ്പെട്ടിട്ടുണ്ട്. കടം, കടം എന്ന് പതിനെട്ട് പ്രാവശ്യമൊന്നും ഞങ്ങൾ പറഞ്ഞിട്ടില്ല, ഞങ്ങൾ പറഞ്ഞത് കിട്ടാനുള്ള നികുതി വരുമാനത്തിന്റെ വിഹിതം ലഭിക്കണമെന്നാണ്. IGST-യുടെ കാര്യം പിന്നീട് വിശദമായി സംസാരിക്കാം, സമയക്രമത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ ഓർമ്മപ്പെടുത്തുന്നതുകൊണ്ട് പ്രസംഗം ചുരുക്കുകയാണ്. IGST ഉൾപ്പെടെയുള്ളവയിൽ ഞങ്ങൾ കേരളത്തിന്റെ ഭാഗങ്ങൾ വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ യോഗത്തിൽ സംഭവിച്ച ഒരു കാര്യം പറയാം. കേരളത്തിലെ ജി.എസ്.ടി. വകുപ്പ് നടത്തിയ ഒരു റിസർച്ച് വർക്കിന്റെ ഭാഗമായി മനസ്സിലാക്കിയ കാര്യമാണ്, ഫ്ലിപ് കാർട്ട്, ആമസോൺ തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോം വഴിയുള്ള ട്രേഡിംഗ്, ഒ.ടി.ടി. വഴിയുള്ള കാര്യങ്ങൾ എന്നിവ ഇന്ന് സർവ്വസാധാരണമാണ്. ആപ്പിൾ തുടങ്ങിയ കമ്പനികളുടെ ഫോൺ വാങ്ങുക, റീചാർജ്ജ് ചെയ്യുക തുടങ്ങി എല്ലാത്തരം ട്രേഡിംഗുകളുടെയും ഇൻവോയ്സിനകത്ത് ടാക്സ് കുറയ്ക്കുന്നുണ്ട്. എന്നാൽ ഇതുസംബന്ധിച്ച കണക്കോ, തുകയോ നമുക്ക് ലഭ്യമാകുന്നില്ല. അത്തരത്തിലുള്ള 500 ബില്ലുകൾ

വച്ച് പരിശോധിച്ചപ്പോൾ കാര്യങ്ങൾ കൂടുതൽ വ്യക്തമാകുകയും ഈ വിഷയം യോഗത്തിൽ ബോദ്ധ്യപ്പെടുത്തുകയും ചെയ്തതോടെ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ഉൾപ്പെടെ ജി.എസ്.ടി. കൗൺസിലിൽ ഇക്കാര്യം ചർച്ചചെയ്തു, ഉദ്യോഗസ്ഥരുടെ യോഗത്തിലും വിഷയം ചർച്ച ചെയ്തിരുന്നു. അതോടെ ഇതുസംബന്ധിച്ച് അടിയന്തര നടപടി സ്വീകരിക്കുമെന്ന് ഉറപ്പായിട്ടുണ്ട്. ഇനിമുതൽ ഓൺലൈനായി ഒരു സാധനം വാങ്ങിയാൽ പ്രത്യേക ഫോറത്തിനകത്ത് ഡാറ്റകൾ പൂരിപ്പിക്കുമ്പോൾ അതിൽ വരുന്ന കണക്കുകൾകൂടി പരിശോധിച്ച് ഓൺലൈൻ ട്രേഡിംഗിന്റെ ടാക്സ്കൂടി സംസ്ഥാനത്തിന് ലഭിക്കും. ഐ.ജി.എസ്.ടി.-യുടെയും Expenditure Committee-യുടെയും കാര്യങ്ങൾ പറഞ്ഞല്ലോ, ഒരു കാര്യവും ഞങ്ങൾക്ക് രഹസ്യമായി വയ്ക്കാനില്ല. നമ്മൾ നിയമിച്ച കമ്മിറ്റിയാണ്, റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിക്കേണ്ടതല്ലേ, ഗവൺമെന്റ് അംഗീകരിച്ചാലെ അത് നിയമസഭയിൽ വയ്ക്കുകയുള്ളൂ. ഈ സഭയിൽത്തന്നെ പ്രസ്തുത റിപ്പോർട്ട് വയ്ക്കാൻ സാധിക്കുമെന്നാണ് ഞാൻ കരുതുന്നത്. ഞങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച്, ഞങ്ങൾതന്നെ നൽകിയ സാങ്കൽപ്പികമായ കണക്കുകൾ അധികരിച്ചുകൊണ്ട്

ഈ വിഷയം പഠിക്കാൻ നിർദ്ദേശിച്ചതാണ്. ഇപ്പോഴും ഐ.ജി.എസ്.ടി.-യുടെ കാര്യത്തിൽ നമുക്ക് സംശയമുണ്ട്. യോഗത്തിൽ ഇക്കാര്യവും ഉന്നയിച്ചത് ഞാൻതന്നെയാണ്. ഇക്കഴിഞ്ഞ വർഷവും നടപ്പുവർഷവും കണക്കുകൾ പരിശോധിച്ചപ്പോൾ SGST (State Goods and Services Tax)-ൽ 10-11 ശതമാനം വർധന ലഭിക്കുന്നുണ്ട്, സംസ്ഥാന ടാക്സിൽ വർധന അനുഭവപ്പെടുന്നുണ്ട്. കേരളത്തിനകത്ത് പിരിക്കുന്ന നികുതിയിൽ ഈ വർധനയുണ്ടാകുമ്പോൾ ഐ.ജി.എസ്.ടി.-ൽ ലഭ്യമാകുന്നത് 3 ശതമാനം മാത്രമാണ്. ഐ.ജി.എസ്.ടി.-യിൽ കേന്ദ്രത്തിന് ലഭ്യമാകേണ്ട വിഹിതംപോലും ലഭ്യമാകുന്നില്ലെന്നാണ് കേന്ദ്ര ഗവൺമെന്റ് പറയുന്നത്. ഐ.ജി.എസ്.ടി. ഏതാനും ചില സംസ്ഥാനങ്ങൾ കൊണ്ടുപോകുന്നുവെന്നാണ് കേന്ദ്രത്തിന്റെ അഭിപ്രായം. ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന സിസ്റ്റത്തിൽ തകരാറുണ്ടെന്ന് ഞങ്ങൾ സൂചിപ്പിച്ചു, ഐ.ജി.എസ്.ടി. സംബന്ധിച്ച് ആദ്യം മുതൽതന്നെ ഞങ്ങൾ ഇത് പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. ഇതുസംബന്ധിച്ച് കാൽക്കുലേഷൻസ് നടത്തുന്ന കമ്പ്യൂട്ടർ സംവിധാനത്തിൽ എന്തോ പിഴവുകളുണ്ട്. ഇതിൽ തർക്കത്തിന്റെ വിഷയമില്ല, അടുത്ത പത്ത്

ദിവസത്തിനകം സംസ്ഥാന നികുതി വകുപ്പിലെ ഉദ്യോഗസ്ഥരെ വിളിച്ചുചേർത്ത് ഐ.ജി.എസ്.ടി. സംബന്ധിച്ച കാര്യങ്ങൾ പ്രത്യേകമായി പരിശോധിക്കുന്നതിന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ഞങ്ങളുടെ യോഗത്തിൽ വച്ചുതന്നെ നിർദ്ദേശം നൽകിയിരിക്കുകയാണ്. അതുൾപ്പെടെയുള്ള കാര്യങ്ങൾ വൈകാതെ നടക്കുന്നതാണ്. പൊതുവിൽ ഇക്കാര്യങ്ങളെല്ലാം ഗവൺമെന്റ് ചെയ്യുമ്പോഴാണ് ഒന്നുംതന്നെ കൊടുക്കുന്നില്ല, കൊടുക്കുന്നില്ല എന്ന വലിയ വർത്തമാനം പ്രതിപക്ഷം പറഞ്ഞുകൊണ്ടിരിക്കുന്നത്, തിരഞ്ഞെടുപ്പ് കഴിയുന്നതിനുമുമ്പേതന്നെ ഇങ്ങനെ പറയാൻ തുടങ്ങിയതാണ്.

കഴിഞ്ഞദിവസം അടിയന്തരപ്രമേയം അവതരിപ്പിച്ചതും ഗവൺമെന്റ് ഒന്നും നൽകുന്നില്ലെന്ന് പറഞ്ഞുകൊണ്ടാണ്. അന്ന് കുണ്ടറ അംഗം പറഞ്ഞതിന് മറുപടിയായി ഒരു സ്റ്റേറ്റ്മെന്റ് തന്നെ സഭയിൽ വയ്ക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്, അതുസംബന്ധിച്ച കണക്കുകൾ കൊടുത്തിട്ടുണ്ട്. മാധ്യമങ്ങളിൽ തത്സമയം വീഡിയോ പ്ലേ ചെയ്തുകൊണ്ടിരിക്കുന്നതിനാൽ ഞാൻ സ്റ്റേറ്റ്മെന്റ് വച്ചാലും അതിനുള്ള മറുപടിയാകില്ലെന്ന് അറിയാം. അദ്ദേഹം പറഞ്ഞ കാര്യങ്ങളുടെ ക്ലിപ്പിംഗ്സ് അപ്പോൾത്തന്നെ ഇൻസ്റ്റഗ്രാമിലും മറ്റ്

സോഷ്യൽ മീഡിയകളിലും പൊയ്ക്കൊണ്ടിരിക്കുകയാണല്ലോ. ഗവൺമെന്റ് ഒന്നും കൊടുക്കുന്നില്ല, കൊടുക്കുന്നില്ല എന്ന് പ്രചരിപ്പിക്കുകയാണ്. അതുകൊണ്ടുതന്നെ കൊടുത്തതിന്റെ കണക്കുകൾ സഹിതം സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കാം. അവർ പറഞ്ഞതുപോലുള്ള കുടിശ്ശികകളൊന്നും ഇപ്പോഴില്ല. എങ്കിലും അത്തരത്തിലാണ് വാർത്തകൾ വരുന്നത്. ഈ തിരഞ്ഞെടുപ്പ് സമയത്ത് മാത്രമല്ല, 2019-ലെ തിരഞ്ഞെടുപ്പുകാലത്തും ഇതേപോലെ വാർത്തകൾ പുറത്തുവന്നിരുന്നു, അവയുടെ പത്രകട്ടിംഗ് ഞാൻ ശേഖരിച്ചിട്ടുണ്ട്. ക്ഷേമ പെൻഷനുകൾ കൊടുക്കുന്നില്ലെന്നാണ് അന്ന് പറഞ്ഞത്, അവസാനം അഞ്ച് മാസത്തെ പെൻഷൻ ഒരുമിച്ച് കൊടുത്തുവെന്ന് പറഞ്ഞു. ആ സമയത്ത് മാധ്യമങ്ങൾ എന്തൊക്കെയാണ് റിപ്പോർട്ട് ചെയ്തത്! നെല്ല് സംഭരണത്തിന് പണം നൽകുന്നില്ല, ഒരു ലക്ഷം പേർക്ക് തുക നൽകാനുണ്ട്. സപ്ലൈകോയ്ക്ക് നഷ്ടം 431 കോടി രൂപ, തുടങ്ങി പല അസത്യങ്ങളും പത്രത്തിൽ വന്നിരിക്കുകയാണ്. സ്ഥിരമായി ഇത്തരം അയഥാർഥ വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. (ചില പത്ര കട്ടിംഗുകൾ ഉയർത്തിക്കാട്ടുന്നു), അന്നത്തെ വാർത്തകളുടെ രീതി വളരെ രസകരമാണ്, എന്തോ പ്രത്യേകമായി

സംഭവിച്ചുവെന്ന് തോന്നിപ്പിക്കുന്ന തരത്തിലാണ് വാർത്തകൾ നൽകുന്നത്. എല്ലാ തിരഞ്ഞെടുപ്പിലും നിങ്ങൾ ഇങ്ങനെയൊക്കെത്തന്നെയല്ലേ പ്രചരിപ്പിക്കുന്നത്. 'സപ്ലൈകോയ്ക്ക് സബ്സിഡി പൂട്ട്', 'സപ്ലൈകോയ്ക്ക് പണം കൊടുത്തിട്ടേയില്ല', 11-02-2019-ലെ പത്രത്തിൽ വന്ന വാർത്തയാണ്. 'സപ്ലൈകോയെ ഇല്ലാതാക്കരുത്', മാതൃഭൂമി പത്രത്തിലെ എഡിറ്റോറിയൽ പേജിൽ വന്നതാണ്. 'ഡി.എ. കൊടുത്തിട്ടില്ല', ഇങ്ങനെ എന്തെല്ലാം വാർത്തകൾ വന്നിരുന്നു. ഡി.എ. നൽകുന്നതിൽ പോരായ്മ വന്നിട്ടുണ്ടെന്ന് ഞാൻ പറഞ്ഞതാണ്. ഡി.എ. നൽകാത്തതിന്റെ കണക്കുകൾ എന്റെ കൈയിലുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്തുള്ള 2017 മുതലുള്ള ഡി.എ. ക്രെഡിറ്റ് ചെയ്തത് 2021-ലാണ്. ഇത്രയും വെട്ടിക്കുറവുണ്ടായിട്ടും 2021 ഏപ്രിൽ മാസം മുതൽ ശമ്പള പരിഷ്കരണം നടത്തി ഡി.എ. ഉൾപ്പെടെ നൽകിയ സർക്കാരാണിത്. എല്ലാ തിരഞ്ഞെടുപ്പിനുമുമ്പും ഡി.എ.-യെ സംബന്ധിച്ചും കർഷകരുമായി ബന്ധപ്പെട്ടും കുറെയേറെ വാർത്തകൾ പ്രചരിപ്പിക്കും. പക്ഷേ വസ്തുതയെന്താണ്? യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഡി.എ. നൽകാത്തതുസംബന്ധിച്ച് അന്നത്തെ കെ.പി.സി.സി. പ്രസിഡന്റ് കെ. സി.

എബ്രഹാം പറഞ്ഞ സ്റ്റേറ്റ്മെന്റ് എന്റെ കൈവശമുണ്ട്. സർക്കാർ ജീവനക്കാരുടെ ഡി.എ.-യുടെ കാര്യത്തിലായാലും അവർക്ക് പെൻഷൻ നൽകുന്ന കാര്യത്തിലായാലും ഇപ്പോൾ ഒന്നും നൽകേണ്ടന്ന് തീരുമാനിച്ച അനുഭവങ്ങൾ മുമ്പുണ്ടായിട്ടുണ്ട്. അത്തരം സമീപനം ഇടതുപക്ഷ സർക്കാരിനില്ല. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഓരോ വകുപ്പിനും വലിയ നേട്ടങ്ങളും മാറ്റങ്ങളും വന്നിട്ടുണ്ട്. ആ മാറ്റങ്ങൾ കൂടുതൽ നന്നായി കൊണ്ടുപോകേണ്ടതുമുണ്ട്. നമ്മൾ കേന്ദ്രത്തിൽപോയി ആവശ്യപ്പെട്ടതും നമ്മുടെ എം.പി.-മാർ അവിടെ ആവശ്യപ്പെടേണ്ടതുമായ കാര്യം പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഒരു പ്രധാന പദ്ധതിയെന്ന നിലയിൽ വിഴിഞ്ഞം തുറമുഖ പദ്ധതിക്കും അടിസ്ഥാന സൗകര്യത്തിനും പ്രത്യേക സ്കീമുകൾ ലഭ്യമാക്കണം. ഇതൊക്കെ നമ്മുടെ എം.പി.-മാർ അവിടെ ഉന്നയിക്കേണ്ട വിഷയങ്ങളാണ്. കർണ്ണാടകവും തമിഴ്നാടും ബീഹാറും യു.പി.-യും ഉൾപ്പെടുന്ന വിവിധ ഇടത് സംസ്ഥാനങ്ങൾ വ്യത്യസ്തമായ കാര്യങ്ങൾക്കായി കാപെക്സ് സ്കീം മുഖേന കേന്ദ്ര സർക്കാർ രണ്ട്-രണ്ടര ലക്ഷം കോടി രൂപ നൽകുമ്പോൾ കേരളത്തിന് വേണ്ടത്ര പണം നൽകിയിട്ടില്ല. ഇതെല്ലാം ലഭിക്കാൻവേണ്ടി നമ്മുടെ എം.പി.-

മാർ അവിടെ ഈ പ്രശ്നം ഉന്നയിച്ചാൽ കേരളത്തിൽ കാര്യങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകാൻ കഴിയും. അതിനനുസരിച്ചുള്ള പ്രവർത്തനമാണ് നടത്തുന്നത്. ഇവിടെ പറഞ്ഞ ചില കാര്യങ്ങൾ തുടർന്ന് ഫോളോ അപ്പ് ചെയ്യേണ്ടതുണ്ട്. സമയചുരുക്കം കാരണം ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ ബിൽ പാസ്സാക്കിതരണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വർഷത്തിലൊരിക്കലാണ് ഡിമാൻഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ കഴിയുന്നത്. സ്വാഭാവികമായും നിയമസഭ ചേരുമ്പോൾ ആ പ്രശ്നങ്ങൾ വകുപ്പുകൾക്ക് ശ്രദ്ധയിൽപ്പെടുത്താൻ കഴിയുന്ന അവസരമാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ധനാഭ്യർത്ഥനകളിന്മേലുള്ള മറുപടികൂടി പറയേണ്ടതുള്ളതുകൊണ്ടും റവന്യൂ, സർവ്വേ, ദുരന്തനിവാരണം, ഭവന നിർമ്മാണം എന്നീ പ്രധാനപ്പെട്ട നാല് വിഷയങ്ങൾ സംബന്ധിച്ച് സംസാരിക്കാനുള്ളതുകൊണ്ടും ബഹുമാനപ്പെട്ട ചെയർ അനാവശ്യമായി സമ്മർദ്ദമുണ്ടാക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പറഞ്ഞ വിഷയങ്ങൾ ആവർത്തിക്കാതിരിക്കാൻ ഞാൻ പരമാവധി ശ്രമിക്കാം.

കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനിടയിൽ കേരളത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നടത്തിയ വലിയ പ്രവർത്തനത്തിന്റെ ഫലമാണ് ഇവിടെ എം.എൽ.എ.-മാരിൽ ചിലരെങ്കിലും ചർച്ചയിൽ അഭിപ്രായപ്പെട്ട പട്ടയ രംഗത്തെ അസാമാന്യവും അത്ഭുതകരവുമായിട്ടുള്ള നേട്ടങ്ങൾ. രണ്ടാം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് 153103 പട്ടയങ്ങൾ നൽകിയെങ്കിൽ ഒരു ലക്ഷത്തി എഴുപത്തി ഏഴായിരത്തിലേറെ പട്ടയങ്ങൾ ആദ്യ ഗവൺമെന്റിന്റെ കാലത്ത് നമുക്ക് നൽകാൻ സാധിച്ചിട്ടുണ്ട്. ഭൂമിയുടെ ഉടമകളാക്കി മനുഷ്യരെ മാറ്റുകയെന്നത് മാത്രമല്ല ഈ ഗവൺമെന്റ് അധികാരത്തിൽനിന്ന് പോകുന്നതിനുമുമ്പ് കേരളത്തിലെ മുഴുവൻ മനുഷ്യരെയും ഭൂമിയുടെ ഉടമകളാക്കാൻ കഴിയുന്ന വിധത്തിലുള്ള മുന്നേറ്റമുണ്ടാക്കണമെന്നുള്ളതുകൊണ്ടാണ് 330000 പട്ടയങ്ങൾ നൽകുകയെന്ന വലിയ ടാർജറ്റ് കേരളത്തിലെ ഗവൺമെന്റ് ഏറ്റെടുക്കാനുള്ള പ്രധാന കാരണം. നേരത്തെ പറഞ്ഞതുപോലെ പട്ടയ മിഷൻ, അതിന്റെ ഭാഗമായി എം.എൽ.എ.-മാർ ചെയർമാൻമാരായിട്ടുള്ള പട്ടയ അസംബ്ലി, അതിൽ ഉരുത്തിരിയുന്ന പ്രശ്നങ്ങൾ ഉയർത്തിപിടിച്ചുകൊണ്ടുള്ള പട്ടയ ഡാഷ് ബോർഡ്, അതിന്

തുടർച്ചയായ അദാലത്ത് തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ഞാൻ ആവർത്തിക്കുന്നില്ല. എന്നാൽ ഈ സഭയിൽ സംസാരിക്കുമ്പോഴുള്ള സമാശ്വാസകരമായ കാര്യം, ദീർഘകാലമായി മലയോരമേഖലയിലെ പട്ടയ വിതരണവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ മറികടക്കാൻ ഗവൺമെന്റിന്റെ ഈയൊരു വർഷക്കാലത്തിനിടയിൽ കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ്. 1993-ലെ ചട്ടമനുസരിച്ച് 1977-ന് മുമ്പ് വനഭൂമിയിൽ കുടിയേറിപാർത്ത കുടിയേറ്റക്കാരായ ആളുകൾക്ക് ജണ്ടയ്ക്ക് പുറത്തുള്ള വനഭൂമിയുമായി ചേർന്നുകിടക്കുന്ന സ്ഥലങ്ങളിൽ പട്ടയവിതരണം ചെയ്യണമെങ്കിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തണം, പരിവേഷ് പോർട്ടലിൽ ഉൾപ്പെടുത്തണം, കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം വാങ്ങണം. കഴിഞ്ഞ 30 വർഷക്കാലമായി പുതിയ ജോയിന്റ് വെരിഫിക്കിഷേൻ റിപ്പോർട്ടോ (ജെ.വി.ആർ.) പുതിയ അപേക്ഷയോ നൽകാൻ കേരളത്തിന് അനുവാദമില്ല. ഒറ്റത്തവണ അപേക്ഷ നൽകാമെന്നും അതിനെക്കാൾ കൂടുതൽ അപേക്ഷ നൽകാൻ അനുവാദമില്ലെന്നുമാണ് കേന്ദ്ര ഗവൺമെന്റ് അവസാനമായി പറഞ്ഞത്. എന്നാൽ വനം വകുപ്പുമന്ത്രിയായ ശ്രീ. എ. കെ. ശശീന്ദ്രനുംകൂടി കേരളത്തെ

പ്രതിനിധീകരിച്ചുകൊണ്ട് പലതവണ നടത്തിയ ചർച്ചകളുടെ അവസാനത്തിൽ കഴിഞ്ഞ ഫെബ്രുവരി മാസം കേന്ദ്ര വനം വകുപ്പുമന്ത്രിയെയും സഹമന്ത്രിയെയും കണ്ട് തുടർച്ചയായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ പുതിയ ജെ.വി.ആർ. നടത്താനും പുതിയ അപേക്ഷ നൽകാനുമുള്ള കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം സമ്പാദിക്കാൻ കഴിഞ്ഞുവെന്നത് കഴിഞ്ഞ 30 വർഷക്കാലത്തെ മലയോര പട്ടയ വിതരണ വിഷയത്തിലെ പുതിയ അനുഭവമാണ്. കേരളത്തിലെ റവന്യൂ - വനം വകുപ്പുമന്ത്രിമാർ സംസാരിച്ച് കേന്ദ്ര ഉദ്യോഗസ്ഥരുമായി ഒരു ബന്ധമുണ്ടാക്കിയെന്നുമാത്രമല്ല കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറെ ഒരു സ്പെഷ്യൽ ഓഫീസറായി നിയമിച്ചുകൊണ്ട് കേരളത്തിൽനിന്നും നൽകുന്ന അപേക്ഷകളിൽ വേഗത്തിൽ തീർപ്പാക്കാനുള്ള നടപടി കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുവെന്നതും സന്തോഷകരമായ കാര്യമാണ്. അതിന്റെയടിസ്ഥാനത്തിൽ ഇവിടെ സൂചിപ്പിച്ചതുപോലെ മാർച്ച് മാസം 31-ാം തീയതി വരെ പുതിയതായി ജെ.വി.ആർ. നടത്തേണ്ട സ്ഥലങ്ങളെ സംബന്ധിച്ച് മലയോര കർഷകർക്കുള്ള അപേക്ഷകൾ സ്വീകരിക്കാൻ ഒരു

വിവരശേഖരണം എല്ലാ വില്ലേജാഫീസുകളിലും നടത്തി. അതിന്റെ അടിസ്ഥാനത്തിൽ വനം-റവന്യൂ വകുപ്പുകൾ കൂടിയാലോചിച്ച് ജോയിന്റ് വെരിഫിക്കേഷനിലേയ്ക്ക് പോകുകയാണ്. ജോയിന്റ് വെരിഫിക്കേഷന് വനം വകുപ്പ് എൻ.ഒ.സി. നൽകിയാൽ പരിവേഷ് പോർട്ടിൽ ഉൾപ്പെടുത്തി ഭൂമി സർവ്വേ ചെയ്ത് എത്രയും പെട്ടെന്ന് മലയോര മേഖലയിലെ പട്ടയവിതരണത്തിൽ അത്ഭുതകരമായ മാറ്റമുണ്ടാക്കാൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഫോറസ്റ്റ് കൺസർവേഷൻ ആക്ട് കഴിഞ്ഞ ഗവൺമെന്റ് 'The Van (Sanrakshan Evam Samvardhan) Adhiniyam' എന്ന പേരിൽ പുനഃസംഘടിപ്പിച്ചപ്പോൾ 1986-ന് മുമ്പ് വനേതരാവശ്യങ്ങൾക്കായി റവന്യൂ വകുപ്പിന് വിട്ടുകൊടുത്ത ഭൂമി കേന്ദ്ര ഗവൺമെന്റിന്റെ അനുവാദമില്ലാതെ വിതരണം ചെയ്യാൻ കഴിയുമെന്ന കാര്യംകൂടി തീരുമാനിച്ചതോടെ പട്ടയ വിതരണത്തിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. ഇവിടെ പ്രതിപക്ഷത്തുൾപ്പെടെയുള്ള അംഗങ്ങൾ ഉന്നയിച്ച വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരമാകുകയാണ്. മഞ്ചേരി അംഗം ശ്രീ. യു. എ. ലത്തീഫ് ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്, ഒരു

നൂറ്റാണ്ട് കാലമായി ഏറനാട് താലൂക്കിലെ സത്രംഭൂമി എന്നറിയപ്പെടുന്ന ഭൂമി 180-ഓളം വരുന്ന കൈവശക്കാർക്ക് വിതരണം ചെയ്യാൻ കഴിയാതെ സർക്കാരിന്റെ ഭൂമി എന്നപേരിൽതന്നെ കിടക്കുകയാണ്. ആ ഭൂമി കണ്ടുകെട്ടപ്പെട്ട ഭൂമിയാണ്. അതിന് ഇന്ത്യൻ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് ഒരു ചരിത്രമുണ്ട്. ബ്രിട്ടീഷുകാർക്കെതിരെ സമരം ചെയ്തുവെന്നപേരിൽ മഞ്ചേരിയിൽ അത്തൻകുട്ടി കുരിക്കളുടെ കൈവശമുണ്ടായിരുന്ന ഭൂമിയാണ് സത്രം ഭൂമി. ഒരു നൂറ്റാണ്ടായി തലമുറകൾ കൈമാറി മരണമുൾപ്പെടെ പൂർവ്വികർക്കുണ്ടായിട്ടും പട്ടയം നൽകാത്ത ആ സത്രം ഭൂമിയുടെ പട്ടയങ്ങൾ ഈ ഗവൺമെന്റിന്റെ മൂന്നാം വാർഷികവുമായി ബന്ധപ്പെട്ട നൂറ് ദിന പരിപാടിയിൽ മഞ്ചേരിയിൽ വച്ച് വിതരണം ചെയ്യാൻ കഴിയുന്ന വിധത്തിൽ അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ സാധിച്ചുവെന്നുള്ളത് അഭിമാനത്തോടുകൂടി പറയുകയാണ്. ഹിൽമെൻ സെറ്റിൽമെന്റുമായി ബന്ധപ്പെട്ടുള്ള ദീർഘകാലത്തെ പട്ടയപ്രശ്നങ്ങൾ, കോട്ടയത്ത് പതിനായിരവും ഇടുക്കിയിൽ ഇരുപതിനായിരവും എറണാകുളത്ത് ഏഴായിരവും പട്ടയ അപേക്ഷകൾ ലഭിച്ചു. അക്കാര്യത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്

ട്വന്റി ട്വന്റി എന്ന നിയമമുണ്ടാക്കിയെങ്കിലും അതിനൊരു പ്യൂരിഫിക്കേഷൻ ആവശ്യമായി വരികയും അതിന്റെഭാഗമായി പ്യൂരിഫിക്കേഷൻ നടത്തുകയും ചെയ്തു. ഈ സാമ്പത്തിക പ്രയാസത്തിന്റെ കാലത്തും 17 ജീവനക്കാർ ഉൾപ്പെടുന്ന രണ്ട് ഓഫീസുകൾ കോതമംഗലത്തും പൂഞ്ഞാർ മണ്ഡലത്തിലെ കാഞ്ഞിരപ്പള്ളിയിലും ആരംഭിച്ചു. ഒരു വർഷക്കാലത്തിനുള്ളിൽ പട്ടയവിതരണ നടപടികൾ പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുമായി മുന്നോട്ടുപോകുകയാണ്. അതിർത്തി നിർണ്ണയത്തിന്റെ പേരിൽ കൃത്യതയോടെ പട്ടയം വിതരണം ചെയ്യാതിരുന്ന എയ്ഞ്ചൽവാലി-പമ്പാവാലി പ്രദേശങ്ങളിലെ 1900 അപേക്ഷകളിൽ 1300-ഓളം വിതരണം ചെയ്തു. ബാക്കി 600 എണ്ണം ഇപ്പോൾ വിതരണം ചെയ്യും. പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയിലെ ദീർഘകാലത്തെ പ്രശ്നമാണ് പൊന്തൻപുഴ വനമേഖലയിലുൾപ്പെടുന്ന കോട്ടയം ജില്ലയിലെ മണിമല, പത്തനംതിട്ട ജില്ലയിലെ പെരുംപെട്ടി, ചേത്തയ്ക്കൽ അങ്ങാടി വില്ലേജുകൾ. അവിടങ്ങളിൽ ഡിജിറ്റൽ റീസർവ്വേ ആരംഭിച്ചു. അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭ്യമായി വനത്തിന്റെ ഭാഗം തിരിച്ചുകൊടുത്തുകഴിഞ്ഞാൽ ബാക്കിഭൂമിയിലെ നിയമപ്രശ്നങ്ങൾ

പരിഹരിച്ചുകൊണ്ട് പട്ടയം നൽകാൻ കഴിയും. നവകേരള സദസ്സിനിടയിൽ ഞാനും ബഹുമാനപ്പെട്ട വ്യവസായം വകുപ്പുമന്ത്രിയും കൂടിയുള്ളപ്പോഴാണ് കൊല്ലത്തെ പള്ളിത്തോട്ടം മേഖലയിലെ മത്സ്യത്തൊഴിലാളികൾ ദീർഘകാലമായി കടൽപുറമ്പോക്കിന്റെ പേരിലുണ്ടായിരുന്ന സ്ഥലം അവർക്ക് പതിച്ചുകിട്ടുന്നില്ലെന്ന പ്രശ്നമുന്നയിച്ചത്. ആ കടൽപുറമ്പോക്ക് പൂർണ്ണമായി പരിശോധിച്ച് സർക്കാരിന്റെ ഭാഗമായിട്ടുള്ള ഭൂമി പ്രത്യേകമായി അളന്ന് തിട്ടപ്പെടുത്തി അവിടെയുള്ള ഇരുന്നൂറോളം മത്സ്യത്തൊഴിലാളികൾക്ക് നൂറ് ദിന പരിപാടിയിൽ പട്ടയ വിതരണം ചെയ്യാൻ കഴിയുമെന്ന കാര്യം പ്രത്യേകം പരാമർശിക്കേണ്ടതാണ്. പുനലൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ നേതൃത്വത്തിൽ, ഭൂമിയേറ്റെടുക്കലിന്റെ ഭാഗമായി നടത്തിയ വലിയ യജ്ഞമായിരുന്ന 'ഭൂരഹിതരില്ലാത്ത പുനലൂർ' എന്ന ആശയവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പ്രത്യേക പദ്ധതി. ഒരുപക്ഷേ കേരളത്തിൽത്തന്നെ വലിയ ശ്രദ്ധയോടുകൂടി നടപ്പിലാക്കിയ ഒരു പദ്ധതിയാണിത്. ഇതിനെ ഒരു പ്രത്യേക പരിപാടിയായി ഏറ്റെടുത്തുകൊണ്ട് അക്കാര്യത്തിൽ ആവശ്യമായ എല്ലാ നടപടികളും റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ ഈ കാലഘട്ടത്തിൽ

നടത്തുമെന്ന കാര്യവും സഭയ്ക്ക് ഉറപ്പുനൽകുകയാണ്. ഇടുക്കി, പത്തനംതിട്ട ജില്ലകളിലെ വ്യാപകമായ പട്ടയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും നമുക്ക് ഈ കാലയളവിൽ കഴിയും. അതിനായി പ്രത്യേക മിഷൻ രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിന്റെ അഭിമാനമാണ് ഡിജിറ്റൽ റീസർവ്വേ. 1967-ൽ ആരംഭിച്ച റീസർവ്വേ നടപടികൾ ദീർഘകാലം കഴിഞ്ഞിട്ടും ആകെയുള്ള 1666 വില്ലേജുകളിൽ കേവലം 921 വില്ലേജുകളിൽ മാത്രമാണ് നടത്താനായത്. നേരത്തെയുണ്ടായിരുന്ന കോലളവ്, ചെയിൻ സർവ്വേ, ഇ.ടി.എസ്. (ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ) എന്നിവയുടെ സ്ഥാനത്ത് ഇപ്പോൾ ആർ.ടി.കെ. (റിയൽ ടൈം കൈൻമാറ്റിക്) റോവർ ആണുപയോഗിക്കുന്നത്. 197 വില്ലേജുകളിൽ കേരള സർവ്വേ ആൻഡ് ബൗണ്ടറീസ് ആക്റ്റിലെ സെക്ഷൻ 9(2) അനുസരിച്ചുള്ള ലിസ്റ്റ് പ്രസിദ്ധീകരിച്ച്, നാലായിരം ഹെക്ടർ ഭൂമി ഇതിനോടകം അളന്ന് തിട്ടപ്പെടുത്തി 2840000 ലാൻഡ് പാർസലുകളിൽ പൂർണമായി നടപടിയെടുക്കാൻ കഴിയുന്ന വിധത്തിൽ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന കാര്യം വളരെ അഭിമാനപൂർവം പറയുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച ഡിജിറ്റൽ റീസർവ്വേയുടെ ഭാഗമായി നാല്

ലക്ഷം ഹെക്ടർ സ്ഥലം അളന്ന് തിട്ടപ്പെടുത്തിയെന്ന് മാത്രമല്ല, പൂർണമായും പരാതിരഹിതമായ, L.R.M (Land Records Maintenance) കേസുകളുണ്ടാകാത്ത സർവ്വേ നടപടികളായി അത് മാറിയിരിക്കുകയാണ്. കേരളത്തിലെ 182 വില്ലേജുകളിലെ ലാൻഡ് പാർസലുകൾ അളന്ന് തിട്ടപ്പെടുത്തിയപ്പോൾ കേവലം 0.2 ശതമാനം മാത്രമാണ് ഇതുമായി ബന്ധപ്പെട്ട ALC (Appeal Land Complaints) കേസുകൾ വരുന്നത് എന്നുള്ളത് വളരെ സന്തോഷപൂർവം കാണാവുന്ന കാര്യമാണ്. ഞാൻ ഒരു ചോദ്യോത്തരവേളയിൽ പറഞ്ഞതുപോലെ, കേരളത്തിന്റെ ഡിജിറ്റൽ സർവ്വേയുടെ സൊല്യൂഷൻ ആസാം ഗവൺമെന്റിന് നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് Ministry of Rural Development-ന്റെ ഭാഗമായുള്ള Department of Land Resource പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഭൂപരിഷ്കരണം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ കാഴ്ചവച്ച കേരള മോഡൽ സർവ്വേ രംഗത്തും നടപ്പാക്കാൻ കഴിഞ്ഞുവെന്നും വളരെ അഭിമാനപൂർവം പറയാൻ കഴിയും. Presumptive title-ൽനിന്ന് conclusive title-ലേയ്ക്ക് കേരളം പോകുകയെന്ന ഒരു ലക്ഷ്യം നമുക്കുണ്ട്. Conclusive title-

ലേയ്ക്കുള്ള യാത്രയിൽ കേരളം അടയാളപ്പെടുത്താൻ പോകുന്നതാണ് ഡിജിറ്റൽ റീസർവ്വേ. ഈ ഡിജിറ്റൽ റീസർവ്വേ പൂർത്തിയായാൽ അതിനനുസരിച്ച് രജിസ്ട്രേഷൻ വകുപ്പിന്റെ പോർട്ടലായ PEARL (Package for Effective Administration of Registration Laws)-ഉം റവന്യൂ വകുപ്പിന്റെ പോർട്ടലായ ReLIS (Revenue Land Information System)-ഉം സർവ്വേ വകുപ്പിന്റെ പോർട്ടലായ e-Map-ഉം ഇന്റഗ്രേറ്റ് ചെയ്തുകൊണ്ട് ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ഒരു സംസ്ഥാന ഗവൺമെന്റ് ഇന്റഗ്രേറ്റഡ് പോർട്ടൽ 'എന്റെ ഭൂമി' എന്ന പേരിൽ ആരംഭിക്കാൻ പോകുകയാണ്. റീസർവ്വേ പൂർത്തിയായ ഇരുന്നൂറ് വില്ലേജുകളിൽ ആഗസ്റ്റ് മാസത്തോടുകൂടി ഇന്റഗ്രേറ്റഡ് പോർട്ടൽ ആരംഭിക്കാൻ കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. ഡിജിറ്റൽ സർവ്വേ റെക്കോർഡ് ഭൂമി കൈമാറ്റ ആധാരത്തിന്റെ ഭാഗമാകുന്ന വിധത്തിൽ കൈമാറ്റത്തിന് മുമ്പായി presumption സ്കെച്ച് തയ്യാറാക്കാൻ കഴിയുന്ന വിധത്തിൽ ആ നടപടികൾ പൂർത്തീകരിച്ചു. ഇപ്പോൾ ഡിജിറ്റൽ സർവെ നടക്കുമ്പോൾ മുപ്പത്തിയഞ്ച് ശതമാനം സ്ഥലങ്ങളിൽ കാണപ്പെടുന്ന പ്രധാന പ്രശ്നം, അതിരടയാളപ്പെടുത്തിയിട്ടുള്ളതും ദീർഘകാലമായി കൈവശം

വച്ചുപോരുന്നതുമായ ഭൂമിയിൽ അധിക ഭൂമിയുണ്ടാകുന്നുവെന്നതാണ്. അഞ്ച് സെന്റ് ഭൂമിയുടെ രേഖയാണുണ്ടാകുകയെങ്കിലും ആ വ്യക്തി കൈവശം വച്ചിരിക്കുന്ന സ്ഥലം ഏഴ് സെന്റാകും. അത് സ്ഥിരീകരിക്കാൻ/അധിക ഭൂമിയെ റെഗുലറൈസ് ചെയ്യാൻ ഒരു വഴിയും ഇപ്പോൾ നമ്മുടെ മുന്നിലില്ല. ഭൂമിയുടെ അധിക വിസ്തീർണ്ണത്തിന്റെ ക്രമീകരണം ഉറപ്പുവരുത്താൻ നിലവിലുള്ള നിയമപ്രകാരം, അതിരുകളിലുള്ള വിസ്തൃതിയാണ് നിലനിൽക്കുന്നതെന്നുള്ള (boundary will prevail over extent) ഒരു തത്വമുള്ളതുകൊണ്ട് അത് പ്രാവർത്തികമാക്കുന്നതിന്, സെലക്ട് കമ്മിറ്റിക്ക് അയച്ച്, അധിക ഭൂമി സംബന്ധിച്ച ഒരു നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ആ നിയമനിർമ്മാണം സാധ്യമായാൽ അത് കേരളത്തിന്റെ ചരിത്രമായി മാറും. ഭൂമിയുടെ എല്ലാ പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്ന റവന്യൂ വകുപ്പ്, ഒരു റവന്യൂ ഭവൻ കവടിയാറിൽ പൈതൃക കെട്ടിടമായി ആരംഭിക്കാൻ പോകുകയാണ്. ദീർഘകാലമായി പലവിധ പ്രയാസങ്ങൾ നേരിടുന്ന ഹൗസിംഗ് ബോർഡ്, മറൈൻ ഡ്രൈവിലെ പതിനേഴര ഏക്കർ സ്ഥലത്ത് പ്രകൃതി സൗന്ദര്യത്തെ നിലനിർത്തിക്കൊണ്ട് 'മറൈൻ ഇക്കോസിറ്റി'

എന്ന പേരിൽ ഒരു വാണിജ്യ ഭവന സമുച്ചയത്തിന് രൂപം നൽകുകയാണ്. രണ്ടര ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള വാണിജ്യ സമുച്ചയം, 118000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കൺവെൻഷൻ സെന്റർ, മുപ്പത്തിമൂന്ന് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഭവന സമുച്ചയം, 946000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പാർക്കിംഗ് സൗകര്യം, ബാംബൂ ഫോറസ്റ്റിംഗ് ഉൾപ്പെടെയുള്ള പ്രകൃതി സംരക്ഷണ സംവിധാനങ്ങൾ നിലനിർത്തി 3,570 കോടി രൂപയുടെ വിപണനമൂല്യമുള്ള ഒരു സമുച്ചയമാണ് കേന്ദ്രത്തിന്റെ നവരത്ന ഏജൻസി കമ്പനികളിലൊന്നായ NBCC (National Buildings Construction Corporation)-യുമായി സഹകരിച്ച് ഹൗസിംഗ് ബോർഡ് ആരംഭിക്കാൻ പോകുന്നത്. നൂറ് ദിന കർമ്മ പരിപാടികളുടെ ഭാഗമായി അതിന് തറക്കല്ലിട്ട് ആവശ്യമായ നടപടിക്രമങ്ങളിലേയ്ക്ക് പോകാൻ കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്.

എം.എൽ.എ.-മാരോട് പ്രത്യേകമായി നന്ദി രേഖപ്പെടുത്താനുണ്ട്. കേരളത്തിൽ 1666 വില്ലേജുകൾക്കായി 1543 കെട്ടിടങ്ങളാണുള്ളത്. അതിൽ 670 കെട്ടിടങ്ങൾ ഡിജിറ്റൽ/സ്മാർട്ട് ആക്കാൻ സർക്കാർതന്നെ

പണമനുവദിക്കുകയും അതിൽ നാൽപ്പത്തിമൂന്നെണ്ണം പൂർത്തീകരിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പിന്തുണയോടുകൂടി സർക്കാർ ഉത്തരവ് 62/2022 പുറത്തിറക്കിയ സമയത്ത്, എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയിൽനിന്ന് ഫണ്ട് ലഭ്യമാക്കാമെന്ന തീരുമാനമുണ്ടായപ്പോൾ അക്കാര്യത്തിൽ വലിയ പിന്തുണ നൽകിക്കൊണ്ട് എം.എൽ.എ.-മാർ നടത്തിയ പ്രവർത്തനങ്ങൾക്ക് ഗവൺമെന്റിനുവേണ്ടി പ്രത്യേകനന്ദി രേഖപ്പെടുത്തുകയാണ്.

ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഭൂമി തരംമാറ്റം സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങളുയരുന്നുവെന്ന പരാതികളുണ്ട്. 2022 ജനുവരി 31 വരെ ലഭ്യമായ 223000 ഓഫ്‌ലൈൻ അപേക്ഷകളിൽ, 214900-വും പരിഹരിച്ചു. അപേക്ഷകളിലെ തെറ്റ്, പണമടയ്ക്കാത്ത സ്ഥിതി, തിരികെ ആൾ വരാത്തത് തുടങ്ങിയ പ്രശ്നങ്ങളിലാണ് ബാക്കി 12000 അപേക്ഷകൾ തീർപ്പാക്കാൻ സാധിക്കാത്തത്. 2022 ഫെബ്രുവരി 1 മുതൽ സമ്പൂർണമായി ഓൺലൈനായാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. രണ്ട് തവണയായി, 990

ജീവനക്കാരുടെയും 340 വാഹനങ്ങളുടെയും സേവനം വിനിയോഗിച്ച് ആറ് മാസക്കാലത്തേയ്ക്ക് നടപടിയെടുത്തു. അത്തരത്തിൽ കണക്കാക്കിയാൽ ആകെ ഒരു കൊല്ലത്തേയ്ക്കുള്ള നടപടിയാണെടുത്തത്. ഇതിനായി പ്രത്യേകമായി ഒരു SOP (Standard Operating Procedure) തയ്യാറാക്കി. നേരത്തെ ബഹുമാനപ്പെട്ട ജി. എസ്. ജയലാൽ, എം.എൽ.എ. പറഞ്ഞതുപോലെ, ഇരുപത്തിയഞ്ച് സെന്റുവരെയുള്ള സൗജന്യ ഭൂമിയുടെ തരംമാറ്റവുമായി ബന്ധപ്പെട്ട് അദാലത്ത് നടത്തിയപ്പോൾ 57.54 ശതമാനം കേസുകളിന്മേൽ തീർപ്പുകൽപിക്കാൻ കഴിഞ്ഞു. ഇനിയും തീർപ്പാക്കാൻ ബാക്കിയായ കേസുകൾ അടുത്തഘട്ടത്തിൽ..... നെൽവയൽ-തണ്ണീർത്തട നിയമമനുസരിച്ച് ഇരുപത്തിയേഴ് RDO (Revenue Division Officer)-മാർക്ക് മാത്രമാണ് ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട ഫോറം നം. 5, 6, 7, 9 ഒപ്പിടാനുള്ള അവകാശമുള്ളത്. ഈ ഇരുപത്തിയേഴ് RDO-മാരുടെയടുത്താണ് ഇത്രയേറെ അപേക്ഷകൾ വരുന്നത്. ഇപ്പോൾ ലഭ്യമായ 450783 അപേക്ഷകളിൽ 158000 അപേക്ഷകൾ അപ്രൂവ് ചെയ്യുകയും 19000 എണ്ണം റിജക്ട് ചെയ്യുകയും ചെയ്തിട്ടും 272170 അപേക്ഷകൾ തീർപ്പാക്കാനായി ബാക്കിയുണ്ട്. ഓരോ ദിവസവും

ഓൺലൈനായി അഞ്ഞൂറോളം അപേക്ഷകളാണ് ലഭിക്കുന്നത്. ഇത് പരിഹരിക്കാനായി 'RDO' എന്ന പദത്തെ നിർവ്വചിച്ചുകൊണ്ട് ഒരു നിയമം കഴിഞ്ഞ സഭാ സമ്മേളന കാലയളവിൽ ഇവിടെ പാസാക്കുകയുണ്ടായി. ആ നിയമം സെപ്റ്റംബർ മാസത്തിൽ പാസാക്കിയെങ്കിലും തിരഞ്ഞെടുപ്പ് കഴിയുന്നതുവരെ ഗവർണ്ണർ അത് ഒപ്പിട്ടില്ല. നെൽവയൽ-തണ്ണീർത്തട നിയമത്തിലെ നിർണ്ണായകമായിട്ടുള്ള ആ തീരുമാനം, 'സർക്കാർ ചുമതലപ്പെടുത്തുന്ന ഡെപ്യൂട്ടി കളക്ടർ വരെയുള്ളവരാകാം' എന്ന വിധത്തിലാണ് ഈ നിയമത്തിൽ 'RDO' എന്ന പദത്തെ നിർവ്വചിച്ചിരിക്കുന്നത്. ഇത് നടപ്പായാൽ, വ്യാപകമായുള്ള തരംമാറ്റൽ നടപടികൾ നിയന്ത്രിക്കുന്നതിനായി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന്റെ ഭാഗമായി, സാമ്പത്തിക പരാധീനതകൾക്കിടയിലും 68 ജെ.എസ്.-മാരും (ജൂനിയർ സൂപ്രണ്ട്) 181 ക്ലർക്കുമാരുമുൾപ്പെടെ 249 പുതിയ തസ്തികകളും 123 താൽക്കാലിക സർവെയർമാരുടെ തസ്തികകളും സൃഷ്ടിക്കുകയും 220 വാഹനങ്ങൾ ഇതിനായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇരുപത്തിയേഴ് RDO-മാർ മാത്രമായി നിയന്ത്രിച്ചിരുന്ന നെൽവയൽ തരംമാറ്റം ഇനി എഴുപത്തിയൊന്ന്

ഉദ്യോഗസ്ഥരിലേയ്ക്കായി വിഭജിക്കപ്പെടുകയാണ് എന്നതാണ് ഇതിൽ പ്രധാനം. മാത്രമല്ല, 2024 ജൂലൈ മാസം ഒന്നാം തീയതി മുതൽ, നെൽവയൽ-തണ്ണീർത്തട നിയമത്തിന്റെ ഭാഗമായിട്ടുള്ള ഫോറം നം. 5, 6, 7, 9 എന്നിവയിൽ തീരുമാനമെടുക്കാനുള്ള നടപടി എഴുപത്തിയൊന്ന് ഉദ്യോഗസ്ഥരുടെ ചുമതലയാകും. നമ്മുടെ നാട്ടിൽ അനധികൃതമായി ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട് പലവിധ പരസ്യങ്ങൾ വരുന്നുണ്ട്. ഇക്കാര്യത്തിൽ ഞങ്ങൾ വിജിലൻസിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇവർ കേവലം അപേക്ഷ പൂരിപ്പിക്കാനുള്ള സഹായക്കാരാകുന്നു എന്നത് മാത്രമാണ് ലീഗൽ സ്റ്റാൻഡ്. ഇക്കാര്യത്തിൽ സഭ ഒരുമിച്ച് നിന്നുകൊണ്ട്, ഒരു ഏജന്റിനെയും ഈ നടപടിയിൽ അടുപ്പിക്കാൻ കഴിയാത്തവിധം ശക്തമായ ഇടപെടൽ നടത്താൻ എല്ലാവരുടെയും ഭാഗത്തുനിന്ന് സഹായമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ശ്രീ. കുറുക്കോളി മൊയ്തീൻ സൂചിപ്പിച്ചതുപോലെ അനധികൃതമായ ഭൂമി നികത്തൽ പലയിടത്തും വ്യാപകമായുണ്ടെന്നുള്ള വാർത്ത വരുന്നുണ്ട്. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ സെക്ഷൻ 13 ഉപയോഗപ്പെടുത്തി അനധികൃതമായി

മണ്ണിട്ടുനികത്തിയ നെൽവയലുകൾ പൂർവ്വസ്ഥിതിയിലാക്കാനുള്ള നടപടി ഇപ്പോൾ സർക്കാർ ആരംഭിച്ചുകഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട പതിനാല് ജില്ലകളിൽ നിന്നായി 2,49,28,800/- രൂപയുടെ പ്രൊപ്പോസലാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. അതിനായി ഗവൺമെന്റ് ഇവിടെ അവതരിപ്പിക്കുന്ന ധനാഭ്യർത്ഥനയിലൂടെ രണ്ട് കോടി രൂപ റിവോൾവിംഗ് ഫണ്ടായി മാറ്റിവയ്ക്കുകയും ആ മാറ്റിവച്ച സംഖ്യ ഉപയോഗിച്ച് സർക്കാർ ഇടപെട്ട് നെൽവയലുകൾ പൂർവ്വസ്ഥിതിയിലാക്കുകയും ആരാണോ ഭൂമിയുടെ ഉടമസ്ഥൻ അയാളുടെ കൈയിൽനിന്നും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികളിലൂടെ ആ തുക തിരിച്ചുപിടിക്കുകയും ചെയ്യുന്ന വിധത്തിലാണ് നടപടികൾ മുന്നോട്ടുകൊണ്ടുപോകാനാഗ്രഹിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതുകൂടി നടപ്പാക്കാനുള്ള ധനാഭ്യർത്ഥനയാണിതെന്നുള്ളതുകൊണ്ട് നേരത്തെ അംഗീകരിക്കുന്നില്ലെന്ന് പറഞ്ഞെങ്കിലും ഇത് അംഗീകരിക്കുന്നതായിരിക്കും പൊതുവെ നമുക്കെല്ലാവർക്കും നല്ലതെന്ന് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് അഞ്ച് നിയമങ്ങൾ

പാസ്സാക്കുകയുണ്ടായി, അതിലൊന്ന് നെൽവയൽ-തണ്ണീർത്തട നിയമത്തിന്റെ ഭേദഗതിയാണ്. അതുസംബന്ധിച്ച് ഞാനിവിടെ സൂചിപ്പിച്ചു. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ദീർഘകാലമായി, ആറ് പതിറ്റാണ്ട് കാലമായി നാം ഉന്നയിക്കുന്ന ഭൂപതിവ് നിയമത്തിൽ അത്യുജ്ജ്വലമായി ഭേദഗതി വരുത്തി, ഗവർണർ അത് ഒപ്പിടാൻ കുറച്ചുകാലം കാത്തിരുന്നെങ്കിലും ഈ സഭാ കാലയളവിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മൂന്നാംവായനയിലൂടെ പ്രത്യേകമായി നൽകിയ നിർദ്ദേശങ്ങളടക്കം ഉൾപ്പെടുത്തികൊണ്ട് ഐകകണ്ഠ്യേന കേരള നിയമസഭ പാസ്സാക്കിയ ഒരു നിയമമായി കേരളത്തിന്റെ ഭൂപതിവ് നിയമത്തിലെ മാറ്റം നമുക്ക് കൊണ്ടുവരാൻ കഴിഞ്ഞു. അതുമായി ബന്ധപ്പെട്ട ചട്ടം എത്രയും വേഗത്തിൽ കൊണ്ടുവരുന്നതാണ്. സാധാരണക്കാർക്ക് ഒരു വിധത്തിലുമുള്ള ബാധ്യതയുണ്ടാകാത്ത വിധത്തിലായിരിക്കും ചട്ടം കൊണ്ടുവരിക എന്നുകൂടി ഈ ഘട്ടത്തിൽ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കെട്ടിട നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിനായി ഏഴ് ഭേദഗതികൾ ഇവിടെ കൊണ്ടുവരികയുണ്ടായി. 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും

(ഭേദഗതി) ബിൽ സഭയ്ക്ക് മുമ്പാകെ കൊണ്ടുവരികയും അംഗീകരിക്കുകയും ചെയ്തു. കേരളത്തിൽ റവന്യൂ റിക്കവറി നിയമം പൊതുജനങ്ങൾക്ക് ആശ്വാസകരമായ രീതിയിൽ പരിഷ്കരിക്കുന്നതിനായി റിക്കവറി തുക ഗഡുക്കളായി നൽകാൻ അനുവാദം നൽകുന്നതും നിലവിലുള്ള പലിശനിരക്ക് 12-ൽ നിന്നും 9 ശതമാനമായി കുറയ്ക്കുന്നതും പണയ വസ്തു മറ്റൊരു വ്യക്തിയുമായി കരാറിലേർപ്പെട്ട് വിൽപ്പന നടത്തി കുടിശ്ശിക തീർക്കാൻ കഴിയുന്നതുമുൾപ്പെടെയുള്ള പതിനഞ്ച് ഭേദഗതികളോടെ ബിൽ ഈ സഭയുടെ മുന്നിലേയ്ക്ക് വരാനിരിക്കുകയാണ്.

ദുരന്ത നിവാരണ വിഷയവുമായി ബന്ധപ്പെട്ട് വളരെ ശക്തമായ ഇടപെടലുകളാണ് ദുരന്തനിവാരണ വകുപ്പും അതുമായി ബന്ധപ്പെട്ട സംവിധാനങ്ങളും നടത്തുന്നത്. ഈ വർഷം സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്ക് 6 കോടി രൂപയും ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതിക്ക് 30 ലക്ഷം രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ സഹായത്തോടെ 200 കോടി രൂപയുടെ തിരുവനന്തപുരം നഗര പ്രളയ ദുരന്ത ലഘൂകരണ പദ്ധതി ആസൂത്രണം ചെയ്തുവരികയാണ്.

മനുഷ്യ-മൃഗ സംഘർഷം സംസ്ഥാന ദുരന്തമായി ഈ ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിക്കുകയാണ്. നേരത്തെ വനം വകുപ്പിന്റെ മാത്രം ചുമതലയിലുണ്ടായിരുന്ന മനുഷ്യ-മൃഗ സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിക്കുകവഴി ദുരിതാശ്വാസ സഹായം നൽകുന്നതിന് SDRF (State Disaster Response Fund) കൂടി ഉപയോഗപ്പെടുത്താൻ നമുക്ക് സാധിക്കും. വനം വകുപ്പിൽ കേന്ദ്രീകൃതമായ ദുരന്ത പ്രതികരണ സംവിധാനം സ്ഥാപിക്കാൻ ആരംഭിച്ചു. ഇത്തരം സാഹചര്യത്തിൽ വിവിധ വകുപ്പുകളുടെ ഇടപെടലിനായി ഒരു SOP തയ്യാറാക്കിവരികയാണ്. ചൂട്, സൂര്യതാപം, സൂര്യാഘാതം, താപതരംഗം തുടങ്ങിയവ സംസ്ഥാന സവിശേഷ ദുരന്തമായി ഇപ്പോൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇപ്പോഴുണ്ടായ കൃഷിനാശത്തിന് 257,12,00,000/- രൂപയും മൃഗസംരക്ഷണ മേഖലയിൽ 1,50,00,000/- രൂപയും നഷ്ടമായി കണക്കാക്കിയിട്ടുണ്ട്. ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദിക്കാവുന്ന തുക മാനദണ്ഡമനുസരിച്ച് അതിവേഗം അനുവദിക്കും. ഈ വർഷം കനത്ത ചൂടിൽ പാലക്കാട് ജില്ലയിൽ രണ്ടുപേർ മരണപ്പെട്ടതായി സ്ഥിരീകരിച്ചിട്ടുണ്ട്. കോഴിക്കോട്, എറണാകുളം, മലപ്പുറം ജില്ലകളിൽ ഓരോ മരണം വീതം

റിപ്പോർട്ട് ചെയ്തെങ്കിലും മരണകാരണം പൂർണ്ണമായി സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ പ്രവചനാത്മകമായ ഒരു കാലാവസ്ഥയല്ല കേരളത്തിലുള്ളത്; പ്രവചനാതീതമായ കാലാവസ്ഥയാണ്. 2018-ലെ പ്രളയ സമയത്ത് IMD(India Meteorological Department)-യുടെ മാത്രം റിപ്പോർട്ടുകളാണ് നമുക്കുണ്ടായിരുന്നതെങ്കിൽ അതിനുശേഷം കേരളം എല്ലാ വിധത്തിലും Skymet Weather Services, GFS (Global Forecast System), IBM Weather തുടങ്ങിയ ഏജൻസികളുടെ സഹായം ഏറ്റുവാങ്ങുകയുണ്ടായി. കേരളത്തിൽ ഇപ്പോൾ IMD-യുടെ നേതൃത്വത്തിൽ 127 മഴമാപിനികളും Skymet Weather Services-ന്റെ നേതൃത്വത്തിൽ 114 മഴമാപിനികളും സ്ഥാപിച്ചിട്ടുണ്ട്. കഴിഞ്ഞ മാസം കണിച്ചാർ, കണ്ണൂർ, മൂടാടി, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ മഴമാപിനികൾ പ്രവർത്തനമാരംഭിച്ചു. അതുപോലെ കേരളത്തിൽ 126 സൈറണുകൾ സ്ഥാപിച്ച് മുൻകൂർ ട്രയലും നടത്തുകയുണ്ടായി. ഏതെങ്കിലും വിധത്തിൽ ഇത്തരം ദുരന്തങ്ങളുണ്ടായാൽ ആളുകളെ അറിയാക്കാൻ കഴിയുന്ന വിധത്തിൽ ഉച്ചത്തിൽ മുഴക്കാവുന്ന സൈറണുകളാണവ. അവയുടെ കേന്ദ്രീകൃത പ്രവർത്തനം 2024 ജൂൺ

മാസത്തിൽതന്നെ ആരംഭിച്ചിട്ടുണ്ട്. കാലാവസ്ഥാ പ്രവചനം എസ്.എം.എസ്. വഴി നൽകുന്ന സംവിധാനവും ഇപ്പോൾ കേരളത്തിലുണ്ട്. സഭയുടെ മുൻപാകെ പറയാനുള്ള മറ്റൊരു പ്രധാനപ്പെട്ടകാര്യം, 1970 ജനവരി 1-ാം തീയതിയാണ് ജന്മിത്തം കേരളത്തിൽ നിയമത്തിലൂടെ അവസാനിപ്പിച്ചത്. എന്നാൽ ജന്മിത്തവും കുടിയായ്മയുമായി ബന്ധപ്പെട്ടിട്ടുള്ള നിരവധി കേസുകൾ ഇപ്പോഴും കേരളത്തിൽ നിലനിൽക്കുന്നുണ്ട്. ജന്മിത്തവും കുടിയായ്മയുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ കേസുകളും Landlord and Tenant Act പ്രയോജനപ്പെടുത്തി ഈ ഗവൺമെന്റിന്റെ കാലത്ത് പൂർത്തിയാക്കാൻ കഴിയുമെന്ന ആത്മവിശ്വാസത്തോടുകൂടിയുള്ള പ്രവർത്തനവുമായാണ് നാം മുന്നോട്ടുപോകുന്നത്. അതിന്റെ ഭാഗമായി എൽ.റ്റി.-കളെ ശാക്തീകരിക്കാനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനും കഴിഞ്ഞു. നിലവിലുള്ള കേസുകൾ 2025-ഓടെ അവസാനിക്കും. എന്നാൽ അറിവില്ലായ്മ കൊണ്ട് കുടിയാനോ കുടിയാനായി കരുതപ്പെടുന്നവനോ ആയ ആർക്കെങ്കിലും ഇനിയും അപേക്ഷ നൽകാനുണ്ടെങ്കിൽ അത് സ്വീകരിക്കാനും പ്രയാസമുണ്ടാകില്ല. അതുപോലെ താലൂക്ക് ലാൻഡ് ബോർഡുകളെ നാല്

സോണൽ ബോർഡുകളാക്കിയതോടുകൂടി ഒരു വർഷക്കാലം കൊണ്ട് 138 കേസുകൾ തീർപ്പാക്കാനും ഇപ്രകാരം ആകെ 1391 കേസുകളിൽ തീരുമാനമെടുക്കാനും സാധിച്ചിട്ടുണ്ട്. 1244 തസ്തികകൾ സ്ഥിരമാക്കിയതും അഞ്ച് ഡെപ്യൂട്ടി കളക്ടർമാരുൾപ്പെടെ 596 പുതിയ തസ്തികകളിൽ നിയമനം നടത്തിയതും കേരളത്തിൽ 1022 തസ്തികകൾ താഴേത്തട്ടിലേയ്ക്ക് വിന്യസിച്ചതുമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കും ഘടനാപരമായി നേതൃത്വം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

അഞ്ച് പ്രോജക്ടുകൾകൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ ഡിമാൻഡുമായി ബന്ധപ്പെട്ട ചില പ്രത്യേക മറുപടികളിലേയ്ക്ക് കടക്കുകയാണ്. ഒന്ന്, ആശ്വാസ് വാടക വീട്. മെഡിക്കൽ കോളേജുകളിലെത്തുന്ന ആളുകൾക്ക് ചെറിയ വാടകയ്ക്ക് താമസിക്കാവുന്ന വാടകവീടാണത്. നിലവിൽ തൃശ്ശൂരിൽ ഉദ്ഘാടനം ചെയ്തു, ആലപ്പുഴയിലും കണ്ണൂരിലും അതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു, ഇടുക്കി ജില്ലയിലുൾപ്പെടെ ആശ്വാസ് വാടകവീടിന്റെ പ്രവർത്തനം താമസംകൂടാതെ ആരംഭിക്കും. ഏറ്റവും ദയനീയമായി കാണുന്ന മറ്റൊരു കാര്യം, അൻപത് വർഷം പൂർത്തിയായ ലക്ഷം വീട് പദ്ധതിയിലൂടെ ഇരട്ടവീടുകളായി

മാറിയ പല വീടുകളിലെയും നടുവിലുള്ള ചുമര് തകർന്നുവീഴുന്ന തരത്തിലാണ് നിൽക്കുന്നത്. കുറേയേറെ വീടുകൾ മാറ്റിക്കൊണ്ടിരിക്കുകയാണ്. അതിനായി എം.എൻ. സുവർണ്ണ ഭവനം എന്ന പുതിയൊരു പദ്ധതി രൂപീകരിച്ച്, അതിനായി ഏഴ് കോടി രൂപ ബജറ്റിൽ മാറ്റിവച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി രണ്ട് ലക്ഷം രൂപ സർക്കാരും ഒരു ലക്ഷം രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മാറ്റിവയ്ക്കണം. അതൊടൊപ്പം രണ്ട് ലക്ഷം രൂപ നൽകാൻ ഒരു സ്പോൺസറെക്കൂടി കിട്ടിയാൽ അഞ്ച് ലക്ഷം രൂപ വച്ച് ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കാനുള്ള എം.എൻ. സുവർണ്ണ ഭവനം പദ്ധതി നടപ്പിലാക്കും. അതോടൊപ്പം CSR (Corporate Social Responsibility) ഫണ്ട് പൂർണ്ണമായും ഉപയോഗപ്പെടുത്തി 75000 രൂപയും ഭൂമിയും സർക്കാരിന്റെയും ഉപഭോക്താവിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തി എം.എൻ. നവയുഗം പദ്ധതിയും നമ്മൾ തയ്യാറാക്കുകയാണ്, അതിന് മൂന്ന് കോടിരൂപ ചെലവ് വരും. ഇന്ന് എല്ലായിടത്തും പ്രയാസകരമായ ഒരു പ്രശ്നം പ്രായമായവരുടെ ജീവിതത്തെ സംബന്ധിച്ചുള്ളതാണ്. രക്ഷകർത്താക്കളെ ഒറ്റയ്ക്കാക്കി മക്കൾ പലയിടത്തും യാത്രചെയ്യുന്നുവെന്നതുൾപ്പെടെയുള്ള പല വിധത്തിലുള്ള

ആശങ്കകൾ കേരളത്തിലുണ്ട്. എല്ലാ ജില്ലകളിലെയും പ്രായമായവരെ സംരക്ഷിക്കാൻ മാനസികോല്ലാസമുൾപ്പെടെയുള്ള സൗകര്യങ്ങളടങ്ങുന്ന വാർദ്ധക്യകാല ഭവന സമുച്ചയങ്ങൾ 'സായന്തനം' എന്ന പേരിൽ ഹൗസിംഗ് ബോർഡ് ആരംഭിക്കാൻ ആലോചിക്കുകയാണ്. ഇതിന്റെ ഭാഗമായി ഹൗസിംഗ് ബോർഡിന്റെ ഭൂമിയിൽ കോട്ടയത്ത് ഗാന്ധിനഗറിലും തിരുവനന്തപുരത്ത് നെട്ടയത്തുമായിരിക്കും ആദ്യം സായന്തനം എന്ന പേരിലുള്ള വാർദ്ധക്യകാല ഭവനസമുച്ചയങ്ങൾ ആരംഭിക്കുന്നത്. അടുത്തത് 'തന്റെയിടം' പദ്ധതിയാണ്. പോക്സോ കേസിൽ അതിജീവിതകളായ കുട്ടികൾ, അതുപോലെ പതിനെട്ട് വയസ്സ് കഴിയുമ്പോൾ സാമൂഹ്യസുരക്ഷാ കേന്ദ്രങ്ങളിൽനിന്നും വയസ്സിന്റെപേരിൽ ഒഴിവാക്കപ്പെടുന്നവർ എന്നിവരെ പൊതുജനങ്ങളുടെ കൂട്ടത്തിൽ താമസിപ്പിക്കാൻ EWS(Economically Weaker Section)-ൽ ഉൾപ്പെടുത്തിക്കൊണ്ട് 'തന്റെയിടം' എന്ന പദ്ധതി ആരംഭിക്കുന്നു. വനിതാ ശിശുവികസന വകുപ്പുമായി സഹകരിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുക. അതിന്റെ ആദ്യഘട്ടമായി കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ വീടുകൾ നൽകിക്കഴിഞ്ഞു, ആ നടപടി അതിവേഗം തുടരുകയാണ്.

അടുത്തതായി 'ഗൃഹശ്രീ' ഭവന പദ്ധതിയാണ്. ലൈഫ് പദ്ധതിയിലുൾപ്പെടാത്ത ആളുകൾക്ക് തിരിച്ചടവില്ലാതെ രണ്ട് ലക്ഷം രൂപ സർക്കാരിന്റെ സബ്സിഡിയും മറ്റ് സന്നദ്ധ സംഘടനകളുടെയും എൻ.ജി.ഒ.-കളുടെയും കാരുണ്യവാന്മാരായ വ്യക്തികളുടെയുമൊക്കെ സഹായത്തോടെ ഒരു ലക്ഷം രൂപയുമുൾപ്പെടെ മൂന്ന് ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിക്കാൻ കഴിയുന്ന 450 വീടുകൾ ഈ സാമ്പത്തിക വർഷം 'ഗൃഹശ്രീ' എന്ന പേരിൽ ഹൗസിംഗ് ബോർഡ് പൂർത്തീകരിക്കാൻ നിശ്ചയിച്ചിട്ടുണ്ട്. ആകെ 878 വീടുകൾ ഈ കാലയളവിൽ നിർമ്മിച്ച് നൽകാൻ കഴിഞ്ഞുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ലോക ശ്രദ്ധയാകർഷിക്കുന്ന കേരളത്തിന്റെ ഹൗസിംഗ് പാർക്കിന്റെയും പ്രവർത്തനം ഈ വർഷംതന്നെ ആരംഭിക്കാൻ കഴിയും. ഇവിടെ ചർച്ചയിൽ വന്നതും കഴിഞ്ഞ രണ്ടുമൂന്ന് ആഴ്ചകളായി നമ്മുടെ പത്രമാധ്യമങ്ങൾ ഗൗരവത്തോടെ പറഞ്ഞുകൊണ്ടിരിക്കുന്നതുമായ വിഷയം, ഭൂപരിഷ്കരണ നിയമവുമായി ബന്ധപ്പെട്ട് ഏതോ വിധത്തിലുള്ള ഒരപകടം ഈ ഗവൺമെന്റ് ചെയ്യുവെന്നാണ്. ഒരു അപകടവും ചെയ്തില്ല. ഭൂപരിഷ്കരണ നിയമം കേരളത്തിൽ ഒരു ലിമിറ്റേഷൻ ഉണ്ടാക്കിയിട്ടുണ്ട്. ഒരു കുടുംബത്തിന് സൂക്ഷിക്കാവുന്ന ഭൂമി 15

ഏക്കറാണ്. എന്നാൽ അതിന് പുറത്തുവരുന്നത് കേരള ഭൂപരിഷ്കരണ നിയമത്തിലെ 81(1) വകുപ്പിലെ (അത് തോട്ടഭൂമിയാകാം, വ്യവസായ ഭൂമിയാകാം, ആരാധനാലയങ്ങളുടെ ഭൂമിയാകാം, വാണിജ്യ സൈറ്റുകളാകാം), 21 ആവശ്യങ്ങൾക്കായി 01-01-1970-ൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഭൂമികളെ ഭൂപരിഷ്കരണ നിയമപ്രകാരമുള്ള ഭൂപരിധി കണക്കാക്കുന്നതിൽനിന്നും ഒഴിവാക്കിക്കൊണ്ട് ഒരു എക്സംപ്ഷൻ തീരുമാനിക്കുകയുണ്ടായി. ഇത്തരം ഭൂമി കൈമാറ്റം ചെയ്യുന്നതിനും മുറിക്കുന്നതിനും യാതൊരു നിയമതടസ്സവുമില്ല. എന്നാൽ ഒഴിവ് ലഭിച്ച ഭൂമിയുടെ തരം മാറ്റിയാൽ ഇളവ് അവസാനിക്കും. ഭൂമി പിന്നീട് ഡിക്ലറന്റ് ആർജ്ജിച്ച ഭൂമിയായി കണക്കാക്കി മിച്ചഭൂമി കേസ് പുനരാരംഭിച്ച് പരിധിയിൽക്കൂടുതലുള്ള ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കണമെന്ന് പ്രസ്തുത നിയമത്തിന്റെ 87-ാം വകുപ്പ് ഏറ്റവും ശ്രദ്ധയോടുകൂടി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 87-ാം വകുപ്പിന്റെ വിശദീകരണം 2-ൽ '81-ാം വകുപ്പ് പ്രകാരം ഒഴിവാക്കിയിട്ടുള്ള ഏതെങ്കിലും ഭൂമി അപ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും തരം ഭൂമിയായി മാറ്റിയതിന്റെ ഫലമായി ഒരു വ്യക്തിയുടെ ഉടമയിലോ കൈവശത്തിലോ ഉള്ള ഭൂമിയുടെ ആകെ വിസ്തീർണ്ണം പരമാവധി

വിസ്തീർണ്ണത്തിൽ കവിയുന്നപക്ഷം പരമാവധി വിസ്തീർണ്ണത്തിൽ കവിഞ്ഞുള്ള അത്രയും ഭൂമി മുൻ പറഞ്ഞ തീയതിക്കുശേഷം ആർജ്ജിക്കപ്പെട്ട ഭൂമിയായി കരുതേണ്ടതാണ്.' അങ്ങനെ പറഞ്ഞാൽ 15 ഏക്കറിൽ കൂടുതൽ ഭൂമിയുള്ളയാൾ അതായത് 100 ഏക്കർ വച്ചിട്ടുള്ള ഒരാൾ തോട്ടത്തിന്റെ 10 ഏക്കർ മുറിച്ചുവിറ്റാൽ 10 ഏക്കറും ഇയാളുടെ ആർജ്ജിക്കപ്പെട്ട ഭൂമിയായി കണക്കാക്കപ്പെടും. ഇതിൽ ചില തെറ്റിധാരണകളുണ്ടാക്കാവുന്ന ഒരു സർക്കുലർ 11-06-2024-ൽ ലാൻഡ് ബോർഡ് പ്രസിദ്ധീകരിച്ചപ്പോൾ, കേരള ഭൂപരിഷ്കരണ നിയമം അനുശാസിക്കുന്ന കാര്യങ്ങൾ പറഞ്ഞുവെന്നല്ലാതെ മറ്റൊരു അപകടവും നേരത്തെയുണ്ടായിരുന്ന ഒരു അവകാശവും ആർക്കും നിഷേധിക്കപ്പെട്ട സ്ഥിതിയുണ്ടായില്ല. ഇവിടെ പറഞ്ഞതുപ്പോലെ കേരള ഭൂപരിഷ്കരണ നിയമം ഒരിക്കലും മാറ്റാൻപറ്റാത്ത ഒന്നാണെന്ന് ഞങ്ങൾക്ക് അഭിപ്രായമില്ല. കേരള ഭൂപരിഷ്കരണ നിയമം എത്രയോ തവണ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. പക്ഷെ അർധശങ്കയ്ക്കിടയില്ലാത്ത വിധം പറയട്ടേ, ഭൂപരിഷ്കരണ നിയമമാണ് ഈ കേരളത്തിലെ മണ്ണില്ലാത്ത മനുഷ്യന് മണ്ണ് കൊടുത്ത് ലോകത്തിന്റെ ശ്രദ്ധയിൽപ്പെട്ട ഒരു പ്രസ്ഥാനമെന്നുള്ളതുകൊണ്ട് ആ നിയമത്തിന്റെ

അടിസ്ഥാനത്തിൽ അന്ന് ഈ ഭൂമി ആർജ്ജിത ഭൂമിയാണെങ്കിൽ അതെല്ലാം പിടിച്ചെടുത്ത് മിച്ചഭൂമിയായി സാധാരണക്കാർക്ക് വിതരണം ചെയ്യുമായിരുന്നു. അതുകൊണ്ട് ആ ഭൂപരിഷ്കരണ നിയമത്തിൽ മാറ്റമൊന്നുമുണ്ടാകാൻ പാടില്ലെന്ന് പറയുന്നില്ലെങ്കിലും..... 2005-ൽ മിച്ചഭൂമിയുടെ കാര്യത്തിൽ കെ. എം. മാണിതന്നെ കൊണ്ടുവന്ന ഒരു ഭേദഗതിയാണ് 7-ഇ. ഭൂപരിഷ്കരണ നിയമത്തിന്റെ അന്തസത്തയിൽ മാറ്റം വരുത്താവുന്ന ഒരു നടപടികളും സ്വീകരിക്കില്ല. അത് കേരളത്തിന് ഹിതകരമല്ലെന്നുള്ളതുകൊണ്ടാണ് ആ തരത്തിലുള്ള നടപടികളുമായി മുന്നോട്ടുപോകുന്നത്. മറ്റ് കാര്യങ്ങൾ സ്വാഭാവികമായും ആലോചിക്കാവുന്നതാണ്. ഇവിടെ പ്രിയപ്പെട്ട ശ്രീ. എൻ. കെ. അക്ബർ സൂചിപ്പിച്ച ചാവക്കാട് താലൂക്ക് ഓഫീസും രാമു കാര്യാട്ടിന്റെ സ്ഥലവും ശ്രീ. കെ. ആൻസലൻ സൂചിപ്പിച്ച നെയ്യാറ്റിൻകര താലൂക്ക് ഓഫീസിന്റെ പുതിയ കെട്ടിടം, ശ്രീ. കെ. ഡി. പ്രസേനൻ സൂചിപ്പിച്ച ഫെയർ വാല്യുവുമായി ബന്ധപ്പെട്ട അപാകതകൾ - അത് ഡിജിറ്റൽ സർവേയിൽതന്നെ പരിഹരിക്കാനുള്ള സൗകര്യമുണ്ട്, ശ്രീ. കെ. കെ. രാമചന്ദ്രൻ സൂചിപ്പിച്ച ഹൗസിംഗ് ബോർഡിന്റെ സ്ഥലം ലൈഫിലെ

അംഗങ്ങൾക്ക് വിതരണം ചെയ്യുന്നകാര്യം ഇതെല്ലാം ആവശ്യമായ പരിശോധന നടത്തി ചെയ്യാവുന്നതാണ്. ശ്രീ. കുറുക്കോളി മൊയ്തീൻ ഇവിടെ പറഞ്ഞത് എനിക്ക് മനസ്സിലായില്ല. അദ്ദേഹം ഏതോ ഒരു പത്രം വായിച്ചു. കുറച്ചുകൂടി ധാരണയുടെ അടിസ്ഥാനത്തിൽ അദ്ദേഹം കാര്യങ്ങൾ പറയുമെന്നായിരുന്നു എന്റെ ധാരണ. ഞാൻ ഉറപ്പിച്ച് പറയാം അങ്ങ് പരിശോധിച്ച് നോക്കൂ. അങ്ങനെയുള്ളവരുടെ പേരുകളുണ്ടായെന്നാണ് അങ്ങ് ചോദിച്ചത്. അങ്ങനെ ഏതെങ്കിലും വിധത്തിൽ കളങ്കം ചാർത്തപ്പെട്ട ഒരാളും ആ ലിസ്റ്റിലില്ലെന്നുമാത്രമല്ല അങ്ങനെ ഏതെങ്കിലും വിധത്തിൽ കറുത്ത നിറമുള്ള പേര് കണ്ടാൽ ആ 12 പേരെയും ലിസ്റ്റിൽനിന്നും പ്രൊമോഷൻ കൊടുക്കാതെ ഒഴിവാക്കുന്ന നടപടിയാണ് കേരളത്തിലെ ഗവൺമെന്റ് നടത്തിയത്. അതാണ് ഒരു ഗവൺമെന്റ് നടത്തുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനം. അവരെ പ്രൊമോട്ട് ചെയ്യാൻ അനുവദിച്ചില്ല. ഒരു വകുപ്പിൽ മാത്രമല്ല കേരളത്തിലെ പല വകുപ്പുകളിലും അഴിമതിക്കാരുണ്ടാകും. അഴിമതിക്കാരെ നിയമത്തിനുമുമ്പിൽ കൊണ്ടുവന്ന് അവർക്ക് ഒരുവിധത്തിലുള്ള സൗകര്യവും ചെയ്തുകൊടുക്കാതിരിക്കുക എന്നതാണ് ഒരു ഗവൺമെന്റ് ചെയ്യേണ്ടത്.

അക്കാര്യത്തിൽ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമായി ഇടപെടുമെന്നും ആരോപണവിധേയരായ ഒരാളെപ്പോലും സഹായിക്കുന്ന ഒരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകില്ലെന്നുംകൂടി ഞാൻ ഉറപ്പുനൽകുകയാണ്. ഒറ്റകാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം അത് രാഷ്ട്രീയമാണ്. ഇവിടെ നിരവധി ആളുകൾ രാഷ്ട്രീയവുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ സൂചിപ്പിച്ചു. ഒരു വരി പറയാതെ പോയാൽ അത് ഈ ഘട്ടത്തിൽ പറയാൻ നിശ്ചയിച്ചതിൽനിന്ന് മാറിപ്പോകും. ഞാൻ അത് ചുരുക്കി പറയാം. ഇന്ത്യാ രാജ്യത്ത് 'ഇന്ത്യ മുന്നണി' നേടിയ വിജയം കേരളത്തിലെ മതപുരോഗമന പ്രസ്ഥാനങ്ങൾ വളരെ ഗുണകരമായും ആവേശകരമായും തന്നെയാണ് വിലയിരുത്തുന്നത്. അതിലൊരു തർക്കവുമില്ല. പക്ഷെ ഇന്ത്യ മുന്നണിക്ക് നേതൃത്വം നൽകേണ്ട കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനം കഴിഞ്ഞ തിരഞ്ഞെടുപ്പിൽ അർഹിക്കുന്ന വിധത്തിലുള്ള രാഷ്ട്രീയ പക്വത രാജ്യത്ത് കാണിച്ചിട്ടുണ്ടോയെന്ന പ്രശ്നം നമ്മൾ ചർച്ച ചെയ്യണം. ചർച്ച ചെയ്താൽ നിങ്ങൾ പറയും ഞങ്ങൾക്ക് 8 നിങ്ങൾക്ക് 100 എന്നൊക്കെ; അതിലൊന്നും തകർക്കമില്ല. മഹാരാഷ്ട്രയിൽ നിങ്ങളുടെ മുന്നണിക്കൊപ്പം നിൽക്കേണ്ട ആളെ

എതിരായി നിർത്തി ജയിപ്പിച്ചതുൾപ്പെടെ 99+1=100 പേർ കോൺഗ്രസ്സിന്റെ നേതാക്കളായി പാർലമെന്റിൽ വന്നുവെന്നുള്ളത് ശുഭോദർക്കമായ കാര്യമാണ്. അക്കാര്യത്തിൽ ഒരു സംശയവുമില്ല. പക്ഷെ ഞാൻ പറയുന്നത് ആ തിരഞ്ഞെടുപ്പിൽ കുറച്ചുകൂടി പക്വതയോടെ ഇന്ത്യാരാജ്യത്തെ നയിക്കാൻ ചുമതലപ്പെട്ടവരാണെന്ന ധാരണയോടുകൂടി കോൺഗ്രസ്സിന് ഇടപെടാൻ കഴിയുമായിരുന്നെങ്കിൽ നിങ്ങൾ 100 സീറ്റിൽ അവസാനിക്കേണ്ടവരായിരുന്നില്ല. വയനാട്ടിൽ ഉപതിരഞ്ഞെടുപ്പിന് വഴിയൊരുങ്ങുകയാണ്. ഇവിടെ ധനകാര്യ ബില്ലുമായി ബന്ധപ്പെട്ട് സാമ്പത്തിക പ്രയാസത്തെക്കുറിച്ചും സാമ്പത്തിക ദൗർബല്യത്തെക്കുറിച്ചും പല തരത്തിലുള്ള സഹായങ്ങൾ ചെയ്യാൻ പറ്റാത്തതിനെക്കുറിച്ചും സംസാരിച്ചു. വയനാട് നടക്കാൻ പോകുന്ന ഉപതിരഞ്ഞെടുപ്പിൽ ചെലവഴിക്കാൻ പോകുന്ന പണത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം കോൺഗ്രസ്സിനല്ലാതെ മറ്റാർക്കാണ്? ഇങ്ങനെയൊരു രാഷ്ട്രീയ അപക്വമായ തീരുമാനം തിരഞ്ഞെടുപ്പിനുമുമ്പ് എടുക്കണമായിരുന്നു. ഇവിടെ ശ്രീ. രാഹുൽ ഗാന്ധി കഴിഞ്ഞ തവണയും മത്സരിച്ചു. അദ്ദേഹം അവിടെ മത്സരിച്ച് ജയിച്ച് പാർലമെന്റിലേക്ക് പോയി.

പക്ഷെ അദ്ദേഹം അവിടെ മത്സരിക്കുമ്പോൾ റായ്ബറേലിയിൽ മത്സരിക്കാൻ പോകുന്നുവെന്നതിന്റെ തിരക്കഥ എ.ഐ.സി.സി. ആസ്ഥാനത്ത് രചിച്ചുകൊണ്ടിരുന്നതിനെക്കുറിച്ച് ഒരക്ഷരംപോലും വയനാട്ടിലെ തിരഞ്ഞെടുപ്പ് കഴിയുംവരെ നാട്ടിലെ ജനങ്ങളോട് പറയാതിരുന്നത് എന്തുകൊണ്ടാണ്? രണ്ട് സീറ്റിൽ നേരത്തെ മത്സരിച്ചിട്ടില്ലേ; കെ. കരുണാകരൻ മുമ്പ് രണ്ട് സീറ്റിൽ മത്സരിച്ചിട്ടുണ്ട്. എത്രയോ ആളുകൾ മത്സരിച്ചു. മത്സരിക്കുമ്പോഴൊക്കെ രണ്ട് സീറ്റിൽ ഞങ്ങൾ മത്സരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് പച്ചയ്ക്ക് പറയും. ആ തെരഞ്ഞെടുപ്പ് വരുംവരെ അക്കാര്യം കേരളത്തിലെ ജനങ്ങളോട് മറച്ചുവച്ചത് എന്തിനാണ്? റായ്ബറേലിയിലെ സ്ഥാനാർഥിയെ തീരുമാനിക്കാൻ ഇത്രയും വലിയ തർക്കമുണ്ടോ? വയനാട്ടിൽ ആരെക്കൊണ്ടുവന്ന് നിർത്തിയാലും ഞങ്ങൾ മത്സരിക്കും, വയനാട്ടിലെ ജനങ്ങളോട് ഞങ്ങൾക്ക് ഇഷ്ടമുള്ളത് ചെയ്യാം എന്ന അഹങ്കാരമാണ്. ഈ അഹങ്കാരത്തിന്റെപുറത്ത് കേരളത്തിൽ നിങ്ങൾ ജയിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെങ്കിൽ ഞങ്ങൾ ചോദിക്കട്ടേ, രാജസ്ഥാനിൽനിന്നുള്ള രാജ്യസഭാംഗമായ ശ്രീ. കെ. സി. വേണുഗോപാലിനെ ആലപ്പുഴയിൽ മത്സരിപ്പിച്ചത് എന്തിനാണ്? നിങ്ങൾ എല്ലാ

സ്ഥലങ്ങളിലുംപോയി തിരഞ്ഞെടുപ്പ് നടത്തുന്ന ആളുകളാണല്ലോ? ഞങ്ങൾക്ക് അങ്ങനെ പോകേണ്ട ആവശ്യമില്ല. കാരണം അത്രയും പാർട്ടി ഞങ്ങൾക്ക് ആ സ്ഥലത്തൊന്നുമില്ല. രാജസ്ഥാനിൽ ഇനി തിരഞ്ഞെടുക്കാൻ പോകുന്ന രാജ്യസഭാംഗം ആരാണ്? പേര് നിങ്ങൾക്ക് അറിയില്ലായിരിക്കും, കാരണം അത് തീരുമാനിക്കുന്നത് ബി.ജെ.പി. ആണ്. കാസർഗോഡ് അതിർത്തിയിൽ കർണ്ണാടകക്കാരനായ ബി.ജെ.പി.-യുടെ എം.പി. പറഞ്ഞതുപോലെ രാജ്യസഭയിൽ ബി.ജെ.പി. ഇതരകക്ഷികൾക്ക് നാല് സീറ്റിന്റെ വ്യത്യാസമേയുള്ളൂ. അതുവന്നാൽ ഞങ്ങൾ ഇന്ത്യയുടെ ഭരണഘടന തിരുത്തിയെഴുതുമെന്ന് പറഞ്ഞുനിൽക്കുമ്പോഴാണ് ഒരു സീറ്റുകൂടി സഹായകരമായ വിധത്തിൽ കൊടുക്കാൻ ശ്രീ. കെ. സി. വേണുഗോപാലിന്റെ രാജ്യസഭാ സ്ഥാനാർഥിത്വമുണ്ടായത്. ഞങ്ങളുടെ എം.പി.-മാരുടെ മിടുക്കുകൊണ്ട് അവർ മത്സരിച്ച എല്ലാ സ്ഥലത്തും ജയിച്ചുവെന്ന് ശ്രീ. എ. പി. അനിൽ കുമാർ പറയുകയുണ്ടായി. അതിൽ സന്തോഷമുണ്ട്. പക്ഷെ എനിക്ക് മനസ്സിലാകാത്ത ഒരു കാര്യമുണ്ട്. ശ്രീ. കെ. മുരളീധരനും ശ്രീ. ടി. എൻ. പ്രതാപനും എവിടെയാണ്; മിടുക്കുകൊണ്ട് ജയിച്ചുവെങ്കിൽ ശ്രീ. കെ.

മുരളീധരന് പറ്റാത്തതുകൊണ്ടും അദ്ദേഹം മിടുക്കനല്ലാത്തതുകൊണ്ടുമാണോ തൃശ്ശൂരിലേക്ക് വിടാൻ തീരുമാനിച്ചത്? തൃശ്ശൂരിൽ എം.പി. മിടുക്കനല്ലെങ്കിൽ, 15 ദിവസം പൊരിവെയിലത്ത് റോഡിലൂടെ നടത്തുന്ന പണി ഒഴിവാക്കിയിരുന്നെങ്കിൽ, കെ.പി.സി.സി.-യുടെ വർക്കിംഗ് പ്രസിഡന്റ് കുറച്ചുകൂടി സുന്ദരനാകുമായിരുന്നു. 15 ദിവസം നാട്ടിൽ മുഴുവൻ പ്രകടനം നടത്തി പോസ്റ്ററും ഒട്ടിച്ചു. ഇപ്പോൾ ശ്രീ. സുരേഷ് ഗോപി ലീഡറുടെ ശവകുടീരത്തിൽ പുഷ്പാർച്ചന അർപ്പിച്ച് പുറത്തുവന്നിരിക്കുകയാണ്. അദ്ദേഹത്തോട് മത്സരിക്കേണ്ടെന്ന് പറഞ്ഞത് മിടുക്കനല്ലാത്തതുകൊണ്ടാണോ? ശ്രീ. കെ. മുരളീധരനെ ഇനിയും ആക്രമിക്കരുതേ. (......ബഹളം.....)

ശ്രീ. റോജി എം. ജോൺ: സർ, (മൈക്ക് ഓഫ്).

ശ്രീ. കെ. രാജൻ: സർ, മേയറുടെ കാര്യം ഞങ്ങൾ നോക്കിക്കൊള്ളാം. തൃശ്ശൂരിലെ ചർച്ച പറഞ്ഞതുകൊണ്ട് ഞാൻ സൂചിപ്പിച്ചതാണ്. തൃശ്ശൂരിൽ ലോക്സഭാ തിരഞ്ഞെടുപ്പും നിയമസഭാ തിരഞ്ഞെടുപ്പും നടക്കുമ്പോൾ രണ്ട് പാറ്റേണാണുള്ളത്. 2019-ലെയും 2021-ലെയും വോട്ടിനെക്കുറിച്ച്....

ശ്രീ. റോജി എം. ജോൺ: സർ, (.....മൈക്ക് ഓഫ്.....)

ശ്രീ. കെ. രാജൻ: സർ, ശ്രീ. റോജി എം. ജോൺ പ്രസംഗിച്ചപ്പോൾ ഞാൻ ഒന്നും പറയാതെ കേട്ടിരിക്കുകയായിരുന്നു. എനിക്ക് മറുപടി പറയാൻ അവസരം വേണം. താങ്കൾ നേരത്തെ നിരവധി കാര്യങ്ങൾ പറഞ്ഞു. അതിൽ എനിക്ക് ഒരു പ്രയാസവുമില്ല. പറയേണ്ട കാര്യങ്ങൾ രാഷ്ട്രീയമായി ഇവിടെ പറഞ്ഞതിനുശേഷം മാത്രമേ ഞാൻ പോകാൻ ഉദ്ദേശിക്കുന്നുള്ളൂ. 2019-ലെയും 2021-ലെയും വോട്ടിംഗ് നില, നിങ്ങൾ അൻപത് വർഷക്കാലത്തെ കണക്കെടുത്തു നോക്കൂ. പരിമിതമായ എന്റെ അറിവ് അനുസരിച്ച് അൻപത് വർഷക്കാലത്തിനിടയിൽ രണ്ട് തവണ, 1991-ലും 1996-ലുമാണ് ഒരുമിച്ച് ലോക്സഭ-നിയമസഭാ തിരഞ്ഞെടുപ്പുകൾ നടന്നത്. 1996-ൽ ശ്രീ. കെ. മുരളീധരന്റെ പിതാവും കേരളത്തിന്റെ മുൻമുഖ്യമന്ത്രിയുമായിരുന്ന ലീഡർ കെ. കരുണാകരൻ വി. വി. രാഘവനോട് മത്സരിച്ച തിരഞ്ഞെടുപ്പ് നടക്കുമ്പോൾ കെ. കരുണാകരന് കിട്ടിയ വോട്ടും ലോക്സഭാ മണ്ഡലത്തിലെ ഏഴ് നിയോജകമണ്ഡലത്തിൽ മത്സരിച്ചിരുന്ന കോൺഗ്രസ്സിന്റെയും എൽ.ഡി.എഫ്.-ന്റെയും എം.എൽ.എ.-മാർക്ക് കിട്ടിയ ആകെ വോട്ടും കൂട്ടിനോക്കിയാൽ അതിന്റെ വ്യത്യാസമറിയാം. ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കുമ്പോൾ

എൽ.ഡി.എഫ്.-ന് 308482 വോട്ടും യു.ഡി.എഫ്.-ന് 307002 വോട്ടുമായിരുന്നു. നിയമസഭയിൽ മത്സരിച്ചപ്പോൾ എൽ.ഡി.എഫ്.-ന് അതിനേക്കാൾ കൂടുതൽ വോട്ട് കിട്ടിയിരുന്നു. നിയമസഭയിൽ എൽ.ഡി.എഫ്.-ന് വോട്ട് നൽകിയ അതേ ആളുകൾതന്നെ... യു.ഡി.എഫ്.-ന് ഇതേ അനുഭവമുണ്ടല്ലോ? 1996-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ എന്റെ നിയോജകമണ്ഡലമായ ഒല്ലൂരിൽനിന്നും ശ്രീ. സി. എൻ. ജയദേവൻ 5682 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. അതേ നിയോജകമണ്ഡലത്തിൽതന്നെ ഒരേ വോട്ടർമാർ രണ്ട് പെട്ടികളിലുമിട്ട വോട്ട്, നിയമസഭയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ ജയിപ്പിച്ച അതേ വോട്ടർമാർതന്നെയാണ് ലോക്സഭയിൽ ടി നിയോജകമണ്ഡലത്തിൽനിന്ന് മൂവായിരത്തിലേറെ വോട്ടുകൾ യു.ഡി.എഫ്. സ്ഥാനാർഥിയായ കെ. കരുണാകരന് കൊടുത്തത്. നിയമസഭാ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയോട് അല്ലെങ്കിൽ നാട്ടിലെ പാർട്ടികളോട് കാണിക്കുന്ന സമീപനമായിരിക്കില്ല ലോക്സഭാ തിരഞ്ഞെടുപ്പിൽ കാണിക്കുന്നത്. ഒരു കാര്യത്തിന് കോൺഗ്രസ് ഉത്തരം പറഞ്ഞേ മതിയാകൂ. ലോക്സഭാ

തിരഞ്ഞെടുപ്പിൽ ബി.ജെ.പി.-യുടെ താമര വിരിഞ്ഞ ആദ്യത്തെ സ്ഥാനാർഥിയുടെ യാത്രയ്ക്ക് പിന്നിൽ, 414000 വോട്ട് ലഭിച്ചിരുന്ന കഴിഞ്ഞ തിരഞ്ഞെടുപ്പിലെ കോൺഗ്രസ്സിന്റെ ദയനീയമായ 327000 വോട്ടിലേയ്ക്കുള്ള പിൻവലിയൽ ഉണ്ടായത് എങ്ങനെയാണ്? ഇത് ലോകസഭയിൽ മാത്രമല്ല ബഹുമാനപ്പെട്ട അംഗമായ ശ്രീ. ഇ. ചന്ദ്രശേഖരൻ ഇരിക്കുന്ന ഈ കസേരയിൽ കഴിഞ്ഞ തവണ ഇരുന്ന ശ്രീ. ഒ. രാജഗോപാലിന്റെ യാത്രയുടെ വഴി നിങ്ങൾ പരിശോധിക്കണം. 2006-ലെ തിരഞ്ഞെടുപ്പിൽ നേമം നിയോജകമണ്ഡലത്തിൽ വിജയിച്ച ശ്രീ. എൻ. ശക്തന് 60084 വോട്ടും രണ്ടാം സ്ഥാനത്തുള്ള എൽ.ഡി.എഫ്. സ്ഥാനാർത്ഥി വെങ്ങാനൂർ പി. ഭാസ്കരന് 50135 വോട്ടും ബി.ജെ.പി. സ്ഥാനാർത്ഥി മലയിൻകീഴ് രാധാകൃഷ്ണന് 6705 വോട്ടുമാണ് ലഭിച്ചത്. അഞ്ച് വർഷം കഴിഞ്ഞപ്പോൾ ചാരുപാറ രവിയാണ് യു.ഡി.എഫ്.-നുവേണ്ടി മത്സരിച്ചത്. ശ്രീ. എൻ. ശക്തന് ലഭിച്ച 60084 വോട്ട് ചാരുപാറ രവി എന്ന യു.ഡി.എഫ്.-ന്റെ സ്ഥാനാർഥിക്ക് 20248 ആയി കുറഞ്ഞു. ബി.ജെ.പി. ജയിച്ച പ്രാവശ്യം ശ്രീ. വി. സുരേന്ദ്രൻ പിള്ള സ്ഥാനാർഥിയായിരിക്കുമ്പോൾ 13860 വോട്ടായി..........

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, (.....മൈക്ക് ഓഫ്......)

മി. സ്പീക്കർ: പ്ലീസ്...... പ്ലീസ്........

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അസ്വസ്ഥത കണ്ടിട്ട് (......ബഹളം......)

മി. സ്പീക്കർ: പ്ലീസ്...... പ്ലീസ്........ അദ്ദേഹം കൺക്ലൂഡ് ചെയ്യാൻ പോകുകയാണ്.

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവെ, അങ്ങ് പറഞ്ഞ കണക്കുകളെല്ലാം ഞങ്ങൾ കേട്ടിരുന്നു. നേമത്ത് താമര വിരിയിച്ച് കേരള നിയമസഭയിലേക്ക് ബി.ജെ.പി. വന്ന അതേ വഴിയിലൂടെയാണ് തൃശ്ശൂർ ലോകസഭാ മണ്ഡലത്തിൽനിന്നും പാർലമെന്റിലേക്കുള്ള ബി.ജെ.പി.-യുടെ യാത്രയെന്ന് അങ്ങ് തിരിച്ചറിയുന്നത് നന്നായിരിക്കും. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ദേവസ്വം വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ വലിയ ചർച്ചകൾ

ഉയർന്നുവന്നിരുന്നില്ല. ഇവിടെ സൂചിപ്പിക്കപ്പെട്ട പ്രശ്നം, മലബാർ ദേവസ്വവുമായി ബന്ധപ്പെട്ടതാണ്. മലബാർ ദേവസ്വം ബോർഡുകൾക്ക് ക്ഷേത്രങ്ങളിൽ വലിയ ഭരണ സ്വാധീനമില്ല, മേൽനോട്ടം മാത്രമാണുള്ളത്. ഓരോ ക്ഷേത്രങ്ങളും അതത് കമ്മിറ്റികളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഓരോ ക്ഷേത്രങ്ങളുടെയും വരുമാനമെന്ന് പറയുന്നത് സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡാണ്. 2023-24 സാമ്പത്തിക വർഷത്തിൽ 21,75,19,380/- രൂപ അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ 7 കോടി രൂപ കൂടി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതോടെ ശമ്പള കുടിശ്ശിക പ്രശ്നം പരിഹരിക്കപ്പെടും. ഉത്തര മലബാറിലെ ആചാരസ്ഥാനികളുടെയും കോലധാരികളുടെയും പ്രതിമാസ ധനസഹായം 1,400/- രൂപയിൽനിന്ന് 1,600/- രൂപയാക്കി വർധിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. പുതിയ ഗുണഭോക്താക്കളെ കണ്ടെത്താനും നടപടി സ്വീകരിക്കും. നടപ്പുസാമ്പത്തിക വർഷം 5.3 കോടി രൂപ ദേവസ്വം വകുപ്പിനായി വകയിരുത്തിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിലെ ക്ഷേത്രം ജീവനക്കാരുടെ ശമ്പളപരിഷ്കരണം ഈ കാലഘട്ടത്തിൽ നിർവഹിച്ചിട്ടുണ്ട്. പ്രധാനമായും ബില്ലിനെക്കുറിച്ചാണ് പിന്നീട് ചർച്ച ചെയ്തത്. 2024-ലെ

മലബാർ ഹിന്ദു റിലീജ്യസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റ് ബിൽ ഇപ്പോൾ നിയമ വകുപ്പിന്റെ പരിഗണനയിലാണ്. കൂടാതെ ഈ കാലഘട്ടത്തിൽ പരശുരാമസ്വാമി ക്ഷേത്രത്തിന് 1.65 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും ബലിക്കടവ് നവീകരണം വിപുലമായ പരിപാടിയുൾപ്പെടെ പ്ലാൻ ചെയ്തുവരുന്നുവെന്ന കാര്യവും സഭയെ അറിയിക്കുകയാണ്. ഗുരുവായൂർ ദേവസ്വം ബോർഡിന്റെ കീഴിൽ ക്ഷേത്രകലകൾ അഭ്യസിപ്പിക്കുന്നതിനും അവയിൽ ഗവേഷണം നടത്തുന്നതിനും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വേദിക് ആൻഡ് കൾച്ചറൽ സ്റ്റഡീസ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കും. ഈ കാലഘട്ടത്തിൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ 1790 ഉദ്യോഗാർഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. അതിൽ 687 ഉദ്യോഗാർഥികൾ സംവരണ വിഭാഗത്തിൽപ്പെട്ടവരും 187 ഉദ്യോഗാർഥികൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും 17 ഉദ്യോഗാർഥികൾ പട്ടികവർഗ്ഗ വിഭാഗത്തിപ്പെട്ടവരുമാണെന്ന കാര്യം സൂചിപ്പിക്കുകയാണ്. വിവിധ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണവും വഴിപാടേതര വരുമാനങ്ങൾ

വർധിപ്പിക്കുന്നതിനുമാവശ്യമായ ചില നിർദ്ദേശങ്ങൾ/നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശബരിമലയുടെ അടിസ്ഥാന സൗകര്യവികസനം പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് നിർവഹിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ ഇപ്പോൾ ഹൈ പവർ കമ്മിറ്റിയുടെ നേതൃത്വത്തിൽ മുന്നോട്ടുപോകുന്നുണ്ട്. 29 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾക്ക് ഇപ്പോൾ ഭരണാനുമതി നൽകിയിട്ടുണ്ട്. പമ്പാഗണപതി ക്ഷേത്രം മുതൽ ഹിൽടോപ്പ് വരെയുള്ള സുരക്ഷാ പാലങ്ങളുടെ നിർമ്മാണം, നിലയ്ക്കൽ റോഡുകളുടെയും അനുബന്ധ പാലങ്ങളുടെയും നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ എന്നിവ പുരോഗമിച്ചുവരുന്നു. ഈ കാലഘട്ടത്തിൽ പ്രധാനമായും ഈ മേഖലയെ സംബന്ധിച്ച വികസനപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ഡെവലപ്മെന്റ് അതോറിറ്റിയുടെ കാര്യങ്ങളുൾപ്പെടെ ആലോചനയിലാണെന്ന കാര്യവും സൂചിപ്പിക്കുകയാണ്. ദേവസ്വം ബോർഡിന്റെ സമ്പത്തൊക്കെ സർക്കാർ വിനിയോഗിക്കുന്നുവെന്ന തെറ്റായ പ്രചരണം ഇക്കാലഘട്ടത്തിൽ ഉയർന്നുവന്നിട്ടുണ്ട്. അതൊക്കെ അടിസ്ഥാനരഹിതമായ പ്രചരണങ്ങളാണ്.

2017 മുതൽ 2024 വരെയുള്ള കാലയളവിൽ ക്ഷേത്രങ്ങൾക്കായി സംസ്ഥാന ഖജനാവിൽനിന്നും 570 കോടി രൂപയാണ് നൽകിയിട്ടുള്ളത്. ഇപ്പോൾ തിരുവിതാംകൂർ, കൊച്ചിൻ, ഗുരുവായൂർ, മലബാർ, കൂടൽമാണിക്യം ദേവസ്വം ബോർഡുകൾക്ക് കീഴിൽ 3087 ക്ഷേത്രങ്ങളാണുള്ളത്. പതിനയ്യായിരത്തോളം ജീവനക്കാരും എണ്ണായിരത്തോളം പെൻഷൻകാരും അതിൽ ഉൾപ്പെടുന്നുണ്ട്.

ഒരുഘട്ടത്തിൽ കോവിഡും പ്രളയക്കെടുതിയുമുണ്ടായപ്പോൾ വരുമാനക്കുറവുമൂലം ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങളിൽ വലിയ വിഷമതകൾ നേരിടേണ്ടിവന്നിട്ടുണ്ട്. ആ ഘട്ടത്തിലാണ് ഇവിടെ സൂചിപ്പിക്കപ്പെട്ട വരുമാനം ചില ക്ഷേത്രങ്ങൾക്ക് ഇല്ലാതെ വന്നപ്പോൾ ഗ്രേഡ് തിരിച്ച് ചില നടപടികൾ സ്വീകരിച്ചത്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ സൂപ്പർ ഗ്രേഡിൽ 4 കോടി രൂപയ്ക്കുമുകളിൽ 7 ക്ഷേത്രങ്ങളാണുള്ളത്. 75 ലക്ഷം രൂപ മുതൽ 4 കോടി രൂപ വരെയുള്ള 31 ക്ഷേത്രങ്ങളും 25 ലക്ഷം രൂപ മുതൽ 75 ലക്ഷം രൂപ വരെയുള്ള 76 ക്ഷേത്രങ്ങളും 10 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെയുള്ള 115 ക്ഷേത്രങ്ങളും 10 ലക്ഷത്തിന് താഴെയുള്ള 1174 ക്ഷേത്രങ്ങളുമുണ്ട്. ഇതാണ് ഇവിടെ സൂചിപ്പിക്കപ്പെട്ട ഒരു കാര്യം. മറ്റൊന്ന്, ഓരോ

ക്ഷേത്രങ്ങൾക്കും ഓരോ ദേവസ്വം ബോർഡിനും എത്രയാണ് നൽകിയിട്ടുള്ളതെന്ന ചോദ്യത്തിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് 144,96,00,000/- രൂപ, കൊച്ചിൻ ദേവസ്വം ബോർഡിന് 25,48,17,000/- രൂപ, മലബാർ ദേവസ്വം ബോർഡിന് 250,77,20,028/- രൂപ, കൂടൽമാണിക്യം ദേവസ്വം ബോർഡിന് 15,00,000/- രൂപ, കെ.ഡി.ആർ.ബി.(കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്)-ക്ക് 17,41,70,667/- രൂപ, ശബരിമല മാസ്റ്റർ പ്ലാനിന് 83,95,27,438/- രൂപ, ശബരിമല സാനിട്ടേഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കും ജില്ലാഭരണകൂടങ്ങൾക്കുമായി 20,42,22,000/- രൂപ, ഹിന്ദുധർമ്മ സ്ഥാപന ഭരണ വകുപ്പിന് 23,22,12,100/- രൂപ എന്നിങ്ങനെയാണ് നൽകിയിട്ടുള്ളത്. ഈ കാലഘട്ടത്തിൽ എല്ലാ ക്ഷേത്രങ്ങളുടെയും വികസനത്തോടൊപ്പം മലബാർ ദേവസ്വവുമായി ബന്ധപ്പെട്ട ബില്ലിന്റെ പ്രശ്നങ്ങളും സൂചിപ്പിച്ചുകഴിഞ്ഞു. മറ്റ് ആചാരാനുഷ്ഠാനങ്ങളെല്ലാം പാലിച്ചുകൊണ്ട് ക്ഷേത്രത്തിന്റെ ഭരണസംവിധാനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ദേവസ്വം ബോർഡിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ചെയ്യാൻ സാധിക്കുന്ന എല്ലാ സഹായങ്ങളും സമയബന്ധിതമായി

ചെയ്യുമെന്ന കാര്യം സൂചിപ്പിക്കുന്നു. ഇവിടെ ഇതുമായി ബന്ധപ്പെട്ടുവന്ന ചർച്ചയിൽ ശ്രീ. എ. പി. അനിൽ കുമാർ (അദ്ദേഹം ഇപ്പോൾ സീറ്റിലില്ല) സി.പി.ഐ.(എം.)-ഉം ഈ മുന്നണിയും പട്ടികജാതിക്കാരോട് വിവേചനപരമായ സമീപനം സ്വീകരിക്കുന്നുവെന്ന് ഇവിടെ പറയുകയുണ്ടായി. എന്നാൽ ബഹുമാന്യനായ ഇപ്പോഴത്തെ സ്പീക്കർ ഇരിക്കുന്ന ചെയറിൽ ഒരു പട്ടികജാതിക്കാരൻ ആദ്യമായി വന്നത് പതിനഞ്ച് വർഷങ്ങൾക്കുമുമ്പ് (2006-ൽ) ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലഘട്ടത്തിലാണെന്ന് വളരെ വിനയപൂർവ്വം അറിയിക്കുകയാണ്. പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ക്ഷേത്രങ്ങളിൽ പട്ടികജാതിക്കാരുൾപ്പെടെ 36 പിന്നാക്കക്കാരെ നിയമിച്ചതെന്നത് ചരിത്രത്തിന്റെ ഭാഗമാണ്, അത് വിപ്ലവമാണ്. അത് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. ശ്രീകോവിലിനകത്ത് കയറി പൂജ ചെയ്യാൻ എസ്.സി. വിഭാഗത്തിൽപ്പെടുന്ന ആളുകൾക്കുൾപ്പെടെ അവസരമുണ്ടാക്കിയത് പിണറായി സർക്കാരാണെന്ന് അഭിമാനത്തോടെ ചരിത്രത്തിൽ രേഖപ്പെടുത്തിയത് മറക്കരുത്. അന്നത്തെ ദേവസ്വം വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കടകംപള്ളി

സുരേന്ദ്രന് തമിഴ്നാട്ടിലെയും ആന്ധ്രാപ്രദേശിലെയും മന്ത്രിമാർ എഴുതിയ ഒരു കത്ത് ഞാൻ കണ്ടു. ആ സംസ്ഥാനങ്ങളിൽ ഇവിടത്തെ മുഖ്യമന്ത്രിയുടെയും ദേവസ്വം വകുപ്പുമന്ത്രിയുടെയും ചിത്രങ്ങൾവച്ച് പാൽഅഭിഷേകം നടത്തുന്നത്, രാജ്യത്തിന്റെ ചരിത്രത്തിൽ ഒരു വിപ്ലവകരമായ പ്രവർത്തനം ഇവിടെ നടന്നിരിക്കുന്നു. അത് നടത്തിയ ഞങ്ങളോടാണ് ഇക്കാര്യത്തിൽ വിവേചനം കാണിച്ചുവെന്ന് നിങ്ങൾ പറയുന്നത്. തൊട്ടടുത്തിരിക്കുന്ന ലീഗുകാരോടുൾപ്പെടെ നിങ്ങൾ വിവേചനം കാണിച്ചതിനെക്കുറിച്ച് ഞാൻ പറയുന്നില്ല. ഈ സഭ കണ്ട ഏറ്റവും പ്രഗല്ഭനായ നേതാക്കളിൽ ഒരാളാണ് സി. എച്ച്. മുഹമ്മദ്കോയ. ഈ സഭയിൽ അദ്ദേഹത്തെ തൊപ്പി ഊരിപ്പിച്ചത് ആരാണെന്ന് നിങ്ങൾ മറക്കരുത്. അപ്പോൾ ജാതിപരമായി വിവേചനം സ്വീകരിക്കുന്നത് ആരാണെന്നതുൾപ്പെടെ നിരവധി കാര്യങ്ങൾ പറയാനുണ്ടെങ്കിലും ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ബി.ജെ.പി.-യും ഇടതുപക്ഷവും തമ്മിൽ ഒരു അന്തർധാരയുണ്ടായിരുന്നുവെന്ന് ബഹുമാനപ്പെട്ട റോജി എം. ജോൺ ഉന്നയിച്ചു. ആ അന്തർധാര രണ്ട് ഉദാഹരണങ്ങളിലൂടെ ഞാൻ ചൂണ്ടിക്കാണിക്കാം. 2014-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പി. ഏറ്റവും വലിയ

പ്രചരണമാക്കിയിരുന്നത് ഡി.എൽ.എഫ്.-ന്റെ ഭൂമി ഇടപാടും ശ്രീ. റോബർട്ട് വദ്രയുടെ അഴിമതിയുമായിരുന്നു. എത്ര വലിയ കാമ്പയിനായിരുന്നു? ആ കാമ്പയിൻ വലിയ രൂപത്തിൽ മുന്നോട്ടുപോയി ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നു. പതുക്കെ ആ പ്രചരണത്തിനെല്ലാം മാറ്റം വന്നു. എന്നാൽ പിന്നീട് അതുസംബന്ധിച്ച് 2018 സെപ്റ്റംബറിൽ കമ്പനിക്കെതിരെ ഒരു എഫ്.ഐ.ആർ. എടുത്തു. നമ്മളെല്ലാം വിചാരിച്ചത് ശ്രീ. റോബർട്ട് വദ്രയെ ഇപ്പോൾ തൂക്കിക്കൊല്ലുമെന്നും വലിയ കേസ് വരാൻ പോകുന്നുവെന്നുമാണ്. എന്നാൽ കുറേക്കഴിഞ്ഞപ്പോൾ 2019-ൽ ഒരു റെയ്ഡ് വന്നു. 2023 കാലഘട്ടംവരെ നമ്മൾ പരിശോധിച്ചപ്പോൾ ഡി.എൽ.എഫ്. ഓഫീസുകളിലാണ് ആ റെയ്ഡുകളെല്ലാം വന്നുനിൽക്കുന്നത്. ആ റെയ്ഡെല്ലാം കഴിഞ്ഞ് ബഹുമാനപ്പെട്ട ഹരിയാന ഹൈക്കോടതിയിൽ വന്ന കേസിന്റെ റിപ്പോർട്ട് എന്താണ്? "ശ്രീ. റോബർട്ട് വദ്ര ചട്ടം ലംഘിച്ചിട്ടില്ല. അദ്ദേഹം ഈ കേസ്സിൽപ്പെടുന്നില്ല," അദ്ദേഹത്തെ ആരാണ് സംരക്ഷിച്ചത്? സംരക്ഷിച്ചതിന്റെ പിന്നിൽ എന്തായിരുന്നുവെന്ന് നമുക്ക് മനസ്സിലായില്ല. ഇപ്പോൾ ഇലക്ടറൽ ബോണ്ടിന്റെ കണക്ക് വന്നപ്പോൾ ഡി.എൽ.എഫ്. കമ്പനി

170 കോടി രൂപ ഇക്കാര്യത്തിൽ....(...ബഹളം....) അപ്പോൾ ഈ രൂപത്തിൽ ഡി.എൽ.എഫ്. കമ്പനിയിൽനിന്ന് യഥാർഥത്തിൽ വലിയ തുക കൈപ്പറ്റി. ആ കച്ചവടത്തിന്റെ കാര്യം എന്തായിരുന്നു?

ശ്രീ. റോജി എം. ജോൺ: സർ, (...മൈക്ക് ഓഫ്...)

ശ്രീ. വി. എൻ. വാസവൻ: സർ, ഞാൻ സൂചിപ്പിക്കട്ടെ. ഞാൻ പറഞ്ഞു കഴിഞ്ഞതിനുശേഷം താങ്കൾക്ക് സംസാരിക്കാം.

മി. സ്പീക്കർ: അദ്ദേഹം വഴങ്ങുന്നില്ല. വഴങ്ങാൻ സമയമില്ല.

ശ്രീ. വി. എൻ. വാസവൻ: സർ, എവിടെനിന്നാണ് അന്തർധാരയുണ്ടായത്? ഞാൻ ഒരു ഉദാഹരണം മാത്രമേ ചൂണ്ടിക്കാണിച്ചിട്ടുള്ളൂ. ഒന്നുകൂടി ചൂണ്ടിക്കാണിക്കാം. വീണ്ടുമുണ്ട് അന്തർധാരയുടെ രൂപം. ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം ഞാൻ സൂചിപ്പിക്കട്ടെ. (....ബഹളം....) ആരായിരുന്നു അന്തർധാരയെന്ന് മനസ്സിലാക്കാൻ ഈ കാര്യങ്ങൾ പോരേ?

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... ബഹുമാനപ്പെട്ട മന്ത്രി വഴങ്ങേണ്ട. അങ്ങ് സംസാരിച്ച് അവസാനിപ്പിക്കുക.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട നാല് മന്ത്രിമാർ ഇവിടെ മറുപടി പറഞ്ഞു. നമുക്ക് ഒരു മിനിട്ട് സമയംപോലും അധികം നൽകിയില്ല. നമ്മൾ ഇവിടെനിന്നും പോകണോ?

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... അവസാനിപ്പിക്കട്ടെ.

ശ്രീ. വി. എൻ. വാസവൻ: സർ, ഒരു കാര്യംകൂടി നിങ്ങൾ ശ്രദ്ധിക്കുക. രണ്ടാമത്തെ കാര്യം ആന്ധ്രാപ്രദേശിലെ ബി.ജെ.പി. എം.പി.-യാണ് ശ്രീ. സി. എം. രമേശ്. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള കമ്പനിയാണ് റിത്വിക് പ്രോജക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് (Rithwik Projects Pvt Ltd). ആ കമ്പനിക്കാണ് ഹിമാചൽപ്രദേശിലെ കോൺഗ്രസ്സ് ഗവൺമെന്റ് 1068 കോടി രൂപയുടെ സുന്നി ഡാം ജലവൈദ്യുത പദ്ധതി നൽകിയത്. ആ കമ്പനിയാണ് 30 കോടി രൂപ കോൺഗ്രസിന്റെ ഇലക്ടറൽ ബോണ്ടിലേക്ക് കെട്ടിയതെന്ന് വാർത്തവന്നത് നമ്മൾ കണ്ടതല്ലേ? യഥാർഥത്തിൽ ബി.ജെ.പി.-യുടെ എം.പി. (.....ബഹളം.......) ശ്രീ. വിൻസെന്റേ ഞാൻ അന്തർധാര എന്താണെന്ന് മനസ്സിലാക്കാൻവേണ്ടിയാണ് പറഞ്ഞത്.

മി. സ്പീക്കർ: യെസ്... യെസ്... പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എൻ. വാസവൻ: സർ, അന്തർധാരയെക്കുറിച്ച് പറയുമ്പോൾ പ്രതിപക്ഷത്തിന് ഇത്രയും വിഷമമുണ്ടാകുന്നത് എന്തുകൊണ്ടാണ്? യഥാർത്ഥത്തിൽ ശ്രീ. സി. എം. രമേശിന്റെ കമ്പനിക്ക് ഹിമാചൽപ്രദേശിൽ 1068 കോടി രൂപയുടെ കരാർ കിട്ടണമെങ്കിൽ.... 2023 വരെ ഈ ബന്ധം നിലനിൽക്കുകയാണ്. അപ്പോൾ ശ്രീ. റോബർട്ട് വദ്രയും ബി.ജെ.പി.-യുമായിട്ടുള്ള അന്തർധാരയും രാജ്യസഭാ അംഗമായ ബി.ജെ.പി.-ക്കാരൻ ശ്രീ. സി. എം. രമേശും കോൺഗ്രസുമായിട്ടുള്ള അന്തർധാര എന്നിവ കൃത്യമായി (....ബഹളം......) ഹിമാചൽപ്രദേശിൽ കോൺഗ്രസ് ഗവൺമെന്റല്ലേ, നിങ്ങളുടെ ഗവൺമെന്റല്ലേ; അല്ലെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ?

മി. സ്പീക്കർ: യെസ്... യെസ്... പ്ലീസ്...പ്ലീസ്.

ശ്രീ. വി. എൻ. വാസവൻ: സർ, ഇത്തരത്തിൽ 30 കോടി രൂപ എങ്ങനെയാണ് ഇലക്ടറൽ ബോണ്ടിലൂടെ കട്ടിയത്; കൃത്യമായി പറയണ്ടേ? അപ്പോൾ അന്തർധാരയുണ്ടാക്കിയത് ഞങ്ങളല്ല. നിങ്ങളാണ് ഈ കച്ചവടത്തിന് കൂട്ടുനിന്നത്. അതാണ് ശ്രീ. റോബർട്ട് വദ്ര സൂചിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ ഭാര്യയല്ലേ ഇപ്പോൾ വയനാട്ടിൽ മത്സരിക്കാൻ പോകുന്ന ശ്രീമതി പ്രിയങ്ക

ഗാന്ധി. അല്ലെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? ഇതല്ലേ യാഥാർഥ്യം. വസ്തുതാപരമായ കാര്യങ്ങളല്ലേ, യാഥാർത്ഥ്യങ്ങളല്ലേ? ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഇലക്ടറൽ ബോണ്ടുമായി ബന്ധപ്പെട്ട വിധിയിൽ വന്ന ഈ കേസ്സിൽ ആരൊക്കെപ്പെട്ടുവെന്ന് പരസ്യപ്പെടുത്താൻ സുപ്രീംകോടതി പറഞ്ഞതിന്റെയടിസ്ഥാനത്തിൽ പരസ്യപ്പെടുത്തി. ആ പരസ്യപ്പെടുത്തലിലൂടെയാണ് ഇതെല്ലാം വെളിവായത്. ഇല്ലെങ്കിൽ ഇതൊന്നും അറിയുമായിരുന്നില്ല. മുമ്പ് നമ്മൾ ആക്ഷേപിച്ചെങ്കിലും ഇതെല്ലാം വസ്തുതാപരമായ കാര്യങ്ങളാണ്. അങ്ങനെയാണ് ഡി.എൽ.എഫ്. കമ്പനിയുടെ 170 കോടി രൂപയുടെയും ശ്രീ. സി. എം. രമേശിന്റെ കമ്പനിയുടെ 30 കോടി രൂപയുടെയും കാര്യങ്ങളെല്ലാം വെളിവായത്. അതുകൊണ്ട് അന്തർധാരയുടെ ആ തൊപ്പി നിങ്ങൾക്കാണ് ചേരുന്നത്. ഞങ്ങൾക്ക് ചേരില്ലെന്ന കാര്യം പറഞ്ഞ് അവസാനിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുത്ത ബഹുമാനപ്പെട്ട അംഗങ്ങളോട് ആദ്യംതന്നെ ഞാൻ നന്ദി

രേഖപ്പെടുത്തുകയാണ്. ഒന്നര നൂറ്റാണ്ടിന്റെ ചരിത്ര പാരമ്പര്യമുള്ളതാണ് നമ്മുടെ രജിസ്ട്രേഷൻ സംവിധാനം. സ്വാതന്ത്ര്യത്തിനുമുമ്പ് ബ്രിട്ടീഷ് ഇന്ത്യയിൽത്തന്നെ രജിസ്ട്രേഷൻ സംവിധാനമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അത് ഏറെ പ്രാധാന്യമർഹിക്കുന്നു. നമ്മുടെ സർക്കാരിന്റെ വരുമാന സ്രോതസ്സിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് രജിസ്ട്രേഷൻ. കഴിഞ്ഞ വർഷത്തെ നമ്മുടെ വരുമാനം 5220 കോടി രൂപയോളം വരും. അതുകൊണ്ട് കൂടുതൽ ഫലപ്രദമായ നിലയിൽ ആധുനികവൽക്കരിക്കുന്നതിന് നിരവധി പരിപാടികൾ സംഘടിപ്പിച്ചു വരികയുമാണ്. അതിന്റെ ഭാഗമായി രജിസ്ട്രേഷൻ വകുപ്പ് ആധുനികവൽക്കരണം, ഡിജിറ്റലൈസേഷൻ, ഓൺലൈൻ സേവനങ്ങൾ തുടങ്ങിയ വിവിധ പരിപാടികൾ നടപ്പാക്കുന്നതിനുള്ള നിരവധി കർമ്മ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച 100 കോടി രൂപയും 48 സബ് രജിസ്ട്രാർ ഓഫീസുകൾക്കും 3 രജിസ്ട്രേഷൻ കോംപ്ലക്സുകൾക്കും ഒരു സബ് രജിസ്ട്രാർ ഓഫീസിന്റെ അറ്റകുറ്റപ്പണികൾക്കുമാണ് പ്രയോജനപ്പെടുത്തിയത്. സ്രോതസ് വരുമാനം വർധിപ്പിക്കാനുള്ള ശ്രമങ്ങളിൽ

ആധുനികവൽക്കരിക്കപ്പെട്ട നിരവധി പരിപാടികൾക്ക് അതിന്റേതായ പ്രാധാന്യമുണ്ടെന്നകാര്യം ഇവിടെ സൂചിപ്പിക്കുകയാണ്. നമ്മുടെ മണ്ഡലങ്ങളിലെ വിവിധ ഓഫീസുകളിൽ സൗകര്യങ്ങൾ വേണമെന്നുപറഞ്ഞ് ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ഉന്നയിച്ച ആവശ്യത്തിന് മാതൃകാപരമായ നിലയിൽ സംവിധാനം ചെയ്തിട്ടുള്ള കാര്യംകൂടി ഞാൻ സൂചിപ്പിക്കുകയാണ്. അടുത്ത കാലത്താണ് കൂത്തുപറമ്പ് മണ്ഡലത്തിൽ ശ്രീ. കെ. പി. മോഹനൻ എം.എൽ.എ.-യുടെ നേതൃത്വത്തിൽ കല്ലിക്കണ്ടിയിൽ രജിസ്ട്രാർ ഓഫീസ് നിർമ്മാണത്തിനാവശ്യമായ സ്ഥലം കണ്ടുപിടിച്ച് നൽകിയത്. അതുപോലത്തന്നെ നിലമ്പൂർ എം.എൽ.എ. ശ്രീ. പി. വി. അൻവറിന്റെ മണ്ഡലത്തിലെ എടക്കരയിലും ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. തന്മൂലം സ്ഥലലഭ്യത ഉറപ്പുവരുത്തിയതോടുകൂടി രജിസ്ട്രേഷൻ വകുപ്പിന് അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചുവെന്നത് ഒരു വസ്തുതയാണ്. അതുപോലുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതിന് ശ്രദ്ധയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കൊടുങ്ങല്ലൂർ മണ്ഡലത്തിലെ അന്നമനടയിൽ സൗജന്യമായി ലഭ്യമാക്കിയ സ്ഥലത്ത്

ബഹുമാനപ്പെട്ട വി. ആർ. സുനിൽ കുമാർ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് ഒരുകോടി രൂപ നൽകി കെട്ടിടം അടുത്ത കാലത്ത് ഉദ്ഘാടനം ചെയ്തു. ചാത്തന്നൂർ എം.എൽ.എ. ശ്രീ. ജി. എസ്. ജയലാലിന്റെ ജനപക്ഷം ചാത്തന്നൂരിന്റെ ഭാഗമായി മണ്ഡലത്തിലെ മുഴുവൻ രജിസ്ട്രാർ ഓഫീസുകളും സ്മാർട്ടാക്കുന്നതിനുള്ള പരിപാടികൾ നടക്കുകയാണ്. ഇത് നമ്മുടെ രജിസ്ട്രേഷൻ വകുപ്പിലെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ആക്കവും ഊക്കവും നൽകിയിട്ടുണ്ടെന്ന് ഞാൻ നന്ദിയോടെ ഓർമ്മിക്കുകയാണ്. ശ്രീ. പി. നന്ദകുമാർ രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് സൂചിപ്പിച്ച കാര്യങ്ങൾ തീർച്ചയായും ശ്രദ്ധിച്ച് പദ്ധതിയിൽ ഉൾപ്പെടുത്താം. കഴിഞ്ഞ വർഷം സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 10300 കോടി രൂപയുടെ കുറവുണ്ടായെന്ന് ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി സൂചിപ്പിക്കുകയുണ്ടായി. എന്നാൽ അതിൽ ചെറിയൊരു ഭേദഗതിയുണ്ട്. 10300 കോടി രൂപയുടെ കുറവുണ്ടായിട്ടില്ല, 319 കോടി രൂപയുടെ കുറവാണ്. അതിന് പ്രത്യേക കാരണമുണ്ട്. 2023 ഏപ്രിൽ 1 മുതൽ സർക്കാർ ഭൂമിയുടെ ന്യായവില 20 ശതമാനം വർധിപ്പിക്കാൻ തീരുമാനിച്ചു. ഈ വർധനവ് ഒഴിവാക്കാൻ 2023 മാർച്ച് മാസം നടത്തിയ ആധാരങ്ങളുടെ

എണ്ണത്തിൽ വലിയ വർധനവുണ്ടായി. അതുകൊണ്ടുതന്നെ ആ വർഷം 4541 കോടി രൂപയുടെ വരുമാനമുണ്ടായി. 2022-2023 വർഷം പത്ത് ലക്ഷത്തോളം ആധാരങ്ങളുടെ രജിസ്ട്രേഷൻ നടന്നിടത്ത് 2023-2024-ൽ 8 ലക്ഷത്തോളം ആധാരങ്ങൾ മാത്രമാണ് രജിസ്ട്രേഷൻ നടത്തിയത്. അതുകൊണ്ട് വരുമാനത്തിൽ ചെറിയ കുറവുണ്ടായത് സ്വാഭാവികമാണ്, പരിഭ്രമിക്കേണ്ടതില്ല. ശ്രീ. കെ. ആൻസലൻ സൂചിപ്പിച്ച നെയ്യാറ്റിൻകരയിലെ സബ് രജിസ്ട്രാർ ഓഫീസിന്റെ നവീകരണം സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്. അതുപോലെ ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ച ടെംപ്ലേറ്റുകൾ, ആധാരമെഴുത്തുകാരുടെ ജോലി നഷ്ടപ്പെടുത്തുമോയെന്ന ആശങ്കയുടെ ആവശ്യമില്ല. അത് അടിസ്ഥാന രഹിതമാണെന്ന് സംഘടനാ നേതാക്കളെ അറിയിച്ചെന്ന് മാത്രമല്ല അത് ഇവിടെയും ആവർത്തിക്കുകയാണ്. ടെംപ്ലേറ്റുകൾമൂലം ആധാരമെഴുത്തുകാരുടെയും അവരുടെ മറ്റ് സുഹൃത്തുകളുടെയും ജോലി നഷ്ടപ്പെടുന്ന യാതൊരു സാഹചര്യവും സർക്കാർ സൃഷ്ടിക്കുകയില്ലെന്നുകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ആധാരം രജിസ്റ്റർ ചെയ്യുന്നതോടൊപ്പം തന്നെ പോക്കുവരവ്, സർവെ സ്കെച്ച് എന്നീ

